34th Year of Service 2026

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

January 26, 2026 Vol. XXXIV No. 04

3 കേരളത്തിന് പുരസ്കാര നിറവ്

4 പ്രഖ്യാപനങ്ങളില്ലാതെ മോദി സന്ദർശനം

6 എല്ലാ സമുദായങ്ങളെയും ചേർത്തുപിടിക്കണം: രാഹുൽ

14 ഡാളസ് സിറ്റിവൈഡ് ഫെലോഷിപ്പിന് നവനേതൃത്വം

17 മാർത്തോമ്മാ സഭയ്ക്ക് പുതിയ മിഷൻ ഫീൽഡ്

### ഇന്ത്യ 77–ാം റിപ്പബ്ലിക് ദിനം ആഘോഷിച്ചു

# കർത്തവ്യപഥിൽ കരുത്തു കാട്ടി 'സൂര്യസ്ത്ര'യും ബ്രഹ്മോസും

ന്യൂഡൽഹി: ഇന്ത്യയുടെ 77–ാമത് റിപ്പബ്ലിക് ദിനത്തിൽ പ്രധാനമന്ത്രി ദേശീയ യുദ്ധ സ്മാരകത്തിലെത്തി ധീര സൈനികർക്ക് ആദരമർപ്പിച്ചു. പ്രതിരോധമന്ത്രിക്കും സേനാമേധാവികൾക്കുമൊപ്പമാണ് പ്രധാനമന്ത്രിയെത്തിയത്.

സംയുക്ത സേനാമേധാവി അനിൽ ചൗഹാൻ, കരസേനാ മേധാവി ഉപേന്ദ്ര ദ്വിവേദി, വായുസേനാ മേധാവി എപി സിങ് എന്നിവർക്കൊപ്പമാണ് പ്രധാനമന്ത്രി ആദരമർപ്പിക്കാനെത്തിയത്. തുടർന്ന് ഡിജിറ്റൽ ഡയറിയിൽ റിപ്പബ്ലിക്ദിന സന്ദേശമെഴുതിയതിനു ശേഷം മോദി കർത്തവ്യപഥിലെത്തി.

കർത്തവ്യപഥ് സാക്ഷ്യം വഹിച്ചത് രാജ്യത്തിന്റെ മാറുന്ന യുദ്ധതന്ത്രങ്ങൾക്കും പ്രതിരോധ കരുത്തിനും. ഇത്തവണത്തെ പരേഡിന്റെ പ്രധാന ആകർഷണം ഓപ്പറേഷൻ സിന്ദൂർ എന്ന ഇതിവൃത്തവും ചരിത്രത്തിൽ ആദ്യമായി അവതരിപ്പിച്ച 'ബാറ്റിൽ അറേ' അഥവാ യുദ്ധവിന്യാസ മാതൃകയുമായിരുന്നു. പാക്കിസ്ഥാനിലെ ഭീകര കേന്ദ്രങ്ങൾക്കെതിരെ ഇന്ത്യ നടത്തിയ തിരിച്ചടിയായ ഓപ്പറേഷൻ സിന്ദൂറിന്റെ വിജയഗാഥ വിളിച്ചോതുന്നതായിരുന്നു ഇത്തവണത്തെ പരേഡ്.

കർത്തവ്യപഥിലെ ഏറ്റവും ശ്രദ്ധേയമായ സാന്നിദ്ധ്യം ട്രൈ-സർവീസസ് അവതരിപ്പിച്ച ഓപ്പറേഷൻ സിന്ദൂരം, വിക്ടറി ത്രൂ ജോയിന്റ്നെസ് എന്ന നിശ്ചലദൃശ്യമാരുന്നു.

കഴിഞ്ഞവർഷം മെയ് മാസത്തിൽ പഹൽഗാം ഭീകരാക്രമണത്തിനു മറുപടിയായി ഇന്ത്യ നടത്തിയ സംയുക്ത സൈനിക നീക്കമായിരുന്നു ഇത്. ബ്രഹ്മോസ് മിസൈൽ കണ്ടിജന്റും പരേഡിൽ തലയുയർത്തിനിന്നു. ഓപ്പറേഷൻ സിന്ദൂരത്തിൽ നിർണ്ണായക പങ്കു വഹിച്ചത് ഇവരാണ്.

കാലാൾപ്പടയുടെ വാഹനങ്ങൾ വെറും വാഹനങ്ങൾ മാത്രമല്ല എന്ന് തെളിയിക്കുന്നതായിരുന്നു ബിഎംപി-2 സാരഥ് വാഹനങ്ങളുടെ സാന്നിദ്ധ്യം. ഈ വാഹനങ്ങളുടെ മുകളിൽ ലോയിറ്ററിങ് മ്യൂണിഷൻസ് അഥവാ സൂയിസൈഡ് ഡ്രോണുകൾ ഘടിപ്പിച്ചിരുന്നു. യുദ്ധക്കളത്തിൽ ശത്രുവിനെ കണ്ടെത്തി സ്വയം പൊട്ടിത്തെറിക്കാൻ ഇവയ്ക്കു സാധിക്കും. ശക്തിമാൻ റെജിമെന്റിന്റെ ഭാഗമായാണ് ഇവ പ്രദർശിപ്പിച്ചത്.

യുദ്ധ രംഗത്തെ മാറ്റങ്ങൾ ഉൾക്കൊണ്ട് തദ്ദേശീയമായി നിർമ്മിച്ച അർജുൻ ടാങ്കുകളിൽ ഇത്തവണ ആന്റി ഡ്രോൺ മെക്കാനിസം കാണാമായിരുന്നു. ഡ്രോൺ ആക്രമണത്തിൽ നിന്ന് ടാങ്കിന്റെ ടററ്റിനെ സംരക്ഷിക്കാനാണ് ഈ ഇരുമ്പ് കൂടുകൾ മുകളിൽ ഘടിപ്പിക്കുന്നത്.



യുദ്ധവിന്യാസത്തിൽ സ്പെഷൽ ഫോഴ്സിന്റെ സാന്നിദ്ധ്യമായി രൺധ്വജ് എന്ന വാഹനവും ഉണ്ടായിരുന്നു. ഗില്ലി സ്യൂട്ട് (പരിസരവുമായി ഇഴുകിച്ചേരുന്ന വേഷം) ധരിച്ച സ്നൈപ്പർമാരെയും വഹിച്ച് ദുർഘടമായ പാതകളിലൂടെ കുതിക്കാൻ കഴിയുന്ന ഈ വാഹനം കമാൻഡോ ഓപ്പറേഷനുകൾക്കുള്ളതാണ്.

കേരളത്തിന്റെയടക്കം 30 ടാബ്ലോകളാണ് പരേഡിൽ അണിനിരന്നത്. നൂറു ശതമാനം ഡിജിറ്റൽ സാക്ഷരത നേട്ടവും കൊച്ചി വാട്ടർ മെട്രോയും പ്രമേയമാക്കിയ (ശേഷം 34–ാം പേജിൽ)

### വിഴിഞ്ഞം രണ്ടാംഘട്ടം തുടങ്ങി

# വികസനത്തിൽ 16000 കോടിയുടെ പദ്ധതി

തിരുവനന്തപുരം: ഇന്ത്യയുടെ വികസനമുഖമായ വിഴിഞ്ഞം തുറമുഖപദ്ധതിക്ക് വീണ്ടുമൊരു നാഴികക്കല്ല്. രാജ്യാന്തര കടൽവ്യാപാരരംഗത്ത് കേരളത്തിന്റെ സ്ഥാനം ഉറപ്പിക്കുന്ന തുറമുഖത്തിന്റെ രണ്ടാംഘട്ട നിർമാണപ്രവർത്തനങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. 2028-ൽ പൂർത്തിയാകുന്ന രണ്ടാംഘട്ടത്തിൽ 16,000 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങളാണ് നടപ്പാക്കുക.

റെയിൽവേ യാർഡ്, മൾട്ടി പർപ്പസ് ബെർത്ത്, ലിക്വിഡ് ടെർമിനൽ, ടാങ്ക് ഫാം എന്നിവ പദ്ധതിയിൽ ഉൾപ്പെടുന്നു. രണ്ടാംഘട്ടം പൂർത്തിയാകുന്നതോടെ തുറമുഖശേഷി 10 ലക്ഷം ടി.ഇ.യുവിൽ നിന്ന് 50 ലക്ഷം ടി.ഇ.യു വരെ ഉയരും. ഇന്ത്യയിലെ ഏറ്റവും വലിയ സ്ട്രെയ്റ്റ് ബെർത്ത് തുറമുഖമാകുന്നതോടെ ഒരേസമയം നാല് മദർ ഷിപ്പുകൾവരെ വിഴിഞ്ഞത്ത് അടുപ്പിക്കാം. രണ്ടാംഘട്ടം പൂർത്തിയാകുമ്പോൾ റോഡ് മാർഗമുള്ള കണ്ടെയ്നർ നീക്കം സാധ്യമാവും. (ശേഷം 34–ാം പേജിൽ)



വിഴിഞ്ഞം രാജ്യാന്തര തുറമുഖത്തിന്റെ രണ്ടാംഘട്ട നിർമാണപ്രവർത്തനങ്ങളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു.

# എസ്എൻഡിപി ഐക്യത്തിൽ നിന്ന് എൻഎസ്എസ് പിന്മാറി

കോട്ടയം: എൻ.എസ്.എസ്–എസ്.എൻ.ഡി.പി ഐക്യത്തിൽ നിന്ന് എൻ.എസ്.എസ്. പിന്മാറി.ഐക്യം പ്രായോഗികമല്ലെന്നാണ് എൻ.എസ്.എസ്. ഡയറക്ടർ ബോർഡിന്റെ തീരുമാനം. ഐക്യശ്രമം ഇപ്പോഴത്തെ രാഷ്ട്രീയ സാഹചര്യത്തിൽ പരാജയമാകുമെന്നാണ് വിലയിരുത്തൽ.

എൻ.എസ്.എസ് എല്ലാവരുമായും സമദൂരമായിരിക്കുമെന്നും സുകുമാരൻ നായർ ഡയറക്ടർ ബോർഡ് യോഗത്തിൽ വ്യക്തമാക്കി. എൻ.എസ്.എസ്. തീരുമാനത്തിന്റെ പൂർണരൂപം അറിഞ്ഞശേഷം മറുപടി പറയാമെന്ന് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ പറഞ്ഞു.

എസ്എൻഡിപി യോഗവുമായുള്ള ഐക്യശ്രമത്തിൽ നിന്ന് പിന്മാറാൻ കാരണം പിന്നിൽ രാഷ്ട്രീയനീക്കമുണ്ടെന്നു മനസ്സിലാക്കിയതുകൊണ്ടാണെന്ന് ജി. സുകുമാരൻ നായർ പിന്നീട് പ്രസ്താവിച്ചു. പ്രധാനപ്പെട്ട രണ്ട് ഹിന്ദു സംഘടനകൾ യോജിക്കണമെന്ന് താൻ പറഞ്ഞത് ശരിയാണ്. എന്നാൽ, ഐക്യം ഉന്നയിച്ച ആളുകൾക്ക് രാഷ്ട്രീയ നീക്കമുണ്ടെന്ന് പിന്നീട് മനസ്സിലായി. തുഷാർ വെള്ളാപ്പള്ളി വരേണ്ടതില്ലെന്ന് നേരത്തെ തന്നെ വെള്ളാപ്പള്ളിയെ അറിയിച്ചിട്ടുണ്ടെന്നും സുകുമാരൻ നായർ പറഞ്ഞു.

അടിസ്ഥാന മൂല്യങ്ങളിൽ പ്രധാനപ്പെട്ടതാണ് സമദൂരം. അതിൽ വിട്ടുവീഴ്ച ചെയ്യില്ല. ഐക്യത്തിൽ നിന്ന് പിൻവാങ്ങാനുള്ള പ്രമേയം താൻ തന്നെയാണ് അവതരിപ്പിച്ചത്. അച്ഛൻ മകനെ പറഞ്ഞയയ്ക്കുക, ഐക്യം പറയുമ്പോൾ എന്തിനാണ് എൻഡിഎയുടെ നേതാവിനെ ഞങ്ങളുടെ അടുത്തേക്ക് അയയ്ക്കുന്നത്. അവരുടെ സമീപനത്തിൽ ഞങ്ങൾക്ക് സംശയം തോന്നി. വെള്ളാപ്പള്ളി നടേശൻ നേരിട്ടു വന്നാലും ഞങ്ങൾ ഞങ്ങളുടെ നിലപാട് നേരിട്ട് പറയുമായിരുന്നു. വെള്ളാപ്പള്ളി നടേശന് പത്മഭൂഷൺ ലഭിച്ചത് നല്ല കാര്യമാണെന്നും സുകുമാരൻ നായർ പറഞ്ഞു.

BUILDING YOUR FINANCIAL FUTURE TOGETHER, WITH EXPERTISE AND INTEGRITY

SUNNY
FINANCIAL STRATEGIES, LLC

Tom Sunny, CFP®, CLU®, RICP®
Financial Advisor & Planner
847-414-9116 tom@sunnyfinancial.com

- Comprehensive Financial Planning
- Risk Management & Insurance: Life/Disability/Long Term Care/Health/Medicare
- 401(k), 403(b), IRA, Roth IRA Rollovers & Account Set-ups
- Professional Investment Management & Guidance
- Business Plans/Employee Benefits/Pension
- Retirement Income/Retirement Savings
- Tax Planning Strategies
- Estate Planning: Trusts/Wills
- Education Funds



www.sunnyfinancial.com

475 N Martingale Rd, Suite 1250, Schaumburg, IL 60173

Financial Advisor for Eagle Strategies LLC, a Registered Investment Adviser. Registered representative offering securities through NYLIFE Securities LLC (member FINRA/SIPC), A licensed insurance agency. Eagle Strategies LLC, and NYLIFE Securities LLC are New York Life companies. Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates.

SECURE TAX SERVICES
DBA Small Business Accounting LLC

Personal and Business Tax Services



Tino Simon Mundaplackil

Phone: 630-635-3615
Email: tino@greatwaysinc.com
1001 E Chicago Ave, Suite 151,
Naperville, IL 60540

Free Electronic Filing

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

Fee Discounts On Certain Cases For Malayalee Clients
Home Visits Available



Steve Crifase
Steve@Crifaselaw.com

CRIFASE LAW FIRM, LTD.

312-855-0511

Free Consultation/Your Call Is Always Welcome Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com


BBB ACCREDITED BUSINESS A+ Rating Better Business Bureau

# കേരളത്തിന് പുരസ്കാര നിറവ്

## വി.എസ്. അച്യുതാനന്ദൻ, ജസ്റ്റിസ് കെ.ടി. തോമസ്, എൻ. രാജം, പി. നാരായണൻ, നടൻ ധർമേന്ദ്ര എന്നിവർക്ക് പത്മവിഭൂഷൺ; മമ്മൂട്ടിക്കും, വെള്ളാപ്പള്ളി നടേശനും പത്മഭൂഷൺ

ന്യൂഡൽഹി: റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് പ്രഖ്യാപിക്കപ്പെട്ട പത്മ പുരസ്കാരങ്ങളിൽ എട്ടെണ്ണം കേരളത്തിന്. മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ, സുപ്രീം കോടതി മുൻ ജസ്റ്റിസ് കെ.ടി. തോമസ്, വയലിനിസ്റ്റ് എൻ. രാജം, ജന്മഭൂമി പത്രത്തിന്റെ സഹസ്ഥാപകനും മുഖ്യ പത്രാധിപരുമായിരുന്ന പി. നാരായണൻ, നടൻ ധർമേന്ദ്ര എന്നിവർക്കു പത്മവിഭൂഷൺ. ഇവരിൽ ധർമേന്ദ്ര ഒഴികെ നാലു പേരും മലയാളികളാണെന്ന പ്രത്യേകതയുമുണ്ട്.


വി.എസ്. അച്യുതാനന്ദൻ



ജസ്റ്റിസ് കെ.ടി. തോമസ്


എൻ. രാജം


പി. നാരായണൻ


ധർമേന്ദ്ര

നടൻ മമ്മൂട്ടിക്കും എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനും പത്മഭൂഷൺ ലഭിച്ചു. മോഹിനിയാട്ടം കലാകാരി കലാമണ്ഡലം വിമല മേനോൻ, ബഹിരാകാശ ശാസ്ത്രജ്ഞൻ ഡോ. എ.ഇ. മുത്തുനായകം, പരിസ്ഥിതി പ്രവർത്തനങ്ങളുടെ പേരിൽ കായംകുളം കണ്ടല്ലൂർ കൊല്ലകൽ ദേവകിയമ്മ എന്നിവർക്കാണു കേരളത്തിൽനിന്നു പത്മശ്രീ ലഭിച്ചത്.


മമ്മൂട്ടി


വെള്ളാപ്പള്ളി നടേശൻ

വിഎസിനും ധർമേന്ദ്രയ്ക്കും മരണാനന്തര അംഗീകാരമാണിത്. എറണാകുളത്തു ജനിച്ച എൻ. രാജത്തെ യുപിയുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ബനാറസ് ഹിന്ദു സർവകലാശാലയിൽ ഡീനും ഇമെരിറ്റസ് പ്രഫസറുമായിരുന്നു. പി. നാരായണൻ ഇടുക്കി തൊടുപുഴ കുമാരമംഗലം സ്വദേശിയാണ്.

മഹാരാഷ്ട്ര മുൻ ഗവർണറും ഉത്തരാഖണ്ഡ് മുൻ മുഖ്യമന്ത്രിയുമായ ഭഗത് സിങ് കോഷിയാരി, ജാർഖണ്ഡ് മുൻ മുഖ്യമന്ത്രി ഷിബു സോറൻ, ഡൽഹിയിലെ മുതിർന്ന ബിജെപി നേതാവ് വി.കെ. മൽഹോത്ര, കോട്ടക് മഹീന്ദ്ര ബാങ്ക് സ്ഥാപകൻ ഉദയ് കോട്ടക്, ഗായിക അൽക യാഗ്നിക്, ഇന്ത്യൻ പരസ്യരംഗത്തെ ഇതിഹാസമായിരുന്ന പിയൂഷ് പാണ്ഡെ തുടങ്ങി 18 പേർക്കാണു പത്മഭൂഷൺ ലഭിച്ചത്.

സോറൻ, മൽഹോത്ര, പാണ്ഡെ എന്നിവർക്കു മരണാനന്തര ബഹുമതിയാണ്. (ശേഷം 34-ാം പേജിൽ)

# ശുഭാംശുവിന് അശോക ചക്ര; പ്രശാന്ത് ബാലകൃഷ്ണന് കീർത്തിചക്ര

ന്യൂഡൽഹി: രാജ്യാന്തര ബഹിരാകാശ നിലയ (ഐഎസ്എസ്) ത്തിലെത്തിയ ആദ്യ ഇന്ത്യക്കാരൻ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ലയ്ക്ക് അശോക ചക്ര. സമാധാനകാലത്തെ ഉയർന്ന ധീരതയ്ക്കുള്ള പുരസ്കാരമാണ് അദ്ദേഹത്തിനു ലഭിച്ചത്.

കഴിഞ്ഞ വർഷം ജൂണിൽ, ബഹിരാകാശത്ത് എത്തുന്ന രണ്ടാമത്തെ ഇന്ത്യക്കാരനായും ഗ്രൂപ്പ് ക്യാപ്റ്റൻ ശുക്ല മാറിയിരുന്നു. ആക്സിയോം 4 ദൗത്യത്തിന്റെ ഭാഗമായാണ് അദ്ദേഹം ഐഎസ്എസിലേക്ക് പറന്നത്. വ്യോമസേനയുടെ ടെസ്റ്റ് പൈലറ്റായ അദ്ദേഹത്തിന്റെ 18 ദിവസത്തെ ബഹിരാകാശ യാത്ര, 1984-ൽ രാകേഷ് ശർമ്മ റഷ്യൻ സോയൂസ് പേടകത്തിൽ യാത്ര ചെയ്തതിന് 41 വർഷങ്ങൾക്ക് ശേഷമാണ് യാഥാർത്ഥ്യമായത്.

മലയാളിയായ ഗഗൻയാൻ ഗ്രൂപ്പ് ക്യാപ്റ്റൻ പ്രശാന്ത് ബാലകൃഷ്ണനടക്കം മൂന്ന് പേർക്ക് കീർത്തിചക്ര. ഇന്ത്യയുടെ അഭിമാന പദ്ധതിയായ ഗഗൻയാൻ ദൗത്യത്തിന്റെ തലവനാണു പ്രശാന്ത് ബാലകൃഷ്ണൻ നായർ. മേജർ അർഷദീപ് സിങ്, നായിബ് സുബേദാർ ദോലേശ്വർ സുബ്ബ എന്നിവർക്കും കീർത്തിചക്ര ലഭിച്ചു.




പായ് വഞ്ചിയിൽ സാഹസികമായി ലോകം ചുറ്റിയ കോഴിക്കോട് സ്വദേശിനി ലെഫ്റ്റനന്റ് കമാൻഡർ കെ. ദിൽനയ്ക്ക് ശൗര്യചക്രയും ലഭിച്ചു. ലോകസഞ്ചാരത്തിൽ ദിൽനയ്ക്കൊപ്പമുണ്ടായിരുന്ന പുതുച്ചേരി സ്വദേശിനി ലെഫ്റ്റനന്റ് കമാൻഡർ എ. രൂപയ്ക്കും ശൗര്യചക്രയുണ്ട്. ഒരു മരണാനന്തര ബഹുമതിയടക്കം പതിമൂന്ന് ശൗര്യ ചക്രങ്ങളും അഞ്ച് മരണാനന്തര ബഹുമതിയടക്കം 44 സേനാ മെഡലുകളും ആറ് നാവിക സേനാ മെഡലുകളും രണ്ട് വ്യോമസേനാ മെഡലുകളും പ്രഖ്യാപിച്ചു.

ഗഗൻയാൻ ദൗത്യത്തിന്റെ ഭാഗമായി പ്രശാന്ത് ബാലകൃഷ്ണൻ പരിശീലനം നേടിയിട്ടുണ്ട്. പ്രശസ്ത നടി ലെനയുടെ ഭർത്താവാണ് അദ്ദേഹം. ആക്സിയോം4 ദൗത്യത്തിനായുള്ള ബാക്കപ്പ് ക്രൂ അംഗമായിരുന്നു. അടുത്ത വർഷം ഗഗൻയാൻ ദൗത്യം യാഥാർത്ഥ്യമാകുമെന്നു കരുതുന്നു. ശുഭാംശു ശുക്ലയും പ്രശാന്തും ആ ദൗത്യത്തിന്റെ ഭാഗമാകും.

# എഐ ചാറ്റ് ഫീച്ചർ ഉപയോഗിക്കുന്നതിൽ കുട്ടികൾക്ക് വിലക്ക്

ന്യൂഡൽഹി: വാട്സാപ്, ഇൻസ്റ്റഗ്രാം ആപ്പുകളിൽ എഐ ഉപയോഗിച്ച് സാങ്കൽപിക കഥാപാത്രങ്ങളെ ഉണ്ടാക്കി ചാറ്റ് ചെയ്യുന്ന ഫീച്ചർ ഉപയോഗിക്കാൻ ഇനി പ്രായപൂർത്തിയാകണം. ഉപഭോക്താക്കൾക്ക് അവരുടെ പേരിൽ തന്നെ ഫോളോവർമാരുമായി ചാറ്റ് ചെയ്യാൻ കഴിവുള്ള എഐ കാരക്ടറുകൾ നിർമിക്കാനാകുന്ന എഐ കാരക്ടറുകൾ നിർമിക്കാനാകുന്ന 'എഐ സ്റ്റുഡിയോ' ഫീച്ചർ കുട്ടികൾക്ക് ഉപയോഗിക്കാനാകില്ലെന്ന് മെറ്റ കമ്പനി അറിയിച്ചു. എഐ കാരക്ടറുകൾ താൽക്കാലികമായി കുട്ടികൾക്കു ലഭ്യമാകില്ലെന്നും കൂടുതൽ മാറ്റങ്ങൾ വരുത്തി വരുംദിവസങ്ങളിൽ ഇതു പുനരവതരിപ്പിക്കുമെന്നും അറിയിച്ചു. അതേസമയം, മെറ്റയുടെ ഐഎ അസിസ്റ്റന്റ് തുടർന്നും ലഭ്യമാകും.

എഐ ബോട്ടുകളുമായുള്ള സംഭാഷണങ്ങൾ കുട്ടികളിൽ ചെലുത്തുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ആശങ്കകൾ വർധിച്ച സാഹചര്യത്തിലാണു തീരുമാനം. കാരക്ടർ എഐ ഉൾപ്പെടെയുള്ള പ്രമുഖ കമ്പനികൾ എഐ കഥാപാത്രങ്ങൾ പ്രായപൂർത്തിയാകാത്തവർ ഉപയോഗിക്കുന്നതു വിലക്കിയിരുന്നു.

# കെഎസ്ആർടിസിയിൽ നിയമനരീതികളിൽ പരിഷ്കരണം

കോഴിക്കോട്: നിയമന രീതികളിൽ പ്രഫഷണലിസം കൊണ്ടുവരാനുള്ള നീക്കവുമായി കെഎസ്ആർടിസി എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ തെരഞ്ഞെടുപ്പിനും നിയമനത്തിനുമായി കെഎസ്ആർടിസി എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ യോഗ്യതയും നിയമനരീതിയും വ്യക്തമാക്കുന്ന റെഗുലേഷൻസ് 2026 കരടുരേഖയ്ക്ക് സർക്കാർ അംഗീകാരം നൽകി. നിലവിലുണ്ടായിരുന്ന നിയമന ചട്ടങ്ങൾ ഭേദഗതി ചെയ്താണ് പുതിയ പരിഷ്കാരം നടപ്പിലാക്കാനുള്ള തീരുമാനം. പബ്ലിക് സർവീസ് കമ്മീഷനുമായി ചർച്ച ചെയ്ത് വരുത്തിയ ഭേദഗതികളോടെയാണ് ചട്ടങ്ങൾ നടപ്പിലാക്കുന്നത്.

കോർപറേഷനിലെ പ്രധാനപ്പെട്ട ടെക്നിക്കൽ, അഡ്മിനിസ്ട്രേഷൻ, ഓപറേഷൻസ്, വിജിലൻസ് വിഭാഗങ്ങളിലെ നിയമനങ്ങളിലും യോഗ്യതയിലുമാണ് മാറ്റം വരുത്തുന്നത്. പ്രധാനമായും സ്ഥാനക്കയറ്റം വഴി നിയമനം നടത്തും. യോഗ്യരായ ഉദ്യോഗസ്ഥരുടെ അഭാവത്തിൽ ഡെപ്യൂട്ടേഷൻ വഴിയുള്ള നിയമനവും പരിഗണിക്കും. പക്ഷേ, യോഗ്യത ഉറപ്പാക്കുമെന്ന് കരട് രേഖയിൽ വ്യക്തമാക്കുന്നു. ടെക്നിക്കൽ വിഭാഗത്തിൽ മെക്കാനിക്കൽ എഞ്ചിനീയർ തസ്തികയിൽ നിന്നുള്ള പ്രമോഷൻ വഴി നിയമിക്കപ്പെടുന്നവർക്ക് അംഗീകൃത സർവകലാശാലയിൽ നിന്നുള്ള റെഗുലർ ബി.ടെക് (മെക്കാനിക്കൽ/ഓട്ടോമൊബൈൽ) ബിരുദം നിർബന്ധമാക്കിയിട്ടുണ്ട്. അഡ്മിനിസ്ട്രേഷൻ വിഭാഗത്തിൽ ചീഫ് പേഴ്സണൽമാനേജർ അല്ലെങ്കിൽ മാനേജർ (അക്കൗണ്ട്സ്) തസ്തികയിലുള്ളവർക്ക് എച്ച്ആർ അല്ലെങ്കിൽ ഫിനാൻസിൽ റെഗുലർ എംബിഎ ഉണ്ടായിരിക്കണം. ഓപറേഷൻസ് വിഭാഗത്തിൽ ചീഫ് ട്രാഫിക് മാനേജർ തസ്തികയിൽ നിന്നുള്ളവർക്ക് ബി.ടെക് ബിരുദവും ഓപറേഷൻസ്, എച്ച്ആർ, ഫിനാൻസ് എന്നിവയിലേതെങ്കിലും ഒന്നിൽ എംബിഎ ബിരുദവും ഉണ്ടായിരിക്കണം. മുമ്പ് യോഗ്യത നോക്കാതെ എടിഒമാരെ വരെ നിയമിച്ചിരുന്ന തസ്തികയാണിത്.

വിജിലൻസ് വിഭാഗത്തിൽ ചീഫ് പേഴ്സണൽ മാനേജർ, ചീഫ് ട്രാഫിക് മാനേജർ തുടങ്ങി വിവിധ തസ്തികയിലുള്ളവർക്ക് എംബിഎ കൂടാതെ എൽഎൽബി ബിരുദവും നിർബന്ധമാക്കിയിട്ടുണ്ട്. യോഗ്യരായ ഉദ്യോഗസ്ഥരെ ലഭിക്കാത്ത പക്ഷം ഡെപ്യൂട്ടേഷൻ വഴി നിയമനം നടത്തുമ്പോൾ ചുരുങ്ങിയത് 15 വർഷത്തെ പ്രവൃത്തിപരിചയം പരിഗണിക്കും. എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ വിരമിക്കൽ പ്രായം 56 വയസായി നിശ്ചയിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ പ്രവർത്തനം മാനേജിംഗ് ഡയറക്ടർ വർഷംതോറും വിലയിരുത്തുകയും റിപ്പോർട്ട് ഡയറക്ടർ ബോർഡിന് സമർപ്പിക്കുകയും വേണം.

# മേധാ പട്കർ കുറ്റവിമുക്ത

ന്യൂഡൽഹി: രണ്ടു പതിറ്റാണ്ട് പഴക്കമുള്ള ക്രിമിനൽ മാനനഷ്ടക്കേസിൽ സാമൂഹ്യപ്രവർത്തക മേധാ പട്കറെ ഡൽഹി കോടതി കുറ്റവിമുക്തയാക്കി.

2006 ഏപ്രിലിൽ ഒരു ദേശീയ ചാനലിൽ നടന്ന പരിപാടിക്കിടയിൽ അന്നത്തെ നാഷണൽ കൗൺസിൽ ഓഫ് സിവിൽ ലിബർട്ടീസ് (എൻസിസിഎൽ) പ്രസിഡണ്ടും ഇപ്പോൾ ഡൽഹി ലഫ്. ഗവർണറുമായ വി.കെ. സക്സേനയ്ക്കെതിരേ അപകീർത്തികരമായ പരാമർശം നടത്തിയെന്നായിരുന്നു ആരോപണം.

# പ്രഖ്യാപനങ്ങളില്ലാതെ മോദി സന്ദർശനം

തിരുവനന്തപുരം: കേരളത്തിൽ എൽ.ഡി.എഫ്. യു.ഡി.എഫ് മുന്നണികൾ തമ്മിലുള്ള അഡ്ജസ്റ്റ്മെന്റ് ഭരണമാണു നടക്കുന്നതെന്നു പ്രധാനമന്ത്രി നരേന്ദ്രമോദി. തിരുവനന്തപുരം, പുത്തരിക്കണ്ടം മൈതാനത്ത് ബി.ജെ.പി സംഘടിപ്പിച്ച പൊതുസമ്മേളനം ഉദ്ഘടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു പ്രധാനമന്ത്രി.



എൽ.ഡി.എഫും യു.ഡി.എഫും തമ്മിൽ പതാകയിലും ചിഹ്നത്തിലും മാത്രമേ വ്യത്യാസമുള്ളൂ. ഇവർ രണ്ടു കൂട്ടരുടെയും അജൻഡ ഒന്നുതന്നെയാണ്. ഇടതു-വലതു മുന്നണികളുടെ അഡ്ജസ്റ്റ്മെന്റ് രാഷ്ട്രീയം അവസാനിപ്പിക്കണം. ഇരുകൂട്ടരും മാറിമാറി ഭരിച്ച് കേരളത്തെ നശിപ്പിച്ചു വികസിത കേരളത്തിനായി കൈകോർക്കാനുള്ള കൃത്യമായ സമയമാണിത്. ഇതിനായി ഉറച്ച തീരുമാനം ആവശ്യമാണ്. വികസിത കേരളത്തിനായി ബി.ജെ.പിക്കൊപ്പം ജനങ്ങൾ നില്ക്കണം. പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

ശബരിമലയിലെ വിശ്വാസത്തെ തകർക്കാൻ ലഭിച്ച ഓരോ അവസരവും നടപ്പാക്കിയതാണ് ഇടതു സർക്കാർ ബി.ജെ.പി സർക്കാർ. വന്നാൽ ശബരിമല സ്വർണ്ണക്കൊള്ള ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളിലും ആരോപണ വിധേയരായവർ ജയിലിനുള്ളിലാകും. ഇതാണ് മോദിയുടെ ഗാരന്റി- പ്രധാനമന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ സാധാരണക്കാരുടെ നിക്ഷേപം കൊള്ളയടിക്കപ്പെട്ടു. ഇത്തരക്കാർക്ക് കനത്ത ശിക്ഷയാണു നൽകേണ്ടത്. ബി.ജെ.പിക്ക് സംസ്ഥാന ഭരണത്തിന് അവസരം ലഭിച്ചാൽ സഹകരണ ബാങ്കിലെ പണം മോഷ്ടിച്ചവരിൽ നിന്നുതന്നെ ഈടാക്കി നഷ്ടപ്പെട്ടവർക്കു തിരിച്ചു നൽകും. കേന്ദ്ര പദ്ധതികൾ നടപ്പാക്കുന്നതിൽ കേരളം വിമുഖത കാട്ടുന്നതായും പി.എം ശ്രീ പദ്ധതി നടപ്പാക്കാത്തതിനാൽ ലക്ഷക്കണക്കിനു വിദ്യാർത്ഥികൾക്കു ലഭിക്കേണ്ട സഹായം നഷ്ടമായെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

കോൺഗ്രസിനു വികസിത പദ്ധതികളൊന്നുമില്ലെന്നും അവർ ഇപ്പോൾ മാവോ-മുസ്ലിം കോൺഗ്രസ് പാർട്ടിയായി മാറിയെന്നും വിഘടനവാദം വളർത്തുകയാണെന്നും പ്രധാനമന്ത്രി ആക്ഷേപിച്ചു.

23ന് രാവിലെ തിരുവനന്തപുരത്ത് വിമാനമിറങ്ങിയ പ്രധാനമന്ത്രിയെ മുഖ്യമന്ത്രി പിണറായി വിജയൻ, ഗവർണർ ആർ.വി. അർലേക്കർ എന്നിവർ ചേർന്നു സ്വീകരിച്ചു.തുടർന്ന് പ്രധാനമന്ത്രി റോഡ് ഷോ ആയാണു പൊതുസമ്മേളനം നടക്കുന്ന പുത്തരിക്കണ്ടം മൈതാനത്തെത്തിയത്.

പൊതുസമ്മേളനവേദിക്കു സമീപത്തായി തയാറാക്കിയ മറ്റൊരു വേദിയിൽ കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം നടത്തി. തുടർന്നാണ് പ്രധാനമന്ത്രി വേദിയിലേക്കെത്തിയത്. കേന്ദ്രമന്ത്രി ജോർജ് കുര്യൻ, ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ, തിരുവനന്തപുരം മേയർ വി.വി.രാജേഷ്, എൻ.ഡി.എ നേതാക്കൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# എസ്ഐആർ: രേഖകൾ ഹാജരാക്കേണ്ടവർ ഇരട്ടിയായി

തിരുവനന്തപുരം: സമഗ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ (എസ്ഐആർ) ഭാഗമായി കേരളത്തിൽ കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷൻ പ്രസിദ്ധീകരിച്ച കരട് പട്ടികയിലുള്ള വോട്ടർമാരിൽ കൂടുതൽ രേഖകൾ ഹാജരാക്കേണ്ടവരുടെ എണ്ണം ഇരട്ടിയോളമായി. 2.54 കോടി വോട്ടർമാരിൽ 37 ലക്ഷത്തോളം പേർക്കാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ (ഇആർഒ) ഇതിനകം നോട്ടീസ് അയച്ചത്. 19.32 ലക്ഷം പേർക്കു നോട്ടീസ് അയയ്ക്കുമെന്നാണ് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ (സിഇഒ) നേരത്തേ പറഞ്ഞിരുന്നത്.

37 ലക്ഷത്തിൽ തന്നെ 13.5 ലക്ഷം വോട്ടർമാർക്കു മാത്രമേ ഇതിനകം നോട്ടീസ് നേരിട്ടു ലഭിച്ചിട്ടുള്ളൂ. രേഖകൾ കൃത്യമാക്കി ബൂത്ത് ലവൽ ഓഫീസർമാർ ഇആർഒയ്ക്ക് റിപ്പോർട്ട് നൽകുകയോ ഹിയറിങ് നടത്തുകയോ ചെയ്യേണ്ട സമയപരിധി ഫെബ്രുവരി 14 ആയതിനാൽ ബാക്കിയുള്ളവർ വോട്ടർപട്ടികയിൽനിന്നു പുറത്താകുമോയെന്ന് ആശങ്കയുണ്ട്.

നിയമസഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായുള്ള അന്തിമ വോട്ടർപട്ടിക ഫെബ്രുവരി 21-നാണു പ്രസിദ്ധീകരിക്കുന്നത്. എസ്ഐആർ നടപടി ഏറെ വിവാദമായ ബീഹാറിൽപോലും കരടുപട്ടിക പ്രസിദ്ധീകരിച്ചശേഷം പുറത്തായത് 3.66 ലക്ഷം വോട്ടർമാരാണെന്നതിനാൽ കേരളത്തിലെ നിലവിലെ സ്ഥിതി ഏറെ സങ്കീർണമാണ്. 2002-ലെ പട്ടികയുമായി വിവരങ്ങൾ കൂട്ടിയിണക്കാൻ സാധിക്കാത്തവർക്കു പുറമേ പേരിൽ അക്ഷരത്തെറ്റ് സംഭവിച്ചവർ ഉൾപ്പെടെയുള്ളവർക്കും നോട്ടീസ് നൽകുന്നു. പ്രതിപക്ഷം ഇതിനെതിരെ കമ്മീഷനെ സമീപിച്ചിട്ടുണ്ടെങ്കിലും ഹിയറിങ് ഒഴിവാക്കാൻ ഇആർഒമാരാണു തീരുമാനമെടുക്കേണ്ടത്.

# ട്രാഫിക് പിഴ അടച്ചില്ലെങ്കിൽ വിലക്ക്

തിരുവനന്തപുരം: ഗതാഗത നിയമലംഘനത്തിനുള്ള പിഴ 45 ദിവസത്തിനുള്ളിൽ അടച്ചില്ലെങ്കിൽ വാഹനം ഫിറ്റ്നസ് ടെസ്റ്റും പെർമിറ്റ് പുതുക്കലും പോലും സാധ്യമാകാതെ വിലക്കുപട്ടികയിലാകും. ഉദ്യോഗസ്ഥർക്ക് വാഹനം പിടിച്ചെടുക്കാനും അധികാരമുണ്ട്. കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ കർശന വ്യവസ്ഥകൾക്ക് ഈ മാസം ഒന്നു മുതലാണ് പ്രാബല്യം.

വിലക്കുപട്ടികയിൽ വന്നാൽ നികുതി അടയ്ക്കുന്നത് ഒഴികെയുള്ള ഇടപാടുകളും സേവനങ്ങളും പരിവഹൻ സൈറ്റുകളിൽ അനുവദിക്കില്ല. നിയമം ലംഘിച്ചിട്ടില്ലെന്നതിനു തെളിവുണ്ടെങ്കിൽ 45 ദിവസത്തിനകം മോട്ടോർ വാഹന വകുപ്പിന് പരാതി നല്കാം. എന്നിട്ടും നടപടിയില്ലെങ്കിൽ പിഴത്തുകയുടെ പകുതി കെട്ടിവെച്ച് കേസ് നല്കാം. സംസ്ഥാനത്ത് 2026 ജനുവരിക്കു മുൻപുള്ള പിഴ ചലാനുകളിൽ 50 ശതമാനം ഇളവോടെ ഒറ്റത്തവണ തീർപ്പാക്കൽ അനുവദിക്കാനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലുണ്ട്.

# ‘എർത്ത് ഇൻ ഫോക്കസി’ൽ മലയാളി പ്രതാപ് പത്രയ്ക്കു വിജയം

ന്യൂഡൽഹി: സോണി ബിബിസി എർത്ത് സംഘടിപ്പിക്കുന്ന ഫോട്ടോഗ്രഫി മത്സരമായ ‘എർത്ത് ഇൻ ഫോക്കസി’ൽ മലയാളിയായ പ്രതാപ് പത്രയ്ക്കു വിജയം. ‘ഷേഡ്സ് ഓഫ് ലൈഫ്’ എന്ന ആവേശകരമായ പ്രമേയത്തെ കേന്ദ്രീകരിച്ചുള്ള എർത്ത് ഇൻ ഫോക്കസിന്റെ അഞ്ചാം പതിപ്പിൽ പ്രതാപുൾപ്പെടെ മൂന്നു സംസ്ഥാനങ്ങളിലെ ഫോട്ടോഗ്രാഫർമാരാണ് വിജയികളായത്. എല്ലാ വിഭാഗങ്ങളിലുമായി 3000-ത്തിലധികം എൻട്രികൾ ലഭിച്ച മത്സരത്തിൽ പ്രശസ്ത വൈൽഡ്ലൈഫ് ഫോട്ടോഗ്രാഫറും അദ്ധ്യാപകനുമായ സുധീർ ശിവറാമാണു വിധി നിർണയിച്ചത്. മത്സരത്തിൽ വിജയികളായവർക്ക് ഗോപ്രോ ഹീറോ 13 സമ്മാനങ്ങളായി ലഭിച്ചു. കൂടാതെ സോണി ബിബിസി എർത്ത് ചാനലിൽ അവരുടെ സൃഷ്ടികൾ അവതരിപ്പിക്കാനുള്ള അവസരവും ലഭിച്ചു.

# രാഷ്ട്രപതിയുടെ മികച്ച സേവനത്തിനുള്ള മെഡൽ 19 മലയാളികൾക്ക്

ന്യൂഡൽഹി: റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ചുള്ള രാഷ്ട്രപതിയുടെ വിശിഷ്ട, സ്തുത്യർഹ സേവനത്തിനുള്ള മെഡലുകൾ പ്രഖ്യാപിച്ചു. വിശിഷ്ട സേവനത്തിനുള്ള മെഡലിന് കേരള പോലീസിൽനിന്ന് എസ്പി ഷാനവാസ് അബ്ദുൾ സാഹിബും കേരള ഫയർ സർവീസിൽനിന്ന് സ്റ്റേഷൻ ഓഫീസർ എൻ. രാജേന്ദ്രനാഥും അർഹരായി. ആഭ്യന്തരമന്ത്രാലയത്തിലെ ജോയിന്റ് ഡയറക്ടർമാരായ ഐ.ബി. റാണി, കെ.വി. ശ്രീജേഷ്, അസിസ്റ്റന്റ് ഡയറക്ടർ ഷാജി ചെറിയാൻ എന്നിവരും വിശിഷ്ട സേവനത്തിനുള്ള മെഡലിന് അർഹരായി.

കേരള പോലീസിലെ എഎസ്പി എ.പി. ചന്ദ്രൻ, എസിപിമാരായ ടി. അഷ്റഫ്, സി. പ്രേമാനന്ദ കൃഷ്ണൻ, ഡിവൈഎസ്പിമാരായ കെ.ഇ. പ്രേമചന്ദ്രൻ, ഉണ്ണിക്കൃഷ്ണൻ വെളുത്തേടൻ, ടി. അനിൽകുമാർ, എം. ജോസ് മത്തായി, മനോജ് വടക്കേവീട്ടിൽ, എസ്ഐമാരായ ടി. സന്തോഷ് കുമാർ, പി. പ്രമോദ് ദാസ് തുടങ്ങി പത്തുപേർ സ്തുത്യർഹ സേവനത്തിനുള്ള മെഡലിന് അർഹരായി. ജില്ലാ ഫയർ ഓഫീസർ എ.എസ്. ജോഗി, സീനിയർ ഫയർ ആൻഡ് റസ്ക്യൂ ഓഫീസർമാരായ കെ.എ. ജാഫർഖാൻ, വി.എൻ. വേണുഗോപാൽ, ജയിൽ വകുപ്പിലെ ഉദ്യോഗസ്ഥരായ ടി.വി. രാമചന്ദ്രൻ, എസ്. മുഹമ്മദ് ഹുസൈൻ, കെ. സതീഷ് ബാബു, എ. രാജേഷ് കുമാർ എന്നിവർക്കും സ്തുത്യർഹ സേവനത്തിനുള്ള മെഡൽ ലഭിച്ചു.

ഡൽഹി പോലീസിലെ കോഴിക്കോട് സ്വദേശി ആർ.എസ്. ഷിബു, എറണാകുളം സ്വദേശി കൃഷ്ണകുമാർ എന്നിവർ ധീരതയ്ക്കുള്ള മെഡലിന് അർഹരായി. 77-ാം റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് പോലീസ്, ഫയർ, ഹോം ഗാർഡ് ആൻഡ് സിവിൽ ഡിഫൻസ്, ജയിൽ എന്നീ വിഭാഗങ്ങളിൽ സേവനമനുഷ്ഠിക്കുന്ന 982 ഉദ്യോഗസ്ഥരാണ് വിവിധ മെഡലുകൾക്ക് അർഹരായത്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 04
January 26, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara


DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്വചനം

നന്മ ചെയ്യേണ്ടവർ നിഷ്ക്രിയരാകുമ്പോൾ തിന്മ വിജയം നേടുന്നു.
**എഡ്മണ്ട് ബർക്ക്**

ഹൃദയവിശാലതയാകുന്നു ഉന്നതിയുടെ ഉറവിടം.
**നെഹ്റു**


MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• PRESCRIPTION DRUG BENEFIT
• DENTAL, VISION & HEARING
• WORLD WIDE COVERAGE
• FREE GYM MEMBERSHIP
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


DOULOS BIBLICAL SEMINARY VECHOOCHIRA, RANNI
DOULOS INT. MINISTRIES,INC.
RECOGNIZED BY IPC GENERAL COUNCIL
ACCREDITED BY GATE
WWW.DULOSCOLLEGE.ORG
'കാൽ നൂറ്റാണ്ട് പിന്നിടുന്ന
അനുഭവ സമ്പത്തുമായി
DOULOS
BIBLICAL SEMINARY
P.O BOX:2, VECHOOCHIRA, RANNY PTA.DT.
zoom
ACCESSIBLE FROM INDIA, GULF, EUROPE CANADA & USA
Register Now
ENGLISH & MALAYALAM MEDIUM
C.Th. B.Th. M.Div.
(CLASSES STARTING FROM DECEMBER 15)
FOUNDER PRESIDENT
PR. DR. V. P. JOSE
PRINCIPAL
PR. DR. JOHN. K. MATHEW
VICE. PRINCIPAL
PR. ANIL KODITHOTTAM
DIRECTOR BOARD
Pr. Reji Mooledam (ACADEMIC DEAN),Evg. Benny Kochuvadakel (ADMINISTRATOR)
Pr. Sajan Samuel (CO-ORDINATOR), Bro. Rajan Ariyappally
(OVERSEAS MANAGER), Br. Peter Mathew Vallyath
26 YEARS IN CHRISTIAN MINISTRY
CONTACT : +91 916460 3370
OVERSEAS +966-508577968 +91 949595 4289


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# സാമൂഹികവിരുദ്ധമാകുന്ന സമൂഹമാധ്യമങ്ങൾ

സമൂഹമാധ്യമങ്ങൾ അപകടകരമായ സാധ്യതകൾക്കായി ഉപയോഗപ്പെടുത്തുന്ന സംഭവങ്ങൾ ആശങ്കപ്പെടുത്തുന്നു. ബസ്സിൽവെച്ച് ലൈംഗികാതിക്രമം നടത്തിയെന്നാരോപിച്ചതിനെ തുടർന്നാണ് ഗോവിന്ദപുരം സ്വദേശി ദീപക് ആത്മഹത്യ ചെയ്തത് ഷിംജിത എന്ന യുവതിയുടെ പോസ്റ്റിനു പിന്നാലെയാണ്. ദീപക്ക് ആത്മഹത്യ ചെയ്തത് കേരളത്തെയാകെ ഞെട്ടിച്ച സംഭവമാണ്. ഏറെ കോളിളക്കമുണ്ടാക്കിക്കൊണ്ടിരിക്കുന്ന ഈ കേസിൽ ആത്മഹത്യാകുറ്റം ആരോപിച്ച് ഷിംജിതയെ അറസ്റ്റ് ചെയ്തിരുന്നു. സ്വകാര്യബസിൽ ലൈംഗികാതിക്രമം നടത്തിയെന്ന് ആരോപിച്ച് സമൂഹമാധ്യമങ്ങളിൽ ഷിംജിത പ്രചരിപ്പിച്ചിരുന്നു. ഷിംജിതയുടെ അറസ്റ്റ് ഈ കേസിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. ഇതിനുപിന്നിലെ യാഥാർത്ഥ്യം കൂടുതൽ തെളിവോടെ പുറത്തുവരേണ്ടതുണ്ടെങ്കിലും സമൂഹമാധ്യമങ്ങളുടെ ദുരുപയോഗവുമായി ബന്ധപ്പെട്ട് ചില പ്രസക്ത ചോദ്യങ്ങൾ പൊതുസമൂഹത്തിനുമുന്നിൽ ഉയർത്താൻ ഈ കേസിനു കഴിഞ്ഞിട്ടുണ്ട്. ആർക്കും എന്തും സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കാനുള്ള സ്വാതന്ത്ര്യത്തിന് കടിഞ്ഞാണിടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. വിനോദത്തിനും വിജ്ഞാനത്തിനും സമൂഹമാധ്യമങ്ങളെ ആശ്രയിക്കുന്ന ധാരാളം ആളുകൾ നമ്മുടെയിടയിലുണ്ട്. റീച്ചിനും ലൈക്കിനും വേണ്ടി സൃഷ്ടിക്കുന്ന ഉള്ളടക്കം മറ്റുള്ളവരുടെ ജീവിതത്തെ ബാധിക്കുന്ന സാഹചര്യം വർദ്ധിക്കുകയാണ്. സമൂഹമാധ്യമങ്ങൾ ഇത്രയും പ്രചുരപ്രചാരമാകുന്നതിനും മുൻപ് നമുക്ക് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നാം പോലീസ് സ്റ്റേഷനുകളെയാണ് ആശ്രയിച്ചിരുന്നത്. ഈ സംഭവത്തെ തുടർന്നുള്ള ഫെയ്സ്ബുക്ക് പോസ്റ്റിൽ പോലീസ് വ്യക്തമാക്കുന്നതും അതുതന്നെയാണ്. പരാതിയുണ്ടെങ്കിൽ സമൂഹമാധ്യമങ്ങളിലൂടെ അത് പ്രചരിപ്പിക്കാതെ തങ്ങളെ അറിയിക്കണമെന്നുള്ള പോലീസിന്റെ മുന്നറിയിപ്പ് അതീവഗൗരവമായിതന്നെ കാണേണ്ടിയിരിക്കുന്നു. പ്രതികരിക്കാതെ 112 എന്ന എമർജൻസി നമ്പറിലേക്ക് വിളിക്കണമെന്നാണ് അറിയിപ്പ്. പോലീസിനു മുന്നിലാണ് ഇത്തരം വീഡിയോകൾ ആദ്യം തെളിവാകേണ്ടത്.

സമൂഹമാധ്യമങ്ങളിൽ ലൈക്ക് കിട്ടാനായി നമ്മുടെ യുവതലമുറ നടത്തുന്ന കോപ്രായങ്ങൾ കൂടിക്കൂടി വരുന്നു. സത്യവും മിഥ്യയും മനസ്സിലാക്കാതെ വാർത്തകൾ ഷെയർ ചെയ്യുക, ഉല്പന്നങ്ങളുടെ ഗുണമേന്മയെക്കുറിച്ച് അറിവില്ലാതെ തന്നെ അതിനെ പ്രചരിപ്പിക്കുക, ഒരു വ്യക്തിയെക്കുറിച്ച് നമുക്ക് തോന്നുന്നത് എന്തും വിളിച്ചു പറയുക തുടങ്ങിയവയ്ക്കെല്ലാമുള്ള ഒരു വേദിയായി സമൂഹമാധ്യമങ്ങളെ മാറ്റിയിരിക്കുന്നു. സമൂഹമാധ്യമങ്ങൾ വരുമാന മാർഗമായതോടെ കണ്ടന്റ് ക്രിയേറ്റർമാരുടെ എണ്ണവും കൂടി. വൈറലാകാൻ വേണ്ടി കണ്ടന്റുകൾ സൃഷ്ടിക്കാൻ ശ്രമിക്കുന്ന ചിലർ മനുഷ്യത്വവും ഉത്തരവാദിത്തങ്ങളും മനഃപൂർവ്വം മറക്കുന്നു. ഒരാളുടെ സ്വകാര്യ ജീവിതം അനുവാദമില്ലാതെ പ്രചരിപ്പിക്കുന്നതും അതിരുകടന്ന് പ്രചരിപ്പിക്കുന്നതും വ്യക്തികളുടെ മാനസികാരോഗ്യം, കുടുംബബന്ധങ്ങൾ, സാമൂഹിക അംഗീകാരം എന്നിവ തകർക്കുന്നു. മറ്റൊരാളുടെ ജീവിതം നശിപ്പിച്ചു നേടുന്ന റീച്ച്കൊണ്ട് എന്തുനേട്ടമാണ് ഉണ്ടാകുന്നത്.

മാന്യമായ ജീവിതം നയിക്കുന്നവരെ ഏറ്റവും മോശമായ മാർഗങ്ങളിലൂടെ അപമാനിക്കുന്നതുമുതൽ ജീവിച്ചിരിക്കുന്നവരെ തെറ്റായ വാർത്തകളിലൂടെ കൊല്ലാൻവരെ മടിയില്ലാത്ത സാമൂഹികവിരുദ്ധർ സൈബർലോകത്തുണ്ട്. കയ്യടിക്കും കാശിനും ക്രൂരസംതൃപ്തിക്കും വേണ്ടിയാണ് ഇവരുടെ സൈബർ പേക്കൂത്ത്. സ്ത്രീകൾക്കെതിരെയും മറ്റും അപകീർത്തികരമായ വീഡിയോകളും മറ്റും പോസ്റ്റ് ചെയ്യുന്നു. ഇത്തരം ആളുകൾക്ക് ആവേശം പകരുന്ന വിധത്തിലാണ് അത് കാണുന്ന ഭൂരിപക്ഷത്തിന്റെയും പ്രതികരണം. യുവതലമുറ ഇതിനുമുന്നിൽ ധാരാളം സമയം ചെലവഴിക്കുന്നു എന്നുള്ളത് ദുഃഖകരമായ ഒരു സത്യമാണ്. ക്രിയാത്മകമായ കാര്യങ്ങളിലുള്ള അവരുടെ ശ്രദ്ധ മാറിപ്പോകുന്നു. ബസും ട്രെയിനുമടക്കമുള്ള പൊതു ഇടങ്ങളിലെ ലൈംഗികാതിക്രമം തത്സമയം ചിത്രീകരിച്ച് അത്തരം കുറ്റവാളികളെ നിയമപാലകർക്കു മുന്നിലെത്തിക്കാൻ മൊബൈൽ ഫോണുകൾ സ്ത്രീകൾക്കും മറ്റും തുണയാകുന്നത് പലപ്പോഴും നാം കണ്ടിട്ടുണ്ട്. എന്നാൽ, ആ സാധ്യത ദുരുപയോഗിക്കുമ്പോൾ അത് അങ്ങേയറ്റം ആപൽക്കരമാകുന്നു. സമൂഹമാധ്യമത്തിൽ മോശം പറഞ്ഞാൽ ആരും ചോദിക്കാനില്ലെന്ന് ചിലർ കരുതുന്നത് ഈ കാലഘട്ടത്തിന്റെ ദുരവസ്ഥയാണ്. ഇന്ന് നാം കാണുന്ന മറ്റൊരു സംഗതിയാണ് എന്തെങ്കിലും ദുരന്തം സംഭവിച്ചാൽ അവിടെ മാധ്യമങ്ങളുടെ ഒരു മേച്ചിൽപുറമായി മാറ്റും. അതുപോലെ മരണമടഞ്ഞവരുടെ കുടുംബാംഗങ്ങളോട് ഒട്ടും അനുചിതമല്ലാത്ത രീതിയിലുള്ള ചോദ്യങ്ങൾ. ഓരോരുത്തരുടെയും സ്വകാര്യ പ്രശ്നങ്ങളും മറ്റും സോഷ്യൽ മീഡിയയിൽ കൂടി ചർച്ചയാകുന്നത് അവർക്ക്തന്നെ താങ്ങാൻ പറ്റുന്നില്ല. ലൈക്ക് നൽകി പ്രോത്സാഹിപ്പിക്കാൻ 'സൈബർ ഫ്രണ്ട്സ്' ഉണ്ടാകുമെങ്കിലും ഭവിഷ്യത്ത് സ്വയം അനുഭവിക്കേണ്ടിവരും. ഡിജിറ്റൽ സാക്ഷരതയിൽ ഇന്ത്യയിൽ മുന്നിലാണ് കേരളം. സാങ്കേതികവിദ്യയുടെ കാര്യത്തിൽ നമുക്കു കൈവന്ന ആത്മവിശ്വാസം ചിലരെങ്കിലും ഉപയോഗപ്പെടുത്തുന്നത് മോശം മാർഗങ്ങളിലൂടെയാണ്. സമൂഹമാധ്യമങ്ങളുടെ ഗുണപ്രദമായ ഉപയോഗമെല്ലാം മറന്ന് ദുരുപയോഗങ്ങൾക്കായി തുനിഞ്ഞിറങ്ങുന്നവർക്ക് കർശനമായി തടയിട്ടേതീരൂ.

# എല്ലാ സമുദായങ്ങളെയും ചേർത്തുപിടിക്കണമെന്ന് രാഹുൽ

ന്യൂഡൽഹി: മുഖ്യമന്ത്രിസ്ഥാനാർഥിയെക്കുറിച്ചുതർക്കം വേണ്ടെന്ന് കേരളത്തിലെ കോൺഗ്രസ് നേതാക്കളോടു രാഹുൽ ഗാന്ധി.

തെരഞ്ഞെടുപ്പിൽ ജയിക്കുകയെന്നതാണു പ്രധാനമെന്നും മുഖ്യമന്ത്രിയുടെ കാര്യത്തിൽ ഹൈക്കമാൻഡിന്റെ തീരുമാനത്തിനു വിട്ടാൽ മതിയെന്നും 23-ന് ഡൽഹിയിലെ കോൺഗ്രസ് ആസ്ഥാനമായ ഇന്ദിരാഭവനിൽ നടന്ന നേതൃയോഗത്തിൽ രാഹുൽ വ്യങ്ങളെയും ചേർത്തുപിടിക്കണം. ഭൂരിപക്ഷം ന്യൂനപക്ഷ വ്യത്യാസമില്ലാതെ എല്ലാവരുടെയും പാർട്ടിയാകണം കോൺഗ്രസ് നിസാര കാര്യങ്ങളിൽ തർക്കിക്കരുത്.

സ്ഥാനാർഥിനിർണയത്തിൽ ജയസാധ്യതയാകണം മുന്നിൽ. പതിവ് ശൈലിയിൽ നിന്നു വ്യത്യസ്തമായി യുവാക്കളെയും സ്ത്രീകളെയും ആകർഷിക്കാൻ പ്രത്യേക ശ്രദ്ധവേണമെന്നും രാഹുൽ നിർദേശിച്ചു.

ണം തിരിച്ചുപിടിക്കുകയെന്നതാണു മുഖ്യം. തെരഞ്ഞെടുപ്പിനുശേഷം മുഖ്യമന്ത്രിയെ നിശ്ചയിക്കുന്നതിൽ എ.ഐ.സിസി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ തീരുമാനമെടുക്കുമെന്നും രാഹുൽ ഓർമിപ്പിച്ചു. എം.എൽ.എമാരുടെയും രാഹുലിന്റെയും അടക്കമുള്ള അഭിപ്രായം ആരാഞ്ഞ് തീരുമാനിക്കുമെന്ന് ഖാർഗെയും വ്യക്തമാക്കി.

എൽ.ഡി.എഫ് സർക്കാരിനെതിരെ



ഡൽഹി ഇന്ദിരാഭവനിൽ നടന്ന നേതൃയോഗത്തിൽ രാഹുൽ ഗാന്ധിയും മല്ലികാർജുൻ ഖാർഗെയും.

ക്തമാക്കി.

കേരളത്തിലെ കോൺഗ്രസ് നേതാക്കൾ ഒരേ സ്വരത്തിൽ ഇനി സംസാരിച്ചേ മതിയാകുവെന്ന് ലോക്സഭയിലെ പ്രതിപക്ഷ നേതാവും കോൺഗ്രസിലെ അവസാനവാക്കുമായ രാഹുൽ ആവശ്യപ്പെട്ടു. എല്ലാ സമുദായ

മുഖ്യമന്ത്രി സ്ഥാനാർത്ഥിയായി മൂന്നോ നാലോ നേതാക്കൾ ഉണ്ടെന്ന് അറിയാമെന്ന് രാഹുൽ പറഞ്ഞു. എല്ലാവരും യോഗ്യരാണ്. അക്കാര്യത്തിൽ ചർച്ചയോ തർക്കമോ ഇപ്പോൾ വേണ്ട. ആരെയും മുഖ്യമന്ത്രിയായി ഉയർത്തിക്കാട്ടേണ്ടതില്ല. കേരളത്തിൽ ഭര

യുള്ള ജനവികാരം നേട്ടമാക്കുന്നതോടൊപ്പം കേരളത്തിന്റെ വികസനകാര്യങ്ങളിൽ കൃത്യവും വ്യക്തവുമായി പദ്ധതികൾ അവതരിപ്പിക്കനും നേതൃയോഗം തീരുമാനിച്ചു.

വർഗീയ ധ്രുവീകരണത്തിനുള്ള ബി.ജെ.പിയുടെ തന്ത്രങ്ങളിൽ വീഴരുത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പോരായ്മകളും വീഴ്ചകളും അഴിമതികളും ജനമധ്യത്തിലെത്തിക്കാൻ കൃത്യമായ കർമ പദ്ധതി വേണം. കോൺഗ്രസ് പാർട്ടിക്കുള്ളിലും യു.ഡി.എഫിലെ ഘടകകക്ഷികൾക്കിടയിലും അനാവശ്യ വിവാദങ്ങളും തർക്കങ്ങളും ഒഴിവാക്കണമെന്നും കേരള നേതാക്കളോട് ഹൈക്കമാൻഡ് നിർദേശിച്ചു.

# ജനപ്രതിനിധികൾക്കെതിരായ കേസുകളിൽ നടപടി വേണമെന്ന് ഹൈക്കോടതി

കൊച്ചി: ജനപ്രതിനിധികൾക്കെതിരേയുള്ള കേസുകളിൽ നടപടി സ്വീകരിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശം. അഞ്ചു വർഷത്തിലധികം പഴക്കമുള്ള കേസുകളുണ്ട്. ഇതിൽ രണ്ടു കേസുകളിൽ മാത്രമേ നടപടി ഉറപ്പാക്കിയിട്ടുള്ളൂ. മറ്റു കേസുകളിൽ പോലീസ് കൃത്യമായ നടപടികളെടുത്തിട്ടില്ല. കോടതികളിൽ പോലീസ് റിപ്പോർട്ട് സമർപ്പിക്കുന്നതിൽ അലംഭാവം കാണിക്കുകയാണെന്നുള്ള ഹൈക്കോടതി രജിസ്ട്രിയുടെ വിശദീകരണം കണക്കിലെടുത്താണ് കോടതി നിർദേശം.

സുപ്രീംകോടതി നിർദേശപ്രകാരമാണ് ഹൈക്കോടതി സ്വമേധയാ വിഷയം പരിഗണിച്ചത്. ഇടുക്കി എംപി ഡീൻ കുര്യാക്കോസിനെതിരേ മാത്രം എട്ടു കേസുകളുണ്ടെന്ന് കോടതി ചൂണ്ടിക്കാട്ടി. നേരത്തെ വിഷയം പരിഗണിച്ച് സർക്കാരിനോട് നടപടി സ്വീകരിക്കാൻ നിർദേശിച്ചിരുന്നു.

വിഷയവുമായി ബന്ധപ്പെട്ട് നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്താൻ തീരുമാനിച്ചതായി ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ കോടതിയെ അറിയിച്ചു. സർക്കാർ സ്വീകരിച്ച നടപടികൾ പോലീസ് മേധാവി അറിയിക്കണമെന്ന് കോടതി ഉത്തരവിട്ടു. ഹർജി 29-ന് വീണ്ടും പരിഗണിക്കും.

# ടെന്നീസ് ബോൾ നിർമിച്ച് റബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

കോട്ടയം: സ്വാഭാവിക റബ്ബറും സിന്തറ്റിക് റബ്ബറും ചേർത്ത് ടെന്നീസ് ബോൾ നിർമാണത്തിലും പരീക്ഷണം നടത്തി ഇന്ത്യൻ റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. ഇൻസ്റ്റിറ്റ്യൂട്ടിലെ റബ്ബർ പ്രൊഡക്ഷൻ ഇൻകുബേഷൻ സെന്ററിന്റെ നേതൃത്വത്തിലാണ് ടെന്നീസ് ബോൾ നിർമിച്ചത്. അഹമ്മദാബാദിലെ പാരിറ്റി മീഡിയ എന്ന കമ്പനിക്കുവേണ്ടിയാണ് പരീക്ഷണം നടത്തിയത്. സാങ്കേതിക വിദ്യയും പ്രൊട്ടോടൈപ്പും റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർ കമ്പനിക്ക് കൈമാറി.


ആദ്യമായാണ് ആർആർഐഐയിൽ ടെന്നീസ് ബോൾ നിർമിക്കുന്നത്. ഒരു വർഷത്തെ പരീക്ഷണത്തിനൊടുവിലാണ് നേട്ടം. ഇന്റർനാഷണൽ ടെന്നീസ് ഫെഡറേഷന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് നിർമാണം.

നിശ്ചിത ഭാരത്തിൽ ചുവപ്പ്, പച്ച, ഓറഞ്ച് നിറങ്ങളിലുള്ള മൂന്ന് തരത്തിലുള്ള ബോളുകളാണ് നിർമിച്ചത്. ഇത് വായു മർദം കുറഞ്ഞവയാണ്.

കമ്പനിക്ക് ടെന്നീസ് ബോൾ നിർമിച്ച് ഇന്റർനാഷണൽ ടെന്നീസ് ഫെഡറേഷന്റെ അംഗീകാരം നേടിയാൽ വാണിജ്യാടിസ്ഥാനത്തിൽ നിർമാണം ആരംഭിക്കാം.

നിലവിൽ ഇന്ത്യയിൽ ടെന്നീസ് ബോൾ ഉത്പാദിപ്പിക്കുന്ന കമ്പനികൾ വിദേശ പങ്കാളിത്തമുള്ളവയാണ്. ആർആർഐഐ റിട്ട. ഡയറക്ടർ ഇൻ-ചാർജ് ഡോ.എം.ഡി. ജെസി, റിട്ട. സീനിയർ സയന്റിസ്റ്റ് ഡോ. ഷേറാ മാത്യു, ടെക്നിക്കൽ അസിസ്റ്റന്റ് ജി. രവീന്ദ്രനാഥ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ഗവേഷകരുടെ സഹകരണത്തോടെയാണ് നിർമാണം സാധ്യമാക്കിയത്.


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


MIDWEST
WINDOWS & DOORS
40% OFF
FOR DOORS & SIDING
45% OFF
FOR WINDOWS
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing

# വൈദ്യുതി വിതരണ രംഗത്ത് പരിഷ്കാരങ്ങൾ വരുത്താൻ കേന്ദ്രം

ന്യൂഡൽഹി: വൈദ്യുതി വിതരണ രംഗത്തു വൻ പരിഷ്കാരങ്ങൾ കൊണ്ടുവരുന്ന വൈദ്യുതി ഭേദഗതി ബിൽ വരുന്ന ബജറ്റ് സമ്മേളനത്തിൽ അവതരിപ്പിക്കാൻ ലക്ഷ്യമിട്ടു കേന്ദ്രസർക്കാർ. വൈദ്യുതി വിതരണ കമ്പനികളുടെ (ഡിസ്കോം) നഷ്ടങ്ങൾ നികത്താൻ ചെലവ് പ്രതിഫലിപ്പിക്കുന്ന തീരുവ എന്ന ആശയമുൾപ്പെട്ടിട്ടുള്ള ബില്ല് ബജറ്റ് സമ്മേളനത്തിൽ അവതരിപ്പിക്കാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര വൈദ്യുതി മന്ത്രി മനോഹർ ലാൽ ഖട്ടർ വ്യക്തമാക്കി. വൈദ്യുതി വിതരണത്തിൽ മത്സരം കൊണ്ടുവരുന്നതും സാമ്പത്തിക അച്ചടക്കം ഉറപ്പാക്കുന്നതും പല മേഖലകളിലെയും ക്രോസ് സബ്സിഡികൾ ഒഴിവാക്കുന്നതുമായ ബില്ല് സാധാരണക്കാരുടെ വൈദ്യുതിച്ചെലവുകൾ കുറയ്ക്കുമെന്നാണ് കേന്ദ്രം അവകാശപ്പെടുന്നത്.

വൈദ്യുതി വിതരണ രംഗത്ത് പല സംസ്ഥാനങ്ങളിലും നിലനിൽക്കുന്ന കുത്തകാവകാശം വൈദ്യുതി വിതരണത്തിൽ മത്സരം കൊണ്ടുവരുന്നതിലൂടെ ഇല്ലാതാകുമെന്നതാണ് ബില്ലിലൂടെ ഉണ്ടാകുന്ന ഏറ്റവും പ്രധാനപ്പെട്ട പരിഷ്കാരം. ഒരേ വിതരണശൃംഖല ഉപയോഗിച്ചു വിവിധ കമ്പനികൾക്ക് ഒരേയിടത്തു പ്രവർത്തിക്കാൻ ബില്ല് അവസരം തുറന്നിടുന്നുണ്ട്. മൊബൈൽ സിം കാർഡുകൾ മാറ്റുന്നതുപോലെ ഉപയോക്താക്കൾക്ക് മെച്ചപ്പെട്ട ഗുണനിലവാരവും വിലയും വിലയിരുത്തി തങ്ങളുടെ വിതരണക്കമ്പനികളെ തെരഞ്ഞെടുക്കാൻ കഴിയുമെന്നതാണ് ഇതിലൂടെ ഉണ്ടാകുന്ന മാറ്റം, കേരളം പോലെ കെഎസ്ഇബി എന്ന ഏക വൈദ്യുതി വിതരണക്കമ്പനി നിലനിൽക്കുന്ന സംസ്ഥാനങ്ങളിൽ ഉപയോക്താക്കൾക്ക് ഒന്നിലധികം ഓപ്ഷനുകൾ നൽകുന്നതാണ് പുതിയ മാറ്റം. എന്നാൽ മത്സരാധിഷ്ഠിത വിപണി പ്രോത്സാഹിപ്പിക്കാനെന്ന പേരിൽ പിൻവാതിൽ സ്വകാര്യവത്കരണം നടപ്പാക്കാനുള്ളതാണ് കേന്ദ്രത്തിന്റെ നീക്കമെന്നും ഇതിലൂടെ പൊതുമേഖലാ സ്ഥാപനങ്ങൾ തകരുമെന്നും വിമർശിക്കുന്നവരുണ്ട്.

വികസിത രാജ്യങ്ങളേക്കാൾ വ്യവസായ വൈദ്യുതി തീരുവ ഇന്ത്യയിൽ നിലനിൽക്കുന്നുണ്ടെന്നു ചൂണ്ടിക്കാട്ടി ക്രോസ് സബ്സിഡികൾ ക്രമേണ ഇല്ലാതാക്കാൻ കേന്ദ്രം ബില്ലിലൂടെ ലക്ഷ്യമിടുന്നുണ്ട്. ഉത്പാദന വ്യവസായങ്ങളെയും റെയിൽവേയെയും മെട്രോ റെയിലിനെയും അഞ്ചു വർഷത്തിനകം ക്രോസ് സബ്സിഡികൾ നൽകുന്നതിൽനിന്ന് കേന്ദ്രം ഒഴിവാക്കും. സാധാരണക്കാർക്കും കർഷകർക്കുമുൾപ്പെടെ സബ്സിഡികൾ കുറഞ്ഞ ചെലവിൽ നൽകാനുദ്ദേശിച്ച് സാമൂഹികസമത്വം ഉറപ്പാക്കുന്നതിനായാണ് വ്യവസായങ്ങൾക്കു ക്രോസ് സബ്സിഡികൾ ചുമത്തുന്നതെങ്കിലും ഒളിഞ്ഞിരിക്കുന്ന ക്രോസ് സബ്സിഡികൾ ഒഴിവാക്കി കർഷകർക്കും സാധാരണക്കാർക്കുമുൾപ്പെടെയുള്ളവർക്ക് സംസ്ഥാനങ്ങൾ അനുവദിക്കുന്ന സബ്സിഡി തുടരുമെന്ന് കേന്ദ്രം വ്യക്തമാക്കിയിട്ടുണ്ട്. സബ്സിഡികളുടെ ഭാരം പൂർണമായും സംസ്ഥാനങ്ങളുടെ മേൽ ചുമത്തുന്നതാണ് ബില്ലിലെ ഈ വ്യവസ്ഥയെന്ന് പക്ഷേ വിമർശനമുണ്ട്.

വൈദ്യുതി വിതരണ കമ്പനിക്കാരുടെ നഷ്ടങ്ങൾ നികത്താൻ ചെലവ് പ്രതിഫലിപ്പിക്കുന്ന തീരുവ എന്ന ആശയവും ബില്ലിൽ ഉൾപ്പെട്ടിട്ടുണ്ട്. സമയബന്ധിതമായി തീരുവകൾ പ്രഖ്യാപിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സംസ്ഥാനങ്ങളിലെ വൈദ്യുതി നിയന്ത്രണ കമ്മീഷനുകൾക്ക് സാമ്പത്തിക വർഷം തുടങ്ങുന്നതിനു മുമ്പ് സ്വമേധയാ തീരുവ നിർണിയാക്കാൻ നിയമം അധികാരം നൽകുന്നുണ്ട്.

പുതിയ തീരുവ അടുത്ത സാമ്പത്തിക വർഷം മുതൽ പ്രാബല്യത്തിൽ വരുമെന്നതിനാൽ വിതരണ രംഗത്ത് ഓരോ വർഷങ്ങളിലുണ്ടാകുന്ന വലിയ നഷ്ടങ്ങൾ ഇല്ലാതാക്കാൻ കഴിയുമെന്ന് കേന്ദ്രം ചൂണ്ടിക്കാട്ടുന്നു.

# എസ്ഐആർ: പുറത്താകുന്നവർക്ക് ഗുരുതരപ്രശ്നമുണ്ടാക്കുമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: വോട്ടർപട്ടികയിൽ പരിഷ്കരണം നടത്തുമ്പോൾ അതിൽനിന്ന് പുറത്താക്കപ്പെടുന്നവർക്ക് ഗുരുതര പ്രത്യാഘാതമുണ്ടാക്കുമെന്ന് സുപ്രീംകോടതി. ഒരു അധികാരവും സ്വാതന്ത്ര്യമല്ലെന്നും എസ്ഐആർ (തീവ്ര വോട്ടർപട്ടിക പരിഷ്കരണം) കേസ് പരിഗണിക്കവേ, ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ച് വാക്കാൽ നിരീക്ഷിച്ചു. വോട്ടർപട്ടിക പരിഷ്കരിക്കാനുള്ള തങ്ങളുടെ അധികാരത്തെക്കുറിച്ച് തെരഞ്ഞെടുപ്പ് കമ്മീഷൻ വാദിച്ചപ്പോഴാണ് പരാമർശമുണ്ടായത്.

ജനപ്രാതിനിധ്യ നിയമത്തിൽനിന്ന് വ്യതിചലിച്ചാണോ കമ്മിഷൻ എസ്ഐആർ നടപടികളുമായി മുന്നോട്ടുപോകുന്നത് എന്ന വിഷയമാണ് സുപ്രീംകോടതി പരിശോധിച്ചത്. വോട്ടർപട്ടികയുടെ സ്ഥിരവും കൃത്യമായ ഇടവേളയിലുള്ളതുമായ പരിഷ്കരണത്തിന് പുറമേ ഏതുസമയത്തും പ്രത്യേക തീവ്ര പരിഷ്കരണം നടത്താൻ ജനപ്രാതിനിധ്യ നിയമത്തിലെ 21-ാം വകുപ്പിന്റെ മൂന്നാം ഉപവകുപ്പ് തങ്ങൾക്ക് അധികാരം നൽകുന്നതായി കമ്മീഷൻ വാദിച്ചു. പൗരാവകാശത്തെ ബാധിക്കുന്നെങ്കിൽ എന്തുകൊണ്ട് ജനപ്രാതിനിധ്യ നിയമത്തിലെ 21-ാം വകുപ്പിന്റെ രണ്ടാം ഉപവകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൂടെന്ന് കോടതി ചോദിച്ചു. കമ്മീഷൻ പ്രത്യേകകാരണങ്ങൾ എഴുതി അറിയിക്കാത്ത പക്ഷം ഓരോ തെരഞ്ഞെടുപ്പിന് മുൻപും വോട്ടർ പട്ടിക പരിശോധിക്കണമെന്ന് രണ്ടാം ഉപവകുപ്പിൽ പറയുന്നു. ഒരു യോഗ്യതാ തീയതി നിശ്ചയിച്ച് ഏതുവർഷവും പരിഷ്കരണം നടത്താം. ഈ രീതിയിൽ പരിഷ്കരിക്കപ്പെട്ടില്ലെങ്കിൽ നിലവിലെ പട്ടിക തുടരുന്നതിനെ അത് ബാധിക്കരുതെന്നും രണ്ടാം ഉപവകുപ്പിൽ പറയുന്നു. രണ്ടും മൂന്നും ഉപവകുപ്പുകൾ ഒരേസമയം ചേർന്നുപോകില്ലെന്നതാണ് തനിക്കു പറയാനുള്ളതെന്ന് കമ്മീഷനുവേണ്ടി മുതിർന്ന അഭിഭാഷകൻ രാകേഷ് ദ്വിവേദി പറഞ്ഞു.

ചട്ടത്തിനപ്പുറത്തേക്ക് പോകാനോ നിയമത്തിലെ വകുപ്പുകൾ കമ്മീഷന് അധികാരം നൽകുന്നുണ്ടോയെന്ന് ചീഫ് ജസ്റ്റിസ് ചോദിച്ചു. ചട്ടങ്ങളിൽ നിന്ന് വ്യതിചലിക്കാനുള്ള സ്വാതന്ത്ര്യം മൂന്നം ഉപവകുപ്പ് നൽകുന്നുണ്ടെന്ന് ദ്വിവേദി അറിയിച്ചു.

# തൊഴിലുറപ്പു പദ്ധതി പുനഃസ്ഥാപിക്കുന്നതുവരെ പോരാടുമെന്ന് കോൺഗ്രസ്



വിബി ജി റാം ജി നിയമം റദ്ദാക്കണമെന്ന ആവശ്യവുമായി ഡൽഹിയിൽ നടന്ന തൊഴിലുറപ്പ് തൊഴിലാളി ദേശീയ കൺവൻഷനിടെ രാഹുൽ ഗാന്ധിയും മല്ലികാർജുൻ ഖാർഗെയും.

ന്യൂഡൽഹി: പിക്ആക്സ് കയ്യിലേന്തി കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയും ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും പാടത്തിറങ്ങും മുൻപുള്ള തനിനാടൻ തലേക്കെട്ടു കൂടി വേണമെന്നു പറഞ്ഞപ്പോൾ രണ്ടുകർഷകർ തുണിയുമായി മുന്നോട്ടു വന്നു. തലേക്കെട്ടിനു രാഹുലിനെ ഒരാൾ സഹായിച്ചപ്പോൾ, തുണി വാങ്ങി ഖാർഗെ സ്വയം തലയിൽ കെട്ടി.

വേദിക്കു മുന്നിൽവെച്ച ചെടിയിൽ പല സംസ്ഥാനങ്ങളിൽനിന്നു കൊണ്ടുവന്ന മണ്ണു വിതറി. രൂക്ഷമായ വിമർശനമാണു ഖാർഗെയും രാഹുലും മോദി സർക്കാരിനെതിരെ ഉന്നയിച്ചത്. ഗാന്ധിജിയുടെ പേരിലുള്ള തൊഴിലുറപ്പു പദ്ധതി റദ്ദാക്കി വിബി ജി റാം ജി നിയമം കൊണ്ടുവന്നത്. മഹാത്മാവിന്റെ പേര് ജനങ്ങളുടെ ഓർമയിൽ നിന്നു മായ്ച്ചുകളയാനുള്ള ഗൂഢാലോചനയാണെന്ന് ഖാർഗെ പറഞ്ഞു. പാർലമെ

ന്റിന്റെ ബജറ്റ് സമ്മേളനത്തിൽ വിഷയം അതിശക്തമായി ഉന്നയിക്കുമെന്നും തൊഴിലുറപ്പു പദ്ധതി പുനഃസ്ഥാപിക്കുന്നതു വരെ കോൺഗ്രസ് സമരം തുടരുമെന്നും പ്രഖ്യാപിച്ചു.

ഇന്ത്യയിലെ സാധാരണക്കാരായ തൊഴിലാളികളെ ചങ്ങലയ്ക്കിടാനാണു സർക്കാർ ശ്രമിക്കുന്നത്. താനൊരു ചായക്കടക്കാരനാണെന്നു മോദി പറയുന്നതു നാടകമാണെന്നും വോട്ടിനു വേണ്ടിയാണെന്നും ഖാർഗെ വിമർശിച്ചു. രചനാത്മക് കോൺഗ്രസ് അദ്ധ്യക്ഷൻ സന്ദീപ് ദീക്ഷിത് പ്രസംഗിച്ചു.

കർഷകവിരുദ്ധ കരിനിയമങ്ങൾ കൊണ്ടുവന്നതിനു തുല്യമാണ് മോദി സർക്കാരിന്റെ വിബി ജി റാം ജി നിയമമെന്ന് ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി.

നിയമം റദ്ദാക്കാൻ കർഷകരെ പോലെ തൊഴിലാളികളെ പോലെ ഒന്നിച്ചു നിൽക്കണം. നിർധനർക്കു തൊഴിൽ അവകാശമായി നൽകുകയായിരുന്നു യുപിഎ സർക്കാർ കൊണ്ടുവന്ന തൊഴിലുറപ്പു പദ്ധതിയുടെ ലക്ഷ്യമെന്നും രാഹുൽ പറഞ്ഞു.






## ഗുരുതര കരൾരോഗത്തിന് ചെങ്ങന്നൂർ കെ.എം.സി ഹോസ്പിറ്റലിൽ വിജയകരമായ ശസ്ത്രക്രിയ

ചെങ്ങന്നൂർ: കരളിന്റെ വലതുഭാഗത്ത് രക്തസ്രാവത്തോടു കൂടിയ ഹെപാറ്റോസെല്ലുലാർ കാർസിനോമ (എച്ച്സിസി) ബാധിച്ചു ചെങ്ങന്നൂർ ഡോ. കെ.എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ ഗുരുതരാവസ്ഥയിൽ പ്രവേശിപ്പിക്കപ്പെട്ട അറുപതു വയസ്സുള്ള പൊൻകുന്നം സ്വദേശിക്ക് അടിയന്തര ആൻജിയോ എംബൊലൈസേഷൻ പ്രൊസീജറിലൂടെ രക്തസ്രാവം വിജയകരമായി നിയന്ത്രിച്ചു. ഹൃദ്രോഗബാധിതനുമായ രോഗിയെ തുടർന്ന് ഹെപാറ്റെക്റ്റമി ശസ്ത്രക്രിയയ്ക്ക് വിധേയനാക്കി വലത് ലിവർ ലോബിൽ ഉണ്ടായിരുന്ന 1.5 കിലോഗ്രാം ഭാരമുള്ള ഹെപാറ്റോസെല്ലുലാർ കാർസിനോമ ട്യൂമർ പൂർണമായും നീക്കം ചെയ്തു.

ആശുപത്രിയിലെ ആറു വിഭാഗങ്ങളുടെ ഏകോപനത്തിൽ നടന്ന ശസ്ത്രക്രിയയ്ക്ക് ഗ്യാസ്ട്രോ സർജൻ ഡോ. മുരളി അപ്പുക്കുട്ടൻ, ആശുപത്രി മെഡിക്കൽ സൂപ്രണ്ടും കാർഡിയോ തൊറാസിക് ആൻഡ് വസ്ക്യൂലർ സർജനുമായ ഡോ. ഗീവർഗീസ് കെ.മാത്യു, സീനിയർ അനസ്തെറ്റിസ്റ്റ് ഡോ. നവീൻ പിള്ള, ഗ്യാസ്ട്രോ സർജന്മാരായ ഡോ. അരുൺകുമാർ, ഡോ. രമൺ രാജേന്ദ്രൻ, ഇന്റർവെൻഷനൽ റേഡിയോളജിസ്റ്റ് ഡോ. ലക്ഷ്മികാന്ത് ജെല്ല, പൾമണോളജിസ്റ്റ് ഡോ. ദിവ്യ മേരി ഏലിയാസ്, ക്രിട്ടിക്കൽ കെയർ വിഭാഗത്തിലെ ഡോക്ടർമാർ എന്നിവർ നേതൃത്വം നല്കി.

## 101 നില കെട്ടിടം ഒന്നര മണിക്കൂറിൽ കീഴടക്കി ഹന്നോൾഡ്

താായ്പെയ്: സുരക്ഷാ ഉപകരണങ്ങളില്ലാതെ 101 നിലയുള്ള കെട്ടിടത്തിനു മുകളിൽ വലിഞ്ഞു കയറി അമേരിക്കൻ ക്ലൈംബർ അലക്സ് ഹന്നോൾഡ്. തായ്വാനിലെ തായ്പെയിൽ 508 മീറ്റർ ഉയരമുള്ള 'തായ്പെയ് 101' കെട്ടിടത്തിനു മുകളിലെത്താൻ 91 മിനിട്ടു മാത്രമാണ് അദ്ദേഹത്തിനു വേണ്ടിവന്നത്. വടമോ മറ്റ് ഉപകരണങ്ങളോ ഇല്ലാതെ കൈ മാത്രം ഉപയോഗിച്ചായിരുന്നു കയറ്റം. സുരക്ഷാ ഉപകരണങ്ങളില്ലാതെ ഉയരങ്ങൾ കീഴടക്കി പ്രശസ്തി നേടിയ വ്യക്തിയാണ് ഹന്നോൾഡ്. തായ്വാൻ അധികൃതരുടെ അനുമതിയോടെയായിരുന്നു സാഹസം. ആയിരക്കണക്കിനു പേർ നേരിട്ടു കണ്ടതിനു പുറമെ നെറ്റ്ഫ്ളിക്സിൽ തത്സമയ സംപ്രേഷണവുമുണ്ടായിരുന്നു. ചൈനയുടെ അധിനിവേശ ഭീഷണി നേരിടുന്ന തായ്വാനെ ലോകശ്രദ്ധയിലെത്തിച്ചതിൽ പ്രസിഡണ്ട് ലായ് ചിംഗ് അടക്കമുള്ള രാഷ്ട്രീയ നേതൃത്വം ഹന്നോൾഡിനു നന്ദി പറഞ്ഞു.

2004 മുതൽ 2010 വരെ ലോകത്തിലെ ഏറ്റവും ഉയരമുള്ള കെട്ടിടമായിരുന്നു തായ്പെയ് 101. സ്പൈഡർമാർ എന്നുവിളിക്കുന്ന ഫ്രഞ്ച് ക്ലൈംബർ അലൻ റോബർട്ട് 2004-ൽ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിച്ച് കെട്ടിടത്തിനു മുകളിൽ കയറിയിരുന്നു.



അമേരിക്കക്കാരൻ അലക്സ് ഹന്നോൾഡ് സുരക്ഷാ സംവിധാനങ്ങളില്ലാതെ തായ്വാനിലെ 101 നില കെട്ടിടത്തിനു മുകളിൽ കയറുന്നു.


## ഡിജിറ്റൽ അറസ്റ്റിൽ 14.85 കോടി തട്ടിയ എട്ട് പേർ പിടിയിൽ

ന്യൂഡൽഹി: വയോധികരായ ദമ്പതികളെ രണ്ടാഴ്ച ഡിജിറ്റൽ അറസ്റ്റിലാക്കി 14.85 കോടി രൂപ തട്ടിയെടുത്ത സംഭവത്തിൽ എട്ട് പേരെ ഡൽഹി പോലീസ് അറസ്റ്റ് ചെയ്തു. ഓം തനേജ (81), ഭാര്യ ഇന്ദിര തനേജ (77) എന്നിവരെ കള്ളപ്പണം വെളുപ്പിക്കൽ കേസിൽ മഹാരാഷ്ട്രയിൽ എഫ്ഐആറും അറസ്റ്റ് വാറണ്ടുമുണ്ടെന്ന് പറഞ്ഞാണ് ഡിജിറ്റൽ അറസ്റ്റിലാക്കിയത്. തുടർന്ന് വെരിഫിക്കേഷനെന്നു പറഞ്ഞ് എട്ട് തവണകളായി 14.85 കോടി രൂപ വാങ്ങിച്ചെടുത്തു. ഗുജറാത്തിലെ വഡോദരയിൽ നിന്നുള്ള ദിവ്യാങ് പട്ടേൽ (30), കൃതിക് ശീതൾ (26), ഒഡീഷയിലെ ഭുവനേശ്വറിൽ നിന്നുള്ള മഹാവീർ ശർമ (27), ഗുജറാത്തിൽ നിന്നുള്ള അങ്കിത് മിശ്ര (24); ഉത്തർപ്രദേശിലെ വാരാണസിയിൽ നിന്നുള്ള അരുൺ കുമാർ തിവാരി (45), പ്രദ്യുമൻ തിവാരി (44), ലഖ്നൗവിൽ നിന്നുള്ള ഭൂപേന്ദർ കുമാർ മിശ്ര (37), ആദേശ് കുമാർ സിങ് (36) എന്നിവരാണ് പിടിയിലായത്. പ്രതികൾ തട്ടിയെടുത്ത 14.85 കോടി രൂപയിൽ 2.08 കോടി രൂപ വിവിധ അക്കൗണ്ടുകളിലായി കണ്ടെത്തി മരവിപ്പിച്ചു.

## അഞ്ചു തവണയിലധികം നിയമലംഘനമുണ്ടായാൽ ലൈസൻസ് റദ്ദാകും

തിരുവനന്തപുരം: മോട്ടോർ വാഹന നിയമം കൂടുതൽ കർശനമാകുന്നു. വർഷത്തിൽ അഞ്ചോ അതിലധികമോ തവണ നിയമലംഘനം നടത്തിയാൽ വാഹനം ഓടിക്കുന്ന ആളുകളുടെ ലൈസൻസ് റദ്ദാക്കാൻ വ്യവസ്ഥ ചെയ്ത് മോട്ടോർ വാഹന ചട്ടം ഭേദഗതി ചെയ്തു. തുടർച്ചയായി നിയമലംഘനം നടത്തുന്ന വാഹനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തി കോടതിയുടെ അനുവാദത്തോടെ മോട്ടോർ വാഹന വകുപ്പിന് കസ്റ്റഡിയിലെടുക്കാമെന്നും കേന്ദ്ര മോട്ടോർ വാഹന വകുപ്പ് അംഗീകരിച്ച ഭേദഗതിയിൽ പറയുന്നു.

## ജസ്റ്റിസ് സിരിജഗൻ അന്തരിച്ചു




കൊച്ചി: ഹൈക്കോടതി മുൻ ജഡ്ജി ജസ്റ്റിസ് എസ്. സിരിജഗൻ (74) അന്തരിച്ചു. അർബുദ രോഗത്തെത്തുടർന്ന് എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയവെ ജനുവരി 24-ന് രാത്രിയോടെയായിരുന്നു മരണം. കൊല്ലം മയ്യനാട് സ്വദേശിയാണ്. എറണാകുളം കടവന്ത്രയിലെ ഫ്ളാറ്റിലായിരുന്നു താമസം. ഭാര്യ: എം. ജയലക്ഷ്മി. മക്കൾ: ഡോ. എസ്. ജസ്നി, ഡോ. എസ്. രോഷ്ണി. മരുമക്കൾ: ഉദയ് അനന്തൻ (ചലച്ചിത്ര സംവിധായകൻ), ഡോ. എ.കെ. വിഷ്ണു.

തിരുവനന്തപുരം ഗവൺമെന്റ് ലോ കോളജിൽനിന്ന് എൽഎൽബിയിൽ ബിരുദം നേടിയ സിരിജഗൻ കൊച്ചിൻ സയൻസ് ആൻഡ് ടെക്നോളജി യൂണിവേഴ്സിറ്റിയിൽനിന്ന് ബിരുദാനന്തര ബിരുദം നേടി. 2005-ൽ ജഡ്ജിയായി. 2014-ൽ ഹൈക്കോടതി ജഡ്ജിയായി വിരമിച്ചു.

നിലവിൽ കേരള ഹൈക്കോടതി നിയമിച്ച ശബരിമല ഹൈപവർ കമ്മിറ്റിയുടെ ചെയർമാനും സുപ്രീംകോടതി നിയമിച്ച തെരുവുനായ ആക്രമണ ഇരകൾക്കുള്ള നഷ്ടപരിഹാരം വിലയിരുത്തുന്നതിനുള്ള കമ്മിറ്റിയുടെ ചെയർമാനും ന്യൂവാൽസ് ആക്ടിംഗ് വൈസ് ചാൻസലറുമാണ്.

## മാർ ഡൊമിനിക് കോക്കാട്ട് അന്തരിച്ചു



ഗോരഖ്പൂർ: ഉത്തർപ്രദേശിലെ ഗോരഖ്പൂർ സീറോമലബാർ രൂപതയുടെ പ്രഥമ മെത്രാൻ മാർ ഡൊമിനിക് കോക്കാട്ട് സിഎസ്ടി (93) അന്തരിച്ചു. ന്യൂമോണിയ ബാധിതനായതിനെ തുടർന്ന് ചികിത്സയിലായിരുന്നു. 22 വർഷം ഗോരഖ്പൂർ രൂപതയുടെ മെത്രാനായി മാർ കോക്കാട്ട് സേവനം ചെയ്തു.

1932 ഫെബ്രുവരി 23-ന് എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈക്കത്താണ് ജനനം. കോക്കാട്ട് കുര്യനും മറിയവുമാണ് മാതാപിതാക്കൾ. 1953-ൽ മൂക്കന്നൂരിലെ ലിറ്റിൽ ഫ്ളവർ കോൺഗ്രിഗേഷനിൽ (സി.എസ്.ടി ഫാദേഴ്സ്) ചേർന്നു. കാൻഡി (ശ്രീലങ്ക), പൂന സെമിനാരികളിൽ വൈദികപരിശീലനം പൂർത്തിയാക്കി. 1960 ഒക്ടോബർ നാലിന് പൗരോഹിത്യം സ്വീകരിച്ചു.

ആലുവ സി.എസ്.ടി സെമിനാരി വൈസ് റെക്ടർ, ആലുവ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പൽ, പഞ്ചാബിലെ സി.എസ്.ടി അസി. ജനറാൾ, മിഷൻ സെക്രട്ടറി എന്നീ ചുമതലകൾ വഹിച്ചു. കനേഡിയൻ യൂണിവേഴ്സിറ്റിയിൽ നിന്ന് സോഷ്യൽ ഡെവലപ്മെന്റ് പഠനത്തിൽ ഡിപ്ലോമ നേടിയിട്ടുണ്ട്.

1984 ഒക്ടോബർ നാലിനാണ് ഗോരഖ്പൂർ രൂപതയുടെ ആദ്യമെത്രാനായി അഭിഷിക്തനായത്. കോൺഗ്രിഗേഷൻ ഓഫ് ദി ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് തെരേസ് (എൽഎസ്ടി) സന്യാസിനി സമൂഹത്തിന്റെ സ്ഥാപകനാണ് മാർ ഡൊമിനിക് കോക്കാട്ട്.

## വിമാനം നിർമിക്കാൻ അദാനി ഗ്രൂപ്പും എംബ്രയറും

ന്യൂഡൽഹി: ബ്രസീലിയൻ വിമാനനിർമ്മാണ കമ്പനിയായ എംബ്രയറുമായി ചേർന്ന് അദാനി ഗ്രൂപ്പ് ഇന്ത്യയിൽ യാത്രാവിമാനം നിർമ്മിക്കാൻ ഒരുങ്ങുന്നു. അതിനുള്ള ആദ്യപടിയായി സിവിലിയൻ വിമാനങ്ങളുടെ ഭാഗങ്ങൾ സംയോജിപ്പിക്കുന്നതിനുള്ള ഫൈനൽ അസംബ്ലി ലൈൻ (എഫ്എഎൽ) ഇന്ത്യയിൽ സ്ഥാപിക്കാൻ തയ്യാറെടുക്കുകയാണ്. ന്യൂഡൽഹിയിൽ കേന്ദ്ര വ്യോമയാനമന്ത്രി കെ. രാംമോഹൻ നായിഡുവിന്റെ സാന്നിദ്ധ്യത്തിൽ ഇരുകമ്പനികളുടെയും എക്സിക്യൂട്ടീവുകൾ കരാറിൽ ഒപ്പിടുമെന്നാണ് റിപ്പോർട്ട്.

വ്യോമയാന രംഗത്തെ ചരിത്രപരമായ മുന്നേറ്റത്തിന് ഈ മേക്ക് ഇൻ ഇന്ത്യ പദ്ധതി സഹായിക്കുമെന്ന് ചടങ്ങിലേക്ക് മാധ്യമങ്ങളെ ക്ഷണിച്ചു കൊണ്ടുള്ള കത്തിൽ കമ്പനികൾ പറഞ്ഞു.

അതുപ്രകാരം എംബ്രയർ ജെറ്റുകൾ നിർമ്മിക്കുന്നതിനുള്ള എഫ്എഎൽ ഇന്ത്യയിൽ സ്ഥാപിക്കും. 150 സീറ്റുകൾ വരെയുള്ള വാണിജ്യവിമാനങ്ങളാണ് എംബ്രയർ നിർമിക്കുന്നത്.

## ബൈക്കുകൾ കൂട്ടിയിടിച്ചു കത്തി; രണ്ട് മരണം

കൊട്ടാരക്കര: ദേശീയ പാതയിൽ ബൈക്കുകൾ കൂട്ടിയിടിച്ചു കത്തി രണ്ടു പേർ മരിച്ചു. നെടുവത്തൂരിൽ താമരശ്ശേരി ജംഗ്ഷനു സമീപം 25-ന് രാത്രിയിലാണ് അപകടം നടന്നത്. എഴുകോൺ അമ്പലത്തുംകാല സ്വദേശി അഭിഷേക് (27) ദേഹമാസകലം പൊള്ളലേറ്റ് അപകടസ്ഥലത്തു തന്നെ മരിച്ചു. മൈലം സ്വദേശി സിദ്ധി വിനായകിനെ (19) ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.

നീലേശ്വരം സ്വദേശികളായ ജീവൻ, സനൂപ് എന്നിവരെ ഗുരുതര പരുക്കുകളോടെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. എതിർ ദിശകളിൽ നിന്നു വന്ന ബൈക്കുകൾ നേർക്കുനേർ കൂട്ടിയിടിക്കുകയായിന്നു. ഇന്ധനച്ചോർച്ച ഉണ്ടായതോടെയാണ് വാഹനത്തിനു തീപിടിച്ചത്.

### മേപ്പാടി ഉരുൾപൊട്ടൽ

# പ്രത്യേക വായ്പാ പദ്ധതിക്കും ഉജ്ജീവന പദ്ധതിക്കും അംഗീകാരം

തിരുവനന്തപുരം: വയനാട് മേപ്പാടി ഉരുൾപൊട്ടൽ ദുരന്ത ബാധിത പ്രദേശത്തെ കുടുംബശ്രീ അംഗങ്ങൾക്കുള്ള പ്രത്യേക വായ്പാ പദ്ധതിക്കും വയനാട്, കോഴിക്കോട് ജില്ലകളിലെ ദുരന്ത ബാധിതർക്കായുള്ള ഉജ്ജീവന പദ്ധതിക്കും മന്ത്രിസഭ അംഗീകാരം നൽകി.

വയനാട് മേപ്പാടി പഞ്ചായത്തിലും കോഴിക്കോട് വാണിമേൽ പഞ്ചായത്തിലും 2024 ജൂലൈ 30-ന് ഉണ്ടായ ഉരുൾപൊട്ടലിൽ ദുരന്തബാധിതമായി പ്രഖ്യാപിച്ച വാർഡുകളിലെ ദുരന്തബാധിതർക്ക് ബാങ്ക് വായ്പ ഉപയോഗിച്ച് ഉപജീവന മാർഗങ്ങൾ പുനരാഭിക്കുന്നതിനാണ് ഉജ്ജീവന വായ്പ പദ്ധതി നടപ്പാക്കുക.

8.57 കോടി രൂപയുടെ വായ്പാ പദ്ധതി അംഗീകരിച്ച് വായ്പയ്ക്ക് പലിശയായി കണക്കാക്കിയിട്ടുള്ള 1.94 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നു വയനാട് ജില്ലാ കളക്ടർ മുഖേന കുടുംബശ്രീ മിഷന് അനുവദിക്കും. പദ്ധതിക്കായിഏകദേശ ചെലവിനായി കണക്കാക്കിയിട്ടുള്ള 20 കോടി രൂപ ഹൈക്കോടതി വിധി പ്രകാരം എസ്ഡിആർഎഫ് മാനദണ്ഡങ്ങളിൽ ഇളവ് ചെയ്ത് കണ്ടെത്തും.

ഉജ്ജീവന വായ്പാ പദ്ധതിയുടെ സർക്കാർ വിഹിതം ബാങ്കുകൾക്ക് നൽകുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. വായ്പ പദ്ധതികളുടെ കാലാവധി 2026 ഡിസംബർ 31 വരെയായിരിക്കും.

ഉരുൾപൊട്ടലിൽ ദുരന്ത ബാധിതമായ സൂക്ഷ്മ-ചെറുകിട-ഇടത്തര വാണിജ്യ-വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ അംഗീകൃത ഹോംസ്റ്റേകൾ, ദുരന്തബാധിതരായ ക്ഷീര കർഷകർ, കിസാൻകാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ, ടൂറിസ്റ്റ് വാഹന ഉടമകൾ, വാണിജ്യ വാഹന ഉടമകൾ എന്നിവരുടെ ഉപജീവന മാർഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കാൻ സഹായകരമാക്കാനാണ് ഉജ്ജീവന വായ്പ പദ്ധതി. ജില്ലാതല ബാങ്കേഴ്സ് സമിതിയിൽ അംഗങ്ങളായ ബാങ്കിംഗ്, ബാങ്കിംഗ് ഇതര സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള വായ്പകൾക്കാണ് ഉജ്ജീവന വായ്പ പദ്ധതിയിൽ സഹായത്തിന് അർഹത.

# വോട്ട് വിവരങ്ങൾ ഇനിമുതൽ 'ഇസിഐ നെറ്റ്' വഴി

ന്യൂഡൽഹി: തെരഞ്ഞെടുപ്പ് സംബന്ധിച്ച് വിവരങ്ങൾ സുതാര്യമായി വോട്ടർമാർക്കു ലഭ്യമാക്കാനും തെരഞ്ഞെടുപ്പ് കമ്മീഷന്റെ വിവിധ സേവനങ്ങൾ ഒരിടത്ത് ലഭിക്കാനും ഇനു മുതൽ 'ഇസിഐ നെറ്റ്' വഴി സാധിക്കും. വോട്ടർ ഹെൽപ് ലൈൻ സി-വിജിൽ, സക്ഷം, പോളിങ് ട്രെൻഡ്സ്, നോ യുവർ കാൻഡിഡേറ്റ് തുടങ്ങി വിവിധ ആപ്പുകളിലും വെബ്സൈറ്റുകളിലും നൽകിയിരുന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട 40 സേവനങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുകയാണ് ഇസിഐ നെറ്റ് ചെയ്യുന്നത്.

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പ് സമയത്ത് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയ സംവിധാനം വോട്ടർമാരുടെ അഭിപ്രായങ്ങൾ തേടി കൂടുതൽ ഉപയോക്തൃ സൗഹൃദമാക്കിയാണ് അവതരിപ്പിക്കുന്നതെന്ന് മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ പറഞ്ഞു. ഇസിഐനെറ്റ് എന്ന പേരിൽ പ്ലേസ്റ്റോറിൽ നിന്നും ആപ്സ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്യാം. www.ecinet.eci.gov.in എന്ന പോർട്ടൽ വഴിയും സേവനങ്ങൾ ലഭിക്കും.

# സർക്കാർവാഹനങ്ങളുടെ കാലാവധി അഞ്ച് കൊല്ലം കൂടി നീട്ടി

തിരുവനന്തപുരം: 15 വർഷം പിന്നിട്ട സർക്കാർ വാഹനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി അഞ്ചുവർഷം കൂടി ദീർഘിപ്പിച്ച് ഗതാഗതവകുപ്പ് ഉത്തരവിറക്കി. കേന്ദ്രസർക്കാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി കേരളം നിലപാടെടുത്തതോടെ മാറ്റിയിട്ടിരിക്കുന്ന നാലായിരത്തോളം ഗവ. വാഹനങ്ങൾ ഇനി നിരത്തിലിറക്കാം.

15 വർഷം പഴക്കമുള്ള വാഹനങ്ങളുടെ വിവരങ്ങൾ പരിവഹൻ വെബ്സൈറ്റിൽനിന്നു കേന്ദ്രം മാറ്റിയിരുന്നു. ഈ വാഹനങ്ങൾക്ക് താൽക്കാലിക ആർസി നൽകുമെന്ന് മന്ത്രി കെ.ബി. ഗണേഷ്കുമാർ പറഞ്ഞു.

സ്റ്റേറ്റ് ഇൻഷുറൻസ് കോർപറേഷൻ പരിരക്ഷ നൽകും. കെഎസ്ആർടിസിക്ക് ഈ തീരുമാനത്തിലൂടെ രണ്ടായിരത്തോളം ബസുകൾ നിരത്തിലിറക്കാനുള്ള തടസ്സം മാറിക്കിട്ടും.

പുക, ഫിറ്റ്നസ് പരിശോധനാഫലം അനുകൂലമായ വാഹനങ്ങൾക്ക് മാത്രമാണ് ഈ ആനുകൂല്യം.

1600 ബസുകൾ നിരത്തിലിറക്കാൻ കഴിയാതെ വന്നാൽ കെഎസ്ആർടിസി പ്രതിസന്ധിയിലാകുമെന്ന് ചൂണ്ടിക്കാട്ടി കേന്ദ്രത്തെ സമീപിച്ചാണ് 15 വർഷം പൂർത്തിയാകുന്ന ബസുകൾക്ക് ഒരു വർഷം കൂടി താൽക്കാലികമായി കേരളം പെർമിറ്റ് നീട്ടിയത്.

ആരോഗ്യവകുപ്പിന്റെ ആംബുലൻസ് ഉൾപ്പെടെ 800 വാഹനങ്ങൾക്ക് എങ്കിലും പരിഗണന നൽകണമെന്ന ആവശ്യം തള്ളിയതോടെയാണ് മന്ത്രി കേരളത്തിലെ സർക്കാർ വാഹനങ്ങൾക്കെല്ലാം അഞ്ചുവർഷം കാലാവധി നീട്ടി ഉത്തരവിറക്കിയത്.

# ദീപക്കിന്റെ മരണം: പ്രതി ഷിംജിത അറസ്റ്റിലായി

കോഴിക്കോട്: ബസിൽ ലൈംഗികാതിക്രമം നടത്തിയെന്നാരോപിച്ച് സമൂഹ മാധ്യമത്തിൽ വീഡിയോ പ്രചരിപ്പിച്ചതിനെത്തുടർന്ന് കോഴിക്കോട്, ഗോവിന്ദപുരം സ്വദേശി ദീപക് ജീവനൊടുക്കിയ സംഭവത്തിൽ പ്രതി ഷിംജിത മുസ്തഫ അറസ്റ്റിലായി. ജനുവരി 22-ന് ഉച്ചയ്ക്ക് ശേഷം



രണ്ടു മണിയോടെ വടകര ചോറോടുള്ള ബന്ധുവീട്ടിൽ നിന്നാണ് മെഡിക്കൽ കോളജ് പോലീസ് കസ്റ്റഡിയിലെടുത്തത്. കുന്ദമംഗലം മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയ ഷിംജിതയെ 14 ദിവസത്തേക്കു റിമാൻഡ് ചെയ്തു. തുടർന്നു സ്പെഷൽ മഞ്ചേരി സബ് ജയിലിലേക്കു മാറ്റി. മഫ്തിയിലെത്തിയ വനിതാ പോലീസ് ഉൾപ്പെടെയുള്ള സംഘം സ്വകാര്യകാറിലാണ് കസ്റ്റഡിയിലെടുത്ത് കൊണ്ടുപോയത്.

ഷിംജിത സമൂഹമാധ്യമത്തിൽ പങ്കുവച്ച വീഡിയോ എഡിറ്റ് ചെയ്തതാണെന്നു പോലീസ് കണ്ടെത്തിയിട്ടുണ്ട്. ബസിലെ സി.സി.ടി.വി ദൃശ്യങ്ങൾ പോലീസ് ശേഖരിച്ചു. ബസിലെ തിരക്കിന്റെ ദൃശ്യങ്ങളാണു ഇതിലുള്ളത്. പയ്യന്നൂർ റൂട്ടിൽ സർവീസ് നടത്തുന്ന അൽ അമീൻ എന്ന സ്വകര്യ ബസിലാണു യുവതി വീഡിയോ ചിത്രീകരിച്ചത്.

ഷിംജിതയ്ക്കെതിരേ ആത്മഹത്യാ പ്രേരണകുറ്റം ചുമത്തിയാണ് കേസെടുത്തിരിക്കുന്നത്. കോഴിക്കോട് ജില്ലാ കോടതിയിൽ ഇവർ മുൻകൂർ ജാമ്യാപേക്ഷ നൽകിയിട്ടുണ്ട്. കേസെടുത്തതിന് പിന്നാലെ ഒളിവിലായ ഷിംജിത മുസ്തഫയ്ക്കെതിരെ ലുക്കൗട്ട് സർക്കുലർ പോലീസ് പുറത്തിറക്കിയിരുന്നു. അരീക്കോട് ഗ്രാമപഞ്ചായത്തിലെ വെള്ളരി വെസ്റ്റ് വാർഡിലെ മുസ്ലീം ലീഗിന്റെ മുൻ മെമ്പറാണ് ഷിംജിത.

കഴിഞ്ഞ 16-നാണ് ബസ് യാത്രക്കിടെ ലൈംഗിക അതിക്രമം നേരിടേണ്ടി വന്നുവെന്ന് ആരോപിച്ച് ഷിംജിത ഇൻസ്റ്റാഗ്രാമിൽ വീഡിയോ പോസ്റ്റ് ചെയ്തത്. ഇത് പ്രചരിച്ചതിനു പിന്നാലെ ദീപക് ആത്മഹത്യ ചെയ്തു. ദീപക്കിന്റെ അമ്മ നൽകിയ പരാതിയിലാണ് കേസെടുത്തത്. മെഡിക്കൽ കോളജ് പോലീസ് ദീപക്കിന്റെ വീട്ടിലെത്തി മാതാപിതാക്കളുടെയും സഹോദരന്റെയും മൊഴി രേഖപ്പെടുത്തിയിരുന്നു. തനിക്ക് മനോവിഷമം ഉണ്ടായി. എന്നും മകൻ സൂചിപ്പിച്ചിരുന്നുവെന്നും ദീപക്കിന്റെ മാതാപിതാക്കൾ മൊഴി നൽകിയിരുന്നു. ദീപക്കിന്റെ സുഹൃത്തിന്റെ മൊഴിയും പോലീസ് രേഖപ്പെടുത്തി.

ബസിലെ സിസിടിവി ദൃശ്യങ്ങൾ കഴിഞ്ഞ ദിവസം പരിശോധിച്ചെങ്കിലും നിർണായകമായ തരത്തിലുള്ളതൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. യാത്രക്കിടെ ഉപദ്രവിച്ചെന്ന് ആരും പരാതി പറഞ്ഞില്ലെന്ന് ജീവനക്കാർ പ്രതികരിച്ചിരുന്നു.






## ഓസ്കറിൽ 'സിന്നേഴ്സ്' ചരിത്രം

ലോസാഞ്ചലസ്: ഓസ്കർ അവാർഡിനു പരിഗണിക്കുന്ന സിനിമകളുടെ പട്ടിക പുറത്തുവിട്ടു. ഹൊററും ആക്ഷനും ഡ്രാമയും സമ്മേളിക്കുന്ന 'സിന്നേഴ്സ്' സിനിമയ്ക്കു മികച്ച നടൻ അടക്കം 16 നാമനിർദേശങ്ങളാണ് ലഭിച്ചത്. ഒരുചിത്രത്തിന് ഇത്രയും നാമനിർദേശങ്ങൾ ഓസ്കറിന്റെ ചരിത്രത്തിൽ ആദ്യമാണ്. മികച്ച ചിത്രം, സംവിധാനം, നടൻ, എഡിറ്റിംഗ് തുടങ്ങിയ മുൻനിര നാമനിർദേശങ്ങൾ ഇതിൽപ്പെടും. 'വൺ ബാറ്റിൽ ആഫ്റ്റർ അനദർ' സിനിമയ്ക്കു മികച്ച ചിത്രത്തിനടക്കം 13 നാമനിർദേശങ്ങൾ ലഭിച്ചു.

ബുഗോണിയ, ഫ്രാങ്കൻസ്റ്റീൻ, ഹാംനെറ്റ്, മാർട്ടി സുപ്രീം, ദ സീക്രട്ട് ഏജന്റ്, സെന്റിമെന്റൽ വാല്യു, ട്രെയിൻ ഡ്രീമേഴ്സ്, എഫ് 1 എന്നിവയും മികച്ച ചിത്രത്തിനുള്ള അവാർഡിനായി മത്സരിക്കുന്നു.

മികച്ച നടനുള്ള അവാർഡിന് നാമനിർദേശം ലഭിച്ചവർ മൈക്കിൾ ബി.ജോർഡൻ (സിന്നേഴ്സ്), ലിയനാർഡോ ഡികാപ്രിയോ (വൺ ബാറ്റിൽ ആഫ്റ്റർ അനദർ), തിമോത്തി ചാൾമെറ്റ് (മാർട്ടി സുപ്രീം), ഈഥൻ ഹോക്ക് (ബ്ലൂ മൂൺ), വാഗ്നർ മൗര (ദി സീക്രട്ട് ഏജന്റ്) എന്നിവരാണ്. ജെസി ബക്‌ലി (ഹാംനെറ്റ്), കേറ്റ് ഹഡ്സൺ (സോംഗ്സംഗ് ബ്ലൂ), റെനാറ്റെ റീൻസ്‌വെ (സെന്റിമെന്റൽ വാല്യു), എമ്മ സ്റ്റോൺ (ബുഗോണിയ) എന്നിവർക്കാണ് മികച്ച നടിക്കുള്ള നാമനിർദേശം ലഭിച്ചത്.

## കശ്മീരിൽ സേനാവാഹനം കൊക്കയിൽ വീണ് 10 സൈനികർക്ക് വീരമൃത്യു

ന്യൂഡൽഹി: ജമ്മു കശ്മീരിലെ ദോഡയിൽ സേനാവാഹനം കൊക്കയിലേക്കു മറിഞ്ഞു 10 സൈനികർ മരിച്ചു. സൈനിക ദൗത്യത്തിനു പോയ കവചിത വാഹനം ജനുവരി 22–ന് വ്യാഴാഴ്ച ഉച്ചയ്ക്കാണ് അപകടത്തിൽപെട്ടത്. പരുക്കേറ്റ 11 പേർ ചികിത്സയിലാണ്.

കുഴിബോംബിനെ വരെ പ്രതിരോധിക്കാൻ ശേഷിയുള്ള മൈൻ റെസിസ്റ്റന്റ് ആംബുഷ് പ്രൊട്ടക്റ്റഡ് (എംആർപി) വാഹനമായ 'കാസ്പർ' ആണ് ദോഡയിലെ ഖാന്നി എന്ന സ്ഥലത്ത് 200 അടി താഴ്ചയിലേക്കു പതിച്ചത്. കുഴിബോംബ് ഭീഷണിയുള്ള സ്ഥലങ്ങളിൽ സൈനികരുടെ സുരക്ഷിത നീക്കത്തിനുള്ളതാണ് ഇത്തരം ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ. ഡ്രൈവർക്കു നിയന്ത്രണം നഷ്ടപ്പെട്ടാണ് അപകടമുണ്ടായത്. നാല് പേർ സംഭവസ്ഥലത്തും ആറ് പേർ ആശുപത്രിയിലും മരിച്ചു. പരുക്കേറ്റവരിൽ 10 പേരെ വ്യോമമാർഗം ഉധംപൂരിലെ കമാൻഡ് ആശുപത്രിയിലെത്തിച്ചു.



ബദേർവാഹ് സർക്കാർ ആശുപത്രിയിൽ ചികിത്സയിലുള്ള ഒരു സൈനികൻ അപകടനില തരണം ചെയ്തെന്നാണു വിവരം.

## കുഞ്ഞിനെ കടലിലെറിഞ്ഞു കൊന്ന കേസ്: അമ്മയ്ക്ക് ജീവപര്യന്തം

തളിപ്പറമ്പ്: കണ്ണൂർ തയ്യിലിൽ ഒന്നരവയസ്സുകാരനെ കടലിലെറിഞ്ഞു കൊന്ന കേസിൽ അമ്മയ്ക്കു ജീവപര്യന്തം തടവും ഒരുലക്ഷം രൂപ പിഴയും



വിധിച്ചു. മകൻ വിയാനെ കൊലപ്പെടുത്തിയ കേസിൽ, തയ്യിൽ കുറുമ്പ ഭഗവതി ക്ഷേത്രത്തിനു സമീപം കൊടുവള്ളി ഹൗസിൽ ശരണ്യ വത്സരാജിനാണ് (27) ശിക്ഷ വിധിച്ചത്. തളിപ്പറമ്പ് അഡീഷണൽ ഡിസ്ട്രിക്ട് ജഡ്ജി കെ.എൻ. പ്രശാന്താണു വിധി പറഞ്ഞത്. പിഴയടച്ചില്ലെങ്കിൽ ഒരുവർഷം കൂടി തടവ് അനുഭവിക്കണം. പിഴയടച്ചാൽ വിയാന്റെ അച്ഛനും ശരണ്യയുടെ ഭർത്താവുമായ പരാതിക്കാരൻ പ്രണവിനു നൽകാനും ഉത്തരവിട്ടു.

രണ്ടാം പ്രതിയും ശരണ്യയുടെ സുഹൃത്തുമായ തയ്യിൽ പുന്നക്കൽ നിധിനെ തെളിവുകളുടെ അഭാവത്തിൽ വിട്ടയച്ചിരുന്നു. ഒരുമിച്ചു ജീവിക്കാൻ നിധിന്റെ പ്രേരണ നിമിത്തമാണു ശരണ്യ കുട്ടിയെ കടലിലെറിഞ്ഞു കൊന്നതെന്നായിരുന്നു കുറ്റപത്രം. മാതൃസ്നേഹം നൽകി പരിചരിക്കേണ്ട അമ്മയാണു കുട്ടിയെ കൊലപ്പെടുത്തിയതെന്നും പരിഷ്കൃതസമൂഹത്തിൽ ഇത്തരം പ്രവൃത്തികൾ ദയ അർഹിക്കുന്നില്ലെന്നും കോടതി ചൂണ്ടിക്കാട്ടി. നിലവിൽ ചെന്നൈയിലെ സ്വകാര്യ കമ്പനിയിൽ ജോലി ചെയ്യുകയാണു ശരണ്യ.

2020 ഫെബ്രുവരി 17–ന് ആണു കേസിനാസ്പദമായ സംഭവം. വിയാനെ ശരണ്യയുടെ വീടിനു സമീപത്തെ കടൽഭിത്തിയോടു ചേർന്നു മരിച്ചനിലയിൽ കണ്ടെത്തുകയായിരുന്നു. അകൽച്ചയിലായിരുന്ന പ്രണവിനെ കൊലപാതകം നടന്നതിന്റെ തലേന്നു ശരണ്യ വീട്ടിലേക്കു വിളിച്ചുവരുത്തിയിരുന്നു. പുലർച്ചെ മൂന്നോടെ കുട്ടിക്കു പാലു കൊടുത്തശേഷം കടപ്പുറത്തേക്കു കൊണ്ടുപോയി ശ്വാസംമുട്ടിച്ചു കൊലപ്പെടുത്തിയശേഷം കടലിലേക്ക് എറിയുകയായിരുന്നു. തിരിച്ചു വീട്ടിലെത്തി കിടന്നുറങ്ങിയശേഷം രാവിലെ ആറിനു കുട്ടിയെ കാണുന്നില്ലെന്നു പറഞ്ഞു തെരച്ചിൽ തുടങ്ങി. പ്രണവിന്റെ പേരിൽ കുറ്റം ആരോപിക്കാൻ ശരണ്യ ശ്രമിച്ചിരുന്നെങ്കിലും തുടർന്നു നടന്ന അന്വേഷണത്തിലാണു കുട്ടിയുടെ മരണത്തിനു പിന്നിൽ ശരണ്യയാണെന്നു തെളിഞ്ഞത്. കേസിന്റെ വിചാരണ തുടങ്ങുന്നതിനു മുൻപ് ശരണ്യ ജീവനൊടുക്കാൻ ശ്രമിച്ചിരുന്നു.

## ശബരിമല സ്വർണക്കൊള്ള: മുഖ്യപ്രതികളുടെ സ്വത്ത് ഇഡി മരവിപ്പിച്ചു

കൊച്ചി: ശബരിമല സ്വർണക്കൊള്ള കേസിൽ മുഖ്യപ്രതികളുടെ 1.3 കോടിയുടെ ആസ്തികൾ മരവിപ്പിച്ച് ഇഡി. കേരളത്തിനകത്തും പുറത്തുമായി 21 സ്ഥലങ്ങളിൽ ഈയിടെ നടത്തിയ പരിശോധനയ്ക്കു പിന്നാലെയാണ് ഇഡി നടപടി. കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമത്തിലെ (പിഎംഎൽഎ) വ്യവസ്ഥകൾ പ്രകാരം കേസിലെ പ്രധാന പ്രതികളുടെ വീടുകളിലും സ്ഥാപനങ്ങളിലും നടത്തിയ പരിശോധനയിലാണ് 1.3 കോടി രൂപ മൂല്യംവരുന്ന എട്ട് സ്ഥാവര സ്വത്തുക്കൾ മരവിപ്പിച്ചത്.

കേസിൽ വിശദമായ അന്വേഷണം നടന്നുവരികയാണെന്ന് ഇഡി പത്രക്കുറിപ്പിൽ അറിയിച്ചു. ഇതോടൊപ്പം ചെന്നൈയിലെ സ്മാർട്ട് ക്രിയേഷൻസിൽനിന്നു 100 ഗ്രാം വരുന്ന സ്വർണക്കട്ടിയും സ്വർണം ചെമ്പാക്കിയ രേഖയും ഇഡി പിടിച്ചെടുത്തു. 2019–നും 2024–നും ഇടയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പുറപ്പെടുവിച്ച ഉത്തരവും ഇഡി കസ്റ്റഡിയിലെടുത്തു. ദേവസ്വം ബോർഡിലെ ഉദ്യോഗസ്ഥരുടെ സംശയാസ്പദമായ സാമ്പത്തിക ഇടപാടുകളുടെ രേഖകളും ഇഡി ഉദ്യോഗസ്ഥർക്കു ലഭിച്ചിട്ടുണ്ട്. 'ഓപ്പറേഷൻ ഗോൾഡൻ ഷാഡോ' എന്നപേരിൽ കഴിഞ്ഞ 20–ന് കേരളത്തിനു പുറമെ തമിഴ്നാട്, കർണാടക എന്നിവിടങ്ങളിലെ 21 സ്ഥലങ്ങളിലായിരുന്നു പരിശോധന.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ മുതിർന്ന ഉദ്യോഗസ്ഥൻ, മുൻ ക്ഷേത്ര ഭരണാധികാരികൾ, സ്വകാര്യ സ്പോൺസർമാർ, ജ്വല്ലറികൾ എന്നിവരുൾപ്പെട്ട ആസൂത്രിതമായ ക്രിമിനൽ ഗൂഢാലോചനയുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് രജിസ്റ്റർ ചെയ്ത രണ്ട് എഫ്ഐആറുകളുടെ അടിസ്ഥാനത്തിലായിരുന്നു ഇഡി അന്വേഷണം.



# കുട്ടികളുടെ അഭിരുചിക്കനുസരിച്ച് പാഠ്യവിഷയങ്ങൾ തെരഞ്ഞെടുക്കണം: മന്ത്രി വി.എൻ. വാസവൻ

കൈപ്പുഴ: കുട്ടികളുടെ അഭിരുചിക്കനുസരിച്ച് പാഠ്യവിഷയങ്ങൾ തെരഞ്ഞെടുക്കാൻ കുട്ടികളെ അനുവദിക്കണമെന്ന് മന്ത്രി വി.എൻ. വാസവൻ. കാതിരിക്കാൻ കുട്ടികളുടെമേൽ മാതാപിതാക്കളുടെ ശ്രദ്ധ എപ്പോഴും ഉണ്ടാകണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. സൗരോർജ്ജ പദ്ധതിയുടെ ഉദ്ഘാടനം പൂർവ്വവിദ്യാർത്ഥിയും റിട്ട. സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് ഡോ. സിറിയക് തോമസ് നിർവഹിച്ചു. അദ്ധ്യാപകരെ പേരെടുത്തു പറഞ്ഞ് തന്റെ സ്കൂൾകാല ഓർമ്മകൾ അദ്ദേഹം പങ്കുവെച്ചു. ഫ്രാൻസിസ് ജോർജ് എംപി മുഖ്യപ്രഭാഷണം നടത്തി. ജോസ് മാന്റിൽ, തോമസ് ലൂക്കോസ് ചാമക്കാലാ, മാർ മാത്യു മൂലക്കാട്ട് എന്നിവരെ ആദരിച്ചു. ശതാബ്ദി സുവനീർ പ്രകാശനം സൈമൺ പുല്ലാടിന് നല്കി മാർ മാത്യു മൂലക്കാട്ട് നിർവഹിച്ചു. സ്കൂൾ മാനേജർ ഫാ. സാബു മാലിത്തുരുത്തേൽ, ഹെഡ്മാസ്റ്റർ കെ.എസ്. ബിനോയി എന്നിവർ പ്രസംഗിച്ചു.



കൈപ്പുഴ സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂൾ ശതാബ്ദി ആഘോഷസമാപനം ഉദ്ഘാടനം മന്ത്രി വി.എൻ. വാസവൻ നിർവഹിക്കുന്നു.

കൈപ്പുഴ സെന്റ് ജോർജ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ശതാബ്ദി ആഘോഷസമാപനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കുട്ടികൾ മയക്കുമരുന്നിന് അടിമകളാ

# ചിക്കാഗോ കെ.സി.എസ് യുവജനോത്സവം 2026 മാർച്ച് 21-ന്
## ജെസ്ലിൻ പ്ലാന്താനത്ത് കോ-ഓർഡിനേറ്റർ

ഷാജി പള്ളിവീട്ടിൽ



ചിക്കാഗോ: കെ.സി.എസ്. ചിക്കാഗോയുടെ 2026 യുവജനോത്സവം മാർച്ച് 21-ന് ശനിയാഴ്ച രാവിലെ 9 മുതൽ വൈകിട്ട് 6 വരെ ഡെസ്പ്ലെയിൻസ് കമ്യൂണിറ്റി സെന്ററിൽ വെച്ച് നടത്തപ്പെടും. ഈ വർഷത്തെ കെ.സി.എസ് ചിക്കാഗോയുടെ യുവജനോത്സവത്തിന്റെ വിജയകരമായ നടത്തിപ്പിലേക്കായി ജെസ്ലിൻ പ്ലാന്താനത്തിനെ തെരഞ്ഞെടുക്കുകയുണ്ടായി. കെ.സി.എസ്. ചിക്കാഗോയുടെ നിരവധി ബോർഡുകളിൽ പ്രവർത്തിച്ച്, നിരവധി വർഷത്തെ പ്രവർത്തന പരിചയമുള്ള ജെസ്ലിൻ ഇതിനു മുൻപും കെ.സി.എസ് യുവജനോത്സവം വളരെ വിജയകരമായി നടത്തിയെടുത്തിട്ടുള്ള വ്യക്തിയാണ്. ഏറ്റെടുക്കുന്ന കാര്യങ്ങൾ വളരെ ഉത്തരവാദിത്വത്തോടെ, കാര്യക്ഷമമായി നടത്തിയെടുത്തുള്ള പാരമ്പര്യമാണ് ജെസ്ലിന്റേത്.

ഈ വർഷത്തെ കെ.സി.എസ് ചിക്കാഗോയുടെ യൂത്ത് ഫെസ്റ്റിവൽ കോ-ഓർഡിനേറ്റർ ആയിട്ടുള്ള ജെസ്ലിന്റെ നിയമനം യൂത്ത് ഫെസ്റ്റിവലിന്റെ നടത്തിപ്പിന് പുതിയ മാനങ്ങൾ നല്കും എന്നതിന് സംശയമില്ല. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികൾ അടുത്ത മാസം രജിസ്ട്രേഷൻ ഓപ്പൺ ആകുന്ന മുറയ്ക്ക് നേരത്തെ തന്നെ രജിസ്റ്റർ ചെയ്ത് തങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കണമെന്ന് ജെസ്ലിൻ വാർത്താക്കുറിപ്പിൽ അറിയിക്കുകയുണ്ടായി. യൂത്ത് ഫെസ്റ്റിവലിന്റെ നടത്തിപ്പിനായി മുന്നോട്ടുവന്ന ജെസ്ലിനെ കെ.സി.എസ് ചിക്കാഗോ അഭിനന്ദിക്കുന്നതിനോടൊപ്പം എല്ലാവിധ ഭാവുകങ്ങളും ആശംസകളും നേർന്നുകൊള്ളുന്നു.

# ഡിജിറ്റൽ അറസ്റ്റ് തടയാൻ 'കിൽ സ്വിച്ച്'

ന്യൂഡൽഹി: ഇന്ത്യയിൽ തഴച്ചു വരുന്ന ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പുകളിൽ നിന്നു ഉപഭോക്താക്കളുടെ പണം നഷ്ടപ്പെടുന്നത് തടയാൻ അവരുടെ അക്കൗണ്ടിൽ നിന്നുള്ള എല്ലാ സാമ്പത്തിക ഇടപാടുകളും നിമിഷനേരം കൊണ്ട് നിർത്താൻ അനുവദിക്കുന്ന 'കിൽ സ്വിച്ച്' എന്ന ആശയം കേന്ദ്ര സർക്കാരിന്റെ പരിഗണനയിൽ. കേന്ദ്ര ആഭ്യന്തര മന്ത്രാലയം രൂപീകരിച്ച ഉന്നതതല സമിതിയാണ് രാജ്യവ്യാപകമായി ഈ ആശയം നടപ്പിലാക്കുന്നത് പരിശോധിക്കുന്നത്. തട്ടിപ്പിന് ഇരയാകുന്നു എന്നു തോന്നിയാൽ ഉടനടി ബാങ്ക് ഇടപാടുകൾ മരവിപ്പിക്കാൻ സഹായിക്കുന്ന തരത്തിലായിരിക്കും ഈ സംവിധാനം പ്രവർത്തിക്കുക. ഡിജിറ്റൽ അറസ്റ്റ് തട്ടിപ്പിലൂടെ ഇന്ത്യയിലാകെ 3000 കോടി രൂപ നഷ്ടപ്പെട്ടതായാണ് കണക്ക്.

വഞ്ചനാപരമായ ഇടപാടുകൾ തിരിച്ചറിയാൻ കഴിയുമോ എന്നും അത്തരം ഇടപാടിലൂടെ ലഭിക്കുന്ന പണം ഒന്നിലധികം അക്കൗണ്ടുകളിൽ വിഭജിക്കുന്നത് തടയാൻ കഴിയുമോ എന്നും കേന്ദ്രസർക്കാർ പരിശോധിക്കുന്നുണ്ട്. അതോടൊപ്പം ഓൺലൈൻ തട്ടിപ്പിലൂടെ പണം നഷ്ടപ്പെടുന്നവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതും കേന്ദ്രസർക്കാർ പരിഗണിക്കുന്നുണ്ട്.

ഉപഭോക്താക്കൾ മൊബൈലിൽ ഇൻസ്റ്റാൾ ചെയ്തിരിക്കുന്ന ഏതെങ്കിലും യുപിഐ ആപ്പുകളിലോ, ബാങ്ക് ആപ്പുകളിലോ ഒരു പ്രത്യേക 'എമർജൻസി ബട്ടൺ' ഉൾപ്പെടുത്തുന്ന രീതിയാണ് പരിഗണിക്കുന്നത്. ഡിജിറ്റൽ അറസ്റ്റ് പോലെ ഏതെങ്കിലും തരത്തിലുള്ള തട്ടിപ്പിന് ഇരയാകുന്നതായി തോന്നിയാൽ ഈ ബട്ടൺ അമർത്തുന്നതിലൂടെ അക്കൗണ്ടിൽ നിന്നുള്ള എല്ലാ സാമ്പത്തിക ഇടപാടുകളും ഉടനടി തടയാൻ സാധിക്കും.

# ഗർഭാശയഗള അർബുദം: ധനസഹായം ഉൾപ്പെടെ നൽകാൻ കേന്ദ്രം

ന്യൂഡൽഹി: ഇന്ത്യയിൽ സ്ത്രീകൾക്കിടയിൽ വർധിച്ചുവരുന്ന ഗർഭാശയഗള അർബുദം (സെർവിക്കൽ കാൻസർ) പ്രതിരോധിക്കാൻ വാക്സിനേഷനുൾപ്പെടെ സമഗ്ര നടപടികൾക്ക് കേന്ദ്ര ആരോഗ്യമന്ത്രാലയം. ഇത് സാധ്യമാക്കാനുള്ള അധിക ധനസഹായം ഉൾപ്പെടെയുള്ള നടപടികൾ ഫെബ്രുവരി ഒന്നിന് അവതരിപ്പിക്കുന്ന കേന്ദ്ര ബജറ്റിലുണ്ടാകുമെന്ന് മന്ത്രാലയ വൃത്തങ്ങൾ അറിയിച്ചു. രോഗവ്യാപനം കുതിച്ചുയരുന്നതിനൊപ്പം പ്രതിവർഷം 80,000 മരണങ്ങളും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇത് പരിഗണിച്ചാണ് നീക്കം.

കൃത്യസമയത്തെടുക്കുന്ന വാക്സിനേഷനിലൂടെ പ്രതിരോധിക്കാവുന്ന രോഗമാണ് ഗർഭാശയ അർബുദം. എന്നാൽ ചുരുങ്ങിയത് 2000 രൂപ ഇതിനാവശ്യമാണ്. ഒൻപത് മുതൽ പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്കിടയിൽ പ്രതിരോധ കുത്തിവയ്പ് ശക്തമാക്കാൻ ഹ്യൂമൻ പാപ്പിലോമാ വൈറസ് (എച്ച്പിവി) വാക്സിനേഷൻ പദ്ധതി ശക്തിപ്പെടുത്തുമെന്ന് കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപനമുണ്ടായിരുന്നു. കേരളം ഉൾപ്പെടെ ചില സംസ്ഥാനങ്ങൾ സൗജന്യനിരക്കിൽ വിദ്യാർത്ഥികൾക്ക് കുത്തിവയ്പ് നൽകുന്നതിന് നടപടിയും സ്വീകരിച്ചിരുന്നു. വാക്സിനേഷന്റെ ഭാരിച്ച ചെലവ് താങ്ങാനാകില്ലെന്നതിനാൽ എച്ച്പിവി വാക്സിൻ സാർവത്രിക കുത്തിവയ്പ് യജ്ഞത്തിൽ ഉൾപ്പെടുത്തണമെന്നാണ് സംസ്ഥാനങ്ങളുടെയും ഡൽഹി എയിംസ് ഉൾപ്പെടെയുള്ള ആരോഗ്യ സ്ഥാപനങ്ങളുടെയും ആവശ്യം. 30 വയസ്സുമുതലുള്ള സ്ത്രീകളിൽ ഓരോ അഞ്ച് മുതൽ 10 വർഷം കൂടുമ്പോഴും പാപ്സ്മിയർ, എച്ച്പിവി ഡിഎൻഎ ടെസ്റ്റ്, കോടെസ്റ്റ് എന്നിവ നടത്തുന്നതിന് ആയുഷ്മാൻ ഭാരത് സ്കീമിലുൾപ്പെടുത്തി പുതിയ പദ്ധതിയും പ്രഖ്യാപിക്കാൻ സാധ്യതയുണ്ട്. ഇതിലൂടെ രോഗം നേരത്തേ കണ്ടെത്താം.

ഇന്ത്യയിൽ ഓരോ എട്ട് മിനിറ്റിലും ഒരു സ്ത്രീ ഗർഭാശയഗള കാൻസർ കാരണം മരിക്കുന്നുവെന്നാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാൻസർ പ്രിവൻഷന്റെ റിപ്പോർട്ട്.




FAMILY DENTAL
GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS
552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976
Children Welcome
Invisalign & Braces
9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD
Appointment, Visit: MyDentistToday.com MONDAY - SATURDAY

വഴിത്താരകൾ
കേരളാ എക്സ്പ്രസ് KERALA EXPRESS
കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി
നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം
ഇനി ലോകം നിങ്ങളെ അറിയട്ടെ
ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ
വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200
773.685.7388
www.bmautocollision.com

# ഡാളസ് സിറ്റിവൈഡ് ഫെലോഷിപ്പിന് നവനേതൃത്വം

ഡാളസ്: ഡാളസ് പട്ടണത്തിലെ മലയാളി പെന്തെക്കോസ്തൽ സഭകളുടെ ഐക്യവേദിയായ ഡാളസ് സിറ്റി-വൈഡ് ഫെലോഷിപ്പിന്റെ ചെയർമാനായി പാസ്റ്റർ തോമസ് മുളയ്ക്കലും കോ-ചെയർമാനായി ഡോ. തോമസ് ഇടിക്കുളയും സെക്രട്ടറിയായി എസ്.പി. ജെയിംസും ട്രഷററായി തോമസ് ചെല്ലേത്തും തെരഞ്ഞെടുക്കപ്പെട്ടു.

**രാജു തരകൻ**

ഇക്കഴിഞ്ഞ നവംബർ 15-ന് ഡാളസിൽ കൂടിയ പൊതുയോഗത്തിൽ വെച്ചാണ് 2026-2027 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്. കഴിഞ്ഞ എട്ടു വർഷങ്ങളിലായി സിറ്റി-വൈഡ് ഫെലോഷിപ്പിന് നേതൃത്വം നല്കിയ പാസ്റ്റർ മാത്യു ശാമുവേലിന്റെ പ്രവർത്തനങ്ങളെ യോഗം അനുസ്മരിക്കുകയുണ്ടായി.

നാല്പതാമത് വർഷത്തിലേക്ക് കടക്കുന്ന ഡാളസ് സിറ്റി-വൈഡ് ഫെലോഷിപ്പിന്റെ സംഘടനാപരമായ വിപുലീകരണത്തിനായി ഈ വർഷം ക്രമീകൃതമായ നിലയിൽ പതിനൊന്നംഗ കമ്മിറ്റിക്ക് രൂപം കൊടുക്കുകയുണ്ടായി.

സിസ്റ്റേഴ്സ് കോ-ഓർഡിനേറ്ററായി അന്നമ്മ വില്യംസും മീഡിയ കോ-ഓർഡിനേറ്ററായി രാജു തരകനും മ്യൂസിക് കോ-ഓർഡിനേറ്ററായി ജോസ് പ്രകാശ് കരിമ്പിനേത്തും കൂടാതെ പാസ്റ്റർ മാത്യു ശാമുവേൽ, പാസ്റ്റർ ഏബ്രഹാം തോമസ്, ഷാജി മണിയാറ്റ്, വർഗീസ് വർഗീസ് എന്നിവർ കമ്മിറ്റി അംഗങ്ങളായും ചുമതലകൾ ഏറ്റെടുത്തു. ഔദ്യോഗിക ഭാരവാഹികൾ എല്ലാംതന്നെ വിവിധ നിലകളിൽ അമേരിക്കയിലെ പെന്തെക്കോസ്തൽ സമൂഹത്തിൽ ദേശീയവും പ്രാദേശികവുമായ മേഖലകളിൽ പ്രവർത്തിച്ചിട്ടുള്ളവരാണ്.

2026 ജനുവരി 11-ന് കൂടിയ പൊതുയോഗത്തിൽ വെച്ച് ഈ വർഷത്തെ വിവിധ പ്രോഗ്രാമുകളെക്കുറിച്ച് ഭാരവാഹികൾ അറിയിക്കുകയുണ്ടായി. എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 7.30-ന് നടക്കുന്ന പ്രെയർലൈൻ ഡാളസിലെ വിവിധ സഭകളുടെ നേതൃത്വത്തിൽ ഓരോ ആഴ്ചയും നടത്തപ്പെടുന്നതാണ്. (805) 706-5223 എന്ന നമ്പറിൽ വിളിച്ചാൽ പ്രെയർലൈനിൽ ജോയിൻ ചെയ്യാവുന്നതാണ്.

കൂടാതെ dallascitywide.org എന്ന പേരിലുള്ള വെബ്സൈറ്റിലൂടെ വിവിധ പ്രോഗ്രാമുകളെക്കുറിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2026-ൽ എല്ലാ മൂന്നു മാസവും കൂടുമ്പോൾ സെമിനാറുകൾ, ട്രെയിനിങ് പ്രോഗ്രാമുകൾ, പ്രത്യേക പ്രാർത്ഥനാ യോഗങ്ങൾ എന്നിവ ക്രമീകരിച്ചിട്ടുണ്ട്. ആഗസ്റ്റ് 28, 29, 30 തീയതികളിൽ നടക്കുന്ന ത്രിദിന സമ്മേളനത്തിന്റെ ഒരുക്കങ്ങൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.




അറുപതിലധികം സഭകളും ഇരുന്നൂറോളം പാസ്റ്റേഴ്സും ആയിരക്കണക്കിന് വിശ്വാസികളുമുള്ള ഡാളസിലെ മലയാളി പെന്തെക്കോസ്ത് സമൂഹം അമേരിക്കയിലെതന്നെ ഏറ്റവുമധികം മലയാളി പെന്തെക്കോസ്ത് വിശ്വാസികളുള്ള പട്ടണമാണ്. പെന്തെക്കോസ്ത് യൂത്ത് കോൺഫറൻസ് ഓഫ് ഡാളസ് യുവാക്കളുടെ നേതൃത്വത്തിൽ ശക്തമായ പ്രവർത്തനമാണ് നടത്തുന്നത്.

എല്ലാ പ്രായത്തിലുമുള്ള വ്യക്തികളെയും സഭകളെയും ഒരുമിച്ചു നിർത്തുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച ഡാളസ് സിറ്റി-വൈഡ് ഫെല്ലോഷിപ്പ് നാല്പതാമത് വാർഷികം പ്രമാണിച്ച് വിവിധ പ്രോഗ്രാമുകൾക്ക് രൂപം കൊടുത്തുകൊണ്ടിരിക്കുന്നു.

# സുനിത വില്യംസ് നാസയിൽനിന്ന് വിരമിച്ചു

വാഷിങ്ടൺ: ബഹിരാകാശ യാത്രിക സുനിത വില്യംസ് 27 വർഷത്തെ സേവനത്തിനുശേഷം നാസയിൽനിന്ന് വിരമിച്ചു. അവരുടെ വിരമിക്കൽ കഴിഞ്ഞ മാസം അവസാനത്തോടെ പ്രാബല്യത്തിൽ വന്നതായി നാസ അറിയിച്ചു.

60 വയസുള്ള സുനിത, രാജ്യാന്തര ബഹിരാകാശ നിലയത്തിൽ (ഐഎസ്എസ്) മൂന്ന് ദൗത്യങ്ങൾ പൂർത്തിയാക്കി. ആകെ 608 ദിവസം അവിടെ ചെലവിട്ടിട്ടുണ്ട്. ബഹിരാകാശ യാത്രകളിൽ നിരവധി റെക്കോഡുകൾ ഇന്ത്യൻ വംശജയായ സുനിതയുടെ പേരിലുണ്ട്. സർവീസിൽനിന്നു വിരമിച്ച അവരെ അഡ്മിസ്ട്രേറ്റർ ജാരെഡ് ഐസക് മാൻ വില്യംസിന്റെ 'മനുഷ്യരാശിയുടെ ബഹിരാകാശ യാത്രകളിലെ വഴിത്തിരിവായി' വിശേഷിപ്പിച്ചു. ബഹിരാകാശ നിലയത്തിലെ അവരുടെ നേതൃത്വം പര്യവേക്ഷണങ്ങളുടെയും വാണിജ്യ ദൗത്യങ്ങളുടെയും ഭാവി രൂപപ്പെടുത്താൻ സഹായിച്ചതായി അദ്ദേഹം കൂട്ടിച്ചേർത്തു.



വില്യംസ് 608 ദിവസമാണ് ബഹിരാകാശത്ത് ചെലവഴിച്ചത്. ഇത് ഒരു നാസ യാത്രികന്റെ രണ്ടാമത്തെ ഉയർന്ന സമയമാണ്. ഒറ്റ യാത്രയിൽ ബഹിരാകാശത്ത് കൂടുതൽ സമയം ചെലവഴിച്ച അമേരിക്കക്കാരിൽ ആറാമത്തെ വ്യക്തിയാണ് അവർ. ബോയിങ്ങിന്റെ ബഹിരാകാശ ദൗത്യത്തിനായി ബട്ട് വിൽമോറിനൊപ്പം ഐഎസ്എസിലെത്തിയ അവർ സാങ്കേതിക പ്രശ്നങ്ങൾമൂലം 286 ദിവസം ബഹിരാകാശത്ത് കുടുങ്ങുകയായിരുന്നു.

സുനിത വില്യംസ് 62 മണിക്കൂറും 6 മിനിറ്റും നീണ്ടുനിന്ന ഒമ്പത് സ്പേസ് വാക്ക് പൂർത്തിയാക്കി. നാസയുടെ കണക്കനുസരിച്ച്, ഏറ്റവും കൂടുതൽ സ്പേസ് വാക്കിങ് സമയം പൂർത്തിയാക്കിയ വനിതയാണ് അവർ. ബഹിരാകാശത്ത് മാരത്തൺ ഓടിയ ആദ്യത്തെ വ്യക്തിയും അവരായിരുന്നു.

2006-ൽ സ്പേസ് ഷട്ടിൽ ഡിസ്കവറിയിൽ ആദ്യമായി ബഹിരാകാശത്തേക്ക് പോയ സുനിത, പിന്നീട് അറ്റ്ലാന്റിസിലും യാത്ര ചെയ്തു. എക്സ്പെഡിഷൻസ് 14, 15 എന്നിവയിൽ ഫ്ളൈറ്റ് എഞ്ചിനീയറായി സേവനമനുഷ്ഠിച്ച അവർ, അന്ന് റെക്കോഡ് സൃഷ്ടിച്ച നാല് സ്പേസ് വാക്ക് പൂർത്തിയാക്കി.

2012-ൽ, എക്സ്പെഡിഷൻസ് 32, 33 എന്നിവയുടെ ഭാഗമായി ഐഎസ്എസിലേക്ക് മടങ്ങിയെത്തി. ഈ സമയത്ത് അവർ ബഹിരാകാശ നിലയത്തിന്റെ കമാൻഡറായും പ്രവർത്തിച്ചു. നിർണായക അറ്റകുറ്റപ്പണികൾക്കുള്ള സ്പേസ് വാക്ക് നടത്തുകയും ചെയ്തു.

അവരുടെ ഏറ്റവും ചർച്ചയായ ദൗത്യം 2024 ജൂണിലായിരുന്നു. വില്യംസും വിൽമോറും ബോയിങ്ങിന്റെ സ്റ്റാർലൈനർ വിക്ഷേപിച്ച ആദ്യത്തെ ടെസ്റ്റ് ഫ്ളൈറ്റിൽ പങ്കെടുത്തു. യഥാർത്ഥത്തിൽ ചെറിയ ദൗത്യമായിരുന്നു അത്. ബഹിരാകാശ പേടകത്തിലെ സാങ്കേതിക പ്രശ്നങ്ങൾ കാരണം ദൗത്യം ഒമ്പത് മാസത്തിലേറെ നീണ്ടു. പിന്നീട് 2025 മാർച്ചിൽ സ്പേസ്എക്സിന്റെ ക്രൂ9 ദൗത്യത്തിലൂടെ ഇരുവരും ഭൂമിയിൽ തിരിച്ചെത്തി. ഇന്ത്യൻ വംശജയായ സുനിത, ഇന്ത്യയുമായുള്ള തന്റെ ബന്ധത്തെക്കുറിച്ച് പലപ്പോഴും ആവേശത്തോടെ സംസാരിച്ചിട്ടുണ്ട്. ഇന്ത്യയിലേക്കുള്ള സന്ദർശനം 'ഹോംകമിങ്' ആയി അവർ കണക്കാക്കി.

ഡൽഹി സന്ദർശനത്തിനിടെ, ബഹിരാകാശത്ത് നിന്ന് ഭൂമിയെ കാണുന്നത് ആളുകൾ തമ്മിലുള്ള വ്യത്യാസങ്ങൾ ചെറുതാക്കി കാണിക്കുന്നു എന്നും 'നമ്മളെല്ലാം ഒന്നാണെന്ന് ഇത് ശരിക്കും തോന്നിപ്പിക്കുന്നു' എന്നും അവർ പറഞ്ഞു. തന്റെ കരിയറിനെക്കുറിച്ച് സംസാരിക്കവേ ബഹിരാകാശം 'ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലമായിരുന്നു' എന്ന് അവർ പറഞ്ഞു.

'നാസയും അതിന്റെ പങ്കാളികളും അടുത്ത ചുവടുകൾ എടുക്കുമ്പോൾ ഞാൻ വളരെ ആവേശത്തിലാണ്' - വിടവാങ്ങൽ സന്ദേശത്തിൽ സുനിത പറഞ്ഞു.

# ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണിയും സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താനും ലോക കേരളസഭ പ്രതിനിധികൾ

ചിക്കാഗോ: മലയാളികളുടെ ശബ്ദനയരൂപീകരണ പ്രക്രിയയിലേക്കെത്തിക്കുന്ന കേരളത്തിന്റെ പൊതു ജനാധിപത്യ വേദിയായ കേരള സഭ അതിന്റെ അഞ്ചാം സമ്മേളനത്തിലേക്ക് കടക്കുമ്പോൾ ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണിയെയും സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താനെയും ലോക കേരളസഭ പ്രതിനിധികളായി തെരഞ്ഞെടുത്തു. കേരളവും പ്രവാസി മലയാളികളുമായി ബന്ധം ശക്തിപ്പെടുത്തുക, സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിഷയങ്ങൾ ഊന്നൽ നലകി പ്രവാസികളെ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ലോക കേരള സഭ രൂപീകരിച്ച് അതിന്റെ പ്രവർത്തനം നടത്തുന്നത്.



ലോക കേരള സഭയുടെ സമ്മേളനം 2026 ജനുവരി 29, 30, 31 തീയതികളിൽ തിരുവനന്തപുരത്തു ചേരുമ്പോൾ 125 രാജ്യങ്ങളിൽ നിന്നായി പ്രതിനിധികൾ പങ്കെടുക്കുന്നു. ലോകമലയാളികളുടെ ഏകീകരണം കൂടിയാണ് ഇതിലൂടെ ഗവൺമെന്റ് കാണുന്നത്. ജനുവരി 29-ന് വൈകിട്ട് 6 മണിക്ക് നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ കേരള മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. പ്രവാസി സമൂഹത്തെക്കൂടെ ഭരണനിർവഹണത്തിലും വികസന പ്രക്രിയയിലും സജീവമായി പങ്കാളികളാക്കുന്നതിൽ കേരള ഗവൺമെന്റ് നടപ്പാക്കിയ ലോക കേരള സഭ എന്ന ആശയം പ്രവാസിസമൂഹത്തിൽ വളരെയധികം മാറ്റങ്ങൾ വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ലോക കേരള സഭയ്ക്ക് ഫൊക്കാനയുടെ എല്ലാവിധ ആശംസകളും നേരുന്നു. ഫൊക്കാന അഡീഷണൽ അസോസിയേറ്റ് ട്രഷറർ ലില്ലി ഫിലിപ്പ്, നാഷണൽ കമ്മിറ്റി മെംബേഴ്സായ സോണി അമ്പൂക്കൻ, അഡ്വ. ലത മേനോൻ തുടങ്ങിയവരും അഞ്ചാം ലോക കേരള സഭയിൽ പങ്കെടുക്കുന്നുണ്ട്.

# ചിക്കാഗോ സീറോമലബാർ കൺവൻഷൻ ഒരുക്കങ്ങൾ പുരോഗമിക്കുന്നു

## ഏർലി ബേർഡ് രജിസ്ട്രേഷൻ ജനുവരി 31–ന് അവസാനിക്കും




ന്യൂയോർക്ക്: ചിക്കാഗോ സീറോ മലബാർ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ജൂലൈ 9, 10, 11, 12 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിൽ ചിക്കാഗോയിലെ പ്രശസ്തമായ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിൽ നടക്കുന്ന സീറോമലബാർ യുഎസ്എ കൺവൻഷൻ രജിസ്ട്രേഷന് വിശ്വാസികളിൽ നിന്നും ആവേശകരമായ പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട്, വികാരി ജനറാൾമാരായ റവ.ഫാ. ജോൺ മേലേപ്പുറം, റവ.ഫാ. തോമസ് മുളവനാൽ, റവ.ഫാ. തോമസ് കടുകപ്പിള്ളിൽ, ചാൻസലർ റവ.ഫാ. ജോൺസൺ കോവൂർ പുത്തൻപുരയിൽ, പ്രൊക്യുറേറ്റർ റവ.ഫാ. കുര്യൻ നെടുവേലിചാലുങ്കൽ എന്നിവരുടെ നേതൃത്വത്തിൽ കൺവൻഷൻ ഭാരവാഹികൾ നടത്തിയ ഇടവക സന്ദർശനങ്ങളും കിക്കോഫുകളും വിശ്വാസികളുടെ ഇടയിൽ ആവേശകരമായ പ്രതികരണമാണ് സൃഷ്ടിച്ചത്. ഓരോ സീറോമലബാർ വിശ്വാസിയും ഈ കൺവൻഷനിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കി കൊടുക്കാൻ ഈ ഇടവക സന്ദർശനങ്ങൾ കൊണ്ട് സാധിച്ചു.

**ഷോളി കുമ്പിളുവേലി**

അതുപോലെ രൂപത യൂത്ത് അപ്പോസ്തലേറ്റ് ഡയറക്ടർ റവ.ഫാ. മെൽവിൻ പോളിന്റെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ കുട്ടികളുടെയും യുവജനങ്ങളുടെയും ഇടയിൽ കൺവൻഷനെപ്പറ്റി അവബോധം ഉണ്ടാക്കുന്നതിനും അതിലൂടെ വലിയ തോതിൽ യുവജനപങ്കാളിത്തം ഉറപ്പുവരുത്താനും കഴിഞ്ഞു. കുട്ടികൾക്കും യുവജനങ്ങൾക്കും പ്രത്യേകം സെമിനാറുകളും വർക്ക്ഷോപ്പുകളുമാണ് കൺവൻഷനിൽ ഒരുക്കിയിരിക്കുന്നത്.

കൺവൻഷന്റെ ഭാഗമായി നടത്തുന്ന മെഗാ മാർഗ്ഗംകളി, താളവിസ്മയം, വിവിധ ഡാൻസ് പ്രോഗ്രാമുകൾ എന്നിവയിൽ താല്പര്യമുള്ള ഇടവകാംഗങ്ങൾക്കു പങ്കെടുക്കാൻ അവസരമുണ്ട്. താളവിസ്മയത്തിനു പ്രശസ്ത സിനിമാതാരം ജയറാം ആണ് നേതൃത്വം നല്കുന്നത്. കൂടാതെ പാരിഷ് ഫെസ്റ്റ് പ്രോഗ്രാമിൽ ഇടവകതലത്തിലുള്ള പരിപാടികളും അവതരിപ്പിക്കുന്നതിനുള്ള അവസരം ഉണ്ടായിരിക്കും. കുട്ടികൾക്കും യുവജനങ്ങൾക്കും വിവിധങ്ങളായ സ്പോർട്സ്, ഡാൻസ് പരിപാടികളിലും പങ്കെടുക്കാം. കൂടാതെ ലീഡർഷിപ്പ് പ്രോഗ്രാമുകൾ, സ്റ്റാർട്ടപ്പുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടെ വിവിധ പരിപാടികളും യുവജനങ്ങൾക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്.

കൺവൻഷനോടനുബന്ധിച്ച് രൂപതയിലെ പയനിയേഴ്സ്, ഇടവകകളിൽ സേവനം ചെയ്തിട്ടുള്ള കൈക്കാരന്മാർ, അൾത്താര ശുശ്രൂഷികൾ, സൺഡേസ്കൂൾ, മലയാളം സ്കൂൾ, കൾച്ചറൽ അക്കാദമി അദ്ധ്യാപകർ എസ്എംസിസി, വിൻസന്റ് ഡി പോൾ സൊസൈറ്റി, വിമൻസ് ഫോറം, ചെറുപുഷ്പ മിഷൻലീഗ് എന്നിവയുടെ നേതാക്കൾ, ക്വയർ അംഗങ്ങൾ തുടങ്ങി രൂപതയുടെ ആരംഭകാലം മുതൽ ഇടവകകളിൽ വിവിധ തലങ്ങളിൽ നേതൃത്വം നല്കിയിട്ടുള്ള എല്ലാവരെയും ആദരിക്കുന്നതാണ്. കൂടാതെ വിവാഹജീവിതത്തിൽ 50 വർഷങ്ങൾ പൂർത്തിയാക്കിയ ദമ്പതികളേയും ആദരിക്കും.

എല്ലാ ദിവസവും വൈകുന്നേരമുള്ള കലാസന്ധ്യകളിൽ പ്രശസ്ത മ്യൂസിഷ്യൻ സ്റ്റീഫൻ ദേവസ്സി, സിനിമാതാരം ജയറാം എന്നിവരുടെ നേതൃത്വത്തിൽ പ്രശസ്ത കലാകാരന്മാർ പങ്കെടുക്കുന്ന വിവിധ കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

പരസ്പരം പരിചയപ്പെടുന്നതിനും പരിചയങ്ങൾ പുതുക്കുന്നതിനും സുഹൃത് ബന്ധങ്ങൾ സ്ഥാപിക്കുന്നതിനു മെല്ലാമുപരി അമേരിക്കയിൽ വളരുന്ന നമ്മുടെ മക്കളെയും മഹത്തായ സീറോമലബാർ വിശ്വാസത്തിന്റെയും പൈതൃകത്തിന്റെയും ഭാഗമായി നിലനിർത്തുന്നതിനും ചിക്കാഗോ കൺവൻഷൻ സഹായകരമാകും. കൂടാതെ അനന്തമായ ദൈവപരിപാലനയിൽ വിശ്വാസവളർച്ചയുടെ ഇരുപത്തഞ്ചു വർഷങ്ങൾ പൂർത്തിയാക്കുന്ന ഈയവസരത്തിൽ സീറോമലബാർ സഭാ തലവൻ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിനോടും രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് പിതാവിനോടും രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിനോടും സഭയിലെ വിവിധ വൈദികരോടും സന്യസ്തരോടും അല്മായരോടുമൊപ്പം ഒരേ കൂടാരത്തിൻ കീഴിൽ ഒരുമിച്ചിരുന്ന് ദൈവത്തിനു നന്ദി പറയുന്നതിനും പ്രാർത്ഥിക്കുന്നതിനും വചനം ശ്രവിക്കുന്നതിനും അപ്പം മുറിക്കുന്നതിനും ആശയവിനിമയം നടത്തുന്നതിനുമുള്ള നാല് ദിവസങ്ങൾ, അതെത്ര സന്തോഷപ്രദമായിരിക്കും. മഹത്തായ ഈ അല്മായ, സാംസ്കാരിക, പൈതൃക സംഗമത്തിൽ പങ്കെടുക്കാൻ എല്ലാ വിശ്വാസികളേയും രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് ആഹ്വാനം ചെയ്തു. ജൂബിലി കമ്മിറ്റി കൺവീനർ റവ.ഫാ. ജോൺ മേലേപ്പുറം, ചെയർമാൻ ജോസഫ് ചാമക്കാല, കൺവൻഷൻ കമ്മിറ്റി കൺവീനർ റവ.ഫാ. തോമസ് കടുകപ്പിള്ളിൽ, ചെയർമാൻ ബിജി സി. മാണി, ജോയിന്റ് കൺവീനർമാരായ റവ.ഫാ. ജോയൽ പയസ്, റവ.ഫാ. യൂജിൻ ജോസഫ്, സെക്രട്ടറി ബീന വള്ളിക്കളം, ഫിനാൻസ് കമ്മിറ്റി ചെയർമാൻ ആൻഡ്രൂ തോമസ്, ഫെസിലിറ്റി ചെയർമാൻ ജോണി വടക്കുംചേരി, മാർക്കറ്റിങ് ചെയർമാൻ സജി വർഗീസ്, കൺവൻഷൻ യൂത്ത് കൺവീനർ റവ.ഫാ. മെൽവിൻ പോൾ, യൂത്ത് ലീഡ് മാത്യു തോമസ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ സിൽവർ ജൂബിലി കൺവൻഷന്റെ വിജയത്തിനായി പ്രവർത്തിച്ചുവരുന്നു.

ഏർലി ബേർഡ് രജിസ്ട്രേഷൻ ജനുവരി 31-ന് അവസാനിക്കും. അതിനുമുമ്പ് രജിസ്റ്റർ ചെയ്യുന്നവർക്ക് ഹോട്ടൽ ബുക്കിങ് നിരക്കിൽ ഇളവ് ലഭിക്കുന്നതാണ്. ഈയവസരം എല്ലാവരും ഉപയോഗിക്കണമെന്ന് ജൂബിലി കമ്മിറ്റി ഭാരവാഹികൾ അഭ്യർത്ഥിച്ചു. കൺവൻഷനെക്കുറിച്ച് കൂടുതൽ അറിയുവാനും രജിസ്റ്റർ ചെയ്യുവാനും www.syroConvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

# കൈപ്പുഴ സ്കൂളിൽ സ്മൃതിമധുരവും ഒരുവട്ടം കൂടിയും

**കൈപ്പുഴ ജയകുമാർ**

കോട്ടയം: ശതാബ്ദി സമാപനാഘോഷത്തോടനുബന്ധിച്ച് കൈപ്പുഴ സെന്റ് ജോർജ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ സ്മൃതി മധുരവും ഒരുവട്ടം കൂടിയും നടത്തി. പൂർവ്വ അദ്ധ്യാപക-അനദ്ധ്യാപക-വിദ്യാർത്ഥി സംഗമമായ സ്മൃതിമധുരത്തിൽ അദ്ധ്യാപകരെ ആദരിച്ചു. അദ്ധ്യാപകർ ഓർമ്മകൾ പങ്കുവെച്ചു. മങ്ങാത്ത, മായാത്ത ഓർമ്മകളിലൂടെയുള്ള സഞ്ചാരം അദ്ധ്യാപകരെ ഇന്നലെകളിലേക്ക് കൂട്ടിക്കൊണ്ടുപോയി.

കോട്ടയം അതിരൂപതാ വികാരി ജനറാൾ ഫാ. തോമസ് ആനിമൂട്ടിൽ സ്മൃതി മധുരം ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ കെ.എസ്. ബിനോയ്, സൈമൺ പുല്ലാടൻ, പ്രിൻസിപ്പൽ ഇൻ-ചാർജ് ജിയോമോൻ ജോസഫ് എന്നിവർ പ്രസംഗിച്ചു.

പൂർവ്വവിദ്യാർത്ഥികളുടെ ഒത്തുകൂടലായ ഒരുവട്ടംകൂടിയിൽ ഓർമ്മകളെ ഓർത്തെടുത്ത് പറച്ചിൽ പറഞ്ഞിട്ടും പറഞ്ഞിട്ടും തീരാത്ത വിശേഷം പറച്ചിലായി മാറി. നഷ്ട ബാല്യ കൗമാരങ്ങൾ തിരിച്ചു വരില്ലല്ലോ എന്നോർത്ത് പലരും നെടുവീർപ്പിട്ടു.

സ്കൂൾ മാനേജർ ഫാ. സാബു മാലിത്തുരുത്തേൽ അദ്ധ്യക്ഷത വഹിച്ചു. ദീപിക മാനേജിംഗ് ഡയറക്ടർ ഫാ. മൈക്കിൾ വെട്ടിക്കാട്ട് ഉദ്ഘാടനം ചെയ്തു. ന്യൂനപക്ഷ പിന്നാക്ക വികസന കോർപ്പറേഷൻ ചെയർമാൻ സ്റ്റീഫൻ ജോർജ്, ഹയർ സെക്കൻഡറി മുൻ ഡയറക്ടർ ജെയിംസ് ജോസഫ്, ലിസി പി. ജോസഫ്, ടോം കരികുളം, ഹെഡ്മാസ്റ്റർ കെ.എസ്. ബിനോയ് എന്നിവർ പ്രസംഗിച്ചു.

പൂർവ്വ വിദ്യാർത്ഥികളായ ജോബ് ഗർവാസിസ്, ഡോ. വിമല ബെന്നി ജോർജ് എന്നിവരെഴുതിയ പലവട്ടം പൂത്ത ഭൂമിക, സിമ്പിൾ ബി എന്നീ പുസ്തകങ്ങൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് പ്രകാശനം ചെയ്തു.

കൈപ്പുഴ ജയകുമാർ, ജെയിംസ് ജോസഫ് എന്നിവർ പുസ്തകങ്ങൾ ഏറ്റുവാങ്ങി.

'ഓർമ്മയിലെ പാഠശാല' പരിപാടിയിൽ സിനിമാ സംവിധായകൻ എം.പി. സുകുമാരൻ നായർ, മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ കൈപ്പുഴ ജയകുമാർ എന്നിവർ ഓർമ്മകൾ പങ്കുവെച്ചു. തുടർന്ന് പൂർവ്വ വിദ്യാർത്ഥികളുടെ സംഗീത സായാഹ്നം അരങ്ങേറി.



**കൈപ്പുഴ സെന്റ് ജോർജ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് നടത്തിയ സ്മൃതി മധുരം പൂർവ്വ വിദ്യാർത്ഥി സമ്മേളനം ദീപിക മാനേജിംഗ് എഡിറ്റർ ഫാ. മൈക്കിൾ വെട്ടിക്കാട്ട് ഉദ്ഘാടനം ചെയ്യുന്നു.**

# ഐപിസിഎൻഎ അറ്റ്ലാന്റ ചാപ്റ്റർ ടോക്ഷോ സംഘടിപ്പിച്ചു






അറ്റ്ലാന്റ: ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക (ഐപിസിഎൻഎ) അറ്റ്ലാന്റ ചാപ്റ്റർ ജനുവരി 10-ന് സംഘടിപ്പിച്ച ടോക്ഷോ പൊതുജന പങ്കാളിത്തത്താലും ചർച്ചയായ വിഷയങ്ങളുടെ വൈവിധ്യത്താലും ശ്രദ്ധേയമായി. വ്യത്യസ്തമായ രാഷ്ട്രീയ, സാമൂഹിക ആശയങ്ങളുടെ പ്രചാരകനായ മൈത്രേയനുമായി നടത്തിയ അഭിമുഖം ആൽഫറെറ്റയിലെ ചാർക്കോൾ ഗ്രിൽ റെസ്റ്റോറന്റിൽ നടന്നു. ഏകദേശം 50 പേർ പരിപാടിയിൽ പങ്കെടുത്തു.

വിദ്യാഭ്യാസം, കുടുംബവ്യവസ്ഥ, മാധ്യമ സ്വാതന്ത്ര്യം, മതങ്ങളുടെ സമകാലിക പ്രസക്തി, ആധുനിക ലോകത്തിലെ മാറിവരുന്ന കാഴ്ചപ്പാടുകൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് സന്നിഹിതർ മൈത്രേയനുമായി സംവദിച്ചു. ചോദ്യോത്തര രൂപത്തിൽ നടന്ന ഈ പരിപാടിയിൽ പതിനഞ്ചോളം പേർ വിവിധ വിഷയങ്ങളിൽ ചോദ്യങ്ങൾ ഉന്നയിച്ചു.

ഐപിസിഎൻഎ അറ്റ്ലാന്റ ചാപ്റ്ററിന്റെ 2026-2028 കാലയളവിലെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ഷൈനി അബൂബക്കർ സ്വാഗതം ആശംസിക്കുകയും ഐപിസിഎൻഎ ഭാരവാഹികളെ പരിചയപ്പെടുത്തുകയും ചെയ്തു. മാറ്റത്തിന്റെ ശബ്ദമായ മൈത്രേയനെ അറ്റ്ലാന്റയിൽ അവതരിപ്പിച്ച ഐപിസിഎൻഎ 2026-2028 അറ്റ്ലാന്റ കമ്മിറ്റിയുടെ ആദ്യപരിപാടിയാണിതെന്നും കമ്മിറ്റി അംഗങ്ങളുടെ കൂട്ടായ പരിശ്രമമാണ് ഈ വിജയത്തിനു പിന്നിലെന്നും ഷൈനി പറഞ്ഞു.

സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട അനു ഷിബു പരിപാടിയിൽ പങ്കെടുത്ത പൊതുജനങ്ങളുടെ തുറന്ന മനസ്സിനെയും വ്യത്യസ്ത ചിന്താധാരകളോടുള്ള സഹിഷ്ണുതയെയും സ്വാഗതപ്രസംഗത്തിൽ പ്രത്യേകമായി പരാമർശിച്ചു. ട്രഷററായി തെരഞ്ഞെടുക്കപ്പെട്ട ഫെമിന ചുക്കാൻ പരിപാടിയുടെ രൂപരേഖ സന്നിഹിതർക്കായി വിശദീകരിച്ചു.

അറ്റ്ലാന്റയിലെ പ്രമുഖ എഴുത്തുകാരിയും കവയിത്രിയുമായ ഐപിസിഎൻഎ വൈസ് പ്രസിഡണ്ട് അമ്മു സഖറിയയുടെ മാർഗനിർദേശങ്ങൾ പരിപാടിയുടെ നടത്തിപ്പിന് ഏറെ സഹായകമായി.

ഐപിസിഎൻഎ മുൻ പ്രസിഡണ്ട് കാജൽ സഖറിയ, മുൻ സെക്രട്ടറി ബിനു കാസിം, മുൻ ട്രഷറർ തോമസ് ജോസഫ്, ജോയിന്റ് സെക്രട്ടറി സാദിഖ് പുളിക്കപ്പറമ്പിൽ എന്നിവർ ഒരുക്കങ്ങളിൽ സജീവ പങ്കാളിത്തം വഹിച്ചു.

സമയക്രമം പാലിച്ച് ചർച്ച മുന്നോട്ടു കൊണ്ടുപോകുന്നതിൽ മോഡറേറ്റർമാരായ കാജൽ സഖറിയയും ഫെമിന ചുക്കാനും ശ്രദ്ധേയമായ പങ്കുവഹിച്ചു. പരിപാടിക്ക് വേദിയൊരുക്കിയ ചാർക്കോൾ ഗ്രിൽ റെസ്റ്റോറന്റിനും ഐപിസിഎൻഎ അറ്റ്ലാന്റ-നാഷണൽ കമ്മിറ്റി അംഗങ്ങൾക്കും പ്രത്യേകമായി പ്രസിഡണ്ട് രാജു പള്ളത്ത്, അഡ്വൈസറി ബോർഡ് അംഗം സുനിൽ ട്രസ്റ്റാർ എന്നിവർക്കും മൈത്രേയനും വാക്കുകൊണ്ടും സാന്നിദ്ധ്യത്തിലൂടെയും പിന്തുണ നല്കിയ എല്ലാവർക്കും ഐപിസിഎൻഎ മുൻ പ്രസിഡണ്ട് കാജൽ സഖറിയ നന്ദി അറിയിച്ചു.

മൈത്രേയന്റെ അറ്റ്ലാന്റ സന്ദർശന വിവരം പങ്കുവെച്ച ഷിഹാസ് അബ്ദുല്ലയ്ക്കും ക്യാമറ കൈകാര്യം ചെയ്ത സാദിഖ് പുളിക്കപ്പറമ്പിൽ, അബൂബക്കർ സിദ്ധിഖ് എന്നിവർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തി.

# ഹേമന്ദിനും ജൈഫറിനും തുണയായി പ്രവാസി ലീഗൽ സെൽ ഒമാൻ

മസ്കറ്റ്: തൊഴിൽ തട്ടിപ്പിലകപ്പെട്ട ഹേമന്ദിനും ജൈഫറിനും തുണയായി പ്രവാസി ലീഗൽ സെൽ ഒമാൻ ചാപ്റ്റർ. തൊഴിൽ വിസ നല്കാമെന്ന ഉറപ്പിൽ ഏജൻസിക്കു പണം നല്കി ഒമാനിലെത്തിയ തിരുവനന്തപുരം സ്വദേശി ഹേമന്ദ്, കന്യാകുമാരി സ്വദേശി




ജൈഫർ എന്നിവർക്കാണ് നാട്ടിൽ തിരിച്ചെത്താനുള്ള സഹായം ഉറപ്പുവരുത്തിയത്. വിസിറ്റ് വിസയിൽ ഒമാനിലെത്തിയ ഹേമന്ദിനും ജൈഫറിനും ജോലി ചെയ്യുവാനുള്ള വിസയോ മറ്റും നല്കാതെ പാസ്പോർട്ട് കൈവശപ്പെടുത്തി ചൂഷണം ചെയ്തുവരുന്ന സാഹചര്യത്തിലാണ് സഹായം അഭ്യർത്ഥിച്ചുകൊണ്ട് ഒമാനിലെ പ്രവാസി ലീഗൽ സെൽ പ്രതിനിധിയായ ബാലകൃഷ്ണൻ വലിയാട്ടിനെ ഇവർ സമീപിച്ചത്.

പ്രവാസി ലീഗൽ സെൽ ഒമാൻ ചാപ്റ്റർ അദ്ധ്യക്ഷയായ അഡ്വ. ജെസ്സി ജോസ്, ജാസ്സിം, സജീഷ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ഉടൻതന്നെ ഈ വിഷയത്തിൽ ഇടപെടുകയും പാസ്പോർട്ട് തിരികെ മേടിച്ചുകൊണ്ട് സുരക്ഷിതമായി നാട്ടിലെത്താനുള്ള സഹായസഹകരണങ്ങൾ ഉറപ്പുവരുത്തുകയുമായിരുന്നു.

നിരവധി ചെറുപ്പക്കാരാണ് ഇത്തരത്തിൽ അനധികൃതമായ തൊഴിൽ തട്ടിപ്പിന് ഒമാനിൽ വിധേയരാകുന്നത്. വേണ്ടത്ര ശ്രദ്ധ സുരക്ഷിത കുടിയേറ്റവുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾ കാണിക്കുന്നില്ലെന്ന് പ്രവാസി ലീഗൽ സെൽ ഒമാൻ ചാപ്റ്റർ കോ-ഓർഡിനേറ്റർ രാജേഷ് കുമാർ പറഞ്ഞു. കേരളത്തിൽ വർദ്ധിച്ചുവരുന്ന വ്യാജ റിക്രൂട്ടുമെന്റ് ഏജൻസികളെ നിയന്ത്രിക്കണമെന്ന ആവശ്യവുമായി പ്രവാസി ലീഗൽ സെൽ നേരത്തെ കേരള ഹൈക്കോടതിയെ സമീപിക്കുകയും ഈ വിഷയത്തിൽ വേണ്ട നടപടി സ്വീകരിക്കാൻ ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നല്കിയതുമാണ്. തുടർന്ന് നോർക്കയുടെ നേതൃത്വത്തിൽ പ്രത്യേക ടാസ്ക് ഫോഴ്സും ഉണ്ടാക്കിയിരുന്നു. വർദ്ധിച്ചുവരുന്ന വിദേശ തൊഴിൽ തട്ടിപ്പിന് തടയിടാനായി കൂടുതലായ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുമെന്ന് പ്രവാസി ലീഗൽ സെൽ ഗ്ലോബൽ പ്രസിഡണ്ട് അഡ്വ. ജോസ് ഏബ്രഹാം, ഗ്ലോബൽ വക്താവ് സുധീർ തിരുനിലത്ത് എന്നിവർ വാർത്താകുറിപ്പിൽ അറിയിച്ചു.

# എംഎസിഎഫ് മുൻ പ്രസിഡണ്ട് ഈശോ മാത്യു അന്തരിച്ചു



ഫ്ളോറിഡ: മലയാളി അസോസിയേഷൻ ഓഫ് സെൻട്രൽ ഫ്ളോറിഡ മുൻ പ്രസിഡണ്ട് (എംഎസിഎഫ്) ഈശോ മാത്യു (83) മണ്ണാറക്കുളഞ്ഞിയിൽ അന്തരിച്ചു.

മണ്ണാറക്കുളഞ്ഞി തേവർവേലിൽ തേവടത്ത് പരേതനായ ഗീവർഗീസ് മാത്യുവിന്റെയും അന്നമ്മ മാത്യുവിന്റെയും മകനായി ജനിച്ച പരേതൻ 18-ാം വയസിൽ ഇന്ത്യൻ വ്യോമസേനയിൽ ദീർഘകാലം സേവനമനുഷ്ഠിച്ചു.

പിന്നീട് ബഹ്റനിലും 25 വർഷത്തോളം ജോലി ചെയ്തശേഷം 1999-ൽ കുടുംബത്തോടൊപ്പം ഫ്ളോറിഡയിൽ എത്തി ലിയർ കോർപ്പറേഷനിൽ സേവനമനുഷ്ഠിച്ചു. 2003-ൽ എംഎസിഎഫ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം കമ്യൂണിറ്റിയെയും സഭയെയും സേവിച്ച് ശ്രദ്ധേയമായ നേതൃത്വം നല്കി.

കേരള ക്രിസ്ത്യൻ അസോസിയേഷൻ ഓഫ് സെൻട്രൽ ഫ്ളോറിഡയുടെ നിറസാന്നിദ്ധ്യവും പ്രധാന സംഘാടകരിൽ ഒരാളുമായിരുന്നു. ബഹ്റനിലും യുഎസിലും മലയാളി സമൂഹത്തിലും സാംസ്കാരിക രംഗത്തും സജീവമായിരുന്നു അദ്ദേഹം.

റാന്നി മേപ്പുറത്ത് കുടുംബാംഗമായ അച്ചുകുട്ടിയാണ് ഭാര്യ. ഷോണി, ഷോജി, ഷോമി എന്നിവർ മക്കളാണ്. (മൂന്നു പേരും ടാമ്പാ). മരുമക്കൾ: രമ്യ മാത്യു, ജോഫി ഡാനിയൽ, സോണി ഈശോ. സഹോദരങ്ങൾ: ടി.എം. വർഗീസ്, ടി.ഇ. മാത്യൂസ്, ടി.ജെ. ജോസഫ്.

**സജി കരിമ്പന്നൂർ**

# മാർത്തോമ്മാ സഭയ്ക്ക് പുതിയ മിഷൻ ഫീൽഡ്

എഡിൻബർഗ്/ടെക്സസ്: മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്കൻ ഭദ്രാസനത്തിന്റെ മിഷൻ പ്രവർത്തനങ്ങളിൽ ഒരു സുപ്രധാന നാഴികക്കല്ലായി ഭദ്രാസന ബിഷപ് അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ തിരുമേനിയുടെ സൗത്ത് വെസ്റ്റ് ബോർഡർ മിഷനിലേക്കുള്ള പാസ്റ്ററൽ സന്ദർശനം. ഈ സന്ദർശനത്തിന്റെ ഭാഗമായി ടെക്സസിലെ എഡിൻബർഗിലുള്ള 5411 യൂണിവേഴ്സിറ്റി അവന്യൂ എന്ന വിലാസത്തിൽ സ്ഥിതി ചെയ്യുന്ന സൗത്ത് വെസ്റ്റ് ബോർഡർ മിഷൻ സെന്റർ സഭയുടെ മിഷൻ പ്രവർത്തനത്തിനായി അഭിവന്ദ്യ തിരുമേനി സമർപ്പിച്ചു.



തിരുമേനിക്കൊപ്പം റവ. ജിജോ എം. ജേക്കബ് (വികാരി ട്രിനിറ്റി മാർത്തോമ്മാ ചർച്ച് ഹൂസ്റ്റൺ), റവ. സോനു കെ. വർഗീസ് (വികാരി സെന്റ് തോമസ് മാർത്തോമ്മാ ചർച്ച് ഹൂസ്റ്റൺ & വികാരി മാർത്തോമ്മാ ചർച്ച് റെയോ ഗ്രാൻഡെവാലി), റവ. ഡെന്നിസ് ഏബ്രഹാം (വികാരി ഓസ്റ്റിൻ മാർത്തോമ്മാ ചർച്ച് ഭദ്രാസന കൗൺസിൽ അംഗം), ജോർജ് പി. ബാബു (ഭദ്രാസന ട്രഷറർ), ജേക്കബ് ഇടിച്ചാണ്ടി (മിഷൻ പ്രതിനിധി) എന്നിവരും പങ്കെടുത്തു.

പുതുതായി സമർപ്പിച്ച മിഷൻ സെന്റർ 7 ഏക്കർ വിസ്തൃതിയുള്ള സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. ടെക്സസ് യൂണിവേഴ്സിറ്റി റെയോ ഗ്രാൻഡെവാലി (UTRGV), എഡിൻബർഗിലെ പ്രൊഫസർ എമിറിറ്റസും മക്കാലൻ മാർത്തോമ്മാ ഇടവകാംഗവുമായ ഡോ. ജോൺ ഏബ്രഹാം ഭദ്രാസനത്തിന്റെ മിഷൻ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനു വേണ്ടി നല്കിയതാണ് ഈ വിസ്തൃതമായ സ്ഥലം.



**ജീമോൻ റാന്നി**

യുഎസ് സൗത്ത് വെസ്റ്റ് അതിർത്തിയോട് അനുബന്ധിച്ച് താമസിക്കുന്ന സാമ്പത്തികവും സാമൂഹികവുമായി പ്രതിസന്ധികൾ നേരിടുന്ന ഏകദേശം മൂവായിരത്തിൽപ്പരം കുടുംബങ്ങൾക്കിടയിൽ മാർത്തോമ്മാ സഭ നടത്തുന്ന മിഷൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന കേന്ദ്രമായി ഇതു പ്രവർത്തിക്കും. കൂടാതെ മെക്സിക്കോയിലെ മാറ്റാമോറോസിലെ മത്സ്യത്തൊഴിലാളി സമൂഹത്തിനിടയിൽ മിഷൻ ബോർഡ് നടത്തുന്ന സേവന പ്രവർത്തനങ്ങൾക്കും ഈ കേന്ദ്രം പിന്തുണ നല്കും.



ജനുവരി 11-ന് ഞായറാഴ്ച സൗത്ത് വെസ്റ്റ് മിഷന്റെ പങ്കാളിയായ പുവെന്റ്സ് ഡി ക്രിസ്തോ (ഒരു പ്രെസ്ബിറ്റേറിയൻ ചർച്ച് മിഷൻ) ഹിഡാൽഗോ കൗണ്ടിയിൽ സംഘടിപ്പിച്ച സ്വീകരണത്തിലും തിരുമേനി പങ്കെടുത്തു. ഈ സംഗമത്തിൽ ഭക്ഷ്യസുരക്ഷ, വിദ്യാഭ്യാസം, മാനസികാരോഗ്യ പിന്തുണ തുടങ്ങിയ മേഖലകളിൽ പ്രാദേശിക സമൂഹത്തിനായി മിഷൻ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്തുമെന്ന് തിരുമേനി പ്രഖ്യാപിച്ചു.

ഈ പ്രദേശങ്ങളിലെ ഭദ്രാസന മിഷൻ പ്രവർത്തനങ്ങളുടെ നടത്തിപ്പിനും പുരോഗതിക്കും വേണ്ടി ഹൂസ്റ്റൺ സെന്റ് തോമസ് മാർത്തോമ്മാ ഇടവകാംഗമായ ജോൺ തോമസ് (ഷാജൻ) നടത്തുന്ന പ്രയത്നങ്ങളെയും നിസ്വാർത്ഥ സേവനത്തെയും തിരുമേനി മുക്തകണ്ഠം പ്രശംസിച്ചു.



വർഷങ്ങൾക്കു മുമ്പ് ആരംഭിച്ച മെക്സിക്കോ മിഷന് (മാർത്തോമ്മാ കൊളോണിയ) ശേഷം 2024 നവംബറിൽ തുടക്കം കുറിച്ച സൗത്ത് വെസ്റ്റ് മിഷന്റെ ഭാഗമായാണ് സൗത്ത് വെസ്റ്റ് മിഷൻ സെന്ററിന്റെ ഉദ്ഘാടനം നടന്നത്.

ഹൂസ്റ്റൺ ട്രിനിറ്റി മാർത്തോമ്മാ ചർച്ചിൽ നിന്നും കൺവീനർ ജോൺ ചാക്കോ (ജോസ്)യുടെ നേതൃത്വത്തിൽ 60 പേരുടെ ഒരു മിഷൻ സംഘവും റെയോഗ്രാൻഡെ വാലി (മക്കാലൻ) ഇടവക അംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു. സഭകൾ തമ്മിലുള്ള സഹകരണ ശുശ്രൂഷയെ ശക്തിപ്പെടുത്തിക്കൊണ്ട് കൂടുതൽ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നതിന് സഭയുടെ എല്ലാ പിന്തുണയും തിരുമേനി അറിയിച്ചു.

ജനുവരി 12-ന് തിങ്കളാഴ്ച മാറ്റമോറോസ്-റെയ്നോസ (മെക്സിക്കോ) കത്തോലിക്കാ ഭദ്രാസനത്തിന്റെ ബിഷപ് ഹിസ് ഗ്രേസ് മോൺ. യൂജീനിയോ ആൻഡ്രസ് ലിറ റുഗാർസിയ അദ്ധ്യക്ഷനായ ഒരു ചരിത്രപ്രധാനമായ ഐക്യ സമ്മേളനത്തിൽ റൈറ്റ് റവ.ഡോ. ഏബ്രഹാം മാർ പൗലോസ് പങ്കെടുത്തു. ഈ സമ്മേളനത്തിൽ ഇരുവരും ലോക സമാധാനത്തിനായി സംയുക്തമായി പ്രാർത്ഥിക്കുകയും മാറ്റമോറോസിലെ സമൂഹങ്ങൾക്കിടയിൽ സഹകരണ മിഷൻ പ്രവർത്തനങ്ങളിലേക്കുള്ള അവരുടെ പ്രതിബദ്ധത വീണ്ടും ഉറപ്പിക്കുകയും ചെയ്തു.


സന്ദർശനത്തിനിടയിലെ പാസ്റ്ററൽ ശുശ്രൂഷയുടെ ഭാഗമായി കൊളോണിയ മാർത്തോമ്മാ മിഷൻ സമൂഹത്തിൽ നിന്നുള്ള നാലു കുട്ടികളുടെ മാമ്മോദീസ തിരുമേനി നിർവഹിച്ചു. ഇതുവഴി സഭയുടെ ആത്മീയവും സാമൂഹികവുമായ ഇടപെടലുകൾക്ക് സാക്ഷ്യം വഹിച്ചു. ഈ സന്ദർശനവും മിഷൻ സെന്ററിന്റെ സമർപ്പണവും ക്രിസ്തുകേന്ദ്രീകൃത സേവനം, അതിർത്തി കവിയുന്ന സഹകരണം, അവഗണിക്കപ്പെട്ട സമൂഹങ്ങൾക്കിടയിലെ സമഗ്ര മിഷൻ പ്രവർത്തനം എന്നിവയിലേക്കുള്ള മാർത്തോമ്മാ സഭയുടെ ദീർഘകാല പ്രതിബദ്ധയുടെ തെളിവായി നിലകൊള്ളുന്നു.












# ജയിൽപുള്ളികൾക്ക് നക്ഷത്രഹോട്ടലിൽ നിന്ന് ഭക്ഷണമെത്തിക്കുന്ന യൂറോപ്യൻ രാജ്യം – 'ലിക്ക്ടെൻസ്റ്റീൻ'



ജോസഫ് ആന്റണി

സമ്മാനമായി കിട്ടിയ ഗ്ലോബിൽ മൂത്തമകൾ ഒരു രാജ്യം കണ്ടുപിടിച്ചു. അവൾക്കന്ന് പ്രായം അഞ്ചോ ആറോ വയസ്. 'പപ്പയുടെ പേരിലൊരു രാജ്യം' എന്നാണ് അവളതിനെ വിശേഷിപ്പിച്ചത്.... നോക്കിയപ്പോൾ, പപ്പാന്യൂഗിനി!

പുതിയൊരു രാജ്യം 'കണ്ടുപിടിക്കുന്നതിന്റെ' ത്രില്ല് ചെറുതല്ലെന്ന് കഴിഞ്ഞ ദിവസം ഈയുള്ളവനും ബോധ്യമായി. ബിൽ ബ്രൈസന്റെ യൂറോപ്യൻ യാത്രാവിവരണം ('Neither Here Nor There') വായിക്കുകയായിരുന്നു. അതിലെ പതിനെട്ടാമത്തെ അധ്യായം ഇതാണ് – 'ലിക്ക്ടെൻസ്റ്റീൻ' (Liechtenstein).

സ്വിറ്റ്സ്വർലൻഡിൽനിന്ന് തീവണ്ടിയിൽ പുറപ്പെട്ട ബ്രൈസൺ എത്തിയത് ലിക്ക്ടെൻസ്റ്റീൻ എന്ന് പേരുള്ള നാട്ടിലാണ്. അത്തരമൊരു രാജ്യം ഭൂമുഖത്തുണ്ടെന്ന് അധികമാരും പ്രതീക്ഷിക്കില്ല!

'ഈ രാജ്യത്തെ സംബന്ധിച്ച സർവതും അപഹാസ്യമാണ്', എന്നാണ് ബ്രൈസൺ തന്റെ തനത് ശൈലിയിൽ വിലയിരുത്തുന്നത്. ഒന്നാമത് അത് അപഹാസ്യമാംവിധം ചെറുത് (വെറും160 ചതുരശ്ര കിലോമീറ്റർ മാത്രം വിസ്തൃതി). കഷ്ടിച്ച് സ്വിറ്റ്സ്വർലൻഡിന്റെ ഇരുന്നൂറ്റമ്പതിൽ ഒന്ന് വലിപ്പം മാത്രം. ഇത് വാഷിങ്ടൺ ഡി.സി.യുടെ പത്തിൽ ഒൻപത് ഭാഗമേ വരൂ എന്ന് സി.ഐ.എ.യുടെ 'വേൾഡ് ഫാക്ട്ബുക്ക്' പറയുന്നു.

അപഹാസ്യമെന്ന് ബ്രൈസൺ വിലയിരുത്തുന്ന മറ്റൊരു സംഗതി, ആ രാജ്യത്തിന്റെ അധികാരം കൈയാളുന്ന രാജകുടുംബം കഴിഞ്ഞ 150 വർഷമായി അവിടം ഒന്ന് സന്ദർശിക്കാൻ പോലും മെനക്കെട്ടിട്ടില്ല എന്നതാണ്!

ഹോളി റോമൻ എംപയർ (Holy Roman Empire) അഥവാ പഴയ റോമാ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന, ഇപ്പോഴും അവശേഷിക്കുന്ന ഏക പ്രദേശമാണ് ലിക്ക്ടെൻസ്റ്റീൻ. ആശയപരമായി വലിയ വ്യത്യാസമൊന്നുമില്ലാത്ത രണ്ട് രാഷ്ട്രീയ കക്ഷികൾ (The Reds and the Blacks) ആണ് അവിടെയുള്ളത്. രണ്ടുകക്ഷികളുടെയും മോട്ടോ ഒന്നു തന്നെ: 'ദൈവത്തിലും രാജാവിലും പിതൃഭൂമിയിലും വിശ്വിസിക്കുക'!

1866-ലായിരുന്നു ലിക്ടെൻസ്റ്റീൻ അവസാനമായി ഒരു സൈനികനടപടിയിൽ ഏർപ്പെട്ടത്. ഇറ്റലിക്കാർക്കെതിരെ പൊരുതാൻ 80 പേരെ അയച്ചു. യുദ്ധത്തിൽ ആരും മരിച്ചില്ല എന്നുമാത്രമല്ല, 'ഇക്കാര്യം നിങ്ങൾക്ക് തീർച്ചയായും ഇഷ്ടപ്പെടും'– ബ്രൈസൺ പറയുന്നു – '80 പേർ പോയിടത്ത് 81 പേർ തിരിച്ചെത്തി!' സൈനിക നീക്കത്തിനിടെ സുഹൃത്തായി കിട്ടിയ ആളായിരുന്നുവത്രേ ആ എൺപത്തിയൊന്നാമൻ!

ലോകത്ത് ആരുമായും തങ്ങൾക്ക് യുദ്ധംചെയ്ത് ജയിക്കാനാകില്ല എന്ന് മനസിലാക്കിയ രാജാവ്, രണ്ടുവർഷം കഴിഞ്ഞ് സൈന്യത്തെ പരിച്ചുവിട്ടു. ഇപ്പോൾ സ്വന്തമായി സൈന്യമില്ലാത്ത രാജ്യങ്ങളിലൊന്നാണ് ലിക്ക്ടെൻസ്റ്റീൻ.

സോസേജ് സ്കിൻസ് (sausage skins), കൃത്രിമപ്പല്ല് (false teeth) എന്നിവയുടെ നിർമാണകാര്യത്തിൽ ലോകത്ത് ഒന്നാംസ്ഥാനം ഈ ചെറു രാജ്യത്തിനാണ് എന്നതാണ് അപഹാസ്യമെന്ന് ബ്രൈസന് അനുഭവപ്പെട്ട മറ്റൊരു സംഗതി.

മാത്രമല്ല, ടാക്സ് ലാഭിക്കാൻ നോക്കുന്നവർക്ക് ഭൂമിയിലെ സ്വർഗം തന്നെയാണ് ലിക്ടെൻസ്റ്റീൻ. അതിനാൽ മൊത്തം ജനസംഖ്യയെക്കാൾ (36,713) കൂടുതൽ രജിസ്റ്റർ ചെയ്ത കമ്പനികൾ അവിടെയുണ്ടത്രേ! (ഇതിൽ ബഹുഭൂരിപക്ഷവും ആരുടെയെങ്കിലും മുന്നിൽ കടലാസ് ഷീറ്റിൽ ഒതുങ്ങുന്ന കമ്പനികളാണ്).



ക്രയശേഷിയുടെ അടിസ്ഥാനത്തിൽ കണക്കാക്കിയാൽ, ആളോഹരി ജി.ഡി.പി (gross domestic product) ഏറ്റവും കൂടുതലുള്ള രാജ്യങ്ങളിലൊന്നാണ് ലിക്ക്ടെൻസ്റ്റീൻ. ലോകത്ത് ഏറ്റവും കടബാധ്യത കുറഞ്ഞ രാജ്യങ്ങളിലൊന്നും ഇതുതന്നെ. ലോകത്തെ തൊഴിലില്ലായ്മ കുറഞ്ഞ രണ്ടാമത്തെ രാജ്യവും (ഒന്നാമത്തേത് മൊനാക്കാ) ലിക്ക്ടെൻസ്റ്റീൻ ആണ്.


യൂറോപ്പിൽ ഏറ്റവുമൊടുവിൽ സ്ത്രീകൾക്ക് വോട്ടവകാശം ലഭിച്ച നാട് ലിക്ക്ടെൻസ്റ്റീൻ ആണ്. 1984 വരെ അവിടെ സ്ത്രീകൾക്ക് രാഷ്ട്രീയ പ്രക്രിയയിൽ പങ്കില്ലായിരുന്നു.

മറ്റൊരു കൗതുകകരമായ സംഗതി ലിക്ക്ടെൻസ്റ്റീനിലെ ജയിലാണ്. ഒറ്റ ജയിലേ ഉള്ളൂ രാജ്യത്ത്. വളരെ ചെറിയ ജയിലായതിനാൽ, തടവുകാർക്കുള്ള ഭക്ഷണം അടുത്തുള്ള നക്ഷത്ര ഹോട്ടലിലെ റസ്റ്റോറണ്ടിൽനിന്നാണ് എത്തിക്കുന്നതെന്ന് ബ്രൈസൺ പറയുന്നു.

ലിക്ക്ടെൻസ്റ്റീനിൽ ഏറ്റവും ദുർഘടമായ സംഗതി പൗരത്വം ലഭിക്കുകയാണത്രേ. അപേക്ഷ നൽകുന്നയാളുടെ ഗ്രാമത്തിൽ ആദ്യമൊരു ഹിതപരിശോധന നടക്കണം. അത് അനുകൂലമായാൽ, പ്രധാനമന്ത്രിയും മന്ത്രിസഭയും അത് വോട്ടിനിട്ട് പാസാക്കണം... അതൊരിക്കലും സംഭവിക്കാറില്ല. അതിനാൽ ലിക്ക്ടെൻസ്റ്റീനിൽ കാലങ്ങളായി താമസിക്കുന്ന നല്ലൊരു പങ്ക് ആളുകൾ ഇപ്പോഴും 'വിദേശികളാ'ണ്!

ലിക്ക്ടെൻസ്റ്റീന് രണ്ട് അയൽ രാജ്യങ്ങളാണുള്ളത് – പടിഞ്ഞാറ് സ്വിറ്റ്സ്വർലൻഡും കിഴക്ക് ഓസ്ട്രിയയും. ഏതാണ്ട് പൂർണമായും ആൽപ്സ് പർവതനിരകൾക്കിടയിൽ സ്ഥിതിചെയ്യുന്ന മനോഹരമായ പ്രദേശമാണിത്. വദൂസ് (Vaduz) ആണ് ലിക്ക്ടെൻസ്റ്റീനിന്റെ തലസ്ഥാനം. തലസ്ഥാനത്തെ ജനസംഖ്യ വെറും 5000 മാത്രം.

# ഉറക്കം എന്ന ബ്രെയിൻ ക്ലീനിങ്





സുരേഷ്കുട്ടി



നമ്മൾ എന്തിനാണ് ഉറങ്ങുന്നത്?

ജീവശാസ്ത്രത്തിലെ ഏറ്റവും വലിയൊരു പ്രഹേളികയായിരുന്നു ഈ ചോദ്യം. കാട്ടിലും മേട്ടിലും ജീവിക്കുന്ന മൃഗങ്ങളെ സംബന്ധിച്ചിടത്തോളം ഉറക്കം എന്നത് വലിയൊരു വെല്ലുവിളിയാണ്. ശത്രുക്കൾക്ക് മുന്നിൽ നിസ്സഹായരായി കിടന്നുകൊടുക്കുന്ന ഈ പരിപാടി പരിണാമ പ്രക്രിയയിൽ എന്തിനാണ് നിലനിർത്തിപ്പോന്നത് എന്ന ചോദ്യത്തിന് ഉത്തരം ലളിതമാണ്; ഉറങ്ങിയില്ലെങ്കിൽ മരണം ഉറപ്പാണ്.

എലികളിലും ഈച്ചകളിലും നടത്തിയ പരീക്ഷണങ്ങളിൽ ഉറക്കം നിഷേധിക്കപ്പെട്ടപ്പോൾ അവ ദിവസങ്ങൾക്കുള്ളിൽ ചത്തൊടുങ്ങുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഉറക്കം എന്നത് വെറുമൊരു വിശ്രമമല്ല, മറിച്ച് തലച്ചോറിന്റെ അത്യാവശ്യമായ ഒരു സർവ്വീസ് സമയമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു.

നമ്മുടെ ശരീരത്തിലെ മറ്റ് അവയവങ്ങൾക്കെല്ലാം മാലിന്യങ്ങൾ നീക്കം ചെയ്യാൻ ലിംഫാറ്റിക് സിസ്റ്റം എന്നൊരു സംവിധാനമുണ്ട്. എന്നാൽ വിചിത്രമെന്ന് പറയട്ടെ, ശരീരത്തിലെ ഏറ്റവും കൂടുതൽ ഊർജ്ജം ഉപയോഗിക്കുന്ന, ഏറ്റവും കൂടുതൽ മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്ന തലച്ചോറിന് ഇത്തരം ഒരു ലിംഫാറ്റിക് സംവിധാനമില്ല. പകരം തലച്ചോർ ഉപയോഗിക്കുന്നത് ഗ്ലിംഫാറ്റിക് സിസ്റ്റം എന്ന സവിശേഷമായ ഒരു ഒഴുക്കുചാൽ സംവിധാനമാണ്.

സെറിബ്രോ സ്പൈനൽ ഫ്ളൂയിഡ്, ഇന്റർസ്റ്റീഷ്യൽ ഫ്ളൂയിഡ് എന്നിവയുടെ പരസ്പരമുള്ള ഒഴുക്കിലൂടെയാണ് ഈ ശുചീകരണം നടക്കുന്നത്.

ഈ സംവിധാനം എങ്ങനെ പ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കാൻ റോച്ചസ്റ്റർ സർവകലാശാലയിലെ ലുലു സീയും സംഘവും എലികളിൽ രസകരമായ ഒരു പരീക്ഷണം നടത്തി. ടു-ഫോട്ടോൺ ഇമേജിംഗ് എന്ന സാങ്കേതികവിദ്യ ഉപയോഗിച്ച് ജീവനുള്ള എലികളുടെ തലച്ചോറിലേക്ക് അവർ ഒളിഞ്ഞുനോക്കി.

പച്ചനിറത്തിലുള്ള ഫ്ളൂറസെന്റ് നിറം എലികളുടെ തലച്ചോറിലെ ദ്രാവകത്തിലേക്ക് അവർ കടത്തിവിട്ടു. ഫലം, എലികൾ ഉണർന്നിരിക്കുമ്പോൾ ഈ ഡൈ തലച്ചോറിലേക്ക് കാര്യമായി കടന്നുചെല്ലുന്നില്ല. എന്നാൽ അവ ഉറങ്ങുകയോ അല്ലെങ്കിൽ അനസ്തേഷ്യ നൽകി മയക്കുകയോ ചെയ്യുമ്പോൾ, ഈ ഡൈ തലച്ചോറിലെ കോശങ്ങൾക്കിടയിലേക്ക് കുത്തിയൊലിച്ചു കയറുന്നു. ഉണർന്നിരിക്കുന്ന അവസ്ഥയെ അപേക്ഷിച്ച് ഉറങ്ങുമ്പോൾ ഈ ഒഴുക്ക് തൊണ്ണൂറ്റിയഞ്ച് ശതമാനം വരെ കൂടുതലാണെന്ന് അവർ കണ്ടെത്തി.

ഉറക്കത്തിൽ തലച്ചോറിൽ യഥാർത്ഥത്തിൽ സംഭവിക്കുന്നത് എന്താണെന്നോ? അവിടെ കോശങ്ങൾ ചുരുങ്ങി വഴിമാറിക്കൊടുക്കുകയാണ്. ഉണർന്നിരിക്കുമ്പോൾ കോശങ്ങൾക്കിടയിലുള്ള വിടവ് വെറും പതിന്നാല് ശതമാനം മാത്രമാണ്. എന്നാൽ ഉറങ്ങുമ്പോൾ ഇത് ഇരുപത്തിമൂന്ന് ശതമാനമായി വർദ്ധിക്കുന്നു. അതായത്, കോശങ്ങൾക്കിടയിലുള്ള വിടവ് അറുപത് ശതമാനത്തിലധികം വർദ്ധിക്കുന്നു. ഈ വികാസം, മാലിന്യങ്ങൾ വഹിച്ചുകൊണ്ടുള്ള ദ്രാവകത്തിന് തടസ്സമില്ലാതെ ഒഴുകാൻ അവസരമൊരുക്കുന്നു.


അൽഷിമേഴ്സ് രോഗത്തിന് കാരണമാകുന്ന ബീറ്റാ അമിലോയിഡ് പോലുള്ള വിഷമാലിന്യങ്ങളെ നീക്കം ചെയ്യുന്നത് ഉറക്കത്തിൽ ഇരട്ടി വേഗത്തിലാണെന്ന് ഗവേഷകർ തെളിയിച്ചിട്ടുണ്ട്.

എന്തുകൊണ്ടാണ് ഉണർന്നിരിക്കുമ്പോൾ ഈ ശുചീകരണം നടക്കാത്തത് എന്ന അന്വേഷണം ചെന്നെത്തിയത് നോർഅഡ്രിനാലിനിലാണ്. നമ്മൾ ഉണർന്നിരിക്കുമ്പോഴും ജാഗരൂകരായിരിക്കുമ്പോഴും ഇതിന്റെ അളവ് തലച്ചോറിൽ കൂടുതലായിരിക്കും. ഇത് കോശങ്ങളുടെ വലിപ്പം നിയന്ത്രിക്കുകയും, കോശങ്ങൾക്കിടയിലുള്ള വിടവ് കുറയ്ക്കുകയും ചെയ്യുന്നു.

ഫലത്തിൽ, ഉണർന്നിരിക്കുമ്പോൾ തലച്ചോറിലെ അഴുക്കുചാലുകൾ അടഞ്ഞുകിടക്കുന്നു. ഉറങ്ങുമ്പോൾ നോർഅഡ്രിനാലിന്റെ അളവ് കുറയുന്നതോടെ ഈ പാതകൾ തുറക്കുകയും ശുചീകരണം തകൃതിയായി നടക്കുകയും ചെയ്യുന്നു. ഉറക്കം എന്നത് തലച്ചോറിനെ വിഷവിമുക്തമാക്കാനും, ഓർമ്മകളെയും ബുദ്ധിശക്തിയെയും സംരക്ഷിക്കാനും പ്രകൃതി ഒരുക്കിത്തന്ന അത്യാധുനികമായ ഒരു മെയിന്റനൻസ് മോഡ് ആണ്.

അവലംബം: Xie, L., Kang, H., Xu, Q., Chen, M. J., Liao, Y., Thiyagarajan, M., ODonnell, J., Christensen, D. J., Nicholson, C., Iliff, J. J., Takano, T., Deane, R., & Nedergaard, M. (2013). Sleep drives metabolite clearance from the adult brain. Science, 342(6156), 373-377.

# സർവം മായ; ഫുൾ കോമഡി മൂവി






രമ്യ മനോജ്

ഒറ്റ വാക്കിൽ പറഞ്ഞാൽ പൂർണ്ണ സംതൃപ്തിയോടെ കണ്ട് ഇറങ്ങിയ സിനിമ. ഫുൾ കോമഡി മൂവി. രണ്ടേമുക്കാൽ മണിക്കൂർ എല്ലാം മറന്നു ഇരുന്നു ചിരിക്കാം.

ചിരിയോടൊപ്പം ഒരു നന്മയുള്ള ഫീൽ ഗുഡ് ചിത്രം എന്ന് പറയാം.. ഫാമിലി ആയി കുട്ടികളുമായി കണ്ടു ആസ്വദിക്കാൻ പറ്റിയ സിനിമ. സത്യൻ അന്തിക്കാട് സിനിമകളെ ഓർമിപ്പിക്കുന്ന മനോഹരമായ ഗ്രാമം,കിടിലൻ വിഷ്വൽസ്, കേട്ടിരിക്കാൻ സുഖമുള്ള രസകരമായ പാട്ടുകൾ നല്ല പ്രകടനങ്ങൾ എല്ലാം ഒത്തു ചേരുന്ന ഫാമിലി ആയി ആസ്വദിച്ചു കാണാൻ പറ്റുന്ന സിനിമ.വയലൻസ് ഇല്ല ബിഗ് ബഡ്ജറ്റ് അവകാശപ്പെടുന്നില്ല. ഇങ്ങനെയും സിനിമകൾ വേണം മലയാളത്തിൽ.

ഭംഗിയുള്ള പാലക്കാടൻ ഗ്രാമവും അവിടുത്തെ ഒരു ഭംഗിയുള്ള ഒരു വീടും അതാണ് എന്റെ മനം കവർന്നത്.

നിവിൻ പോളി രസകരമായി തന്റെ ക്യാരക്ടർ ചെയ്തിട്ടുണ്ട്. അജു വർഗീസ് ആയിട്ടുള്ള കോമ്പോ അടിപൊളി ആയിരുന്നു. നായികയായി വന്ന റിയ ഷിബു ആയിട്ടുള്ള കോമ്പോയും നല്ലതായിരുന്നു. റിയയുടെ പ്രകടനം കൂടെ എടുത്ത് പറയണം ഒരു ക്യൂട്ട് കുട്ടി. മൊത്തത്തിൽ കാസ്റ്റിംഗ് അടിപൊളി ആയി തോന്നി. എല്ലാവരും അവരവരുടെ റോൾ ഭംഗിയായി ചെയ്തിട്ടുണ്ട്.

പിന്നെ കുറേ കാലത്തിനുശേഷം നിവിൻ പോളിയുടെ സിനിമ കാണുമ്പോൾ, പഴയ നിവിൻ പോലെയാകുമോ എന്നൊക്കെ ചിന്തയുണ്ടായിരുന്നു. പ്രതീക്ഷക്കപ്പുറം തന്നെ ഈ സിനിമയിൽ ചെയ്തിട്ടുണ്ട്. വയലൻസിനേക്കാൾ നിവിന് ഇങ്ങനെയുള്ള റോളുകൾ ആണ് ചേരുന്നത് എന്ന് തോന്നി.!

അഖിൽ സത്യന്റെ എല്ലാ സിനിമകളും വലിയ സൂപ്പർഹിറ്റുകൾ അല്ലായെങ്കിലും കണ്ടിറങ്ങുമ്പോൾ മനസ്സ് നിറയുന്നവയാണ്. ആ സിനിമകളിലെ കഥാപാത്രങ്ങൾ മനസ്സിൽ നിന്ന് ഒരിക്കലും പോകാതെ എവിടെയോ നമ്മളിലൊരാളെ പോലെ കുറെ കാലം അവരെ മനസ്സിലേറ്റിക്കൊണ്ട് നടക്കാറുണ്ട്. പാച്ചുവും അത്ഭുതവിളക്കും, , ഇപ്പോ സർവ്വം മായ ഇത് രണ്ടും വീണ്ടും വീണ്ടും കണ്ടാലും മടുക്കാത്ത ഹൃദയം നിറക്കുന്ന സിനിമകളാണ് എനിക്ക് ...


# സോഷ്യൽമീഡിയാ കാലത്തെ ബസ് തർക്കങ്ങളും ചോരുന്ന ധാർമ്മികതയും

പി.പി. ചെറിയാൻ

സോഷ്യൽ മീഡിയയുടെ അതിപ്രസരം നമ്മുടെ നൈതിക മൂല്യങ്ങളെ എങ്ങനെ ബാധിക്കുന്നു എന്നത് ഗൗരവതരമായ ഒരു ചോദ്യമാണ്. ഡിജിറ്റൽ യുഗത്തിൽ ധാർമ്മികത പലപ്പോഴും ചോദ്യം ചെയ്യപ്പെടുകയും പുതിയ രീതിയിൽ നിർവചിക്കപ്പെടുകയും ചെയ്യുന്നു. കേരളത്തിലെ പൊതുഗതാഗത സംവിധാനങ്ങളിൽ ഉണ്ടാകുന്ന തർക്കങ്ങൾ ചിത്രീകരിച്ച് പ്രചരിപ്പിക്കുന്നത് ഈ സാഹചര്യത്തിൽ വലിയ ചർച്ചകൾക്ക് വഴിതുറക്കുന്നു. സോഷ്യൽ മീഡിയയിൽ ആർക്കും എന്തിനെക്കുറിച്ചും സംസാരിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. കേരളത്തിലെ ഒരു ബസ്സിനുള്ളിൽ നടക്കുന്ന തർക്കം മൊബൈലിൽ പകർത്തി പങ്കുവെക്കുമ്പോൾ അതു പലപ്പോഴും വിദ്വേഷ പ്രചാരണത്തിനോ വ്യക്തിഹത്യയ്ക്കോ കാരണമാകുന്നു. ഈ സ്വാതന്ത്ര്യം മറ്റൊരാളുടെ അന്തസ്സിനെ ബാധിക്കുമ്പോൾ അതൊരു ധാർമ്മിക പ്രശ്നമായി മാറുന്നു.

പലപ്പോഴും ബസ് യാത്രയ്ക്കിടയിലെ പ്രശ്നങ്ങളുടെ പകുതി ഭാഗം മാത്രം ചിത്രീകരിച്ച വീഡിയോകളാണ് വൈറലാകുന്നത്. വ്യാജവാർത്തകൾ പ്രചരിപ്പിക്കുന്നത് ഇന്ന് ഒരു സാധാരണ സംഭവമായി മാറിയിരിക്കുന്നു. സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്ത ഇത്തരം ദൃശ്യങ്ങൾ പങ്കുവെക്കുന്നതിനു മുൻപ് അതിന്റെ സത്യാവസ്ഥ പരിശോധിക്കുക എന്നത് ഒരു വ്യക്തിയുടെ ധാർമ്മിക ഉത്തരവാദിത്വമാണ്.

മറ്റൊരാളുടെ അനുവാദമില്ലാതെ അവരുടെ ദൃശ്യങ്ങൾ പകർത്തുന്നതും അത് പരസ്യപ്പെടുത്തുന്നതും ധാർമ്മികമായി തെറ്റാണ്. ബസ് യാത്രക്കാരുടെ സ്വകാര്യ നിമിഷങ്ങളിലേക്ക് ക്യാമറയുമായി എത്തിനോക്കുന്ന പ്രവണത ഇന്ന് വർദ്ധിച്ചുവരുന്നു. ഇത് വ്യക്തിസ്വാതന്ത്ര്യത്തിനു മേലുള്ള കടന്നുകയറ്റമാണ്. ഓൺലൈൻ ഇടങ്ങളിൽ എങ്ങനെ പെരുമാറണം എന്നതിനെക്കുറിച്ച് കൃത്യമായ ഒരു ധാർമ്മിക ബോധം പുതിയ തലമുറയ്ക്ക് ആവശ്യമാണ്. തർക്കങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നതിനു പകരം അത് സോഷ്യൽ



ലേഖകൻ

മീഡിയയിൽ എത്തിച്ച് ലൈക്കുകൾ നേടാൻ ശ്രമിക്കുന്നത് ശരിയായ ഡിജിറ്റൽ സംസ്കാരമല്ല.

സ്വന്തം പേരോ മുഖമോ വെളിപ്പെടുത്താതെ ആരെയും അധിക്ഷേപിക്കാം എന്ന സാഹചര്യം ആളുകളെ കൂടുതൽ ധാർമ്മിക വിരുദ്ധമായ കാര്യങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കുന്നു. ബസ് സംഭവങ്ങളിൽ ഉൾപ്പെട്ടവരെ അനാവശ്യമായി ക്രൂശിക്കാൻ ഇതു കാരണമാകുന്നു. വസ്തുതകൾക്കു പകരം വികാരങ്ങൾക്ക് മുൻതൂക്കം നല്കുന്ന ചർച്ചകൾ പലപ്പോഴും വിദ്വേഷം പുലർത്താൻ കാരണമാകുന്നു. ഇതു പലപ്പോഴും ബസ് ജീവനക്കാർക്ക് എതിരെയോ അല്ലെങ്കിൽ യാത്രക്കാർക്ക് എതിരെയോ ഉള്ള അന്ധമായ രോഷമായി മാറുന്നു.

ധാർമ്മികത എന്നത് വ്യക്തിപരമായ ഒരു ബോദ്ധ്യമാണെങ്കിലും സമൂഹമാധ്യമങ്ങൾ ഉപയോഗിക്കുമ്പോൾ സാമൂഹികമായ ഒരു ഉത്തരവാദിത്വം കൂടി നമുക്കുണ്ട്. സാങ്കേതിക വിദ്യയെ മനുഷ്യത്വപരമായും മൂല്യബോധത്തോടെയും ഉപയോഗിക്കുമ്പോൾ മാത്രമേ യഥാർത്ഥ പുരോഗതി ഉണ്ടാകുകയുള്ളൂ. മറ്റുള്ളവരുടെ അവകാശങ്ങളെ മാനിച്ചുകൊണ്ടുള്ള ഒരു ഡിജിറ്റൽ സംസ്കാരം വളർത്തിയെടുക്കുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്. കേരളം പോലെ ഉയർന്ന സാക്ഷരതയുള്ള ഒരു സമൂഹത്തിൽ ഡിജിറ്റൽ ധാർമ്മികതയുടെ പ്രാധാന്യം നാം തിരിച്ചറിയേണ്ടതുണ്ട്.

# എംബിബിഎസ് പ്രവേശനം കിട്ടാൻ യുവാവ് കാൽപാദം മുറിച്ചുമാറ്റി

ജോൻപുർ: രണ്ടുതവണ പ്രവേശന പരീക്ഷ(നീറ്റ്) എഴുതിയിട്ടും എം.ബി.ബി.എസ് സീറ്റ് ലഭിക്കാത്ത യുവാവ് കണ്ടെത്തിയ പോംവഴി ഇങ്ങനെ: കാൽപാദം മുറിച്ചശേഷം ഭിന്നശേഷി സംവരണത്തിൽ പ്രവേശനം നേടുക. വിചാരിച്ചതുപോലെ കാര്യങ്ങൾ ചെയ്തെങ്കിലും അന്വേഷണത്തിൽ പോലീസ് തട്ടിപ്പു കണ്ടെത്തി.

ജോൻപുർ സ്വദേശി സുരാജ് ഭാസ്കറാണ് ഈ കടുംകൈ ചെയ്തത്. ഞായറാഴ്ച രാത്രി അജ്ഞാതർ വീട്ടിൽ കയറി ആക്രമിച്ചു കാൽ വെട്ടിയെന്നു സുരാജിന്റെ സഹോദരൻ ആകാശ് പോലീസിൽ അറിയിച്ചു.

കേസെടുത്ത പോലീസ് സുരാജിന്റെ മൊഴിയിലും ഫോൺ പരിശോധനയിലും പൊരുത്തക്കേടുകൾ കണ്ടെത്തി. ചോദ്യം ചെയ്തപ്പോഴാണ് ഭിന്നശേഷി സർട്ടിഫിക്കറ്റ് സംഘടിപ്പിച്ചു മെഡിക്കൽ പ്രവേശനം നേടുകയായിരുന്നു ലക്ഷ്യമെന്നു മനസ്സിലായത്. സുരാജിന്റെ ഡയറിയിൽ ഞാൻ 2026-ൽ എം.ബി.ബി.എസ് ഡോക്ടറാകും എന്ന് എഴുതിവച്ചിരിക്കുന്നതും കണ്ടെത്തി.

പലതവണ ശ്രമിച്ചിട്ടു ലക്ഷ്യം നേടാനാവാതെ വന്നതിന്റെ മനോവിഷമത്തിൽ ചെയ്തതാണെന്നാണു പോലീസിന്റെ നിഗമനം. ഏതു വകുപ്പു ചുമത്തി കേസെടുക്കണമെന്നു പോലീസ് നിയമോപദേശം തേടി.

# ജൽവാഹക് പദ്ധതി കേരളത്തിലും നടപ്പാക്കുമെന്ന് കേന്ദ്രമന്ത്രി

കൊച്ചി: ജലമാർഗം ചരക്കു നീക്കുന്നതിനുള്ള ചെലവിന്റെ 35 ശതമാനം സബ്സിഡിയായി നൽകുന്ന ജൽവാഹക് പദ്ധതി കേരളത്തിലും നടപ്പാക്കുമെന്ന് കേന്ദ്ര ഷിപ്പിംഗ് തുറമുഖ, ജലഗതാഗത മന്ത്രി സർബാനന്ദ സോനോ



വാൾ. ഉൾനാടൻ ജലഗതാഗത മേഖലയുടെ വികസനത്തിൽ 1500 കോടി രൂപ ചെലവഴിക്കുമെന്നും മന്ത്രി പറഞ്ഞു. ഉൾനാടൻ ജലഗതാഗത വികസന കൗൺസിൽ മൂന്നാം യോഗത്തിന്റെ (ഐഡബ്ല്യുഡിസി3.0) ഭാഗമായി യോഗതീരുമാനങ്ങൾ വിശദീകരിച്ച് കേന്ദ്രമന്ത്രി.

200 കിലോമീറ്ററിലധികം ചരക്കുകൾ നീക്കുന്നതിനാണ് സബ്സിഡി നൽകുക. വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് കേരളത്തിൽ നദിയാത്രാ ജെട്ടികൾ സ്ഥാപിക്കും. കൊല്ലം -കോട്ടപ്പുറം ജലപാത അടുത്ത ഡിസംബറോടെ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നതെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

ഇൻലാൻഡ് വാർട്ടർവോയ്സ് അഥോറിറ്റി ഓഫ് ഇന്ത്യ ചെയർപേഴ്സൺ സുനിൽ പാലിവാളും യോഗത്തിൽ പങ്കെടുത്തു.

കേന്ദ്രമന്ത്രിയുടെ അധ്യക്ഷതയിൽ ഹൈക്കോടതി ബോട്ട് ജെട്ടിയിൽ ക്ലാസിക് ഇംപീരിയൽ ബോട്ടിൽ നടന്ന യോഗത്തിൽ ഹിമാചൽ പ്രദേശ് ഉപമുഖ്യമന്ത്രി മുകേഷ് അഗ്നിഹോത്രി, ബിഹാർ ഗതാഗതമന്ത്രി ഷർവാൻ കുമാർ, നാഗാലാൻഡ് വൈദ്യുതി മന്ത്രി കെ.ജി. കെന്യേ, അരുണാചൽപ്രദേശ് ഗ്രാമവികസന മന്ത്രി ഓജിംഗ് ടാസിംഗ് ഉത്തരപ്രദേശ് ഗതാഗതമന്ത്രി ദയാ ശങ്കർ സിംഗ്, പഞ്ചാബ് ജലവിഭവ മന്ത്രി ബരീന്ദർ കുമാർ ഗോയൽ എന്നിവരും പങ്കെടുത്തു.

രാജ്യത്തെ ഉൾനാടൻ ജലപാതകളിലൂടെ ചരക്കുനീക്കത്തിന്റെ വളർച്ച പത്തു വർഷത്തിനുള്ളിൽ എട്ടിരട്ടിയായെന്ന് കേന്ദ്ര തുറമുഖമന്ത്രാലയം. 2013 -14ൽ 180 കോടി മെട്രിക് ടണ്ണായിരുന്നു ചരക്കുനീക്കം. ഇപ്പോഴത് 1400 കോടി മെട്രിക് ടണ്ണായി.

# ജാർഖണ്ഡിൽ 17 മാവോയിസ്റ്റുകൾ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു

ചായ്ബാസ (ജാർഖണ്ഡ്): ജാർഖണ്ഡിലെ സാരാന്ത വനമേഖലയിൽ സുരക്ഷാസേനയുമായുണ്ടായ ഏറ്റുമുട്ടലിൽ മാവോയിസ്റ്റ് ഉന്നതതല നേതാവ് പതിറാം മാജി എന്ന അനൽ ദാ ഉൾപ്പെടെ 17 പേർ കൊല്ലപ്പെട്ടു.

ജാർഖണ്ഡ് സർക്കാർ ഒരു കോടി രൂപ പാരിതോഷികം പ്രഖ്യാപിച്ച മാവോയിസ്റ്റ് സെൻട്രൽ കമ്മിറ്റി അംഗമാണ് അനൽ ദാ. കൊല്ലപ്പെട്ടവരിൽ അഞ്ചു പേർ വനിതാ അംഗങ്ങളാണ്.

ജനുവരി 22-ന് വ്യാഴാഴ്ച ആരംഭിച്ച 'ഓപ്പറേഷൻ മേഘബുരു' എന്ന സംയുക്ത നീക്കത്തിലൂടെയാണ് സുരക്ഷാസേന മാവോയിസ്റ്റുകളെ വധിച്ചത്. 209 കോബ്ര ബറ്റാലിയൻ, ചായ്ബാസ ജില്ലാ പോലീസ്, ജാർഖണ്ഡ് ജാഗ്വാർ എന്നിവർ ചേർന്നാണു തെരച്ചിൽ നടത്തിയത്. 22-ന് നടന്ന കനത്ത ഏറ്റുമുട്ടലിൽ അനൽ ദാ ഉൾപ്പെടെ 15 പേർ കൊല്ലപ്പെട്ടു. 23-ന് നടന്ന തെരച്ചിലിൽ രണ്ടു മൃതദേഹങ്ങൾ കൂടി കണ്ടെടുത്തതോടെ മരണം 17 ആയി.

മാവോയിസ്റ്റ് സെൻട്രൽ കമ്മിറ്റിയിലെ പ്രമുഖനായിരുന്നു അനൽ ദാ. ജാർഖണ്ഡിൽ മാത്രം ഇയാൾക്കെതിരേ 149 കേസുകൾ നിലവിലുണ്ട്. വനമേഖലയിൽ ഇപ്പോഴും തെരച്ചിൽ തുടരുകയാണെന്ന് മുതിർന്ന പോലീസ് ഉദ്യോഗസ്ഥൻ അറിയിച്ചു.

കഴിഞ്ഞ ജനുവരിയിൽ ബസ്തർ മേഖലയിൽ ആറ് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടിരുന്നു. അർബൻ നക്സലിസം ശക്തി പ്രാപിക്കുന്നതിൽ പ്രധാനമന്ത്രി ആശങ്ക പ്രകടിപ്പിച്ചിരുന്നു. ഇതിനു പിന്നാലെ ഛത്തീസ്ഗഡിൽ 47 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ച ഒമ്പത് മാവോയിസ്റ്റ് നേതാക്കൾ കീഴടങ്ങുകയും ചെയ്തു. ഇതോടെ ഒഡീഷയിലെ നബരംഗ്പൂർ ജില്ലയെ നക്സൽ വിരുദ്ധ ജില്ലയായി പ്രഖ്യാപിച്ചു.

കീഴടങ്ങിയ മാവോയിസ്റ്റുകളിൽ നിന്ന് ഇൻസാഫ് റൈഫിളുകൾ, എസ്എൽആർ തോക്കുകൾ തുടങ്ങിയ ആയുധശേഖരവും സുരക്ഷാസേന പിടിച്ചെടുത്തു.

# രണ്ടു സന്യസ്തർ വാഴ്ത്തപ്പെട്ട പദവിയിൽ

വത്തിക്കാൻ: ഈശോയുടെ തിരുഹൃദയ ഉർസുലൈൻ സന്യാസി സഭ (ഉർസുലൈൻ സിസ്റ്റേഴ്സ് ഓഫ് സൊമാസ്ക)യുടെ സ്ഥാപക മദർ മരിയ ഇഗ്നാസിയ ഇസാച്ചിയ, ഗ്വാട്ടിമാലയിലെ ആഭ്യന്തര യുദ്ധകാലത്ത് പീഡനമേറ്റു മരിച്ച ഫ്രാൻസിസ്കൻ വൈദികൻ ഫാ. ഓഗസ്റ്റോ റാഫേൽ റാമിറെസ് മൊനാസ്റ്റീരിയോ എന്നിവരെ വാഴ്ത്തപ്പെട്ട പദവിയിലേക്ക് ലിയോ പതിനാലാമൻ മാർപാപ്പ ഉയർത്തി. ഇറ്റലിയിലെ അൽമായൻ നെറിനോ കോബിയാങ്ക് സന്യസ്ത സിസ്റ്റർ ക്രോസിഫിസ മിലിറ്റെർണി, ബ്രസീലിലെ മരിയ ഗിസെൽഡ വില്ലെല, ഇറ്റലിയിലെ മരിയ ടെക്സ അന്തോണിയ റെലുസെന്റി എന്നിവരെ ധന്യപദവിയിലേക്കും ഉയർത്തിയിട്ടുണ്ട്.

# വനിതകൾ നയിച്ച് അമൃത് ഭാരത്



ലോക്കോ പൈലറ്റുമാരായ ടി.ജെ. ഗൊരേത്തിയും അശ്വതിയും നാഗർകോവിൽ-മംഗളൂരു അമൃത് ഭാരത് ട്രെയിനിന്റെ ലോക്കോ ക്യാബിനുള്ളിൽ.

തിരുവനന്തപുരം: ഇന്ത്യൻ റെയിൽവേയുടെ പുത്തൻതലമുറ അമൃത് ഭാരത് എക്സ്പ്രസുകൾ കേരളത്തിൽ ഓടിത്തുടങ്ങി. തിരുവനന്തപുരത്തുനിന്നുള്ള മൂന്നു ട്രെയിനുകളാണ് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തത്. ജനുവരി 27 മുതൽ ഇവ റെയിൽവേ പ്രഖ്യാപിച്ച സമയപ്പട്ടികയിൽ ഓടിത്തുടങ്ങും.

കൂടുതൽ ജനറൽ കോച്ചുകളുള്ള ട്രെയിനുകളാണ് അമൃത് ഭാരത്. 22 കോച്ചുള്ള തീവണ്ടിയിൽ എട്ട് സ്ലീപ്പർ കോച്ചുകൾ ഒഴികെയുള്ളവ ജനറൽ സീറ്റിങ് വിഭാഗത്തിലുള്ളവയാണ്. പുഷ് പുൾ സാങ്കേതികവിദ്യ ആയതിനാൽ പെട്ടെന്ന് വേഗമെടുക്കാനാകും.

എയർ സ്പ്രിങ് സസ്പെൻഷൻ, മികച്ച കുഷ്യൻ സീറ്റുകൾ, മൊബൈൽ ചാർജിങ് സൗകര്യം, റീഡിങ് ലൈറ്റുകൾ എന്നിവയുണ്ട്. മൂന്ന് അമൃത് ഭാരതുകളാണ് കേരളത്തിനു ലഭിച്ചത്. പൂർണമായും തദ്ദേശീയമായി രൂപകല്പന ചെയ്തു നിർമിക്കുന്നുവെന്ന പ്രത്യേകതയും അമൃത് ഭാരത് ട്രെയിനുകൾക്കുണ്ട്. പൂർണമായും വനിതകളുടെ നേതൃത്വത്തിലായിരുന്നു നാഗർകോവിൽ-മംഗളൂരു അമൃത് ഭാരത് ട്രെയിനിന്റെ ഉദ്ഘാടന സർവീസ്. ലോക്കോ പൈലറ്റ് ടി.ജെ. ഗൊരേത്തി, അസി. ലോക്കോ പൈലറ്റ് അശ്വതി ബാലചന്ദ്രൻ എന്നിവരായിരുന്നു സാരഥികൾ. വൈ. ഗീതയായിരുന്നു ട്രെയിൻ മാനേജർ (ഗാർഡ്).

പ്രധാനമന്ത്രി നരേന്ദ്രമോദി പച്ചക്കൊടി വീശിയപ്പോൾ കാബിൻ സൈഡിൽ പച്ചക്കൊടിയുമായി അശ്വതിയാണ് ഉണ്ടായിരുന്നത്. ഗൊരേത്തിയും അശ്വതിയും എറണാകുളം ഡിപ്പോയിലെ ലോക്കോപൈലറ്റുമാരാണ്. വരാപ്പുഴ സ്വദേശിയാണു ഗൊരേത്തി. കൊല്ലം സ്വദേശിയായ അശ്വതിയുടെ ഭർത്താവ് ഹരീഷും ലോക്കോപൈലറ്റാണ്.

## ഫ്ളക്സും തോരണങ്ങളും സ്ഥാപിക്കുന്നതിനെതിരെ ഹൈക്കോടതി

കൊച്ചി: ഫ്ളെക്സും ബോർഡുകളും തോരണങ്ങളും സ്ഥാപിക്കാനാണെങ്കിൽ സംസ്ഥാനത്ത് നടപ്പാതകൾ ആവശ്യമില്ലെന്ന് ഹൈക്കോടതി. കോടതി ഉത്തരവുകൾ നിരന്തരം ലംഘിക്കപ്പെടുന്നത് അത്ഭുതപ്പെടുത്തുന്നു. നവകേരളം കടലാസിൽ മാത്രം പോരെന്നും സിസ്റ്റം പരാജയപ്പെടുന്നുവെന്നാണ് ഇതിന്റെ അർത്ഥമെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു. തിരുവനന്തപുരം നഗരത്തിലെ നടപ്പാതകളിലടക്കം നടക്കാൻ കഴിയാത്ത വിധം ബോർഡുകളും കൊടികളും സ്ഥാപിച്ചിരിക്കുകയാണെന്ന അമിക്കസ് ക്യൂറിയുടെ റിപ്പോർട്ട് പരിഗണിച്ചാണ് കോടതിയുടെ വിമർശനം. കഴിഞ്ഞ ആഴ്ച കൊച്ചിയിലും ഇത്തരത്തിൽ ബോർഡുകൾ സ്ഥാപിച്ചതിന്റെ അടിസ്ഥാനത്തിൽ കൊച്ചി കോർപ്പറേഷനോട് റിപ്പോർട്ട് തേടിയിരുന്നതായി കോടതി പറഞ്ഞു. അനധികൃത ബോർഡുകൾ സ്ഥാപിക്കുന്നത് തടയാൻ നടപടി സ്വീകരിക്കാത്ത തിരുവനന്തപുരം കോർപ്പറേഷൻ എന്താണ് ചെയ്യുന്നതെന്നു വാക്കാൽ ചോദിച്ച കോടതി. തുടർന്ന് സെക്രട്ടറിയോട് ഇതു സംബന്ധിച്ച റിപ്പോർട്ട് തേടി.

## ഇളയദളപതിയ്ക്ക് ചിഹ്നമായി വിസിൽ

ചെന്നൈ: തമിഴക വെട്രി കഴക (ടി.വി.കെ.) ത്തിനു ചിഹ്നമായി വിസിൽ അനുവദിക്കപ്പെട്ടെന്നു പാർട്ടി അദ്ധ്യക്ഷനും നടനുമായ വിജയ്. ടി.വി.കെ. ആവശ്യപ്പെട്ട ചിഹ്നങ്ങളിൽ ഒന്നായിരുന്നു വിസിലെന്നും അതു ലഭിച്ചത് പാർട്ടിയുടെ ആദ്യ വിജയമാണെന്നും അദ്ദേഹം പറഞ്ഞു. അഭ്യർത്ഥന അംഗീകരിച്ചതിന് തെരഞ്ഞെടുപ്പ് കമ്മീഷനെ അദ്ദേഹം നന്ദി അറിയിച്ചു. എല്ലാ പ്രായത്തിലുള്ള ആളുകളുമായും ആഴത്തിൽ ബന്ധമുള്ള ചിഹ്നമാണ് വിസിൽ എന്നും അത് 'മാനവ സന്തോഷം, വിജയം, സുരക്ഷ' എന്നിവയെ പ്രതിനിധീകരിക്കുന്നു എന്നും വിജയ് പറഞ്ഞു. 'നിരന്തരമായ കഠിനാദ്ധ്വാനം ലക്ഷ്യം കാണുമ്പോൾ ഉണ്ടാകുന്ന ആഘോഷത്തിന്റെ ശബ്ദമാണു വിസിൽ. അതിലുപരി, ജനങ്ങളെ സംരക്ഷിക്കുന്നവരുടെ കൈയിലാണ് വിസിൽ. ഇത് സുരക്ഷയുടെ പ്രതീകമാണ്' - അദ്ദേഹം പറഞ്ഞു.

# കേരളത്തിന്റെ ചികിത്സയിൽ അനന്തിന് പുതുജീവൻ

കൊച്ചി: വിദേശത്തു മതിയായ ചികിത്സ കിട്ടാതെ മരണത്തെ അടുത്തുകണ്ട നാളുകൾക്കൊടുവിൽ കേരളത്തിലേക്കു മടങ്ങിയ മലയാളി വിദ്യാർത്ഥിക്ക് മാതൃനാട്ടിലെ വിദഗ്ദ്ധ ചികിത്സയിൽ പുതുജീവൻ. കാനഡയിലെ ഉപരിപഠനത്തിനിടെ ന്യൂമോണിയ കഴിഞ്ഞ സെപ്റ്റംബറിലാണ് നെഞ്ചുവേദന, പനി, കടുത്ത ശ്വാസതടസ്സം തുടങ്ങിയ ലക്ഷണങ്ങളോടെ കാനഡയിലെ പ്രമുഖ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. 40 ദിവസത്തോളം ഐസൊലേഷനിൽ തുടർന്നു. ഇതിനിടെ ശ്വാസകോശത്തിന്റെ പ്രവർത്തനശേ ക്രിയയിലൂടെ ശ്വാസകോശത്തിന്റെ ചുറ്റുമുണ്ടായിരുന്ന കട്ടിയുള്ള പാളികൾ നീക്കം ചെയ്തു. അതിസൂക്ഷ്മമായ ശസ്ത്രക്രിയയ്ക്കിടെ ശ്വാസകോശത്തിന്റെ ഉപരിതലത്തിലുണ്ടായ എയർ ലീക്കുകളും പരിഹരിച്ചുവെന്ന് ശസ്ത്രക്രിയയ്ക്കു നേതൃത്വം നല്കി



സൺറൈസ് ആശുപത്രിയിലെ കാർഡിയോ തോറാസിക് സർജൻ ഡോ. നാസർ യൂസഫ് അനന്ത കൃഷ്ണനും മാതാപിതാക്കൾക്കുമൊപ്പം.

ബാധിച്ച് ശ്വാസകോശത്തിന്റെ പ്രവർത്തനം തകരാറിലായി ഗുരുതരാവസ്ഥയിലായ അനന്ത് കൃഷ്ണ ഹരീഷിനാണ് (20) കൊച്ചി സൺറൈസ് ആശുപത്രിയിലെ വിദഗ്ദ്ധ ചികിത്സയിലൂടെ സൗഖ്യം ലഭിച്ചത്.

ഒന്റാറിയോയിലെ ഗ്രിഗോറിയൻ കോളജിൽ മൂന്നാം വർഷ മെക്കാട്രോണിക്സ് വിദ്യാർത്ഥിയായ അനന്തിനെ ഷി കുറഞ്ഞ് സ്ഥിതി ആശങ്കാജനകമായതോടെ കുടുംബം ചികിത്സയ്ക്കായി അനന്തിനെ നാട്ടിലെത്തിക്കുകയായിരുന്നു.

കഴിഞ്ഞ നവംബർ 16-ന് സൺറൈസ് ആശുപത്രിയിലെ തോറാസിക് സർജറി വിഭാഗത്തിൽ പ്രവേശിപ്പിച്ചു. പിറ്റേന്നു തന്നെ ഒമ്പതു മണിക്കൂറോളം നീണ്ട സങ്കീർണമായ ശസ്ത്ര യ സൺറൈസിലെ കാർഡിയോ തോറാസിക് സർജൻ ഡോ. നാസർ യൂസഫ് പറഞ്ഞു.

ന്യൂമോണിയയ്ക്കുശേഷം തുടരുന്ന നെഞ്ചു വേദനയോ ശ്വാസതടസമോ ലഘുവായി കാണരുതെന്ന് മെഡിക്കൽ സൂപ്രണ്ട് ഡോ. പി. ശോഭ, പൾമണോളജിസ്റ്റ് ഡോ. നീതു തമ്പി എന്നിവർ വ്യക്തമാക്കി.

# കേരളത്തിലെ ആദ്യ ത്രീഡി കംപ്യൂട്ടർ ഗെയിം പൂർത്തിയായി

കോട്ടയം: കുട്ടിക്കാലംമുതൽ ഗെയിം കളിച്ചുവളർന്നവർ തനിമലയാളിത്തമുള്ളൊരു ഗെയിം വേണമെന്ന് സ്വപ്നംകണ്ടു. അഞ്ച് കോളജ് വിദ്യാർത്ഥികളുടെ പ്രയത്നത്തിനൊടുവിൽ 'തെക്ക് ഐലൻഡ്' എന്ന ഹൊറർ ഗെയിം പിറന്നു.

കൊച്ചി സ്വദേശി അതുൽ ജോർജാണ് ആദ്യം ആശയം മുന്നോട്ടുവെച്ചത്. 21 വയസ്സുകാരനായ അതുൽ പ്ലസ് ടുവിനുശേഷം സാങ്കേതികവിദ്യയിൽ ആകൃഷ്ടനായി അന്വേഷണങ്ങളിലാണ്. അദ്ദേഹം ഗെയിം സംബന്ധിച്ചിട്ട പോസ്റ്റ് അശ്വിൻ സുനിൽകുമാർ ശ്രദ്ധിച്ചതോടെ കൂട്ടുചേർന്നായി ചർച്ച.

കോട്ടയം സെയ്ന്റ് ഗിറ്റ്സ് എഞ്ചിനീയറിങ് കോളജിലെ വിദ്യാർത്ഥിയായ അശ്വിൻ സുനിൽകുമാറിനൊപ്പം അതേ കോളജിലെ പി.എസ്. ആദിത്യൻ, പി.വി. അശ്വിൻ എന്നിവരും ഗെയിം വികസിപ്പിക്കാൻ ഒത്തുചേർന്നു. മ്യൂസിക് ഡയറക്ടറായി ആദി ഗോപകുമാർ ആദ്യന്തം ഒപ്പംനിന്നു. ഇതോടെ കേരളത്തിലെ ആദ്യ ത്രീഡി കംപ്യൂട്ടർ ഗെയിം പൂർത്തിയായി.

1980-കളിലെ കേരള പശ്ചാത്തലത്തിലാണ് ഗെയിമിന്റെ അവതരണം. ഒരു ദുരൂഹദ്വീപിനെ ആസ്പദമാക്കിയുള്ള ഹൊറർ അനുഭവമാണിതിൽ. പരിമിതമായ വിഭവങ്ങൾകൊണ്ടാണ് ഗെയിം വികസിപ്പിച്ചത്.

'സ്റ്റീം' പോലുള്ള ആഗോള പ്ലാറ്റ്ഫോമിൽ ലിസ്റ്റ് ചെയ്യപ്പെട്ടതോടെ, ദേശീയ-അന്താരാഷ്ട്ര തലങ്ങളിൽ ശ്രദ്ധനേടി. ഗെയിമിന്റെ ട്രെയ്ലർ രണ്ടുദിവസം കൊണ്ട് മൂന്നു ലക്ഷത്തിലധികം പേർ കണ്ടു.

ഫെബ്രുവരിയിൽ ഗെയിം റിലീസ് ചെയ്യും. THEKKU ISLAND എന്ന് ടൈപ്പ് ചെയ്താൽ വിവരങ്ങൾ കിട്ടും.

# BEYOND HOPE: WHAT THE UDF MUST DO TO RECLAIM KERALA

George Abraham

After the Municipal and Panchayat elections, there is a renewed glimmer of hope for the UDF in Kerala, a Congress-led coalition that has remained out of power for nearly a decade. Hope alone, however, will not revive an alliance struggling for relevance in a state with uniquely complex political dynamics—dynamics shaped since 1957, when the world's first democratically elected Communist government assumed office in Kerala.

There is little doubt that the current political climate favors the Congress-led coalition. Yet the people of Kerala should never be taken for granted. They are a discerning and politically sophisticated electorate who often outthink entrenched political stalwarts. While it is often said that all politics is local, the UDF's success in local body elections does not automatically place it ahead of the curve. At best, it offers a modest advantage—one that must be carefully consolidated and strategically leveraged.

One of the most persistent criticisms of the UDF is its tendency toward multiple and conflicting narratives. On the one hand, this reflects ideological diversity within the alliance; on the other, it produces a fractured message that fails to reach the electorate with clarity and coherence. There are frequent instances where party leadership articulates one position while grassroots workers convey another. In contrast, the LDF functions as a disciplined, cadre-based, hierarchical organization that often speaks with a single voice or chooses strategic silence on contentious issues.

The UDF's senior leadership is widely respected for its experience and political acumen, yet it has struggled to project the unity necessary to cross the electoral finish line. In this context, it is imperative for the alliance to project a clear and credible Chief Ministerial candidate. Doing so would reassure voters that they are being offered a tested and proven leader committed to the common good.

Regardless of differing opinions about Pinarayi Vijayan, he remains a known quantity, an established leader who has led from the front and fought his political battles over a long period. That clarity of leadership has worked to the LDF's advantage. Creating a comparable sense of confidence and decisiveness will be one of the greatest challenges before the Congress Party and the UDF as they seek to regain public trust.

Recently, a political observer remarked that the party risks losing several seats if certain aging politicians step aside. That concern itself is an indictment. It exposes a systemic failure—either the party has neglected to groom the next generation of leadership, or it has allowed an inward-looking, self-preserving culture to take root, one designed primarily to entrench the power of a few stalwarts indefinitely.



George Abraham

When renewal is viewed as a liability rather than a strength, institutional decay sets in. Without firm term limits and a deliberate commitment to leadership transition, the party will continue recycling the same faces while steadily exhausting its relevance. Political survival cannot rest on permanent incumbency; it must be built on continuous renewal.

The Congress Party is founded on secular principles and, in theory, should not privilege caste- or religion-based considerations in candidate selection. Unfortunately, reality often diverges sharply from this ideal. In Kerala, every ethnic, religious, and caste-based group competes vigorously for representation. While inclusivity is essential, it frequently comes at a cost. Too often, the pursuit of social balance leads to the sacrifice of merit, resulting in candidates falling short of basic standards of legislative effectiveness.

This is particularly troubling in a state widely regarded as one of India's most advanced in literacy and education. Yet paradoxically, Kerala continues to send legislators to Delhi who are ill-equipped for the demands of national politics, lacking communication skills, policy depth, or institutional competence to effectively represent the state's interests.

True secularism and inclusivity should broaden opportunities without lowering standards. Representation must be meaningful, not merely symbolic, and merit must remain the cornerstone of political leadership.

Equally puzzling is the party's habit of finalizing candidate lists at the last minute, often late in the evening, as if urgency itself were a strategy. This practice has persisted for years and has consistently undermined electoral prospects. When a new candidate is fielded, he or she needs time to understand local communities and leadership, to travel the length and breadth of the constituency, and to communicate, connect, and persuade skeptical voters.

Trust and credibility cannot be manufactured overnight. If the party is serious about renewal, it must give newcomers at least three months to engage with the electorate, understand local concerns, and demonstrate their ability to earn the electorate's confidence. Elections are not won through surprise announcements, but through sustained presence and meaningful engagement.

Finally, if the Congress Party is to succeed, it must rebuild its grassroots strength. With the CPM and BJP increasingly perceived to be operating in tacit collusion, the absence of a strong ground-level presence leaves the party dangerously exposed. Without committed workers embedded in communities, much can go wrong, often beyond the reach of corrective action.

Concerns surrounding the transparency of Electronic Voting Machines have further intensified anxieties about the fairness of elections. When the Election Commission appears unwilling to act decisively against those in power, the very fabric of democracy begins to fray. What is at stake is not merely electoral victory or defeat, but the credibility of democratic institutions themselves.

The UDF stands at a crossroads. It can either mistake momentary electoral signals for a revival or undertake the hard, uncomfortable work of renewal, clarifying leadership, restoring unity of purpose, prioritizing merit, rebuilding grassroots strength, and recommitting itself to democratic values.

The people of Kerala are watching closely. They will reward sincerity, preparation, and courage—but they will not forgive complacency. If the Congress-led alliance hopes to reclaim Kerala, it must move beyond hope and act with urgency, discipline, and vision.

# കാതോലിക്കേറ്റ് കോളജ് അലുംമ്നി അസോസിയേഷന് പുതിയ സാരഥികൾ

ജീമോൻ റാന്നി

സാൻഫ്രാൻസിസ്കോ: കേരളത്തിലെ ഏറ്റവും പ്രശസ്ത കോളജുകളിലൊന്നായ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിലെ ഏറ്റവും പ്രമുഖ പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മയായ പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് അലൂംമ്നി അസോസിയേഷൻ നോർത്ത് അമേരിക്കയ്ക്ക് ശക്തമായ നേതൃനിര നിലവിൽ വന്നു.

പുതിയ ഭാരവാഹികൾ: മാത്യു ജോർജ്- ചിക്കാഗോ (പ്രസിഡണ്ട്), കോശി സ്കറിയ- സാൻഫ്രാൻസിസ്കോ (വൈസ് പ്രസിഡണ്ട്), ഏബ്രഹാം ജോർജ്- അലബാമ (സെക്രട്ടറി), അനിൽ ജോസഫ് മാത്യു- സാൻഫ്രാൻസിസ്കോ (ട്രഷറർ).

എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ: വർഗീസ് ജോർജ് (അറ്റ്ലാന്റ), അലക്സാണ്ടർ മാത്യു (ഷോണി കൻസാസ്), സാറാമ്മ ജോൺ മാത്യു (ഹൂസ്റ്റൺ).

യുഎസ്എയിലും കാനഡയിലുമുള്ള എല്ലാ കാതോലിക്കേറ്റ് കോളജ് പൂർവവിദ്യാർത്ഥികളും സംഘടനയിൽ ചേർന്ന് പൂർവ വിദ്യാർത്ഥി കൂട്ടായ്മ ശക്തമാക്കുന്നതിന് സഹകരിക്കണമെന്ന് ഭാരവാഹികൾ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്:

മാത്യു ജോർജ് 630 865 4118, ഏബ്രഹാം ജോർജ് 334 275 1106, അനിൽ ജോസഫ് മാത്യു 209 624 6555.



Dr. Varghese George
Atlanta, Georgia



Mr. Alexander Mathew
Shawnee, Kansas



Mrs. Sarama John
Houston, Texas



Mr. Mathew George
Chicago, Illinois
**President**



Dr. Koshy Skaria
San Francisco, California
**Vice President**



Mr. Abraham George (Ajay)
Auburn, Alabama
**Secretary**



Mr. Anil Joseph Mathew
San Francisco, California
**Treasurer**

# ചിക്കാഗോ മലയാളി അസോസിയേഷൻ കലാമേള മാർച്ച് 28-ന്

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ ഈ വർഷത്തെ കലാമേള 'കലോത്സവ് 2026' വരുന്ന മാർച്ച് 28-ന് ബെൽവുഡ് സീറോ മലബാർ ചർച്ചിന്റെ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുന്നതിന് അസോസിയേഷൻ ബോർഡ് തീരുമാനിച്ചു.

നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ കലാമാമാങ്കമായ ചിക്കാഗോ മലയാളി അസോസിയേഷന്റെ കലാമേള, മത്സരാർത്ഥികളുടെ എണ്ണം കൊണ്ടും ജനപങ്കാളിത്തം കൊണ്ടും ഏറ്റവും ശ്രദ്ധേയമായ ഒരു പരിപാടിയാണ്. ഇത്തവണത്തെ കലാമേളയിലും കൂടുതൽ മത്സരാർത്ഥികളെ പ്രതീക്ഷിക്കുന്നതായി സംഘാടകർ പറഞ്ഞു.

കലാമേളയുടെ നിയമാവലി, രജിസ്ട്രേഷൻ എന്നിവ സംബന്ധിച്ച വിവരങ്ങൾ ചിക്കാഗോ മലയാളി അസോസിയേഷന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ കലാമേളയിലേക്ക് എല്ലാ മലയാളി സുഹൃത്തുക്കളെയും ക്ഷണിക്കുന്നതായി ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജോസ് മണക്കാട്ട്, സെക്രട്ടറി ബിജു മുണ്ടക്കൽ, ട്രഷറർ അച്ചൻകുഞ്ഞ് മാത്യു, വൈസ് പ്രസിഡണ്ട് ലൂക്ക് ചിറയിൽ, ജോയിന്റ് സെക്രട്ടറി സാറാ അനിൽ, ജോയിന്റ് ട്രഷറർ പ്രിൻസ് ഈപ്പൻ, കലാമേള ചെയർപേഴ്സൺ ഷൈനി ഹരിദാസ്, കോ-ഓർഡിനേറ്റർമാരായ ജോജോ വെങ്ങാന്തറ, മാത്യൂസ് ഏബ്രഹാം, സുവനീർ കൺവീനർ മനോജ് അച്ചേട്ട് എന്നിവർ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: ജോസ് മണക്കാട്ട് 847 830 4128, ബിജു മുണ്ടക്കൽ 773 673 8820, അച്ചൻകുഞ്ഞ് മാത്യു 847 912 2578, ഷൈനി ഹരിദാസ് 630 290 7143.


ജോസ് മണക്കാട്ട്


ബിജു മുണ്ടക്കൽ


അച്ചൻകുഞ്ഞ് മാത്യു



ലൂക്ക് ചിറയിൽ


സാറാ അനിൽ


പ്രിൻസ് ഈപ്പൻ


ജോജോ വെങ്ങാന്തറ


മാത്യൂസ് ഏബ്രഹാം


ഷൈനി ഹരിദാസ്

## ഇൻഹെയിൽ ചെയ്യാവുന്ന ഇൻസുലിൻ ആദ്യമായി ഇന്ത്യയിൽ അവതരിപ്പിച്ചു

തിരുവനന്തപുരം: പ്രമേഹ ചികിത്സാരംഗത്തു മാറ്റങ്ങൾക്കു വഴിയൊരുക്കി ശ്വാസത്തിലൂടെ ശരീരത്തിലെത്തിക്കാവുന്ന ഇൻസുലിൻ 'അഫ്രെസ' ഇന്ത്യയിൽ ആദ്യമായി തിരുവനന്തപുരത്ത് അവതരിപ്പിച്ചു. ജ്യോതിദേവ്സ് പ്രഫഷണൽ എജ്യുക്കേഷൻ ഫോറവും പി. കേശവദേവ് ട്രസ്റ്റും സംയുക്തമായാണ് 'അഫ്രെസ' പരിചയപ്പെടുത്തിയത്. അമേരിക്കയിലെ മാൻകൈൻഡ് കോർപ്പറേഷൻ നിർമിക്കുന്ന അഫ്രെസ, പ്രമുഖ മരുന്ന് നിർമാണ കമ്പനിയായ സിപ്ലയുടെ സഹകരണത്തോടെയാണ് ഇന്ത്യയിൽ ലഭ്യമാക്കുന്നത്. ഭക്ഷണസമയം ഉപയോഗിക്കാവുന്ന, അതിവേഗം പ്രവർത്തിക്കുന്ന ഇൻസുലിനാണ് അഫ്രെസ. ചെറിയ ഇൻഹേലർ ഉപകരണം വഴിയാണ് ഇത് ഉപയോഗിക്കുന്നത്.

മുതിർന്ന പ്രമേഹരോഗികളിൽ ഭക്ഷണത്തിനു ശേഷമുള്ള രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് നിയന്ത്രിക്കാൻ ഇത് സഹായിക്കുന്നു. ശ്വസിച്ച ഉടൻ പ്രവർത്തിച്ചു തുടങ്ങുന്ന രീതിയിലാണ് രൂപകൽപ്പന. വ്യത്യസ്ത ഡോസുകളിൽ, നിറം തിരിച്ചുള്ള കാട്രിഡ്ജുകളിൽ മരുന്ന് ലഭിക്കും. ടൈപ്പ് 1, ടൈപ്പ് 2 പ്രമേഹമുള്ള മുതിർന്നവർക്ക് ഇത് ഉപയോഗിക്കാമെങ്കിലും കുട്ടികളിൽ ഉപയോഗിക്കാൻ അനുമതിയില്ലെന്ന് വിദഗ്ധർ വിശദീകരിച്ചു.

ചലച്ചിത്രതാരം മണിയൻപിള്ള രാജു അഫ്രെസ അവതരണച്ചടങ്ങ് ഉദ്ഘാടനം ചെയ്തു. ഡോ. ജ്യോതിദേവ് കേശവദേവ്, ഡോ. മാത്യു ജോൺ, ഡോ. ടിട്ടു ഉമ്മൻ, ഡോ. പി.കെ. ജബ്ബാർ, ഡോ. അനീഷ് ഘോഷ് എന്നിവർ ശാസ്ത്രീയ ചർച്ചകൾക്കു നേതൃത്വം നൽകി. ഇൻഹേൽഡ് ഇൻസുലിന്റെ ക്ലിനിക്കൽ ഉപയോഗത്തെക്കുറിച്ചുള്ള ഗവേഷണ ഫലങ്ങളും പ്രായോഗിക നിർദേശങ്ങളും വിശദീകരിക്കുന്ന പ്രത്യേക സെഷൻ ഡോ. ജ്യോതിദേവ് കേശവദേവിന്റെ നേതൃത്വത്തിൽ നടന്നു. നൂറ്റൻപതോളം ഡോക്ടർമാർ പങ്കെടുത്തു.

## ഇന്ദിരാഗാന്ധി സമാധാന പുരസ്കാരം ഗ്രാസ മഷേലിന്



ന്യൂഡൽഹി: മൊസാംബിക്കൻ മനുഷ്യാവകാശ പ്രവർത്തക ഗ്രാസ മഷേലിന് 2025-ലെ ഇന്ദിരാഗാന്ധി സമാധാന പുരസ്കാരം. മുൻ ദേശീയസുരക്ഷാ ഉപദേഷ്ടാവ് ശിവശങ്കർ മേനോൻ അദ്ധ്യക്ഷനായ ജൂറിയാണ് ഗ്രാസയെ പുരസ്കാരത്തിനു തെരഞ്ഞെടുത്തത്. ഒരു കോടി രൂപയും പ്രശംസാപത്രവും അടങ്ങുന്നതാണ് അവാർഡ്.

ആരോഗ്യം, പോഷകാഹാരം, വിദ്യാഭ്യാസം, സാമ്പത്തിക ശക്തീകരണം തുടങ്ങിയ മേഖലകളിലെ പ്രവർത്തനം മാനിച്ചാണ് ഗ്രാസയെ അവാർഡിനു തെരഞ്ഞെടുത്തത്.

1945 ഒക്ടോബർ 17-നാണ് ഗ്രാസ ജനിച്ചത്. മൊസാംബിക്കിന്റെ ആദ്യ പ്രസിഡണ്ട് സമോറ മോയിസെസ് മഷേലിന്റെ ഭാര്യയായിരുന്നു ഇവർ. 1986-ൽ ഇദ്ദേഹം അന്തരിച്ചു. പിന്നീട് ദക്ഷിണാഫ്രിക്കൻ പ്രസിഡണ്ട് നെൽസൺ മണ്ഡേലയെ ഗ്രാസ വിവാഹം ചെയ്തു.

## ജനറിക് മരുന്നുകൾക്കും ബ്രാൻഡഡ് മരുന്നുകൾക്കും ഒരേ ഗുണനിലവാരമെന്ന് പഠനം

കുറഞ്ഞവിലയ്ക്ക് ലഭിക്കുന്ന ജനറിക് മരുന്നുകൾക്കും ഉയർന്ന വിലയുള്ള ബ്രാൻഡഡ് മരുന്നുകൾക്കും ഒരേ ഗുണനിലവാരമാണെന്ന് കണ്ടെത്തൽ. മിഷൻ ഫോർ എത്തിക്സ് ആൻഡ് സയൻസ് ഇൻ ഹെൽത്ത് കെയർ(മെഷ്) ആണ് പഠനംനടത്തി ഇത് തെളിയിച്ചിട്ടുള്ളത്.

ഒരു പുതിയ മരുന്നു കണ്ടെത്തുന്ന കമ്പനിക്ക് അനുവദിച്ചുകിട്ടിയ പേറ്റന്റ് കാലാവധി കഴിയുന്നതോടെ ആ മരുന്ന് ഏതുകമ്പനിക്കും നിർമിക്കാം. മരുന്നുകളുടെ രാസഘടന പാലിച്ച് കുറഞ്ഞവിലയ്ക്ക് മറ്റു കമ്പനികൾ നിർമിക്കുന്ന മരുന്നുകളെയാണ് ജനറിക് മരുന്നുകൾ എന്നു പറയുന്നത്. നീതി മെഡിക്കൽ ഷോപ്പ്, ജനൗഷധി പോലുള്ള സർക്കാർ സംവിധാനങ്ങളിലൂടെ കുറഞ്ഞവിലയ്ക്ക് ലഭ്യമാകുന്ന മരുന്നുകൾ അധികവും ജനറിക് ആണ്.

ബ്രാൻഡഡ് അല്ലാത്ത മരുന്നുകൾക്ക് ഗുണനിലവാരമില്ലെന്ന ഒരു പൊതുബോധം ജനത്തിനുണ്ട്. ഈ തെറ്റിദ്ധാരണയുണ്ടാക്കുന്നതിൽ ചില ഡോക്ടർമാർക്കും പങ്കുണ്ട്. ജനറിക് മരുന്നുകളുടെ അഞ്ചും പത്തും ഇരട്ടി വിലയ്ക്കാണ് പല ബ്രാൻഡഡ് മരുന്നുകളും വിൽക്കുന്നത്. ഈ സാഹചര്യത്തിലാണ് മെഷ് പഠനം നടത്തിയത്.

പ്രമേഹം, വേദന, അലർജി, ഹൃദ്രോഗം, രക്തസമ്മർദം, അണുബാധ, ദഹനപ്രശ്നം തുടങ്ങി സാധാരണരോഗങ്ങൾക്ക് ഉപയോഗിക്കുന്ന 22 മരുന്നുകളുടെ 132 സാംപിളാണ് പഠനത്തിന് ഉപയോഗിച്ചത്. ഇന്ന് മാർക്കറ്റിൽ ലഭ്യമായ പ്രധാന ബ്രാൻഡുകളുമായാണ് അസിത്രോമൈസിൻ, അമോക്സിലിൻ, മെറ്റ്ഫോർമിൻ, സിറ്റിറിസിൻ, തൈറോക്സിൻ, പാരസെറ്റമോൾ, പാന്റോപ്രസോൾ, ഫോളിക് ഈസിഡ് തുടങ്ങിയ ജനറിക് മരുന്നുകളെ താരതമ്യം ചെയ്തത്.

രണ്ടും തമ്മിൽ ഗുണനിലവാരത്തിൽ കാര്യമായ വ്യത്യാസമൊന്നും കണ്ടെത്തിയില്ല. എൻ.എ.ബി.എൽ അംഗീകൃത ലാബുകളിലായിരുന്നു എല്ലാ പരിശോധനയും. ഔഷധഘടകങ്ങളുടെ അളവ്, ഭാരം ലേബലിൽ സൂചിപ്പിച്ച ഘടകങ്ങളുടെ സാന്നിധ്യം, ശരീരത്തിൽ കൃത്യമായി പ്രവർത്തിക്കാനുള്ള ശേഷി, അപകടകരമായ ഘടകങ്ങൾ എന്നിവയെല്ലാം പരിശോധിച്ചിട്ടുണ്ട്. കരൾരോഗവിദഗ്ധനായ സിറിയക് ആബി ഫിലിപ്പിന്റെ നേതൃത്വത്തിലുള്ള ഗവേഷകസംഘമാണ് പരിശോധനയ്ക്ക് നേതൃത്വം നൽകിയത്.



KERALA EXPRESS പ്രവാസി താളുകൾ

# ദൈവത്തിനു മുഖപക്ഷമില്ല

എൽസി ബേബി

ഏകസത്യ ദൈവം, സകല സൃഷ്ടികളുടെയും സ്രഷ്ടാവ് ഏകൻമാത്രം. അതായത് നാം വിളിക്കുന്ന ദൈവം ഈശ്വരൻ, സ്രഷ്ടാവ്, കർത്താവ്, ദേവൻ എന്നൊക്കെ പറയുന്നതും വിശ്വസിക്കുന്നതും പരമാധികാരിയായ ഏകസത്യദൈവം മാത്രം. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. ധന്യനായ ഏകാധിപതിയും രാജാധിരാജാവും കർത്താധികർത്താവും താൻ മാത്രം. അമർത്യതയുള്ളതും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നതും മനുഷ്യർ ആരും കാണാത്തവനും കാണാൻ കഴിയാത്തവനും എന്നാകുന്നു ദൈവത്തെക്കുറിച്ചു വർണ്ണിച്ചിരിക്കുന്നത്. ഈ സ്വർഗ്ഗീയ പരമസത്യം ദൈവം മനുഷ്യമനസ്സിൽ നല്കി അനുഗ്രഹിച്ചിട്ടുണ്ട്. ദൈവത്തിന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെടുത്തിക്കൊണ്ടിരിക്കുകയാകുന്നു എന്നത് നമുക്കു ചുറ്റും കാണുന്ന ഭൂമണ്ഡലത്തെയും ആകാശവിതാനത്തേയും നോക്കുമ്പോൾ ബുദ്ധിയുള്ള ഏതു മനുഷ്യനും മനസ്സിലാക്കാവുന്ന വസ്തുതയാകുന്നു. ഭൂമിയെ അടിസ്ഥാനമിട്ട് ഇത്ര കൃത്യമായി കറങ്ങത്തക്കവിധം ഏത് അച്ചുതണ്ടിലാണ് വെച്ചിരിക്കുന്നതെന്ന് ആർക്കെങ്കിലും പറയാനൊക്കുമോ? കോടാനുകോടി നക്ഷത്രജാലങ്ങളെ അതത് സ്ഥാനങ്ങളിൽ നിർത്തി പ്രവർത്തിക്കുന്ന അദൃശ്യശക്തി ആരുടേതാണ്? അതുപോലെതന്നെ സൂര്യചന്ദ്രാദികളെ അതത് സ്ഥാനങ്ങളിൽ നിർത്തി, രാപ്പകലില്ലാതെ, വിഘ്നം കൂടാതെ പ്രവത്തിക്കുന്ന അദൃശ്യശക്തിയെക്കുറിച്ച് വ്യക്തമായ അറിവുള്ളവർ എത്രകാണും. അതുപോലെ കാറ്റ്, മഴ, വെയിൽ, മേഘം, പർവ്വതങ്ങൾ, താഴ്വരകൾ, നദികൾ, ജലാശയങ്ങൾ, കായലുകൾ, സമുദ്രങ്ങൾ ഇവയൊക്കെ സൃഷ്ടിച്ച് പ്രവർത്തിപ്പിക്കുന്ന അദൃശ്യശക്തി ആരുടേതാകുന്നു? എന്തിനേറെ സൂര്യൻ ഉദിക്കുന്നതും അസ്തമിക്കുന്നതും ക്രമമായി രാവും പകലും വേർതിരിച്ചിരിക്കുന്നതും കാലാവസ്ഥകൾ ഭൂമണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രമീകരിച്ചിരിക്കുന്ന അദൃശ്യശക്തി ആരുടേതാണ്?

ഇനി നമ്മുടെ ശരീരശാസ്ത്രത്തെക്കുറിച്ചു വിവരിക്കേണ്ടതുണ്ടോ? ഇത്രയൊക്കെ വിവരിച്ചത് നാം വിശ്വസിക്കുന്ന ഏകസത്യദൈവത്തിന്റെ ചില അപൂർവ്വതയെക്കുറിച്ച് മനസ്സിലാക്കുവാൻ വേണ്ടി മാത്രമാകുന്നു. അദൃശ്യനും പരമാധികാരിയുമായ ദൈവത്തിനു മുഖപക്ഷമില്ല എന്നു നാം അറിഞ്ഞിരിക്കേണ്ടതാകുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ ചിന്നിച്ചിതറി പാർക്കുന്ന ലോകജനതയ്ക്ക് ആശ്രയിപ്പാനും അനുഗ്രഹം യാചിക്കാനുമായി ഏകസത്യദൈവം സ്വർഗ്ഗസങ്കേതങ്ങളിൽ വസിക്കുന്നു എന്നു നാം വിശ്വസിക്കുന്നു. ദൈവം എല്ലാവരുടെയും ദൈവമാകുന്നു. ഒരു വ്യത്യാസവുമില്ല. പക്ഷേ, മനുഷ്യൻ എന്താണ് ചെയ്തത്? ചെയ്തുകൊണ്ടിരിക്കുന്നത്? അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്ന് ഓർത്ത് മഹത്വീകരിക്കുകയോ നന്ദി കാണിക്കുകയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥമായി നിന്ന് അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ട് അവർ മൂഢരായിപ്പോയി. അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാല്ക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മാറ്റിക്കളഞ്ഞു എന്നതാകുന്നു ദുഃഖസത്യം. അതുകൊണ്ട് ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെ മോഹങ്ങളിൽ സ്വന്തശരീരങ്ങളെ തമ്മിൽ തമ്മിൽ അപമാനിക്കേണ്ടതിന് അശുദ്ധിയിൽ ഏല്പിച്ചു. ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു. സൃഷ്ടിച്ചവനേക്കാൾ സൃഷ്ടിയെ ഭജിച്ച് ആരാധിച്ചു. അങ്ങനെ മനുഷ്യർ തങ്ങൾക്കു ബോധിച്ചതുപോലെ ദൈവങ്ങളെ ഉണ്ടാക്കി അവരുടെ നിരൂപണങ്ങളനുസരിച്ച് ദൈവങ്ങൾക്കും ദേവന്മാർക്കും ദേവതമാർക്കും വസിക്കുവാൻ അമ്പലങ്ങളും ക്ഷേത്രങ്ങളും പള്ളികളും മോസ്ക്കുകളും മറ്റും ഉണ്ടാക്കി. അതത് ജാതികൾ അവരവരുടെ മതങ്ങളുണ്ടാക്കി തങ്ങളുടെ ബുദ്ധിക്കനുസരണമായ പൂജകളും ചടങ്ങാചാരങ്ങളും ഉത്സവങ്ങളും മതങ്ങളുമൊക്കെ ഉണ്ടാക്കി യഥാർത്ഥ ഏകസത്യദൈവത്തിൽ നിന്നും അകന്നുപോയി. എന്നാൽ, ദൈവം അവരെ മറന്നില്ല. സ്നേഹമാകുന്ന ദൈവം തന്റെ മഹാകരുണയാൽ സ്നേഹവാത്സല്യം കൊണ്ട് സകല മനുഷ്യരേയും തന്നിലേക്ക് ആകർഷിക്കുവാൻ മാടിവിളിച്ചു കൊണ്ടാണിരിക്കുന്നത്.



ലേഖിക

ഇന്ന് ഈ ലോകത്തിൽ രണ്ട് വൻ ശക്തികളാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. നന്മയുടെ ഉറവിടമാകുന്ന ഏകസത്യദൈവശക്തിയും തിന്മയുടെ ഉറവിടമായ അന്ധകാരപ്രഭുവായ സാത്താന്റെ ശക്തിയും. ഓരോരുത്തർക്കും ആരെ തെരഞ്ഞെടുക്കണമെന്നു തീരുമാനമെടുക്കുവാനുള്ള സ്വാതന്ത്ര്യം ദൈവംതമ്പുരാൻ നല്കിയിട്ടുണ്ട്. ഏതു തെരഞ്ഞെടുക്കുന്നുവോ അവയ്ക്കെല്ലാം ഒരു അന്ത്യമുണ്ട് എന്ന സത്യം മറന്നുകൂടാ. നന്മയുടെ ഉറവിടമാകുന്ന ഏകസത്യദൈവത്തേയും ദൈവ കല്പനകളേയും പ്രമാണിച്ച് ദൈവകൃപയിലും ശക്തിയിലും സ്നേഹകാരുണ്യത്തിലും മാത്രം വിശ്വസിച്ചാശ്രയിച്ചു ജീവിക്കുന്നവർക്ക് മരണാനന്തരമുള്ള നിത്യാനന്ദ ഭാഗ്യത്തിലേക്ക് പ്രവേശിക്കാം. അതായത് ഏകസത്യദൈവത്തിന്റെയും ദൈവദൂതന്മാരുടെയും വാസസ്ഥലമായ മോക്ഷത്തിൽ ചിരകാലം വസിക്കാം. അതല്ല, തിന്മകളുടെ ഉറവിടമായ അന്ധകാരപ്രഭുവായ പിശാചിനേയും അവന്റെ പ്രവൃത്തികളേയും വിശ്വസിച്ചും ആശ്രയിച്ചും ജീവിക്കുന്നവർക്ക് തങ്ങളുടെ മരണാനന്തരം ചെന്നെത്തുവാനുള്ള നിത്യവാസം ഗന്ധകവും തീയും കത്തുന്ന നിത്യനരക ന്യായവിധിയിലായിരിക്കും. ഈ രണ്ട് സ്ഥലങ്ങളുടെ മദ്ധ്യേ വേറൊരു സ്ഥലവുമില്ല. ഇത് ദൈവം എല്ലാ മനുഷ്യരുടെയും മുമ്പാകെ വെച്ചിരിക്കുന്ന ഒരു സ്വർഗ്ഗീയ വ്യവസ്ഥയാകുന്നു. മനുഷ്യരാരും കെട്ടിച്ചമച്ച കിഴവിക്കഥയോ വ്യാജവാർത്തയോ ആണെന്നു കരുതരുത്. നന്മതിന്മകളെ തിരിച്ചറിയാനും ഏതു തെരഞ്ഞെടുക്കണമെന്നു തീരുമാനിക്കാനുമായി ദൈവം മനുഷ്യ മനസ്സുകളിൽ വെച്ചിട്ടുള്ള മനസ്സാക്ഷി എന്നൊരു ന്യായാധിപനുണ്ട് എന്നതു മറന്നുകൂടാ. തിന്മകളിലേക്കു തിരിയുമ്പോൾ മനസ്സാക്ഷി തടയും, ഉപദേശിക്കും. പക്ഷേ, മനസ്സാക്ഷിയെ അനുസരിക്കാതെ തിന്മകൾ പ്രവർത്തിച്ചാൽ അതിനു ലഭിക്കുന്ന ശിക്ഷയ്ക്കും പ്രതിഫലങ്ങൾക്കും ഉത്തരവാദി മനസ്സാക്ഷിയല്ല നിങ്ങൾ മാത്രമായിരിക്കും എന്നതും മറന്നുകൂടാ. ഇന്ന് ലോകപ്രകാരം നോക്കിയാൽ നന്മയെ തിന്മയായും തിന്മയെ നന്മയായും കോട്ടിമാറ്റി ജനങ്ങൾ കൂടുതൽ തിന്മകൾ പ്രവർത്തിക്കുന്നതിന്റെ പ്രധാന കാരണം തിന്മയുടെ ഉറവിടമാകുന്ന പിശാചിന്റെ മന്ത്രങ്ങൾക്ക് ചെവികൊടുത്ത് അവൻ നിരത്തി വെക്കുന്ന തിന്മയുടെ ആകർഷണങ്ങളായ പ്രവൃത്തികളിൽ ആകർഷിക്കപ്പെട്ട് ചതിയിൽപ്പെട്ടു നശിച്ചുപോകുന്നു എന്നതാകുന്നു. അതിന് മനുഷ്യനെയോ ദൈവത്തെയോ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. സ്വന്തം മനസ്സാക്ഷിയോടു മാത്രം ചോദിച്ചാൽ മതിയാകും. അതേ സമയം എത്ര വലിയ കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടിവന്നാലും മനസ്സാക്ഷിയെ അനുസരിച്ച് നന്മകൾ മാത്രം തെരഞ്ഞെടുക്കുന്നവർക്ക് ലോകപ്രകാരമുള്ള പ്രശസ്തികളോ ഗുണങ്ങളോ നഷ്ടമായേക്കാം. പക്ഷേ, അവർ അനുഭവിക്കുന്ന മാനസിക സന്തോഷവും സമാധാനവും അനന്തര ഫലങ്ങളും അനുഗ്രഹങ്ങളും നാം ഊഹിക്കുന്നതിനേക്കാളേറെ വിലയേറിയതായിരിക്കും. ഇവയുടെയൊക്കെ നല്ലനല്ല ഉദാഹരണങ്ങൾ ഇന്നു നമ്മുടെയൊക്കെ കൺമുമ്പിൽ നടക്കുന്ന സംഭവങ്ങൾ വീക്ഷിച്ചാൽ മാത്രം മതി.

ദൈവത്തിനു മുഖപക്ഷമില്ല. സ്നേഹവാനായ ദൈവം കരുണാസമ്പന്നനാകുന്നു. ആരും നശിച്ചുപോകാതെ നിത്യസൗഭാഗ്യത്തിലെത്തണം എന്ന ആഗ്രഹം മാത്രമേ ദൈവത്തിനുള്ളൂ. അതിനായി ഒരുക്കിയിട്ടുള്ള മോക്ഷമാർഗ്ഗം തെരഞ്ഞെടുക്കുക. നാശത്തിലേക്കു പോകുന്ന പാത വീതിയുള്ളതും വിശാലവും നിരവധി ലൗകിക മോഹങ്ങൾ നിറഞ്ഞതും ആകർഷകങ്ങളായ ലോക ഇമ്പങ്ങൾ നിറഞ്ഞ കൺമോഹം, ജഡമോഹം, ജീവത്തിന്റെ പ്രതാപം ഇവ നിറഞ്ഞതായിരിക്കും. അതിലൂടെ കടന്നുപോകുന്നവർ എത്തുന്നത് നിത്യനരകത്തിലായിരിക്കും. എന്നാൽ, ദൈവം ഒരുക്കിയിട്ടുള്ള മോക്ഷമാർഗ്ഗത്തിൽ കഷ്ടതകളും നഷ്ടങ്ങളും വേദനകളും രോഗദുഃഖാദികളും ഒക്കെ ഉണ്ടായെന്നു വരാം. പക്ഷേ, അവർ ചെന്നെത്തുന്നത് നിത്യസൗഭാഗ്യത്തിലായിരിക്കും. ഏതു തെരഞ്ഞെടുക്കണമെന്നത് നമ്മുടെ ഓരോരുത്തരുടെയും ചുമതലയും സ്വാതന്ത്ര്യവുമാകുന്നു. എല്ലാ ജാതിമത വിശ്വാസികളും ലോകാന്ത്യത്തിൽ വിശ്വസിക്കുന്നവരാണല്ലോ. ഒന്നുകിൽ മരണം, അല്ലെങ്കിൽ ലോകാവസാനം. അവ രണ്ടും എന്നാകുന്നുവെന്നോ എപ്പോഴാകുന്നുവെന്നോ പറയാനാവില്ല. അത് ഇന്നായിരിക്കാം എന്നോർത്ത് ഒരു തീരുമാനം എടുക്കുവാൻ നമുക്ക് ഒരുങ്ങാം. ഇന്നലെ കഴിഞ്ഞുപോയി, ഇനി അതു വരികില്ല, നാളെ എന്നൊന്നില്ല, അഥവാ നിശ്ചയമില്ല. ഇന്ന് എന്ന ഒരു ദിവസം മാത്രമേ നമുക്കു നമ്പുവാനുള്ളൂ. അതുകൊണ്ട് ഇന്ന് നമുക്കൊരുങ്ങി കാത്തിരിക്കാം. കർത്താവ് നമ്മെ സഹായിക്കട്ടെ.

## ഗാസ സമാധാന സമിതി പ്രഖ്യാപിച്ച് ട്രംപ്

ദാവോസ്: അമേരിക്കൻ പ്രസിഡണ്ട് ഡോണൾഡ് ട്രംപ് രൂപീകരിച്ച സമാധാന ബോർഡിന്റെ പ്രവർത്തനോദ്ഘാടനം സ്വിറ്റ്സർലൻഡിലെ ദാവോസിൽ ലോക സാമ്പത്തിക ഉച്ചകോടിക്കിടെ നടന്നു. ഇതുസംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനത്തിൽ ട്രംപ് ഒപ്പിട്ടു. സ്ഥാപക അംഗങ്ങളെന്ന നിലയിൽ പാകിസ്ഥാൻ പ്രധാനമന്ത്രി ഷെഹ്ബാസ് ഷരീഫ്, അർജന്റീന പ്രസിഡണ്ട് ഹാവിയർ മിലേ, ഹംഗേറിയൻ പ്രധാനമന്ത്രി വിക്തർ ഓർബൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

ഗാസ സമാധാന പദ്ധതിയുടെ ഭാഗമായി രൂപീകരിക്കുന്ന ബോർഡിന്റെ ചെയർമാൻ ട്രംപ് ആണ്. ഗാസയ്ക്കു പുറമേ മറ്റു സംഘർഷങ്ങളും കൈകാര്യം ചെയ്യാനുള്ള സമിതിയെന്ന നിലയിലാണ് ഇപ്പോഴത്തെ രൂപീകരണം.

ട്രംപിന്റെ സമാധാന ബോർഡ് ഐക്യരാഷ്ട്രസഭയെ അസ്ഥിരപ്പെടുത്തുമെന്ന നിരീക്ഷണമുണ്ട്. എന്നാൽ, ഇത്തരം ആശങ്കകൾ വേണ്ടെന്ന് അദ്ദേഹം ദാവോസിൽ പറഞ്ഞു. യുഎന്നിനു പകരമല്ല സമാധാന ബോർഡെന്നും യുഎൻ അടക്കമുള്ള സംഘടനകളുമായി ചേർന്നായിരിക്കും സംഘടന പ്രവർത്തിക്കുകയെന്നും ട്രംപ് പറഞ്ഞു. ഞങ്ങൾ ലോകത്ത് സമാധാനം സൃഷ്ടിക്കാൻ പോകുകയാണ്. ഒരു വർഷം മുമ്പ് ലോകത്ത് തീപിടിച്ചിരിക്കുകയായിരുന്നു. ഇപ്പോൾ ലോകത്തിനുള്ള ഭീഷണികൾ കുറഞ്ഞിട്ടുണ്ട്.

എട്ട് യുദ്ധങ്ങൾ അവസാനിപ്പിച്ചുവെന്ന അവകാശവാദം ട്രംപ് ആവർത്തിച്ചു. റഷ്യ-യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാനുള്ള നീക്കങ്ങളിൽ വലിയ പുരോഗതി കൈവരിക്കാനായി, റഷ്യൻ പ്രസിഡണ്ട് പുടിനെ ബോർഡിലേക്കു ക്ഷണിച്ചതിനെ ട്രംപ് ന്യായീകരിച്ചു.

ബോർഡിൽ അംഗമാകാൻ ഇന്ത്യ അടക്കം 60 രാജ്യങ്ങളെ ട്രംപ് ക്ഷണിച്ചിട്ടുണ്ട്. 30 രാജ്യങ്ങൾ ക്ഷണം സ്വീകരിച്ചു. ഐക്യരാഷ്ട്രസഭയെക്കുറിച്ചുള്ള ആശങ്കമൂലം ഫ്രാൻസ്, സ്വീഡൻ, നോർവേ തുടങ്ങിയ രാജ്യങ്ങൾ ക്ഷണം നിരസിച്ചു.




യുഎസ് പ്രസിഡണ്ട് ട്രംപ് താൻ രൂപീകരിച്ച സമാധാന ബോർഡിന്റെ സ്ഥാപന പ്രഖ്യാപനത്തിൽ ഒപ്പിട്ടശേഷം ഉയർത്തിക്കാട്ടുന്നു.

## ആർപിഎഫ് ഉദ്യോഗസ്ഥയ്ക്ക് റെയിൽവേ പരമോന്നത ബഹുമതി



ന്യൂഡൽഹി: റെയിൽവേ സ്റ്റേഷനിൽ അപകട സാഹചര്യങ്ങളിലെത്തിച്ചേരുന്ന കുട്ടികളെ രക്ഷിച്ച വനിതാ ആർപിഎഫ് ഇൻസ്പെക്ടർക്ക് റെയിൽവേയുടെ പരമോന്നത പുരസ്കാരം.

മൂന്നുവർഷത്തിനിടെ ഉത്തർപ്രദേശിലെ റെയിൽവേ സ്റ്റേഷനുകളിൽനിന്ന് 1500-ലധികം കുട്ടികളെ രക്ഷിച്ച റെയിൽവേ സംരക്ഷണ സേന (ആർപിഎഫ്) ഇൻസ്പെക്ടർ ചന്ദനാ സിൻഹയ്ക്കാണ് പുരസ്കാരം. ഛത്തീസ്ഗഢ് ബിലാസ്പൂർ സ്വദേശിയാണ്. 2010-ലാണ് സർവീസിൽ പ്രവേശിച്ചത്. 2024-ൽ മാത്രം 150-ലധികം കുട്ടികളെ രക്ഷപ്പെടുത്തി. അതിവിശിഷ്ട് റെയിൽ സേവാ പുരസ്കാരം കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവിൽനിന്നും അവർ ഏറ്റുവാങ്ങി. രക്ഷപ്പെടുത്തിയവരിൽ വീടുവിട്ടുവന്ന കുട്ടികളും മനുഷ്യക്കടത്ത് സംഘം തട്ടിക്കൊണ്ടുവന്നവരുമുണ്ടായിരുന്നു. റെയിൽവേ സ്റ്റേഷനുകളിൽ അപകടസാഹചര്യത്തിൽ എത്തിപ്പെടുന്നവരെയാണ് രക്ഷപ്പെടുത്തിയത്. സ്റ്റേഷനുകളിൽ കുട്ടികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളെ ചെറുക്കാനായി രൂപവത്കരിച്ച സേനയുടെ ചുമതലയും വഹിച്ചിരുന്നു.

# മാതാ അമൃതാനന്ദമയിയുമായി ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി കൂടിക്കാഴ്ച നടത്തി

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക്: ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി മാതാ അമൃതാനന്ദമയിയുമായി കൂടിക്കാഴ്ച നടത്തി. അമൃതാനന്ദമയിയുടെ ആസ്ഥാനമായ കരുനാഗപ്പള്ളിക്കടുത്തുള്ള പറയക്കടവിലെ ആശ്രമത്തിൽ ആയിരുന്നു കൂടിക്കാഴ്ച. ഹൃദയാശ്ലേഷത്തോടെയാണ് അമ്മ സജിമോൻ ആന്റണിയെ വരവേറ്റത്. സജിമോൻ ആന്റണി ഫൊക്കാനയുടെ പ്രവർത്തനങ്ങളെപ്പറ്റി അമ്മയ്ക്ക് വിശദീകരിച്ചു കൊടുത്തു. കൺവൻഷനിലേക്ക് ക്ഷണിക്കുകയും ചെയ്തു. ഏകദേശം ഏഴു മിനിറ്റിൽ കൂടുതൽ കാണുവാനും സംസാരിക്കുവാനും കഴിഞ്ഞു.




ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണനുമായി കൂടിക്കാഴ്ചയ്ക്കു വേണ്ടി അദ്ദേഹത്തിന്റെ ഓഫീസിൽ ഇരിക്കുന്ന സമയത്ത് മാതാ അമൃതാനന്ദമയിയുടെ ഓഫീസിലെ സീനിയർ ഡയറക്ടറുമായി നടന്ന അപ്രതീക്ഷിതമായ കൂടിക്കാഴ്ചയാണ് ഈ മീറ്റിംഗിലേക്ക് വഴിതെളിച്ചത്.

ആശ്രമത്തിന്റെ ചാരിറ്റി പ്രവർത്തനത്തെപ്പറ്റി അദ്ദേഹം ഫൊക്കാന പ്രസിഡണ്ടിനു വിവരിച്ചുകൊടുത്തു. വളരെയധികം ആളുകൾ കാത്തു നിൽക്കുമ്പോഴാണ് അമ്മ പ്രൈവറ്റായി കൂടിക്കാഴ്ച അനുവദിച്ചത്.

ഫൊക്കാനയുടെ പ്രവർത്തനങ്ങളിൽ അമ്മ എല്ലാവിധ ആശംസകളും നേർന്നു. സജിമോൻ ആന്റണിക്ക് അമ്മ പ്രത്യേക സമ്മാനവും നല്കി. സജിമോനോടൊപ്പം കേരള കോ-ഓർഡിനേറ്റർ സുനിൽ പാറക്കലും പങ്കെടുത്തു. ഫൊക്കാനയുടെ പ്രവർത്തനങ്ങളെ പ്രശംസിച്ചതിലും കൂടിക്കാഴ്ച അനുവദിച്ചതിലും പ്രസിഡണ്ട് സജിമോൻ ആന്റണി അമ്മയ്ക്കും ആശ്രമത്തിനും നന്ദി രേഖപ്പെടുത്തി.


## ഇ.എം. വർക്കി അന്തരിച്ചു



ഡാളസ്: പാമ്പാക്കുട എരവത്തുകുഴിയിൽ വീട്ടിൽ മത്തായി വർക്കി (ഇ.എം. വർക്കി-85) ഡാളസിൽ അന്തരിച്ചു. ഡാളസ് സെന്റ്. ഇഗ്നേഷ്യസ് മലങ്കര യാക്കോബായ കത്തീഡ്രൽ ഇടവകയിലെ ആദ്യകാല അംഗമായിരുന്നു. ഭാര്യ സാറാമ്മ വർക്കി (ഡാളസ്) പാമ്പാക്കുട കുന്നുമ്മേൽ കുടുംബാംഗമാണ്. മക്കൾ: സോണു വർക്കി, ഷോൺ വർക്കി (ഇരുവരും ഡാളസ്). മരുമക്കൾ: ലീന, ജാനിസ്. ജനുവരി 28-ന് ബുധനാഴ്ച രാവിലെ 8.30-ന് കരോൾട്ടൻ സെ. ഇഗ്നേഷ്യസ് മലങ്കര യാക്കോബായ കത്തീഡ്രലിൽ (2707 Dove creek, Carrolton, TX 75006) പൊതുദർശനവും തുടർന്ന് 1.30-ന് കോപ്പേൽ റോളിംഗ് ഓക്സ് സെമിത്തേരിയിൽ (Rolling Oaks Memorial center, 400 Freeport Parkway, TX 75019) സംസ്കാരവും നടക്കും.


കേരള അസോസിയേഷൻ ഓഫ് ഡാളസിന്റെ സജീവ പ്രവർത്തകനും ദീർഘകാല അംഗവുമായിരുന്ന ഇ.എം. വർക്കിയുടെ വിയോഗത്തിൽ കേരള അസോസിയേഷൻ ഓഫ് ഡാളസ് അഗാധമായ ദുഃഖം രേഖപ്പെടുത്തുകയും കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നതായി സെക്രട്ടറി മൻജിത് കൈനിക്കരയുടെ അനുശോചന സന്ദേശത്തിൽ പറയുന്നു.

വിവരങ്ങൾക്ക്: സോണു വർക്കി 469 867 7668.






# ലോകത്തെ ഏറ്റവും പഴയ ഗുഹാചിത്രം കണ്ടെത്തി



ഇന്തോനേഷ്യ: ശ്രദ്ധയോടെ അറ്റം കൂർപ്പിച്ചുവരച്ച ഒരു കൈപ്പത്തിയുടെ ചിത്രം ലോകത്തെ ഗുഹാചിത്രങ്ങളുടെയാകെ തലവര മാറ്റിയിരിക്കുകയാണ്. ഇന്തോനേഷ്യയിലെ സുലാവെസിയിൽ കണ്ടെത്തിയ ഈ ചിത്രത്തിന് 67,800 വർഷത്തെ പഴക്കമുണ്ടെന്നാണ് കണ്ടെത്തൽ. മുൻപ് ഏറ്റവും പഴയത് എന്നു കരുതിയിരുന്ന ഫ്രാൻസിലെ ഗുഹാചിത്രത്തേക്കാളും 30,000 വർഷം പഴയത്. മനുഷ്യന്റെ കൈപ്പത്തി പകർത്തിയശേഷം അത് മറ്റേതോ രൂപത്തിലേക്കു മാറ്റാൻ ശ്രമിച്ചിരിക്കുകയാണെന്നാണ് ഗവേഷകർ പറയുന്നത്. 2015-ലാണ് സുലാവെസി മേഖലയിലെ ഗുഹാചിത്രങ്ങളെ സംബന്ധിച്ച അന്വേഷണം ആരംഭിച്ചത്. 2024-ലും ഇതേ മേഖലയിൽ ഗുഹാചിത്രങ്ങൾ കണ്ടെത്തിയിരുന്നു.

# കശ്മീരിൽ ജയ്ഷ് ഭീകരനെ വധിച്ചു

ജമ്മു: ജമ്മു കശ്മീരിലെ കറുവയിൽ കൊടുംഭീകരനെ സുരക്ഷാസേന ഏറ്റുമുട്ടലിൽ വധിച്ചു. ജയ്ഷ് ഇ മുഹമ്മദ് (ജെഇഎം) കമാൻഡറായ പാകിസ്താൻ പൗരൻ ഉസ്മാൻ എന്ന അബു മാവിയയെയാണു സൈന്യം വധിച്ചത്. ഭീകരവിരുദ്ധ നടപടിയിൽ നിർണായക വിജയമാണിതെന്ന് സൈനികകേന്ദ്രങ്ങൾ വിലയിരുത്തുന്നു.

അതിർത്തിയിലൂടെ നുഴഞ്ഞുകയറിയശേഷം ഏതാനും വർഷങ്ങളായി ഉധംപൂർ-കറുവ മേഖലയിൽ ഏറെ തലവേദന സൃഷ്ടിച്ചിരുന്ന ഭീകരനാണ് ഉസ്മാൻ. ഒട്ടേറെത്തവണ സുരക്ഷാസേനയുടെ പിടിയിൽനിന്ന് ഇയാൾ രക്ഷപ്പെട്ടു. കഴിഞ്ഞ ഏഴിന് കാഹോഗ് വനമേഖലയിൽനിന്നും ആറുദിവസത്തിനുശേഷം നാജോതി വനമേഖലയിൽനിന്നും തലനാരിഴയ്ക്കാണ് ഇയാൾ സുരക്ഷാസേനയുടെ കണ്ണുവെട്ടിച്ച് രക്ഷപ്പെട്ടത്. ജനുവരി 23-ന് ബില്ലാവാർ മേഖലയിൽ നടത്തിയ സംയുക്ത നീക്കത്തിലാണ് ഉസ്മാനെ വധിക്കാനായതെന്ന് ജമ്മു റേഞ്ച് ഐജി ഭീം സെൻ തുടി അറിയിച്ചു.

എം4 ഓട്ടോമാറ്റിക് റൈഫിൾ ഉൾപ്പെടെ ഒട്ടേറെ ആയുധങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. ഭീകരർ ഒളിച്ചിരിക്കുന്നുവെന്ന രഹസ്യവിവരത്തെത്തുടർന്ന് ഒരു വീട് പരിശോധിക്കുന്നതിനിടെ വെടിയൊച്ച ഉയരുകയായിരുന്നു. സൈന്യം നടത്തിയ പ്രത്യാക്രമണത്തിൽ ഭീകരനെ വധിക്കുകയും ചെയ്തു. മിനിറ്റുകൾക്കുള്ളിൽത്തന്നെ കൊടുംഭീകരനെ വകവരുത്താൻ സുരക്ഷാസേനയ്ക്കു കഴിഞ്ഞു.

കിസ്ത്വാറിലെ ചത്രു മേഖലയിലെ സോന്നാർ, മന്ദ്രൽ-സിംഗ്പോറ ഉൾപ്പെടെ പ്രദേശങ്ങളിൽ കനത്ത മഞ്ഞുവീഴ്ചയ്ക്കിടയിലും ഭീകരർക്കായി ഏഴാംദിവസവും സുരക്ഷാസേന തെരച്ചിലിലാണ്.

# മിയ അന്ന ഗ്രീൻകപ്പ് ഇറ്റാലിയൻ ഓപ്പൺ ചാമ്പ്യൻഷിപ്പിന്

കോട്ടയം: ഗ്രീൻകപ്പ് ഇറ്റാലിയൻ ഓപ്പൺ ഷോട്ട് ഗൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യക്കു വേണ്ടി മെഡൽ നേടാൻ പ്ലസ് വൺ വിദ്യാർത്ഥിനി മിയ അന്ന. അകലങ്ങളിലേക്കു പറക്കുന്ന ലക്ഷ്യങ്ങളെ കൈപ്പിടിയിലാക്കുകയാണ് പുതുപ്പള്ളി ഇരവിനല്ലൂർ പാലത്തിങ്കൽ വീട്ടിൽ മിയ അന്നയുടെ ലക്ഷ്യം.

നാഷണൽ റൈഫിൾ അസോസിയേഷൻ ഓഫ് ഇന്ത്യ കഴിഞ്ഞ നവംബറിൽ പഞ്ചാബിലെ പട്യാലയിൽ സംഘടിപ്പിച്ച ദേശീയ ട്രാപ് ഷൂട്ടിങ്ങിൽ സ്വർണം നേടിയാണ് രാജ്യാന്തര ചാമ്പ്യൻഷിപ്പിൽ മിയ യോഗ്യത നേടിയത്. ജൂൺ 29 മുതൽ ജൂലൈ 12 വരെ ഇറ്റലിയിൽ നടക്കുന്ന ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന കേരളത്തിൽ നിന്നുള്ള ഏക അംഗമാണ്.

ഇന്റർനാഷണൽ സ്പോർട്സ് ഷൂട്ടിങ് ഫെഡറേഷൻ ഡിസംബറിൽ ഡൽഹിയിൽ നടത്തിയ നാഷണൽ ട്രാപ് ഷൂട്ട് ചാമ്പ്യൻഷിപ്പിൽ റിനൗണ്ട് ഷൂട്ടർ റാങ്ക് നേടിയിരുന്നു.

തോക്കെടുത്തപ്പോഴൊന്നും തോറ്റിട്ടില്ലെന്നും മിയയുടെ മാതാപിതാക്കൾ. ബിസിനസുകാരനായ ഗിരീഷ് കെ. പാലറ്റും ഭാര്യ സിനു പി. മാണിയും മകൾ മിയയുടെ 'തിര'യടങ്ങാത്ത മനസ്സിനൊപ്പമാണ്. ഗിരീഷ് കോട്ടയം റൈഫിൾ അസോസിയേഷൻ അംഗമാണ്. പുതുപ്പള്ളി ഡോൺബോസ്കോ സെൻട്രൽ സ്കൂൾ വിദ്യാർത്ഥിനിയാണ് മിയ. തെലങ്കാനയിലെ ഷൂട്ടിങ് റേഞ്ചിലാണ് 2023 മുതൽ ട്രാപ് ഷൂട്ടിൽ പരിശീലനം. സ്കൂൾ അവധി ദിവസങ്ങളിൽ അവിടെയെത്തും. സ്കൂൾ അധികൃതരും പരിശീലനത്തിനു പ്രോത്സാഹനം നല്കുന്നുണ്ടെന്ന് മിയ പറഞ്ഞു.

കോട്ടയം റൈഫിൾ അസോസിയേഷനിലും തെലങ്കാന സ്പോർട്സ് അതോറിറ്റിയിലും അംഗത്വമുണ്ട്. കളരിപ്പയറ്റു പഠിച്ചിട്ടുള്ള മിയ നാഷണൽ സ്പോർട്സ് കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പിൽ തുടർച്ചയായി മൂന്നു വർഷം സ്വർണം നേടി.



സഹോദരി മിലി മറിയം ബെംഗ്ളൂരുവിൽ ഗ്രാഫിക് ഡിസൈനറാണ്.

# ചികിത്സയും പ്രയത്നങ്ങളും വിഫലം: ദുർഗകാമിയുടെ ഹൃദയം നിലച്ചു

കൊച്ചി: കാത്തിരിപ്പും ശുശ്രൂഷയും ഒടുവിൽ വിഫലം. ജനറൽ ആശുപത്രികളുടെ ചരിത്രത്തിലാദ്യമായി ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയയായ നേപ്പാൾ സ്വദേശിനി ദുർഗകാമി (22) വിടവാങ്ങി. എറണാകുളം ജനറൽ ആശുപത്രിയിൽ ഡിസംബർ 22-നു നടന്ന ശസ്ത്രക്രിയയ്ക്കു ശേഷം ആരോഗ്യം വീണ്ടെടുക്കുന്നതിനിടെയാണ് ഡോക്ടർമാരെയും ആരോഗ്യപ്രവർത്തകരെയും കുടുംബാംഗങ്ങളെയും കണ്ണീരിലാഴ്ത്തി ദുർഗ ജനുവരി 22-ന് വ്യാഴാഴ്ച രാത്രി 10.05-ന് വിടവാങ്ങിയത്.



ശ്വാസകോശം നിലച്ചതും തുടർന്നുണ്ടായ ഹൃദയാഘാതവുമാണ് മരണകാരണമെന്ന് ആശുപത്രി അധികൃതർ വ്യക്തമാക്കി. ശസ്ത്രക്രിയ നടത്തി കൃത്യം ഒരുമാസം പിന്നിട്ടപ്പോഴാണ് മരണം.

ശസ്ത്രക്രിയയെ തുടർന്ന് നൽകിയ 680 മണിക്കൂർ ജീവൻരക്ഷാ ഉപകരണത്തി (എക്മോ)ന്റെ സഹായം കഴിഞ്ഞ 20-ന് ഉച്ചകഴിഞ്ഞതോടെ ഒഴിവാക്കിയിരുന്നു. തുടർന്ന് ദുർഗ ജീവൻരക്ഷാ യന്ത്രങ്ങളുടെ സഹായമില്ലാതെ സാധാരണ ജീവിതത്തിലേക്ക് കടന്നിരുന്നു.

പുസ്തകം വായിക്കുകയും ആഹാരം കഴിക്കുകയും മസിലുകളുടെ ശേഷി വീണ്ടെടുക്കാൻ ഫിസിയോതെറാപ്പി ആരംഭിക്കുകയും ചെയ്തിരുന്നു. അതിനിടെ 22-ന് ഉച്ചകഴിഞ്ഞതോടെയാണ് ശ്വാസകോശം പ്രവർത്തനരഹിതമായത്. നേപ്പാൾഗഞ്ചിൽ മലയാളി നടത്തുന്ന അനാഥാലയത്തിൽ വളർന്ന ബിരുദവിദ്യാർത്ഥിനിയായ ദുർഗയ്ക്ക് അപൂർവ ജനിതക രോഗമായ ഡാനൻസ് ഡിസീസ് ആയിരുന്നു. ഹൃദയം മാറ്റിവയ്ക്കലാണ് പരിഹാരമെന്ന് ഡോക്ടർമാർ വിധിയെഴുതി. ഹൈക്കോടതിയുടെ അനുകൂല ഉത്തരവ് ശസ്ത്രക്രിയയ്ക്ക് വഴിയൊരുക്കി. അങ്ങനെയാണ് മസ്തിഷ്ക മരണം സംഭവിച്ച കൊല്ലം സ്വദേശി ഷിബുവിന്റെ ഹൃദയം മാറ്റിവെച്ചത്.

ഇതേ അസുഖം ബാധിച്ച് അമ്മയും സഹോദരിയും ലഖ്നൗവിലും കാഠ്മണ്ഡുവിലും ചികിത്സ നടത്തിയിരുന്നു.

# ബെയ്‌ലി പാലം നിർമിച്ച സംഘത്തിലെ വനിതയ്ക്ക് പുരസ്കാരം

വയനാട്: 2024-ലെ ഉരുൾപൊട്ടലിൽ വയനാട് ചൂരൽമലയിൽ 22 മണിക്കൂർ കൊണ്ട് ബെയ്‌ലി പാലം നിർമ്മിച്ച സംഘത്തിലെ വനിതാ എഞ്ചിനീയർ ലഫ്.കേണൽ സീത അശോക് ഷെൽക്കെയ്ക്ക് സുഭാഷ് ചന്ദ്രബോസ് ആപ്ത പ്രബന്ധൻ പുരസ്കാരം. വയനാട്ടിലെ സേവനം പ്രമാണിച്ച് വ്യക്തിഗത വിഭാഗത്തിലാണ് മഹാരാഷ്ട്ര സ്വദേശിയായ സീതയ്ക്ക് പുരസ്കാരം ലഭിച്ചത്.



മുണ്ടക്കൈയിലെ പാലം ഉരുൾപൊട്ടലിൽ തകർന്നതോടെയാണ് പ്രദേശവും ചൂരൽമലയും വേർപെട്ടത്. ബെയ്‌ലിപാലം വന്നതോടെ രക്ഷാപ്രവർത്തനം വേഗത്തിലായി. സൈന്യത്തിന്റെ മദ്രാസ് എൻജിനീയറിങ് ഗ്രൂപ്പാണ് (എംഇജി) 190 അടി നീളമുള്ള പാലം നിർമ്മിച്ചത്. സംഘത്തിലെ ഏകവനിത സീതയായിരുന്നു.

# ബാസിലസ് സബ്റ്റിലസ് സംസ്ഥാന സൂക്ഷ്മാണു

തിരുവനന്തപുരം: മണ്ണിലും ജലത്തിലും ഫെർമന്റഡ് ഭക്ഷണങ്ങളിലും മനുഷ്യരുടെയും മൃഗങ്ങളുടെയും കുടലിലും കാണപ്പെടുന്ന ബാസിലസ് സബ്റ്റിലസ് എന്ന ബാക്ടീരിയയെ കേരളത്തിന്റെ സംസ്ഥാന സൂക്ഷ്മാണുവായി പ്രഖ്യാപിച്ചു.

ഹേബാസിലസ് ഗ്രാസ്, ബാസിലസ് എന്നെല്ലാം അറിയപ്പെടുന്നതാണ് ഈ സൂക്ഷ്മാണു. രോഗനിയന്ത്രണം, കാർഷിക ഉല്പാദന വർദ്ധന, ക്ഷീരോല്പാദന വർദ്ധന എന്നിവയ്ക്കെല്ലാം സഹായകമാകുന്ന ബാക്ടീരിയയാണ്. തിരുവനന്തപുരം കഴക്കൂട്ടം കിൻഫ്രയിൽ പ്രവർത്തനം ആരംഭിച്ച സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോ ബയോം നാടിനു സമർപ്പിക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയനാണ് സംസ്ഥാന സൂക്ഷ്മാണുവിനെ പ്രഖ്യാപിച്ചത്.

ഇതോടെ സ്വന്തം സംസ്ഥാന സൂക്ഷ്മാണുവിനെ പ്രഖ്യാപിക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം. മനുഷ്യരുടെയും മൃഗങ്ങളുടെയും ആരോഗ്യം, കൃഷി, വ്യവസായം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ സൂക്ഷ്മാണുക്കൾ വഹിക്കുന്ന അനിവാര്യ പങ്കിനെക്കുറിച്ച് ബോധവത്കരണം നടത്തുന്നതിന്റെ ഭാഗമായാണ് സംസ്ഥാന സൂക്ഷ്മാണുവിനെ പ്രഖ്യാപിച്ചത്.

# യേശുജീവിതത്തെ കാൻവാസിൽ പകർത്തിയ സംഘത്തിന് അംഗീകാരം

കോട്ടയം: യേശു ക്രിസ്തുവിന്റെ ജീവിതം മ്യൂറൽ പെയിന്റിംഗിലൂടെ അവതരിപ്പിച്ച ആർട്ടിസ്റ്റ് വിനയ ബോബന്റെ നേതൃത്വത്തിലുള്ള 21 അംഗ സംഘത്തിന് അംഗീകാരം. കന്യകമറിയത്തിന്റെ ജനനം മുതൽ ഈശോയുടെ സ്വർഗാരോഹണം വരെ 90 ചിത്രങ്ങളാണ് ആർട്ടിസ്റ്റ് ജോർജ് ഫെർണാണ്ടസിന്റെ മേൽനോട്ടത്തിൽ വിനയ ബോബനും സംഘവും അവതരിപ്പിച്ചിരിക്കുന്നത്. കേരള ആർട്ട്ഫോമിലാണു ചിത്രങ്ങൾ വരച്ചിരിക്കുന്നതും നിറം നൽകിയിരിക്കുന്നതും. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവരാണ് വിനയയുടെ സംഘത്തിലുള്ളത്.

തിരുവനന്തപുരം വൈഎംസിഎയിൽ നടത്തിയ എക്സിബിഷൻ വളരെയധികം ശ്രദ്ധിക്കപ്പെട്ടു. എക്സിബിഷനും ടീമിലെ എല്ലാ ആർട്ടിസ്റ്റുമാർക്കും ഇന്റർനാഷണൽ ബുക്ക് ഓഫ് റിക്കാർഡിന്റെ മെഡലും സർട്ടിഫിക്കറ്റും ലഭിച്ചു.

കോട്ടയം കഞ്ഞിക്കുഴി മാക്കിയിൽ കുടുംബാംഗമായ വിനയയ്ക്ക് ഭർത്താവ് തെള്ളകം കാരിത്താസ് ആശുപത്രിയിലെ ഡോക്ടർ ബോബൻ തോമസും പിതാവ് തോമസ് മാക്കിയിലും പിന്തുണയും പ്രോത്സാഹനവും നൽകുന്നു.

കാൻസർ രോഗികൾക്കായുള്ള കൗൺസിലിംഗ് പ്രവർത്തനങ്ങളിലും വിനയ സജീവമാണ്.

# തേജസ്വി യാദവ് ആർജെഡി വർക്കിങ് പ്രസിഡണ്ട്

ന്യൂഡൽഹി: തേജസ്വി യാദവിനെ ആർജെഡിയുടെ ദേശീയ വർക്കിങ് പ്രസിഡണ്ടായി പാർട്ടിയുടെ ദേശീയ നിർവാഹക സമിതി യോഗം തെരഞ്ഞെടുത്തു. പട്നയിൽ ചേർന്ന യോഗത്തിൽ മുതിർന്ന നേതാക്കളായ ലാലുപ്രസാദ് യാദവ്, റാബ്രിദേവി, ദേശീയ-സംസ്ഥാന നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

ബിജെപിയും സംഘപരിവാർ സംഘടനകളും ഭരണഘടനയ്ക്കു മേൽ കൈയേറ്റം തുടരുകയാണെന്നും ബഹുസ്വരതയും ജനാധിപത്യവും സംരക്ഷിക്കുന്നതിന് മതേതര ജനാധിപത്യ ശക്തികളുടെ ഐക്യം ഊർജിതമാക്കേണ്ടതാണെന്നും അതിന് തേജസ്വി നേതൃത്വം നല്കണമെന്നും രാഷ്ട്രീയ പ്രമേയം പറഞ്ഞു.

പാർട്ടി അഖിലേന്ത്യാ ജനറൽ സെക്രട്ടറി എ. നീലലോഹിതദാസ് കേരളത്തെ പ്രതിനിധാനം ചെയ്തു പ്രസംഗിച്ചു.

ദേശീയ നിർവാഹക സമിതി അംഗങ്ങളായ കെ.പി. മോഹനൻ, മനയത്ത് ചന്ദ്രൻ, അനു ചാക്കോ, വി. കുഞ്ഞാലി എന്നിവരും യോഗത്തിൽ പങ്കെടുത്തു.

# മലയാളിയുടെ സ്റ്റാർട്ടപ്പിന് 73 കോടി രൂപ സഹായം

ന്യൂഡൽഹി: മലയാളിയായ പ്രശാന്ത് വാരിയരുടെ ക്യൂർ ഡോട്ട് എഐ സ്റ്റാർട്ടപ്പിന് ബിൽ ഗേറ്റ്സിന്റെ ഗേറ്റ്സ് ഫൗണ്ടേഷനിൽ നിന്ന് ഏകദേശം 73 കോടി രൂപയുടെ (80 ലക്ഷം ഡോളർ) ഗ്രാന്റ് ലഭിച്ചു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ ചെസ്റ്റ് എക്സ്-റേ പരിശോധിച്ച് ശ്വാസകോശ രോഗങ്ങൾ കണ്ടെത്തുന്ന സംവിധാനമാണ് ക്യൂർ ഡോട്ട് എഐയുടേത്. പട്ടാമ്പി സ്വദേശിയായ പ്രശാന്ത് വാരിയരുടെ സ്ഥാപനം മുംബൈ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്.

പരമ്പരാഗത ഇമേജിങ് സംവിധാനമില്ലാത്ത സ്ഥലങ്ങളിൽ നൂതന സാങ്കേതികവിദ്യയുപയോഗിച്ച് ക്ഷയരോഗം, ന്യുമോണിയ തുടങ്ങിയവ കണ്ടുപിടിക്കാം.

എഐ ഉപയോഗിച്ചു സിടി സ്കാനുകളുടെ പ്രാഥമിക പരിശോധന നടത്തുന്ന സംവിധാനം ക്യൂർ ഡോട്ട് എഐ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയിരുന്നു. സാധാരണ ചിത്രങ്ങൾ കംപ്യൂട്ടറിനു മനസ്സിലാക്കാൻ കഴിയുമെങ്കിലും സിടി സ്കാൻ, എക്സ്റേ റിപ്പോർട്ടുകൾ പോലുള്ളവ വിലയിരുത്തുക എളുപ്പമല്ല. തിരക്കുള്ള ആശുപത്രികളിൽ എത്തുന്ന രോഗികളിൽ ഗുരുതരമായ കേസുകൾ അതിവേഗം കണ്ടെത്താൻ ക്യൂർ എഐ സഹായിക്കും.

# കുറത്തിക്കുടിയിലെ ഗോത്ര ജനത വിമാനത്തിൽ പറന്നു



കുറത്തിക്കുടിയിലെ തദ്ദേശ ജനത ബംഗളൂരു യാത്രയ്ക്കായി വിമാനത്തിൽ കയറിയപ്പോൾ.

അടിമാലി: അടിമാലി പഞ്ചായത്തിലെ കുറത്തിക്കുടി ഉന്നതിയിൽനിന്നുള്ള തദ്ദേശ ജനത ആദ്യമായി വിമാനത്തിലും ട്രെയിനിലും മെട്രോയിലും യാത്ര ചെയ്തു. ഒൻപതുകാരൻ ഹരികൃഷ്ണൻ മുതൽ 61-കാരൻ ചീരാങ്കാൾ പാട്ടി വരെ ഉൾപ്പെടുന്ന 35 അംഗ സംഘമാണ് കുടുംബശ്രീ ജില്ലാ മിഷൻ കുറത്തിക്കുടി പട്ടികവർഗ പ്രത്യേക പദ്ധതി പ്രകാരം ബംഗളൂരുവിലേക്ക് വിനോദയാത്ര നടത്തിയത്.

വാഹന ഗതാഗതംപോലും അന്യമായ കുറത്തിക്കുടിയിൽനിന്ന് കുട്ടികളെയും കുടുംബശ്രീ അംഗങ്ങളായ വനിതകളെയും കൂട്ടി അടിമാലിയിൽനിന്ന് എസി ടൂറിസ്റ്റ് ബസിൽ യാത്ര ആരംഭിച്ച സംഘം നെടുമ്പാശേരിയിൽനിന്നു വിമാനത്തിൽ ബംഗളൂരുവിലേക്കു പുറപ്പെട്ടു.

എയർപോർട്ടിനുള്ളിലെ സുരക്ഷാ പരിശോധനയും മറ്റ് കാഴ്ചകളും എസ്കലേറ്ററിന്റെ ഉപയോഗവും എല്ലാം സംഘത്തിനു പുതുമയായിരുന്നു. വിമാനത്തിനുള്ളിലേക്ക് കയറിയപ്പോൾ ഒരു ഹാളിൽ കയറിയപോലെയാണ് എന്ന് പറഞ്ഞവർ വിമാനം ഓടിത്തുടങ്ങിയപ്പോൾ മുഖഭാവം മാറി കണ്ണുകൾ അടച്ച് അടുത്തിരിക്കുന്നവരുടെ കൈകളിൽ മുറുകെപ്പിടിച്ചു.

എന്നാൽ പറന്ന് ഉയർന്നു കഴിഞ്ഞതോടെ എല്ലാവർക്കും ധൈര്യമായി. ജനാലകളിലൂടെ കാഴ്ചകൾ കണ്ടു സന്തോഷത്തോടെ ഓരോരുത്തരും കഥകൾ പറഞ്ഞ് ഇരുന്നു. ബംഗളൂരുവിൽ എത്തിയ സംഘം ആദ്യംപോയത് കേന്ദ്രസർക്കാർ സ്ഥാപനമായ സയൻസ് മ്യൂസിയം കാണുന്നതിനാണ്.

തുടർന്ന് ലാൽബാഗ് ബൊട്ടാണിക്കൽ ഗാർഡൻ, ഇസ്കൺ ടെമ്പിൾ, വിധാൻ സൗധ, മാർക്കറ്റ് എന്നിവിടങ്ങളൊക്കെ സന്ദർശിച്ച് ബംഗളൂരു മെട്രോയിലും കയറി എസി ട്രെയിനിൽ ആലുവയ്ക്ക് തിരിച്ചു.

ഇടുക്കിയിലുള്ള ബ്രൈറ്റ് ടൂർസ് & ട്രാവൽസ് ആണ് സംഘത്തിന്റെ യാത്ര കോ-ഓർഡിനേറ്റ് ചെയ്തത്.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 91.57 |
| യൂറോ | 107.74 |
| സ്റ്റെർലിംഗ്പൗണ്ട് | 125.09 |
| സ്വിസ് ഫ്രാങ്ക് | 116.85 |
| സിംഗപ്പൂർ ഡോളർ | 71.22 |
| കനേഡിയൻ ഡോളർ | 66.40 |
| ഒമാൻ റിയാൽ | 238.80 |
| ബഹ്റൈൻ ദിനാർ | 243.57 |
| സൗദി റിയാൽ | 24.46 |
| യു.എ.ഇ. ദിർഹം | 24.94 |
| കുവൈത്ത് ദിനാർ | 299.37 |



# കുഞ്ഞുമനസ്സുകൾ കീഴടക്കാൻ ‘സ്നേഹ’വുമായി വിദ്യാഭ്യാസവകുപ്പ്

കോട്ടയം: ‘എല്ലാവരും ദിവസവും യൂണിഫോമിട്ടുവരുമല്ലോ അല്ലേ?’- അസംബ്ലിയിൽ പ്രധാനാദ്ധ്യാപിക മുഖം നിറയെ ചിരിയുമായി അനൗൺസ് ചെയ്യുന്നു. മറ്റൊരു അദ്ധ്യാപിക ചിരിച്ചുകൊണ്ട് ഹോംവർക്ക് ചെയ്യണമെന്നായി. സ്നേഹത്തോടെ പറയുന്ന കാര്യങ്ങളേ പ്രാവർത്തികമാകൂവെന്ന് ബോദ്ധ്യപ്പെടുത്താനായി പൊതുവിദ്യാഭ്യാസവകുപ്പിന്റെ ‘സ്നേഹം’ പദ്ധതി സ്കൂളുകളിൽ ഉഷാറാകുകയാണ്.

വിദ്യാർത്ഥികളോട് സ്നേഹത്തോടെ സംസാരിക്കൂ. ശാസിക്കാതിരിക്കൂ. ചിരിച്ചുകൊണ്ട് സംസാരിക്കൂ- വിദ്യാർത്ഥികളുടെ മാനസിക സുസ്ഥിരതയ്ക്കും പഠനപുരോഗതിക്കുമായി സ്നേഹം എന്നപേരിൽ ആറ് വിഷയാടിസ്ഥാനത്തിലുള്ള വാരം ആചരിക്കാനാണ് അദ്ധ്യാപകർക്ക് നിർദേശം.

കുട്ടികളും അദ്ധ്യാപകരും ആരെയും ശാസിക്കുകയില്ല എന്ന തീരുമാനം പരിശീലിക്കുന്ന ആഴ്ചയാണ് ശാസനയില്ലാവാരം. ദേഷ്യത്തോടെ ഉച്ചത്തിൽ സംസാരിക്കില്ല. കുറഞ്ഞ മാർക്ക്, തെറ്റായ പെരുമാറ്റം മുതലായവയ്ക്ക് കുട്ടിയെ പേരു പറഞ്ഞ് ലജ്ജിപ്പിക്കുകയോ ആത്മാഭിമാനം ഹനിക്കുംവിധം പെരുമാറാനോ പാടില്ല. കുട്ടികളെ അദ്ധ്യാപകരോടും മാതാപിതാക്കളോടും കൂട്ടുകാരോടും ദേഷ്യത്തിലും ശബ്ദമുയർത്തിയും സംസാരിക്കാതിരിക്കാനും ശീലിപ്പിക്കും. മൊബൈൽ അടിമത്തം കുറയ്ക്കാനാണ് ഡിജിറ്റൽ ഉപവാസവാരം.

തീമാറ്റിക് വാരങ്ങളിൽ കുട്ടികളും അദ്ധ്യാപകരും തമ്മിലുള്ള ആത്മബന്ധം സ്ഥാപിക്കാൻ അദ്ധ്യാപകർ കുട്ടികളോടൊപ്പം ക്ലാസിൽ ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കണം. ഓരോ അദ്ധ്യാപകനും തന്റെ വിദ്യാർത്ഥികളോട് ദിവസവും ഒരുതവണയെങ്കിലും ആ കുട്ടി പറഞ്ഞതോ ചെയ്തതോ ആയ നല്ല കാര്യത്തിന് പ്രശംസ, പ്രോത്സാഹന വാക്ക് പറയാൻ ബോധപൂർവ്വം ശ്രമിക്കണം.

കളികൾ ലക്ഷ്യമിട്ടുള്ളതാണ് ‘നാരങ്ങ മുട്ടായി’. പരിപാടി ഇതിനകം തന്നെ പല സ്കൂളിലും ഇത് തുടങ്ങിക്കഴിഞ്ഞു.

വിദ്യാർത്ഥികൾ, മാതാപിതാക്കൾ, അദ്ധ്യാപകർ എന്നിവരെയാണ് ‘സ്നേഹം’ ലക്ഷ്യമിടുന്നത്. ഇതിന് പ്രത്യേകമായ പീരിയഡോ പഠനസമയമോ ഇല്ല. പകരം ആറാഴ്ചകളായി പ്രത്യേക തീമുകൾ ഊന്നിയുള്ള ശീലങ്ങളാണ് ലക്ഷ്യമിടുന്നത്.

# ഫിസിയോ, ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾക്ക് ഡോക്ടർ പദവി ചേർക്കാമെന്ന് ഹൈക്കോടതി

കൊച്ചി: അംഗീകൃത മെഡിക്കൽ ഡിഗ്രി ഇല്ലാത്ത ഫിസിയോതെറാപ്പിസ്റ്റുകളും പേരിനു മുന്നിൽ ഡോക്ടർ എന്നു ചേർക്കുന്നതും സ്വതന്ത്ര പ്രാക്ടീസ് നടത്തുന്നതും വിലക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഹർജികൾ ഹൈക്കോടതി തള്ളി. രോഗപ്രതിരോധം, രോഗശമനം, പുനരധിവാസം, ആരോഗ്യപ്രവർത്തനം തുടങ്ങിയ മേഖലകളിൽ സേവനം നൽകാൻ ഹെൽത്ത് കെയർ പ്രഫഷണലുകൾക്ക് അർഹതയുണ്ടെന്നു വിലയിരുത്തിയാണ് ജസ്റ്റിസ് വി.ജി. അരുണിന്റെ ഉത്തരവ്. ഇന്ത്യൻ അസോസിയേഷൻ ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷനും ഇന്ത്യൻ മെഡിക്കൽ അസോസിയേഷനുമടക്കം സമർപ്പിച്ച ഹർജികളാണ് തള്ളിയത്. എതിർകക്ഷികൾക്ക് അനുകൂലമാകുന്ന നാഷണൽ മെഡിക്കൽ കൗൺസിൽ നിയമത്തിന്റ ഷെഡ്യൂളിലെയും കരിക്കുലത്തിന്റെയും ചില വ്യവസ്ഥകൾ വ്യാഖ്യാനത്തിലൂടെ പരിമിതപ്പെടുത്തണമെന്നാണ് എംബിബിഎസും സമാന ബിരുദവുമുള്ള ഹർജിക്കാർ ആവശ്യപ്പെട്ടിരുന്നത്. പാർലമെന്റ് പാസാക്കിയ ഒരു നിയമത്തിലെ വ്യവസ്ഥകൾ ഇത്തരത്തിൽ പരിമിതപ്പെടുത്താൻ കോടതികൾ സാധാരണ ഗതിയിൽ തയാറാകാറില്ലെന്ന് ഉത്തരവിൽ വ്യക്തമാക്കി.

ഫിസിയോതെറാപ്പിസ്റ്റുകളെയും ഒക്യുപേഷണൽ തെറാപ്പിസ്റ്റുകളെയും മെഡിക്കൽ പ്രഫഷണലുകളെ സഹായിക്കുന്ന ഒരു വിഭാഗമായി മാത്രം ചുരുക്കാൻ തക്കതായ കാരണങ്ങളൊന്നുമില്ലെന്നും കോടതി പറഞ്ഞു.

# ഹൈക്കോടതികൾ നീതിയുടെ പ്രാഥമിക കാവൽക്കാരെന്ന്

മുംബൈ: സാധാരണ പൗരന് നീതി ഉറപ്പാക്കേണ്ട പ്രാഥമിക കാവൽക്കാരനാണ് ഹൈക്കോടതികളെന്നും നിയമവാഴ്ചയിൽ വീഴ്ചകൾ ഉണ്ടാകുമ്പോൾ പരാതിക്കാർ വാതിലിൽ വന്നു മുട്ടുന്നതുവരെ കാത്തിരിക്കരുതെന്നും സുപ്രീംകോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്ത് പറഞ്ഞു.

നീതി വൈകുന്നത് നീതിനിഷേധം മാത്രമല്ല, നീതിയെ നശിപ്പിക്കലാണ്. തർക്കങ്ങൾ എത്ര കാര്യക്ഷമമായി തീർപ്പാക്കുന്നു എന്നതിനപ്പുറം എത്ര വിവേകത്തോടെ അതു പരിഹരിക്കുന്നു എന്നിടത്താണ് നീതിയുടെ ഭാവി. മധ്യസ്ഥത പ്രോത്സാഹിപ്പിക്കുന്ന അന്തരീക്ഷം കോടതികളിൽ സൃഷ്ടിക്കണം.

നീതി തേടിവരുന്നവരുടെ മുൻപിൽ അവസാന വാക്ക് സുപ്രീംകോടതി ആണെങ്കിലും ഹൈക്കോടതികൾക്കും സുപ്രധാന പങ്കുണ്ട്.

പരിസ്ഥിതി സംരക്ഷണത്തിനു തടവുകാരടക്കമുള്ള ഓരോ മനുഷ്യന്റെയും അന്തസ്സ് ഉറപ്പാക്കുന്നതിനും കുടിയേറ്റ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഹൈക്കോടതികൾ നിർദേശങ്ങൾ നല്കുന്നത് നമ്മൾ കണ്ടിട്ടുണ്ട്.

വ്യവസ്ഥയുടെ പരാജയങ്ങൾ തിരിച്ചറിയുന്നതിനു കോടതികൾ കൂടുതൽ സജീവമാകണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.


ബോംബെ ഹൈക്കോടതി സംഘടിപ്പിച്ച അനുമോദനച്ചടങ്ങിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

# ജാതിയും മതവുമില്ലാതെ, ജയിച്ച കോൺഗ്രസ് സ്ഥാനാർത്ഥി

തിരുവനന്തപുരം: മലപ്പുറത്തും കാസർകോട്ടും ജയിച്ചവരുടെ പേരു നോക്കാൻ പറഞ്ഞ മന്ത്രി സജി ചെറിയാൻ വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിലെ കാട്ടാക്കട ഡിവിഷനിൽ നിന്നു ജയിച്ച കോൺഗ്രസ് സ്ഥാനാർഥിയുടെ കൂടി പേരു നോക്കണം-അനുഷ്മ ബഷീർ പേരിലെ ബഷീർ കൊണ്ട് ഒരു പ്രത്യേക മതക്കാരിയെന്നു വിളിക്കാനാകുമോ? ഇല്ലെന്നു പറയുന്നത് അനുഷ്മ ബഷീർ തന്നെയാണ്. തനിക്കു മതവും ജാതിയും ഇല്ലെന്ന് എസ്.എസ്.എൽ.സി ബുക്കിൽ തന്നെ രേഖപ്പെടുത്തിയതാണ് കാട്ടാക്കട ചാരുപാറ സ്വദേശി ബഷീറിന്റെയും അനിതയുടെയും മകൾ അനുഷ്മ. ഇക്കാര്യം നന്നായി അറിയാവുന്ന നാട്ടുകാരുടെ ഇടയിൽ മത്സരിച്ചു ജയിച്ചതിനാൽ പേരിലെ മതം നോക്കിയല്ല വോട്ടു വീണതെന്ന് അനുഷ്മ ആത്മവിശ്വാസത്തോടെ പറയുന്നു. 20 വർഷമായി സി.പി.എമ്മിന്റെ കയ്യിലിരുന്ന ഡിവിഷനാണു പിടിച്ചെടുത്തത്. ഒരു സീറ്റിന്റെ വ്യത്യാസത്തിൽ വെള്ളനാട് ബ്ലോക്ക് ഭരിക്കുന്നതും യു.ഡി.എഫ്.

മാതാപിതാക്കൾ മതം നോക്കാതെ പ്രണയിച്ചു. വിവാഹം കഴിച്ചവരാണ്. എസ്.എസ്.എൽ.സി ബുക്കിൽ മതവും ജാതിയും ഇല്ലെന്നു രേഖപ്പെടുത്തിയതിനാൽ പല ബുദ്ധിമുട്ടും അനുഷ്മയും അനുജത്തി അഞ്ജുഷയും നേരിടേണ്ടി വന്നിരുന്നു. പ്ലസ്‌വൺ അലോട്മെന്റിന് ഓൺലൈനായി അപേക്ഷിച്ചപ്പോൾ മതവും ജാതിയും ചേർക്കണമായിരുന്നു. സൈറ്റിൽ സൂചിപ്പിച്ചിട്ടുള്ള മതവും ജാതിയും സെലക്ട് ചെയ്യാമെന്നല്ലാതെ മറ്റുള്ളവർ എന്ന ഓപ്ഷൻ ഉണ്ടായിരുന്നില്ല. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ അപേക്ഷ നൽകിയപ്പോൾ മറ്റുള്ളവർ എന്ന വിഭാഗം കൂടി ചേർത്തു അങ്ങനെയാണ് പ്ലസ് വണ്ണിന് അപേക്ഷിച്ചത്.

# പ്രശസ്ത മാധ്യമപ്രവർത്തകൻ മാർക്ക് ടുള്ളി അന്തരിച്ചു



ന്യൂഡൽഹി: 2005-ൽ പത്മഭൂഷൺ നല്കി ആദരിച്ച മുതിർന്ന മാധ്യമപ്രവർത്തകനും 22 വർഷം ബിബിസിയുടെ ഡൽഹി ബ്യൂറോ ചീഫുമായിരുന്ന മാർക്ക് ടുള്ളി (90) അന്തരിച്ചു. കൊൽക്കത്തയിൽ ജനിച്ച ബ്രിട്ടീഷ് വംശജനായ ടുള്ളി ‘നോ ഫുൾ സ്റ്റോപ്പ്സ് ഇൻ ഇന്ത്യ, ഇന്ത്യ ഇൻ സ്ലോ മോഷൻ’, ദി ഹാർട്ട് ഓഫ് ഇന്ത്യ തുടങ്ങി ഇന്ത്യയെ സംബന്ധിക്കുന്ന അനവധി പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ഇന്ത്യ-പാക്കിസ്ഥാൻ യുദ്ധം, ഭോപ്പാൽ വാതകദുരന്തം, ബാബ്റി മസ്ജിദ് തകർക്കൽ, ഓപ്പറേഷൻ ബ്ലൂസ്റ്റാർ തുടങ്ങി ഇന്ത്യൻ ചരിത്രത്തിലെ പ്രധാന സംഭവങ്ങൾ ലോകരാജ്യങ്ങൾക്കു മുന്നിൽ എത്തിച്ച വ്യക്തിയാണദ്ദേഹം. 2001-ൽ ലണ്ടൻ സ്വദേശിനി മാർഗരറ്റിനെ വിവാഹം ചെയ്തു. ഈ ബന്ധത്തിൽ നാല് മക്കളുണ്ട്. ഇന്ത്യയിൽ വനിതാ സുഹൃത്ത് ജിലിയാൻ റൈറ്റിനൊപ്പമാണ് കഴിഞ്ഞുവന്നത്.

ബ്രിട്ടീഷ് ഭരണകാലത്ത് ജനിച്ച ടുള്ളിയുടെ പിതാവ് ബ്രിട്ടീഷുകാരനും വ്യാപാരിയുമായിരുന്നു. അമ്മ ബംഗാൾ സ്വദേശിനിയായിരുന്നതിനാൽ ചെറുപ്പത്തിലേ തന്നെ ടുള്ളി ഹിന്ദിയിൽ പ്രാവീണ്യം നേടി. ഒമ്പതാം വയസിൽ ബ്രിട്ടനിലേക്കു പോയ ടുള്ളി കേംബ്രിഡ്ജ് സർവകലാശാലയിൽ നിന്ന് ചരിത്രത്തിലും ദൈവശാസ്ത്രത്തിലും പഠനം പൂർത്തിയാക്കി 1956-ൽ ഇന്ത്യയിൽ തിരിച്ചെത്തി. ബിബിസി അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായിട്ടാണ് അദ്ദേഹം ഇന്ത്യയിൽ തിരിച്ചെത്തിയത്. അടിയന്തരാവസ്ഥക്കാലത്ത് ഇന്ത്യയിൽ നിന്ന് പുറത്താക്കിയെങ്കിലും ഒന്നര വർഷത്തിനുശേഷം തിരിച്ചെത്തിയ അദ്ദേഹം ബിബിസിയുടെ ബ്യൂറോ ചീഫ് എന്ന പദവി ഏറ്റെടുത്തു. 1994-ൽ അദ്ദേഹം ബിബിസിയിൽ നിന്നും രാജിവെച്ചു.

# മൃഗങ്ങളുടെ പിത്താശയത്തിൽ നിന്ന് മനുഷ്യന് മരുന്ന്

തിരുവനന്തപുരം: മനുഷ്യശരീരത്തിലെ ഉണങ്ങാത്ത മുറിവുകൾ വലിയ പാടുകളൊന്നും അവശേഷിപ്പിക്കാതെ ഉണക്കാൻ ശേഷിയുള്ള മരുന്ന് വികസിപ്പിച്ച് ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്. മൃഗങ്ങളുടെ പിത്താശയത്തിലെ ബാഹ്യകോശങ്ങളുമായി ബന്ധപ്പെട്ട അതിസൂക്ഷ്മ തന്മാത്രകൾ വീണ്ടെടുത്താണ് മരുന്ന് വികസിപ്പിച്ചത്.

മനുഷ്യശരീരത്തിൽ ഇതു വിജയം കണ്ടതോടെ ശ്രീചിത്രയിലെ തന്നെ സ്റ്റാർട്ടപ് ഇൻക്യൂപേറ്ററായ ടൈമെഡ് എന്ന കമ്പനി ഇതിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനം ആരംഭിച്ചു. കോളിഡേം എന്ന പേരിലുള്ള ഈ മരുന്ന് ഉപയോഗിക്കുന്നതിന് ആശുപത്രികൾ മുമ്പോട്ടു വന്നിട്ടുണ്ട്.

മരുന്നിനു മുകളിൽ വെക്കുന്ന സ്വയം അലിഞ്ഞുചേരുന്ന ബാൻഡേജ് രൂപത്തിലാണ് ഇത് ഉപയോഗിക്കുന്നത്. പഴുപ്പ്, നിർജ്ജീവ കോശങ്ങൾ എന്നിവ നീക്കി വെച്ചുകെട്ടേണ്ട മുറിവുകൾ, പുതിയ കോശങ്ങൾ വളരാൻ ആവശ്യമായ ബയോളജിക്കൽ സ്കഫോൾഡ് ആവശ്യമായ മുറിവുകൾ എന്നിവയുടെ ചികിത്സയ്ക്ക് ഇത് ഉപയോഗിക്കാനാകുമെന്ന് ശ്രീചിത്ര ഗവേഷണ വികസന വിഭാഗം ഡയറക്ടർ ഡോ. പി.ആർ. ഹരികൃഷ്ണ പറഞ്ഞു.

കശാപ്പ് ചെയ്ത മൃഗങ്ങളുടെ പിത്താശയം അറവുമാലിന്യമായി ഉപേക്ഷിക്കപ്പെടുന്നതാണ്. അതാണ് മരുന്നു നിർമ്മാണത്തിനായി ശേഖരിക്കുന്നത്. 2008-ലാണ് ഡോ. ടി.വി. അനിൽകുമാറിന്റെ നേതൃത്വത്തിലുള്ള സംഘം ശ്രീചിത്രയിൽ ഇതിനുള്ള ഗവേഷണങ്ങൾ തുടങ്ങിയത്. പത്ത് ഇന്ത്യൻ പേറ്റന്റുകൾ ലഭിച്ചു.

2023-ലാണ് സെൻട്രൽ ഡ്രഗ് സ്റ്റാൻഡേർഡ് ഓർഗനൈസേഷൻ ഇത് മനുഷ്യനിൽ ഉപയോഗിക്കുന്നതിന് അനുമതി നല്കിയത്. പൂണെ ഡി.വൈ. പാട്ടീൽ മെഡിക്കൽ കോളജിൽ ഒരു വർഷമായി ഈ മരുന്ന് ഉപയോഗിക്കുന്നുണ്ടെന്ന് അവിടുത്തെ ത്വക്‌രോഗ വിഭാഗത്തിലെ ഡോ. വിശ്വജിത് സിങ് വ്യക്തമാക്കി. നാലു മാസം മുതൽ 17 വർഷം വരെ പഴക്കമുള്ള മുറിവുകളാണ് തങ്ങൾ ചികിത്സിച്ചതെന്നും പ്രമേഹരോഗികൾ, കുഷ്ഠരോഗികൾ എന്നിവരിൽ ഫലം കണ്ടെന്നുമാണ് അവർ അവകാശപ്പെടുന്നത്.

# ഡോ. അനു ഗോപിനാഥിന് ഐ.എസ്.എ.എസ് പുരസ്കാരം

കൊച്ചി:ഇന്ത്യൻ സൊസൈറ്റി ഓഫ് അനലിറ്റിക്കൽ സയന്റിസ്റ്റ്സ് (ഐ.എസ്.എ.എസ്) ഏർപ്പെടുത്തിയ മികച്ച ശാസ്ത്രജ്ഞയ്ക്കുള്ള പുരസ്കാരം കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാല കുഫോസ്) അക്വാറ്റിക് എൻവയൺമെന്റ് മാനേജ്മെന്റ് വിഭാഗം മേധാവി ഡോ.അനു ഗോപിനാഥിന്. കെമിക്കൽ സമുദ്രശാസ്ത്ര മേഖലയിലെ സംഭാവനകൾക്കാണിത്. കർണാടകയിലെ ബെളഗാവിയിൽ നടന്ന രാജ്യാന്തര അനലിറ്റിക്കൽ സയൻസ് കോൺഗ്രസിൽ പുരസ്കാരം സമ്മാനിച്ചു.

# റഷ്യയ്ക്കായി എണ്ണനീക്കം; ഇന്ത്യൻ കപ്പിത്താൻ കസ്റ്റഡിയിൽ

പാരീസ്: ഉപരോധം മറികടന്ന് റഷ്യയ്ക്കായി എണ്ണനീക്കം നടത്തിയ ഗ്രിഞ്ച് എന്ന കപ്പലിന്റെ ഇന്ത്യക്കാരനായ ക്യാപ്റ്റൻ ഫ്രഞ്ച് നാവികസേനയുടെ പിടിയിൽ. മെഡിറ്ററേനിയൻ കടലിലാണ് ഫ്രഞ്ച് നാവികസേന കപ്പൽ തടഞ്ഞത്. കസ്റ്റഡിയിലെടുത്ത ക്യാപ്റ്റനെ ചോദ്യം ചെയ്യാനായി ജുഡീഷ്യൽ അധികൃതർക്കു കൈമാറി. കപ്പലിലെ ജീവനക്കാരും ഇന്ത്യക്കാരാണ്. വടക്കുപടിഞ്ഞാറൻ റഷ്യയിലെ മുർമാൻസ്കിൽ നിന്നാണ് കപ്പൽ പുറപ്പെട്ടതെന്നാണ് വിവരം.

# SEEKING BRIDEGROOM

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal ( Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport ( she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She

Visit Our Website:
www.keralaexpress.com for Matrimonial

# SEEKING BRIDE

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to:
**inhistime2025@yahoo.com.**

# SEEKING BRIDEGROOM CONTD.....

was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## ലിസമ്മ ജോസ്

**ചങ്ങനാശേരി:** വടക്കേക്കര പുളിമൂട്ടിൽ ജോസിന്റെ ഭാര്യ ലിസമ്മ ജോസ് (67) അന്തരിച്ചു. വടക്കേക്കര കുടുത്തിൽ കുടുംബാംഗമാണ്. മക്കൾ: ജോബി മോൻ (യുഎസ്), ജോഷ്വാ, ജെസു (ഇരുവരും ദുബായ്). മരുമക്കൾ: നീത മാത്യു പട്ടുളി (യുഎസ്), സോണിയ തൂമ്പുങ്കൽ, ബിജി കണ്ണമ്പള്ളി (ഇരുവരും ദുബായ്).

**വാഴൂർ ഈസ്റ്റ്:** ചെങ്കൽ തിരുഹൃദയ പള്ളിയിൽ ഏഴ് പതിറ്റാണ്ടിലേറെ ശുശ്രൂഷകനായിരുന്ന മൈലക്കാവുങ്കൽ എം.ടി. മാത്യു (കുട്ടപ്പൻ-94) അന്തരിച്ചു.

## ടി.ഇ. ചെറിയാൻ

**പുനലൂർ:** വാളക്കോട് കാഞ്ഞിരപ്പള്ളിൽ തോട്ടുകടവിൽ ടി.ഇ. ചെറിയാൻ (ജോയി-85) അന്തരിച്ചു. ഭാര്യ ആയൂർ ആനന്ദഭവനിൽ ഏലിയാമ്മ. മക്കൾ: ബോബി ഇ. ചെറിയാൻ (ഹെൽത്ത് ഇൻസ്പെക്ടർ), റവ. തോമസ് ചെറിയാൻ (ക്രൈസ്റ്റ് ചർച്ച് കണക്ടികട്), എബി കെ. ചെറിയാൻ (ഷാർജ). മരുമക്കൾ: ടീന, സിബി, നിമ്മി.

**റാന്നി:** കോട്ടയം എം.ടി. സെമിനാരി സ്കൂൾ റിട്ട. പ്രിൻസിപ്പൽ ചേത്തയ്ക്കൽ തോപ്രത്ത് വടക്കേൽ ഏലിയാമ്മ ഫിലിപ്പ് (81) അന്തരിച്ചു.

## സിസ്റ്റർ ആഗ്നസ്

**രാമപുരം:** തൂത്തുക്കുടി സെന്റ് ആൻസ് മഠാംഗം സിസ്റ്റർ ആഗ്നസ് (ആലീസ്-69) തൂത്തുക്കുടിയിൽ അന്തരിച്ചു. പരേതനായ എസ്തപ്പാന്റെ മകളാണ്. സഹോദരങ്ങൾ: ജോയ്, ഫിലിപ്പ് (ഇരുവരും രാമപുരം), ജോസ് (യുഎസ്).

**പുതുപ്പള്ളി:** കാഞ്ഞിരത്തിൻമൂട് മംഗലപ്പള്ളിയിലായ ആക്കാംകുന്നേൽ (കപ്യാരത്ത്) ഏലിയാമ്മ തോമസ് (103) അന്തരിച്ചു.

**തൃശൂർ:** സെ. തോമസ് കോളജ് ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റ് റിട്ട. പ്രഫസർ നായ്ക്കനാൽ മാരാത്ത് കൃഷ്ണമേനോൻ (99) അന്തരിച്ചു.

**മണർകാട്:** ഐരാറ്റുനട ചെല്ലിമറ്റം തോമസ് കുര്യൻ (രാജു-78) അന്തരിച്ചു.

## പാസ്റ്റർ പി.വി. കുരുവിള

**റാന്നി:** ചെത്തോങ്കര പാട്ടമ്പലത്ത് പാസ്റ്റർ പി.വി. കുരുവിള (ജോർജുകുട്ടി-96) ചിക്കാഗോയിൽ അന്തരിച്ചു. ഭാര്യ കീഴ്വായ്പൂർ പടിഞ്ഞാറ്റേതിൽ പരേതയായ തങ്കമ്മ. മകൾ: രാജമ്മ (യുഎസ്). മരുമകൻ: എലിമുള്ളുമാങ്കൽ മോനികുഞ്ഞ്.

**കോഴഞ്ചേരി:** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ റിട്ട. അസിസ്റ്റന്റ് ജനറൽ മാനേജർ കോഴഞ്ചേരി മേലുകര പരോലിൽ പേഴ്സി മാത്യൂസ് (തങ്കച്ചൻ-90) ചെന്നൈയിൽ അന്തരിച്ചു.

**കൈപ്പട്ടൂർ:** തുമ്പമൺ സെ. മേരീസ് കോൺവെന്റ് അംഗം വട്ടത്തുണ്ടിൽ ഇലവിനാമണ്ണിൽ സിസ്റ്റർ ഷൈനോ (അന്നമ്മ-87) അന്തരിച്ചു.

**പുനലൂർ:** കാഞ്ഞിരമല മണലേൽ സാം വില്ലയിൽ മത്തായി ചാക്കോ (കുവൈറ്റ് തങ്കച്ചൻ-75) അന്തരിച്ചു.

## തോമസ് മാത്യു

**ചിങ്ങവനം:** റാന്നി കല്ലൂപ്പറമ്പിൽ തോമസ് മാത്യു (ബാബു-73) അന്തരിച്ചു. ഭാര്യ ചിങ്ങവനം കുളങ്ങര സാറാമ്മ മാത്യു. മക്കൾ: ബിനു മാത്യു (ദുബായ്), ബിനി മാത്യു (യുഎസ്). മരുമക്കൾ: തോട്ടഭാഗം തടത്തിൽ പ്രീത (ദുബായ്), മൈലാടുംപാറ കൈപ്പുഴ ടിബു (യുഎസ്).

**പെരുവ:** വ്യാപാരി വ്യവസായി ഏകോപന സമിതി കോട്ടയം ജില്ലാ മുൻ വൈസ് പ്രസിഡണ്ട് കുന്നപ്പിള്ളി മടത്താട്ട് വേലുക്കുട്ടൻ നായർ (കെ.വി. നായർ-93) അന്തരിച്ചു.

**മാമ്മൂട്:** കാവുങ്കൽ ജോബ് ആന്റണി (അപ്പച്ചൻ-65) അന്തരിച്ചു.

**വെണ്ണാറമ്മൂട്:** ആറ്റിങ്ങൾ കോളജ് ഓഫ് സയൻസ് പ്രിൻസിപ്പൽ കാവറ നന്ദനത്തിൽ കെ. മാധവൻ നായർ (85) അന്തരിച്ചു.

**കുത്താട്ടുകുളം:** പുതുവേലി പുളിമൂട്ടിൽ പുത്തൻവീട്ടിൽ മേരിക്കുട്ടി ഐസക് (73) അന്തരിച്ചു.

**കുഴിമറ്റം:** പാറപ്പുറത്ത് പ്ലാപ്പറമ്പിൽ പി.സി. മാത്യു (പാപ്പച്ചൻ-85) അന്തരിച്ചു.

## ഏബ്രഹാം ലൂക്കോസ്

**ബോസ്റ്റൺ:** വാഴയിൽ ഏബ്രഹാം തോമസ് (കുഞ്ഞുമോൻ-82) അന്തരിച്ചു. ഭാര്യ കോട്ടയം അമ്പുരാൻ വിമല. മക്കൾ: ബാബു, സുനിൽ, ജോപ്പു (മൂവരും യുഎസ്), ചച്ചു മേറു (ജർമ്മനി). മരുമക്കൾ: ബിജു മണിമലേത്ത് (റാന്നി), പരേതയായ ജാനെറ്റ് ഇടവഴിക്കൽ, പ്രിമ കല്ലമ്പറമ്പിൽ, എഡ്ഗർ (ജർമ്മനി), ടിനു വാതക്കാട്ട്.

## തോമസ് കവലയ്ക്കൽ



**മറ്റക്കര:** കോട്ടയം (മണ്ണൂർ പള്ളി) കവലയ്ക്കൽ കുടുംബാംഗമായ തോമസ് കവലയ്ക്കൽ (85) ടെക്സസിലെ ഷുഗർലാൻഡിൽ അന്തരിച്ചു. ഭാര്യ കുറുമുള്ളൂർ കൈതത്തോട്ടിയിൽ അന്നമ്മ തോമസ്. മക്കൾ: ലിസി-സൈമൺ അപ്പോഴിപറമ്പിൽ മേമ്മുറി (യുകെ), ജോമോൻ-മേരി കിഴക്കനടിയിൽ പിറവം (യുകെ), ജോയ്-ജോമോൾ പഴുക്കായിൽ കുറുമുള്ളൂർ (ഹ്യൂസ്റ്റൺ), പരേതയായ ജസീന്ത കവലയ്ക്കൽ. സഹോദരങ്ങൾ: പരേതനായ ഫിലിപ്പ് കവലയ്ക്കൽ പടമുഖം, പരേതനായ സൈമൺ (കുട്ടി) കവലയ്ക്കൽ (അമ്പൂരി), പരേതനായ കുര്യാക്കോസ് കവലയ്ക്കൽ മറ്റക്കര, പരേതയായ ഏലി പ്ലാച്ചേരിപ്പുറത്ത്, രാജപുരം, പരേതയായ അന്നമ്മ മണിയാട്ടേൽ അറുനൂറ്റിമംഗലം, പരേതയായ മേരി കുന്നക്കാട്ട് പയ്യാവൂർ, പരേതയായ ഗബ്രിയേല കവലയ്ക്കൽ ആന്ധ്രാപ്രദേശ്, ശാന്ത കാവുമ്പായിൽ കരിങ്കുന്നം.

**ചങ്ങനാശേരി:** തൃക്കൊടിത്താനം കോട്ടമുറി ചെമ്പുംപുറം കുട്ടൻപേരൂർ കെ.ടി. ബാബു (70) അന്തരിച്ചു.

**ഞീഴൂർ:** തിരുവമ്പാടി മേലുക്കുന്നേൽ എം.എം. ജോസഫ് (ഔസേപ്പച്ചൻ-90) അന്തരിച്ചു.

**മീനടം:** കക്കുഴി കുടുംബാംഗം ഇലവുക്കടുപ്പിലായ ശ്രയിക്കാട്ട് പരേതനായ എസ്.യു. തോമസിന്റെ ഭാര്യ ഏലിയാമ്മ തോമസ് (93) അന്തരിച്ചു.

**നാട്ടകം:** മഠത്തിപ്പറമ്പിൽ പരേതനായ എം.കെ. കുര്യന്റെ ഭാര്യ പത്തനംതിട്ട സെ. മേരീസ് സ്കൂൾ റിട്ട. അധ്യാപിക റെയ്ച്ചൽ കുര്യൻ (കുഞ്ഞുമോൾ-87) അന്തരിച്ചു.

**ചെങ്ങന്നൂർ:** കല്ലിശേരി മുട്ടത്ത് മോടിയിൽ അശ്വതി ഏബ്രഹാം (71) ചെന്നൈയിൽ അന്തരിച്ചു.

**കല്ലറ:** വലിയമ്യാലിൽ ജോണിന്റെ ഭാര്യ റോസമ്മ ജോൺ (70) അന്തരിച്ചു.

## കെ.വി. സ്കറിയ

**വടവാതൂർ:** കീർത്തി എന്റർപ്രൈസസ് ഉടമ അമ്പലത്തിങ്കൽ കെ.വി. സ്കറിയ (കുഞ്ഞച്ചൻ-86) അന്തരിച്ചു. ഭാര്യ കാരാപ്പുഴ തോപ്പിൽ ചാച്ചിയമ്മ ചെറിയാൻ (റിട്ട. അക്കൗണ്ട്സ് ഓഫീസർ കെ.ഡബ്ല്യു.എ). മക്കൾ: രാജേഷ് സ്കറിയ വർഗീസ് (ഹൂസ്റ്റൺ), അനീഷ് വി. സ്കറിയ (എംആർഎഫ്), നിധി മേരി സ്കറിയ (ബെംഗ്ളൂരു). മരുമക്കൾ: സിമി വർഗീസ് വെമ്പള്ളി മേലേടത്ത് (ഹൂസ്റ്റൺ), ജിൻസി അലക്സ് കല്ലാപ്പാറ (കിഴക്കമ്പലം), അജയ് ഏബ്രഹാം തോമസ് താന്നിക്കപ്പുറത്ത് കുറ്റപ്പുഴ (ബെംഗ്ളൂരു).

**റാന്നി:** ആനത്തടം മരക്കൊള്ളിൽ പാസ്റ്റർ ജെയിംസ് തോമസ് (60) അന്തരിച്ചു.

## ശാന്ത സുബ്രഹ്മണ്യൻ

**തൃശൂർ:** ശെമ്മാങ്കുടി ശ്രീനിവാസ അയ്യരുടെ ശിഷ്യയും കർണാടിക് വോക്കൽ, അഷ്ടപദി സംഗീതജ്ഞയുമായ ശാന്ത സുബ്രഹ്മണ്യൻ (79) തൃശൂർ പടപുരയ്ക്കൽ മായ ഹൈറ്റ്സ് അപ്പാർട്ടുമെന്റിൽ അന്തരിച്ചു. ഭർത്താവ് പരേതനായ വടക്കേമഠം സുബ്രഹ്മണ്യൻ. മക്കൾ: നടൻ സിങ്കം കൃഷ്ണൻ (ചെന്നൈ), ദീപ (യുഎസ്). മരുമക്കൾ: അഖില, രാഹുൽ.

**തിരുവനന്തപുരം:** ശാസ്തമംഗലം പൈപ്പിൻമൂട് ഗീതാഞ്ജലിയിൽ (തുണ്ടത്തിൽ) ടി.വി. ഡൊമിനിക് (100) അന്തരിച്ചു.

## ക്ലാരമ്മ ജോസഫ്

**ചങ്ങനാശേരി:** ശാന്തിനഗർ കൈനിക്കര ജോസഫ് മത്തായിയുടെ (സ്വപ്ന ട്രാവൽസ്) ഭാര്യ ക്ലാരമ്മ ജോസഫ് (67) അന്തരിച്ചു. ആലപ്പുഴ തത്തംപള്ളി വടക്കേയറ്റം കുടുംബാംഗമാണ്. മക്കൾ: ജിഷ (യുഎസ്), ജീന, ജെബിൻ (ഓസ്ട്രേലിയ). മരുമക്കൾ: രഞ്ജിത്ത് കളത്തൂർ (യുഎസ്), നിതീഷ് കുഴിക്കാട്ടിൽ (ഏറ്റുമാനൂർ).

## മേരി ജോൺ



**പായിപ്പാട്:** മറ്റത്തിൽ പരേതനായ എം.ഇ. ജോണിന്റെ ഭാര്യ മേരി ജോൺ (92) അന്തരിച്ചു. മക്കൾ: രാജു ജോൺ-സൂസമ്മ (ഹൂസ്റ്റൺ), പാസ്റ്റർ എം.ജെ. ഏബ്രഹാം-മറിയക്കുട്ടി (ഒക്കലഹോമ), അന്നമ്മ ചാക്കോ-പൊന്നമ്മ (കോഴഞ്ചേരി), മേഴ്സി ഉല്ലാസ്-പാസ്റ്റർ ഉല്ലാസ് (ഹൂസ്റ്റൺ), ലാലി തോമസ്-തോമസുകുട്ടി (ചിക്കാഗോ), തോമസ് ജോൺ-റെനി തോമസ് (ഡാളസ്).

## ശോശാമ്മ വർഗീസ്

**കളമശേരി:** തിരുവല്ല ബാലികാമഠം റിട്ട. അധ്യാപിക സൗത്ത് പൈപ്പ് ലെയ്ൻ റോഡിൽ റോസ് കോട്ടേജിൽ ശോശാമ്മ വർഗീസ് (88) അന്തരിച്ചു. ഭർത്താവ് പരേതനായ പി.പി. വർഗീസ്. മക്കൾ: ബിജു പി. വർഗീസ്, ബിനു പി. വർഗീസ് (യുഎസ്). മരുമക്കൾ: രേഖ പി. ബിജു, ദീപ ബിനു (യുഎസ്).

**കോട്ടയം:** കൊല്ലാട് വടാമറ്റം വില്ലയിൽ തിരുവനന്തപുരം ഡിഎച്ച്എസ് റിട്ട. അഡീഷണൽ ഡയറക്ടർ പൂജപ്പുര ഡോ. വി.വി. ഷേർളി (62) അന്തരിച്ചു.

## സൂര്യകുമാരി

**കൊച്ചി:** പള്ളുരുത്തി ഗോപുരത്തിങ്കൽ സൂര്യകുമാരി (83) അന്തരിച്ചു. തൊടുപുഴ വടക്കുംമുറി തയ്യക്കോടത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ശിവരാമപിള്ള. മകൻ: ജയകൃഷ്ണൻ (യുഎസ്).

**കുറിച്ചിത്താനം:** മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത് മുൻ വൈസ് പ്രസിഡണ്ട് കരിങ്ങോഴയ്ക്കൽ (കുന്നത്തേടത്ത് കുടുംബാംഗം) കെ.വി. മാത്യു (69) അന്തരിച്ചു.

## സണ്ണി കല്ലിങ്ങൽ

**പടിഞ്ഞാറേ ചാലക്കുടി:** യുഎസിൽ വ്യവസായിയായിരുന്ന മേയ്ക്കാട്ടുകുളം കല്ലിങ്ങൽ സണ്ണി (79) അന്തരിച്ചു. ഭാര്യ: മൂന്നുമുറി ചക്കാലയ്ക്കൽ കുടുംബാംഗം ബേബി. മക്കൾ: ടോണി പോൾ, സാബു സണ്ണി (ഇരുവരും യുഎസ്). മരുമക്കൾ: ദസരേ (കാലിഫോർണിയ), മേരി ചെങ്ങിനിമറ്റം (യുഎസ്).

**തൃശൂർ:** റിട്ട. അസി. ഡയറക്ടർ (ഡയറക്ടറേറ്റ് ഓഫ് സെൻസസ് മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സ്) കുറ്റൂർ അക്കരപട്ട്യേക്കൽ എ.വി. ജോസ് (ഔസേഫ്-71) അന്തരിച്ചു.

**കറുകച്ചാൽ:** റിട്ട. പോലീസ് ഉദ്യോഗസ്ഥൻ നട്ടാശ്ശേരി കൊച്ചുപറമ്പിൽ കുടുംബാംഗമായ താനത്ത് വീട്ടിൽ സി. നന്ദകുമാർ (59) അന്തരിച്ചു.

**അതിരമ്പുഴ:** ശ്രീകണ്ഠമംഗലം മുണ്ടത്താനം സന്തോഷിന്റെ ഭാര്യ മിനി സന്തോഷ് (53) അന്തരിച്ചു.

## ജഡ്ജി എ.എം. ശിവദാസ്

**പാലക്കാട്:** പാലക്കാട് മുൻ ജില്ലാ ജഡ്ജിയും നിയമ സെക്രട്ടറിയുമായ എ.എം. ശിവദാസ് (85) അന്തരിച്ചു. ഭാര്യ പാറപറമ്പത്ത് സാവിത്രി. മകൻ: സുജിത് മേനോൻ. മരുമകൾ: സുജാത മേനോൻ (ഇരുവരും യുഎസ്).

## രാമചന്ദ്രൻ നായർ

**പനച്ചിക്കാട്:** പരുത്തുംപാറ ശ്രീവത്സം രാമചന്ദ്രൻ നായർ (76) അന്തരിച്ചു. ഭാര്യ ഏറ്റുമാനൂർ തുമ്പേമഠം ഉഷാകുമാരി (റിട്ട. പ്രഫ. ഹിന്ദു കോളജ് ചങ്ങനാശേരി). മക്കൾ: ആർ. രഞ്ജിത്ത് (ദുബായ്), ആർ. രഞ്ജീവ് (യുഎസ്), ആർ. വിഷ്ണു (കാനഡ). മരുമക്കൾ: സൂര്യ, അഞ്ജന, അപർണ.

**കൊച്ചി:** എസ്ആർഎം റോഡ് കോറൽ ക്രസ്റ്റ് അപ്പാർട്ടുമെന്റിൽ ചിറ്റൂർ വീട്ടിൽ പ്രഫ. മോനിയമ്മ ജേക്കബ് (81) അന്തരിച്ചു.

## ബേബി പൗലോസ്



**ന്യൂയോർക്ക്:** എറണാകുളം തിരുവാണിയൂർ പാലാൽ കളപാട്ടിൽ ബേബി പൗലോസ് (95) വൈറ്റ്പ്ലെയിൻസിൽ അന്തരിച്ചു. ഭർത്താവ് പരേതനായ കെ.എ. പൗലോസ്മാഷ്. പരേത പോർട്ട് ചെസ്റ്റർ സെ. ജോർജ് ഓർത്തഡോക്സ് പള്ളി അംഗമാണ്. മക്കൾ: എബി പോൾ (വൈറ്റ്പ്ലെയിൻസ്-റിട്ട. എഫ്ഡിഎ ഉദ്യോഗസ്ഥൻ), സെബി പോൾ (കേരളം). ഷിബി ബാബു (കേരളം). മരുമക്കൾ: ഡെയ്സി പോൾ (വെസ്റ്റ് ചെസ്റ്റർ കൗണ്ടി എംപ്ലോയി), പോൾ നടുവത്ത്, ബാബു മേച്ചങ്കര.

**മീനടം:** പ്ലാത്താനത്ത് പി.എ. വർഗീസ് (അനിയൻ-71) അന്തരിച്ചു.

## മേരി ഫിലിപ്പ് മുളവനാൽ അന്തരിച്ചു



**ചക്കുപള്ളം:** ചിക്കാഗോ രൂപത ക്നാനായ റീജിയൺ ഡയറക്ടറും വികാരി ജനറാളുമായ ഫാ. തോമസ് മുളവനാലിന്റെ മാതാവും പരേതനായ ചുമ്മാർ ഫിലിപ്പിന്റെ ഭാര്യയുമായ മേരി ഫിലിപ്പ് (97) അന്തരിച്ചു. പരേത ചക്കുവള്ളം ഇണ്ടിക്കുഴിയിൽ കുടുംബാംഗമാണ്. മറ്റു മക്കൾ: സൈമൺ (ബേബി) ചക്കുപള്ളം, എൽസമ്മ ജോയി പുലിമനയ്ക്കൽ (മണക്കാട്, തൊടുപുഴ), സിസ്റ്റർ ജോബി എസ്ജെസി സെ. ജോസഫ്സ് കോൺവന്റ്, ചെറുകര, മേഴ്സി ജോസ് അമ്മായികുന്നേൽ (അരീക്കര). മരുമക്കൾ: ഷീല സൈമൺ മങ്ങാട്ട് പുളിക്കീൽ (കൂടൽപൂർ), ജോയി പുലിമനയ്ക്കൽ, മണക്കാട്, ജോസ് അമ്മായികുന്നേൽ അരീക്കര.

## സീനിയർ പാസ്റ്റർ ബെഞ്ചമിൻ പി. തോമസ് അന്തരിച്ചു



ന്യൂയോർക്ക്: ഈസ്റ്റ് മെഡോ ന്യൂയോർക്ക് ക്വീൻസ് ചർച്ച് ഓഫ് ഗോഡ് സീനിയർ പാസ്റ്റർ ബെഞ്ചമിൻ പി. തോമസ് അന്തരിച്ചു. വ്യൂവിംഗ് സർവീസ് ജനുവരി 29-ന് വൈകിട്ട് 5 മുതൽ 9 മണിവരെ ഇന്ത്യ ക്രിസ്ത്യൻ അസംബ്ലി (100 പെരിവിങ്കിൾ റോഡ്, ലെവിടൗൺ ന്യൂയോർക്ക് 11756). ഹോംഗോയിംഗ് സർവീസ് ജനുവരി 31-ന് ശനിയാഴ്ച രാവിലെ 8.30 മുതൽ 11 വരെ. ഇന്റർമെന്റ് ജനുവരി 31-ന് 12 പിഎം. (പ്ലേസ് പൈൻലോൺ മെമ്മോറിയൽ പാർക്ക്, 2030 വെൽവുഡ് അവന്യൂ ഫാർമിംഗ്ഡെയ്ക്ക്, ന്യൂയോർക്ക് 11735).

## LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

## CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call : 845 480 4721 or email drmathai123@gmail.com**

### *Favors Received*




*Inserted by: Firm Believer, Chicago*

*Favors Received*




*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, New York*

*Favors Received*



*Inserted by: Firm Believer, New York*

## HOUSE FOR RENT IN BORDER LONG ISLAND, NEW YORK

Bricks 3 bedrooms, 2 living rooms, house one block from BELL ROSE, NEW YORK CITY, SPRINGFIELD BLVD 89-90TH AVE. Near LIR (Train), One Block Bus in front and all around, NEW YORK CITY Subway very close. With Garage $2900.00. Without garage $2800.00. Minimum rent for 2 bedrooms here is $3800.00. Tenant (MUST) pays all utilities, water, heating and electricity. Available after January 26th, 2026.

**FORE MORE INFORMATION PLEASE CONTACT**

**1-516-376-0631, 1-516-209-7186 (JUSTIN)**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Houston*

ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Houston*

### ഉപകാരസ്മരണ



പരിശുദ്ധ കന്യകേ, രക്ഷകന്റെ മാതാവേ, പാപികളുടെയും രോഗികളുടെയും ദുഃഖിതരുടെയും, ദരിദ്രരുടെയും, അഗതികളുടെയും ആശ്രയമേ, ത്രിയേക ദൈവത്തിനു പ്രസാദിക്കപ്പെട്ട മാതാവേ, ജീവിതത്തിൽ വിവിധ പ്രതിസന്ധികളാലും പ്രശ്നങ്ങളാലും ഏറെ കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. അമ്മയോട് അപേക്ഷിക്കുന്നവരെ ഒരുനാളും ഉപേക്ഷിക്കയില്ലെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. നിന്നെ അഭയംപ്രാപിക്കുന്ന ദുഃഖിതരുടെ ആശ്വാസത്തിനായി, നിന്റെ പ്രിയപുത്രനിൽ നിന്നും നിനക്ക് വിശേഷവിധിയായി കിട്ടിയിട്ടുള്ള വരദാനങ്ങളെ ഈ അവസരത്തിൽ ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ... (ആവശ്യം പറയുക) അമ്മയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. എത്രയും ദയയുള്ള മാതാവേ, ഈ ആവശ്യം അമ്മയുടെ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. എന്റെ ഈ ആവശ്യത്തിൽ എന്നെ സഹായിക്കണമെന്ന് വിനയത്തോടും കണ്ണുനീരോടും കൂടി വിശ്വാസപൂർവ്വം ഞാൻ അപേക്ഷിക്കുന്നു. പരിശുദ്ധ അമ്മയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അമ്മയുടെ മഹത്വത്തെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മീൻ.

നന്മ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം.....

*Inserted by: Firm Believer, Dallas*

ഉപകാരസ്മരണ



പരിശുദ്ധ കന്യകേ, രക്ഷകന്റെ മാതാവേ, പാപികളുടെയും രോഗികളുടെയും ദുഃഖിതരുടെയും, ദരിദ്രരുടെയും, അഗതികളുടെയും ആശ്രയമേ, ത്രിയേക ദൈവത്തിനു പ്രസാദിക്കപ്പെട്ട മാതാവേ, ജീവിതത്തിൽ വിവിധ പ്രതിസന്ധികളാലും പ്രശ്നങ്ങളാലും ഏറെ കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. അമ്മയോട് അപേക്ഷിക്കുന്നവരെ ഒരുനാളും ഉപേക്ഷിക്കയില്ലെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. നിന്നെ അഭയംപ്രാപിക്കുന്ന ദുഃഖിതരുടെ ആശ്വാസത്തിനായി, നിന്റെ പ്രിയപുത്രനിൽ നിന്നും നിനക്ക് വിശേഷവിധിയായി കിട്ടിയിട്ടുള്ള വരദാനങ്ങളെ ഈ അവസരത്തിൽ ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ... (ആവശ്യം പറയുക) അമ്മയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. എത്രയും ദയയുള്ള മാതാവേ, ഈ ആവശ്യം അമ്മയുടെ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. എന്റെ ഈ ആവശ്യത്തിൽ എന്നെ സഹായിക്കണമെന്ന് വിനയത്തോടും കണ്ണുനീരോടും കൂടി വിശ്വാസപൂർവ്വം ഞാൻ അപേക്ഷിക്കുന്നു. പരിശുദ്ധ അമ്മയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അമ്മയുടെ മഹത്വത്തെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മീൻ.

നന്മ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം.....

*Inserted by: Firm Believer, Dallas*

**Visit Our Website: www.keralaexpress.com for Classified Advt.**




# മലയാളവുമായുള്ള ഹൃദയബന്ധം തുറന്നുപറഞ്ഞ് ശാരദ



**മി**കച്ച നടിക്കുള്ള ഉർവശി പുരസ്കാരം മലയാളത്തിനു സമ്മാനിക്കുമ്പോൾ ശാരദയ്ക്ക് 22 വയസ്സ്. ഭീരുവായ കാമുകനു മുന്നിൽ തോൽക്കാതെ തൊഴിലാളിനേതാവിനൊപ്പം തന്റേടത്തോടെ ജീവിക്കുന്ന ഭാര്യ. ഭർത്താവിന്റെ മരണത്തോടെ മക്കൾ ഭിക്ഷ യാചിക്കുന്നതുകണ്ട് അവരെ നിഷ്കരുണം കൊന്നൊടുക്കുന്ന അമ്മ തുലാഭാരത്തിലെ 'വിജയ' എന്ന കഥാപാത്രം ശാരദ എന്ന നടിയുടെ അഭിനയ ചാരുതയുടെ ഉരകല്ലായി മാറി. അതുകൊണ്ടുതന്നെയാണ് തമിഴിലും, തെലുങ്കിലും, ഹിന്ദിയിലും ഈ ചിത്രം പുനർനിർമിച്ചപ്പോൾ നായികയായി മറ്റൊരാളെ ആലോചിക്കൻപോലും ആകാത്തത്.

ആറു പതിറ്റാണ്ടു നീണ്ട അഭിനയ ജീവിതത്തിന്റെ അംഗീകാരമായി മലയാള സിനിമയുടെ പരമോന്നത ബഹുമതിയായ ജെ.സി. ഡാനിയൽ പുരസ്കാരം ഇപ്പോൾ ശാരദയെ തേടിയെത്തിയിരിക്കുന്നു. പുരസ്കാര നിറവിൽ ചെന്നൈ മഹാലിംഗപുരത്തെ വീട്ടിൽ ശാരദ മനസ്സു തുറക്കുന്നു.

ഏറെ സന്തോഷമുള്ള നേട്ടമാണിത്. ഇതിനെ ഒരു അവാർഡിനെക്കാൾ മലയാളത്തിന്റെ ആശീർവാദമായാണു കണക്കാക്കുന്നത്. ഒരുപാട് ആളുകൾ ചേർന്നു തീരുമാനിച്ചു നൽകുന്നതാണ്. എല്ലാം ഭാഗ്യം ഏറ്റവും മികച്ച നടിക്കുള്ള ദേശീയ പുരസ്കാരം 3 തവണ നേടാനായതുപോലെ ഏറ്റവും അഭിമാനവും സന്തോഷവും തോന്നിയ നിമിഷമാണ് ഇതും. ഒരുപാടു പേർ വിളിച്ചു സന്തോഷം അറിയിച്ചു. പുരസ്കാരം വൈകിയെന്ന തോന്നലൊന്നും എനിക്കില്ല. സമയം വരുമ്പോൾ എല്ലാം തേടിവരുമെന്നു വിശ്വസിക്കാനിഷ്ടം.

തരിമ്പുപോലും മലയാളം അറിയാതെ അഭിനയിക്കാനെത്തിയ ആളാണു ഞാൻ. മലയാളത്തിലെത്തും മുൻപു മറ്റു ഭാഷകളിലെ സിനിമകളിലും നാടകങ്ങളിലും അഭിനയിച്ചിരുന്നതിനാൽ ക്യാമറയ്ക്കു മുന്നിൽ നിൽക്കാൻ പേടിയുണ്ടായിരുന്നില്ല. പേടി ഭാഷ ആയിരുന്നു. മലയാളം തീരെ വഴങ്ങാതിരുന്ന ഞാൻ ഡയലോഗുകളെല്ലാം തെലുങ്കിലെഴുതിയാണു പഠിച്ചതും പറഞ്ഞതും. കുഞ്ചാക്കോയുടെ അസിസ്റ്റന്റായിരുന്ന ശാരംഗപാണിയാണു മലയാളം പഠിപ്പിച്ചത്. പിന്നീടു പതിയെ പതിയെ മലയാള ഭാഷ എന്നെയും ഞാൻ മലയാളത്തെയും ചേർത്തു പിടിക്കുകയായിരുന്നു.

ചുറ്റുമുണ്ടായിരുന്നവർ നൽകിയ സഹായവും പിന്തുണയും കൊണ്ടു മാത്രമാണ് ഞാൻ ഇപ്പോഴത്തെ ശാരദയായത്. ആദ്യ മലയാള സിനിമയായ 'ഇണപ്രാവുകളി'ൽ അഭിനയിക്കാൻ ആലപ്പുഴയിലെ ഉദയാസ്റ്റുഡിയോയിലെ സെറ്റിൽ എത്തിയപ്പോൾ അന്നത്തെ സൂപ്പർസ്റ്റാറുകളായ സത്യനും പ്രേം നസീറും ഉൾപ്പെടെയുള്ളവർ സ്നേഹത്തോടെ സ്വീകരിച്ചു. തുടക്കത്തിൽ പരിശ്രമിച്ച എന്നോട് ഒന്നും പേടിക്കേണ്ട 'ധൈര്യമായി അഭിനയിച്ചോളൂ' എന്ന് നസീർ സാർ ധൈര്യം പകർന്നു. ഇതിനൊപ്പം എടുത്തു പറയേണ്ടവരാണ് ഉദയായുടെ കുഞ്ചാക്കോയും നവോദയ അപ്പച്ചനും.

മറ്റു ഭാഷകളിൽ ഞാൻ ചെയ്യാത്ത വേഷങ്ങളില്ല, പ്രത്യേകിച്ച് തെലുങ്കിൽ പോലീസ്, അഭിഭാഷക, ജഡ്ജി, സ്വാതന്ത്ര്യ സമരസേനാനി അങ്ങനെ വ്യത്യസ്ത വേഷങ്ങൾ. പക്ഷേ, മലയാളത്തിൽ കൂടുതലും ദുഃഖവേഷങ്ങളാണു കിട്ടിയത്. വാസ്തവത്തിൽ കേരളത്തിന്റെ അന്നത്തെ സാമൂഹിക അവസ്ഥയാണ് എന്റെ സിനിമയിൽ പ്രതിഫലിച്ചത്.

സ്ത്രീകൾ ആരും അന്നു വീടിനു പുറത്തേക്കു വരില്ല. വന്നാൽപ്പോലും മുഖം പാതി മാത്രം പുറത്തു കാണിക്കാനേ അനുവാദമുണ്ടായിരുന്നുള്ളൂ. ഒരുപാടു സഹിച്ചവരാണ് അന്നത്തെ സ്ത്രീകൾ. അതേ മാനസികാവസ്ഥയിലുള്ള സ്ത്രീകളെയാണ് ഞാൻ സിനിമയിലും കൂടുതൽ അവതരിപ്പിച്ചത്. നിങ്ങളെ കാണുമ്പോൾ എന്റെ വീട്ടിലെ ഒരു അംഗമായി തോന്നുന്നു എന്ന് എന്നോട് ഒട്ടേറെപ്പേർ പറഞ്ഞിട്ടുണ്ട്. എന്നാൽ തുലാഭാരം ഇതിൽ നിന്നെല്ലാം വഴിമാറി സഞ്ചരിച്ച ചിത്രമാണ്.

ഇടയ്ക്കു ബിസിനസ് ചെയ്യാൻ തോന്നി. പക്ഷേ, കുറെ കഴിഞ്ഞപ്പോൾ ഒറ്റയ്ക്കു കൊണ്ടുപോകാൻ പറ്റില്ലെന്നു ബോധ്യമായതോടെ വിട്ടു. രാഷ്ട്രീയത്തിലും അതുപോലെ തന്നെ ഒന്നും അറിയാത്ത ശാരദയെ രാഷ്ട്രീയത്തിലേക്കിറക്കി. പക്ഷേ, അതൊരു ചെറിയ കാര്യമല്ല 24 ലക്ഷം ജനങ്ങളെയാണു ലോക്സഭയിൽ ഞാൻ പ്രതിനിധീകരിച്ചത്. ചീത്തപ്പേരു കേൾപ്പിക്കരുത് എന്ന് കരുതി മാത്രമാണു അതിൽ നിന്നു പിൻമാറിയത്.

ആത്മീയതയിലാണ് ജീവിതം ഇപ്പോൾ മുന്നോട്ട് പോകുന്നത്. മനസ്സിൽ പ്രത്യേകിച്ച് ഒരു ആഗ്രഹവും ഇല്ല. ഒറ്റയ്ക്കാണു ജനിച്ചത്. പോകുമ്പോഴും അങ്ങനെ തന്നെ. ഇത്ര വർഷമായിട്ടും എനിക്കു സിനിമയിൽ ശത്രുക്കളില്ല. എല്ലാവരും എന്റെ നല്ല സുഹൃത്തുക്കളാണ്. അന്നും ഇന്നും.

## നിവിൻ പോളി ചിത്രം ബേബി ഗേൾ

**'സ**ർവ്വം' മായ എന്ന സൂപ്പർഹിറ്റിന്റെ തിളക്കത്തിൽ നിൽക്കുന്ന നിവിൻ പോളിയുടെ അടുത്ത ചിത്രം ബേബി ഗേൾ തിയറ്ററുകളിലെത്തി. വേൾഡ് വൈഡ് റിലീസായി തിയറ്ററുകളിൽ എത്തി. നിവിൻ പോളി ലിസ്റ്റിൽ സ്റ്റീഫൻ, ബോബി സഞ്ജയ്, അരുൺ വർമ ഹിറ്റ് കൂട്ടുകെട്ടിൽ ഒരുങ്ങുന്ന ചിത്രമാണിത്. ഹോസ്പിറ്റൽ അറ്റൻഡന്റ് സനൽ മാത്യു എന്ന സാധാരണക്കാരനായ കഥാപാത്രത്തെയാണ് നിവിൻ അവതരിപ്പിക്കുന്നത്.

മാജിക് ഫ്രെയിംസിന്റെ ബാനറിൽ ലിസ്റ്റിൻ സ്റ്റീഫൻ നിർമിക്കുന്ന ബേബി ഗേൾ അവരുടെതന്നെ മറ്റൊരു സൂപ്പർ ഹിറ്റായ സുരേഷ് ഗോപി ചിത്രം 'ഗരുഡന്റെ' സംവിധായകൻ അരുൺ വർമ



യാണ് സംവിധാനം ചെയ്യുന്നത്. റിയൽ ലൈഫ് സ്റ്റോറികളുടെ ഒരു കോമ്പോയാണ് ഈ ചിത്രം. ലൈവ് ലൊക്കേഷൻ ഷൂട്ടുകളായിരുന്നു മറ്റൊരു പ്രത്യേകത.

നായികയായി എത്തുന്നത് ലിജോമോൾ. സംഗീത് പ്രതാപും അഭിമന്യു തിലകനും മുഖ്യവേഷങ്ങളിലെത്തുന്നു. നാലു ദിവസം മാത്രം പ്രായമുള്ള കുഞ്ഞാണ് ചിത്രത്തിലെ ശ്രദ്ധാകേന്ദ്രം. അസീസ് നെടുമങ്ങാട്, അശ്വന്ത് ലാൽ, ജാഫർ ഇടുക്കി, മേജർ രവി, പ്രേം പ്രകാശ്, നന്ദു, കിച്ചു ടെല്ലസ്, ശ്രീജിത്ത് രവി, ജോസുകുട്ടി, അതിഥി രവി, ആൽഫി പഞ്ഞിക്കാരൻ, മൈഥിലി നായർ തുടങ്ങിയവരും അഭിനയിക്കുന്നു.

ഫയസ് സിദ്ധിഖ്-ഛായാഗ്രഹണം, ഷൈജിത്ത് കുമാരൻ എഡിറ്റിംഗ്, സി.എസ്, സാം, സംഗീതം, അനീസ് നാടോടി കലാസംവിധാനം, ജെ. മെൽവി-കോസ്റ്റ്യൂം, റഷീദ് അഹമ്മദ്, മേക്കപ്പ് വിക്കി-സ്റ്റണ്ട് തുടങ്ങിയവർ അണിയറയിലുണ്ട്.

## 'പഴുത്' തിയറ്ററിലെത്തി

**സ്റ്റാ**ലിൻ ജി. അലക്സാണ്ടർ, അക്ബർ എന്നിവർ രചിച്ച് സംവിധാനം ചെയ്ത 'പഴുത്' എന്ന ചിത്രം കൊട്ടക എന്റർടെയ്ൻമെന്റ്സിന്റെ ബാനറിൽ ഐശ്വര്യ സുഭാഷ്, സുഭാഷ് ബാബു എന്നിവർ ചേർന്ന് നിർമിച്ചു.




ഡൈസൺ തോമസ്, മോബിൻ, നിള, നിൻസി, സ്റ്റാലിൻ ജി. അലക്സാണ്ടർ, അലീന, വിഷ്ണു, റെജി അനൂപ്, അമീർ എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. ഡിഒപി-മിഥുൻ, എഡിറ്റർ-സജി, സംഗീതം-ഫൈസൽ, ലിറിക്സ്-യാസിർ പുതുക്കാട്, കുന്നത്തൂർ ജയപ്രകാശ്, പാടിയിരിക്കുന്നത് നിതിൻ കെ. ശിവ.

ശാന്തവും മനോഹരവുമായ റിസോർട്ടിൽ നടക്കുന്ന ഒരു അപ്രതീക്ഷിത മരണം. ആദ്യഘട്ടത്തിൽ അത് ആത്മഹത്യയാണെന്ന് വിലയിരുത്തപ്പെടുന്നു. എന്നാൽ കേസിലെ ചില സൂക്ഷ്മമായ വൈരുദ്ധ്യങ്ങൾ ലോക്കൽ പോലീസിന്റെ ശ്രദ്ധ പിടിച്ചുപറ്റുന്നു. അവിടെനിന്നാണ് അന്വേഷണം പുതിയ വഴിത്തിരിവിലേക്ക് കടക്കുന്നത്. കേസിന്റെ സങ്കീർണത വർധിച്ചതോടെ ഡിജിപിയുടെ പ്രത്യേക അന്വേഷണ സംഘത്തിലെ അംഗങ്ങൾ രംഗത്തെത്തുന്നു. ഇത് യഥാർത്ഥത്തിൽ കൊലപാതകമാണോ? അല്ലെങ്കിൽ കൃത്യമായി ആസൂത്രണം ചെയ്ത ഒരു ആത്മഹത്യയോ? സത്യം തേടുന്ന ഈ അന്വേഷണത്തിലൂടെ മനുഷ്യ മനസിലെ ഇരുണ്ട പൊരുളുകളും അധികാരവും ബന്ധങ്ങളും ഒളിപ്പിച്ചുവെച്ച പഴുതുകളും പതിയെ വെളിപ്പെടുന്നു.

ഒരു മരണത്തിന്റെ പിന്നിലെ സത്യം കണ്ടെത്താൻ നടക്കുന്ന തീവ്രവും യാഥാർത്ഥ്യബോധമുള്ള ഒരു ഇൻവെസ്റ്റിഗേഷൻ ത്രില്ലറുമാണ് പഴുത് എന്ന ചിത്രം.

അസോസിയേറ്റ് ഡയറക്ടർ-പ്രദീഷ് ഉണ്ണി കൃഷ്ണൻ, അസിസ്റ്റന്റ് ഡയറക്ടേഴ്സ്-ആൽബർട്ട്, ആദിത്യൻ, തോമസ്, ബിജു, വിഷ്ണു എം. നായർ, കാസ്റ്റിങ് ഡയറക്ടർ-ലാലു, അസിസ്റ്റന്റ് കാമറാമാൻ-വിഷ്ണു, ജംഷീർ, മനു ചെമ്മാട്, സഞ്ജു വിൽസൺ, വിജീഷ് വാസുദേവ്, സൗണ്ട് എഞ്ചിനീയർ-നിഷാദ്, കോസ്റ്റ്യൂം-രാജീവ്, മേക്കപ്പ്-അനിൽ നേമം, മേക്കപ്പ് അസിസ്റ്റന്റ്-രാജേഷ് പാലക്കാട്, രജനി അജ്നാസ്, പബ്ലിസിറ്റി ഡിസൈനർ വിഷ്ണു രാംദാസ്, ഡിസ്ട്രിബ്യൂഷൻ-തന്ത്ര മീഡിയ.




# നടൻ സഹീർ മുഹമ്മദിന്റെ സിനിമാ വിശേഷങ്ങൾ



സംവിധായകനാവുക എന്നതായിരുന്നു സഹീറിന്റെ സിനിമാമോഹം. പക്ഷേ, തുടക്കം ഛായാഗ്രഹണ സഹായിയായി അനിയത്തിപ്രാവിൽ ഒമ്പതു വർഷത്തെ കാമറാജീവിതത്തിനു ശേഷം സിനിമയിൽ നിന്ന് 11 വർഷത്തെ ഇടവേള. പിന്നീട് അഭിനയിച്ച ഹ്രസ്വചിത്രങ്ങളിലെ വേറിട്ട വേഷങ്ങൾ സ്ക്രീനിൽ അഭിനയത്തിലേക്കു വഴിതുറന്നു. 'പുഴു'വിൽ മമ്മൂട്ടിക്കൊപ്പം ഫാർമസിസ്റ്റ് കബീർ 'ഡീയെസ് ഈറെ'യിൽ പള്ളി വികാരി. കെട്ടിലും മട്ടിലും ഒന്നിനൊന്നു വേറിട്ട വേഷങ്ങൾ. ഒടുവിൽ തിയറ്ററുകളിലും ഓടിടിയിലും സൂപ്പർഹിറ്റായ മിസ്റ്ററി ത്രില്ലർ 'എക്കോ'യിൽ പാപ്പച്ചൻ എന്ന ഗംഭീര കഥാപാത്രം സഹീർ മുഹമ്മദിന്റെ അഭിനയയാത്രകൾക്ക് ഒരു സിനിമാക്കഥയെ വെല്ലുന്ന ത്രില്ലും ട്വിസ്റ്റും സസ്പെൻസും!

എക്കോയിലെ നിറസാന്നിധ്യം മറ്റൊരു സിനിമയിലും കിട്ടിയിരുന്നില്ല. മുമ്പ് ലവ് അണ്ടർ കൺസ്ട്രക്ഷൻ എന്ന വെബ്സീരിസിൽ മാത്രമാണ് അതുണ്ടായത്. ഒരു സീനാണെങ്കിൽ കൂടി നന്നായി പെർഫോം ചെയ്യാൻ പറ്റിയ വേഷങ്ങളായിരുന്നു. ഡീയസ് ഈറെയിലും പുഴുവിലും.

സിനിമാ നോട്ടീസ് ശേഖരിക്കുന്ന ശീലത്തിൽനിന്നാണ് നാലാം ക്ലാസിൽ പഠിക്കുമ്പോൾ സംവിധായകനാകണം എന്ന മോഹമുണ്ടായത്. സിനിമകൾ കാണും എന്നല്ലാതെ അഭിനയത്തോടു ഭ്രമമോ അഭിനേതാക്കളോട് ആരാധനയോ ഇല്ലായിരുന്നു. ഒമ്പതാം ക്ലാസിലാണ് സുഹൃത്തുക്കളുടെ നിർബന്ധത്തിൽ ഒരു നാടകത്തിൽ അഭിനയിച്ചതും അതിൽ ഞാൻ ബെസ്റ്റ് ആക്ടറായതും കോളജ്കാലത്തും ഒന്നു രണ്ടു നാടകങ്ങളിൽ അഭിനയിച്ചു പിന്നീടു സാംസ്കാരികപ്രവർത്തനങ്ങൾക്കിടെ ചങ്ങനാശേരി 'തരംഗ്'ത്തിൽ ഒരു നടന്റെ പകരക്കാരനാകേണ്ടിവന്നു. ക്രമേണ മറ്റു ട്രൂപ്പുകളിലും നാടകം കളിച്ചു തുടങ്ങി. ഇതിനിടയിലും സിനിമയിലെ അസി. ഡയറക്ടറായുള്ള ശ്രമം തുടർന്നു.

ഫാസിൽ സാർ എന്റെ കസിനാണെങ്കിലും ആ ബന്ധത്തിന്റെ പേരിൽ ഒപ്പംനിന്നാൽ അദ്ദേഹത്തിനും എനിക്കും അതു ബുദ്ധിമുട്ടിനിടയാക്കും എന്നുകണ്ട് ആദ്യം ആ വഴിക്കു ശ്രമിച്ചില്ല. പക്ഷേ, 96 ആയപ്പോഴേക്കും ഗത്യന്തരമില്ലാതെ അദ്ദേഹത്തോടും സാറിന്റെ അസോസിയേറ്റും എന്റെ ബന്ധുവുമായ ബിജുവിനോടും സംവിധാന മോഹം അറിയിച്ചു. അങ്ങനെ അനിയത്തിപ്രാവിൽ അസിസ്റ്റന്റാകാൻ അവസരമൊരുങ്ങിയെങ്കിലും അവസാനനിമിഷം അതു നഷ്ടമായി. പക്ഷേ, ബിജുവിന്റെ സഹായത്തോടെ ആ സിനിമയുടെ കാമറാമാൻ ആനന്ദക്കുട്ടൻ സാറിന്റെ സഹായിയായി. പഞ്ചാബി ഹൗസ്, ഉസ്താദ്, നാട്ടുരാജാവ്, എഫ്.ഐ.ആർ, ഹരികൃഷ്ണൻസ്, കാതലുക്ക് മര്യാദൈ, ഫ്രണ്ട്സ് തമിഴ്, ക്രോണിക് ബാച്ചിലർ, ചതുരംഗം, നരിമാൻ, കാർ തുടങ്ങി മുപ്പതിലേറെ സിനിമകളിൽ അദ്ദേഹത്തിനൊപ്പം ക്യാമറ അസിസ്റ്റന്റായി തുടർന്നു.

2005-ൽ അതിനായി ഇറങ്ങിത്തിരിച്ചെങ്കിലും എന്റെ മൂല്യങ്ങളിൽ വിട്ടുവീഴ്ചകൾ വേണ്ടിവരുമെന്നു ബോധ്യമായപ്പോൾ മാനസികമായി തളർന്നു. സിനിമയിൽനിന്ന് ഒരിടവേളയെടുത്ത് ഗൾഫിൽ പരസ്യ ഏജൻസികളിലും മറ്റും കാമറാമാനായി ജോലിചെയ്തു. നാട്ടിലും പ്രവാസത്തിലുമായി ജീവിതം തുടർന്നു 2016-ൽ വീണ്ടും സിനിമ തലയ്ക്കു പിടിച്ചു. വളരെ യാദൃച്ഛികമായി ഐഎഫ്എഫ്കെ ക്യൂവിൽ കണ്ടുമുട്ടിയ സംവിധായകൻ ശ്യാം ഗോപാലിന്റ ചിത്രാഞ്ജലി പാക്കേജ് സിനിമയിൽ രണ്ടു സീനുകളുള്ള സംവിധായകന്റെ കഥാപാത്രം അഭിനയിക്കാൻ അവസരമുണ്ടായി. രാവിലെ എട്ടു മണിക്കു തുടങ്ങി 10 ആയപ്പോഴേക്കും സീൻ തീർന്നു. നിങ്ങൾ ഞാനുദ്ദേശിച്ച ആളല്ല. ആർട്ടിസ്റ്റായാണു ഫീൽ ചെയ്യുന്നത് എന്നു പറഞ്ഞ അദ്ദേഹം കുടുതൽ സീനുകൾ എഴുതിച്ചേർത്തും അങ്ങനെ എന്റെ കഥാപാത്രം വലുതായി. അഭിനേത്രി-അതായിരുന്നു ആ സിനിമയുടെ പേര്.

അഭിനേത്രി റിലീസായില്ലെങ്കിലും അഭിനയം എനിക്കു സാധ്യമാണെന്ന ആത്മവിശ്വാസമുണ്ടായി. എന്റെ പ്രായവും ഫിഗറും വച്ച് കിട്ടാവുന്ന കഥാപാത്രങ്ങൾക്കായി ശ്രമിക്കാൻ സുഹൃത്തുക്കളും പ്രേരിപ്പിച്ചു. അങ്ങനെ ചെന്നൈ എൽവി പ്രസാദ് ഫിലിം അക്കാദമിയുടെ സിംഗിൾ ഷോട്ട് ഹ്രസ്വചിത്രം 'സരസ്വതി'യിലും പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സ്വതന്ത്ര സംവിധായകരുടെയും ഹ്രസ്വചിത്രങ്ങളിലും അഭിനയിച്ചു. ജോളി ചിറയത്തിനൊപ്പം അഭിനയിച്ച 'ഓർമകൾ ഉപ്പിലിട്ടത്', ലീഡ് വേഷംചെയ്ത 'കൗപീനശാസ്ത്രം' എന്നിവ ശ്രദ്ധേയമായി. ഫേസ്ബുക്ക് ഉൾപ്പെടെയുള്ള സമൂഹമാധ്യമങ്ങളിലൂടെ സലീം അഹമ്മദ്, മനു അശോകൻ, ദിൻജിത്ത് അയ്യത്താൻ തുടങ്ങിയ പുതിയ സിനിമാക്കാരിലേക്ക് എത്താനായി. അങ്ങനെ സക്കറിയയുടെ 'ഹലാൽ ലവ് സ്റ്റോറി'യിലും സലീം അഹമ്മദിന്റെ 'ആൻഡ് ദ ഓസ്കാർ ഗോസ് ടു'വിലും ചെറിയ വേഷങ്ങളിൽ ബിഗ്സ്ക്രീനിലെത്തി.



ഞാൻ ചെറിയ വേഷം അഭിനയിച്ച ജിസ് ജോയിയുടെ 'മോഹൻകുമാർ ഫാൻസി'ന്റെ കാമറാമാൻ ആയിരുന്നു കിഷ്കിന്ധാകാണ്ഡത്തിന്റെ തിരക്കഥാകൃത്ത് ബാഹുൽ. പക്ഷേ, അക്കാലത്തു ഞങ്ങൾ അടുത്തുപരിചയപ്പെട്ടിട്ടില്ല. കിഷ്കിന്ധാകാണ്ഡത്തിൽ ഒരു സീനുള്ള പോലീസ് റൈറ്ററുടെ വേഷം ചെയ്യാൻ കോൾ വന്നപ്പോൾ അതു ദിൻജിത്തുമായുള്ള പരിചയത്തിലാവുമെന്നാണു വിചാരിച്ചത്. പതിവു താടിയിൽ നിന്നു മോചിതനാകാൻ ആഗ്രഹിച്ചു. സ്റ്റെപ്പ് കട്ട് ചെയ്താണു ഞാൻ സെറ്റിലെത്തിയത്. എനിക്കായി ബാഹുൽ രണ്ടു സീനുകൾകൂടി എഴുതിച്ചേർത്തു. കൗപീനശാസ്ത്രം ഉൾപ്പെടെയുള്ള ഷോർട്ട് ഫിലിമുകളിലെ എന്റെ വേറിട്ട ഗെറ്റപ്പുകൾ കണ്ടാണ് ബാഹുൽ അതിലേക്കു വിളിച്ചതെന്നു പിന്നീടു ഞാനറിഞ്ഞു. 'കേരള ക്രൈം ഫയൽസി'ന്റെ സംവിധായകൻ അഹമ്മദ് കബീറിനോട് അഗസ്റ്റിൻ എന്ന യൂബർഡ്രൈവറുടെ വേഷം എന്നെക്കൊണ്ടു ചെയ്യിപ്പിക്കണമെന്നു പറഞ്ഞതും ബാഹുലാണ്. താൻ മനസിൽ കണ്ട അഗസ്റ്റിനെക്കാളും മറ്റൊരു ലെവലിൽ ഞാൻ ചെയ്തത് ഇഷ്ടമായപ്പോൾ 'എക്കോ'യിലെ പാപ്പച്ചന് മറ്റൊരാളെ തേടേണ്ടതില്ലെന്നു ദിൻജിത്തിനോടു ബാഹുൽ പറഞ്ഞു.

കാറ്റും മഴയും മഞ്ഞുമൊക്കെ അതിജീവിച്ച് വാഗമണ്ണിലെ മലമുകളിൽ ഷൂട്ടിംഗ്. സന്ദീപ്, മ്ലാത്തി ചേട്ടത്തി, നരേൻ, അശോകൻ എന്നിവരുമായാണ് എന്റെ കോംബിനേഷൻ. ശരത് ചന്ദ്രൻ വയനാടിന്റെ 'അന്നൊരിക്കൽ' എന്ന സിനിമയിൽ നരേനുമായും ഉസ്താദിൽ വിനീതുമായും ഒരുമിച്ചു വർക്ക് ചെയ്ത പരിചയം. അശോകേട്ടനുമായി സുന്ദരകില്ലാഡി, നരിമാൻ.... തുടങ്ങിയ പടങ്ങളിലെ അടുപ്പം. വൺ, ഹലാൽ ലവ് സ്റ്റോറി എന്നിവയിലെ ബന്ധമാണ് ബിനു പപ്പുവുമായി. ബിനു പപ്പുവിന്റെ കൂടെയുള്ള പോലീസുകാരനായി വേഷമിട്ട രഞ്ജിത് ശേഖറുമായും മുൻപരിചയം. വർക്ക് ചെയ്യാൻ സുഖമായിരുന്നു, എക്കോയിൽ. കാരണം, സംവിധായകനും കാമറാമാനും നേരെ ലൊക്കേഷനിലെത്തി സന്ദേഹങ്ങളും തർക്കങ്ങളുമില്ലാതെ ആവശ്യമുള്ള ഷോട്ടുകൾ മാത്രമെടുക്കുന്ന രീതി. അവർ എല്ലാം പ്ലാൻ ചെയ്തുവെച്ചിരുന്നു. ആർട്ടിസ്റ്റുകൾ അതുപ്രകാരം നിന്നുകൊടുത്താൽ മാത്രം മതി.

ലവ് അണ്ടർ കൺസ്ട്രക്ഷൻ വെബ് സീരീസിൽ നീരജ് മാധവിന്റെ അച്ഛൻ വേഷം. സുധാകരൻ നായർ എന്ന കഥാപാത്രം. അയാളെ കണ്ടാൽ എക്കോയിലെ പാപ്പച്ചൻ ഞാനാണെന്നു തോന്നില്ല. കേരള ക്രൈം ഫയൽസില അഗസ്റ്റിൻ വേറൊരാളാണ്. എന്നെ ആർക്കും അത്രപെട്ടെന്നു തിരിച്ചറിയാനാവില്ല!

ഡീയസ് ഈറെയിൽ ഛായാഗ്രാഹകൻ ഷഹനാദ് ജലാൽ വഴിയാണ് സംവിധായകൻ രാഹുൽ സദാശിവനിലേക്ക് എത്തിയത്. കഥയിലെ നിർണായക സീനിൽ വരുന്ന പള്ളി വികാരിയുടെ വേഷം. എന്റെ അച്ഛന്റെ മരണത്തിനു തൊട്ടുപിറ്റേന്നായിരുന്നു പള്ളിയിലെ ഷൂട്ടിംഗ്. കാര്യമായ ശിപാർശയിലാണ് അവിടെ ചിത്രീകരണത്തിന് അനുമതി കിട്ടിയത്. ആ റിസ്ക് എനിക്കറിയാം. ഫ്യൂണറൽ കഴിഞ്ഞ് വീട്ടിൽ മാത്രം പറഞ്ഞശേഷം നേരെ എറണാകുളത്തുപോയി പിറ്റേന്നു ഷൂട്ടിംഗ് കഴിഞ്ഞാണു മടങ്ങിയെത്തിയത്.

ഏതു കഥാപാത്രംചെയ്യാനും ഞാൻ തയാറാണ്; ഒരു സീനാണെങ്കിൽ കൂടി. ഒരു ഷോട്ടാണെങ്കിൽ കൂടി. പക്ഷേ, അത് ആളുകളുടെ മനസിൽ നിൽക്കുന്നതാകണം. ഒരു ആർട്ടിസ്റ്റെന്ന നിലയിൽ എനിക്കു ചെയ്യാൻ പറ്റുന്ന ഡയമെൻഷൻസ് അതിനുണ്ടാകണം. സംവിധാനം ഉള്ളിൽ ഒതുക്കിവെച്ചിരിക്കുകയാണ്. എന്നെങ്കിലും ചെയ്യണം. ഇപ്പോൾ അഭിനയത്തിലാണു ഫോക്കസ്. ആദിത്യൻ ചന്ദ്രശേഖറിന്റെ 'പ്ലൂട്ടോ'യും ബി. ഉണ്ണികൃഷ്ണന്റെ പേരിടാത്ത നിവിൻ പോളി ചിത്രവും ഷൂട്ടിംഗ് കഴിഞ്ഞു. സജിൻ ഗോപുവും പുതുമുഖങ്ങളുമുള്ള ടിനു പാപ്പച്ചൻ പടത്തിലാണ് ഇപ്പോൾ അഭിനയിക്കുന്നത്. ഒരു പ്രധാന വേഷം ചെയ്ത തെലുങ്കു പടം പോസ്റ്റ് പ്രൊഡക്ഷനിലാണ്. റിലീസിനൊരുങ്ങുന്ന മനു അശോകന്റെ 'ഐസ്' എന്ന വെബ്സീരീസിലും പ്രധാന വേഷമാണ്.

# ഡിപിആർ തയാറാക്കൽ ഫെബ്രുവരി രണ്ട് മുതൽ

മലപ്പുറം: കേരളത്തിൽ രണ്ട് അതിവേഗ റെയിൽപാതകൾ നിർമിക്കാൻ കേന്ദ്രസർക്കാരിനു നിർദേശം സമർപ്പിച്ചതായി മെട്രോമാൻ ഇ. ശ്രീധരൻ അറിയിച്ചു. തിരുവനന്തപുരം-കണ്ണൂർ പാതയും ചെങ്ങന്നൂർ-പമ്പ ശബരിമല പാതയും നിർദേശിച്ചതിൽ തിരുവനന്തപുരം-കണ്ണൂർ പാതയ്ക്കു വിശദ പദ്ധതി രേഖ (ഡിപിആർ) തയാറാക്കാൻ റെയിൽവേ മന്ത്രി അനുമതി നൽകി. ഡൽഹി മെട്രോ റെയിൽ കോർപറേഷൻ (ഡിഎംആർസി) ആണ് ഡിപിആർ തയാറാക്കുക. ഇതിനായി പൊന്നാനിയിൽ ഫെബ്രുവരി രണ്ടിന് ഓഫീസ് തുറക്കും.

പുതിയ അതിവേഗ പാത സംബന്ധിച്ച് 15 ദിവസത്തിനകം റെയിൽവേ ഔദ്യോഗിക പ്രഖ്യാപനം നടത്തിയേക്കുമെന്നും ഇ. ശ്രീധരൻ പറഞ്ഞു.

സിൽവർ ലൈൻ പദ്ധതി ഇനി നടപ്പാക്കാനില്ല. അതിന്റെ മൂന്നിലൊന്നു മാത്രം ഭൂമി ഏറ്റെടുത്തും ജനജീവിതത്തെ ബാധിക്കാതെയും പുതിയ പദ്ധതി നടപ്പാക്കാം. കൊങ്കൺ മാതൃകയിലുള്ള പാത, 70 ശതമാനം തൂണുകളിലൂടെയും 20-35 ശതമാനം തുരങ്കങ്ങളിലൂടെയുമാകും കടന്നുപോകുക. കൂടുതൽ ജനവാസമുള്ള മേഖലകളിൽ ഏഴ് മീറ്റർ താഴ്ചയിലുള്ള തുരങ്കം പരിഗണിക്കും. തൂണുകളിലൂടെ പാത പോകുന്ന ഭാഗങ്ങളിലെ ഭൂമി ഏറ്റെടുക്കുമെങ്കിലും അവ ആവശ്യമെങ്കിൽ ഉടമയ്ക്കുതന്നെ പാട്ടത്തിനു നൽകും.

കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങൾക്കു സമീപവും നിലവിൽ റെയിൽപാതയില്ലാത്ത അടൂർ, കുന്നംകുളം, എടപ്പാൾ, കരിപ്പൂർ (മലപ്പുറം) തുടങ്ങിയ സ്ഥലങ്ങളിലും സ്റ്റേഷനുകളുണ്ടാകും.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തമുള്ള പുതിയ കമ്പനി രൂപീകരിച്ചാകും പ്രവർത്തനം ഡിപിആർ തയാറാക്കാൻ ഒൻപത് മാസം അനുവദിച്ചിട്ടുണ്ടെങ്കിലും അഞ്ച് മാസം കൊണ്ടു പൂർത്തിയാക്കുമെന്നും അദ്ദേഹം പറഞ്ഞു.

ചെലവ് തുകയിൽ 60 ശതമാനം ഇരു സർക്കാരുകളും വഹിക്കും. 40 ശതമാനം കടമെടുക്കും. അഞ്ച് വർഷംകൊണ്ടു പൂർത്തിയാക്കാമെങ്കിലും ഡിഎംആർസി തന്നെ നിർമാണം നടത്തുകയാണെങ്കിൽ നാല് വർഷം മതി. വർഷത്തിൽ 6000 കോടി രൂപ മാറ്റിവെച്ചാൽ കേരളത്തിന് ഇതു വലിയ ബാധ്യതയാകില്ല.

ചെങ്ങന്നൂർ-പമ്പ അതിവേഗ പാത യാഥാർത്ഥ്യമായാൽ 40 മിനിറ്റ് കൊണ്ട് ചെങ്ങന്നൂരിൽനിന്ന് ശബരിമല തീർത്ഥാടകർക്ക് പമ്പയിലെത്താനാകും. രാവിലെ പുറപ്പെട്ടാൽ ദർശനവും മറ്റും പൂർത്തിയാക്കി വൈകിട്ട് തിരിച്ചെത്താവുന്ന വിധത്തിൽ തീർത്ഥാടകർക്ക് യാത്ര ക്രമീകരിക്കാം. ഇതിനു പുറമേ നിലമ്പൂർ-നഞ്ചൻകോട് റെയിൽപാതയുടെ വികസനം നിലവിലെ റെയിൽ പാതകളിൽ അത്യാധുനിക യൂറോപ്യൻ ട്രെയിൻ കൺട്രോൾ സിസ്റ്റം ലവൽ-2 സംവിധാനം രണ്ട് വർഷം കൊണ്ട് ഏർപ്പെടുത്തുക തുടങ്ങിയ നിർദേശങ്ങളും സമർപ്പിച്ചതായി അദ്ദേഹം പറഞ്ഞു.

## വന്ദേമാതരത്തിന് ജനഗണമനയ്ക്ക് തുല്യ പദവി: നിയമം വന്നേക്കും

ന്യൂഡൽഹി: വന്ദമാതരത്തിനു ജനഗണമനയ്ക്കുതുല്യമായ പദവി നൽകുന്നതിനു ള്ള നിയമനിർമാണം ആഭ്യന്തര മന്ത്രാലയത്തിന്റെ പരിഗണനയിൽ. ഇതുസംബന്ധിച്ച് പ്രാഥമിക ചർച്ച നടത്തി. വന്ദേമാതര രചനയുടെ 150-ാം വാർഷികാഘോഷത്തിനൊപ്പം ബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പുകൂടി പരിഗണിച്ചാണു നീക്കം. 1950 ജനുവരി 24-ന് ഭരണഘടനാസഭയിൽ അദ്ധ്യക്ഷൻ ഡോ. രാജേന്ദ്ര പ്രസാദാണ് ജനഗണമന, വന്ദേമാതരം എന്നിവയെക്കുറിച്ച് പ്രസ്താവന നടത്തിയത്. ജനഗണമന ദേശീയഗാനമായിരിക്കുമെന്നും അതിനു തുല്യമായ ആദരവും പദവിയും വന്ദേമാതരത്തിന് ഉണ്ടായിരിക്കുമെന്നുമാണ് അദ്ദേഹം വ്യക്തമാക്കിയത്. ദേശീയഗാനം ആലപിക്കുന്നതിനു കർശന വ്യവസ്ഥകൾ ചട്ടങ്ങളിലൂടെ നിർദേശിച്ചിട്ടുണ്ട്. എന്നാൽ അത്തരം നിബന്ധനകൾ നിലവിൽ വന്ദേമാതരത്തിന് ഇല്ല. ദേശീയഗാനത്തിനു തുല്യമായ പദവി നൽകണമെങ്കിൽ ഭരണഘടനയിലും അതു സംബന്ധിച്ച് വ്യക്തത വരുത്തേണ്ടിവന്നേക്കാം. പാർലമെന്റിൽ സമ്മേളനങ്ങളുടെ അവസാന ദിവസം വന്ദേമാതരത്തിന്റെ ആദ്യഭാഗം പാടാറുണ്ട്. എന്നാൽ, രണ്ടാം ഭാഗവും ഉൾപ്പെടുന്ന പൂർണ വന്ദേമാതരത്തെയാണ് ബിജെപി പിന്തുണയ്ക്കുന്നത്.

## എയ്ഡഡ് സ്ഥാപനങ്ങൾക്കുള്ള വിവാദ ഉത്തരവ് മരവിപ്പിച്ചു

തിരുവനന്തപുരം: ഭരണ-പ്രതിപക്ഷ സംഘടനകൾ പ്രതിഷേധവുമായി രംഗത്തെത്തിയതോടെ എയ്ഡഡ് സ്ഥാപനങ്ങളിലെ ശമ്പള വിതരണരീതി മാറ്റിയ വിവാദ ഉത്തരവ് ധനവകുപ്പ് മരവിപ്പിച്ചു. എയ്ഡഡ് കോളജുകളിലെയും സ്കൂളുകളിലെയും ശമ്പള ബില്ലുകൾ പ്രിൻസിപ്പൽമാരും പ്രധമാദ്ധ്യാപകരും പരിശോധിച്ചു സമർപ്പിച്ചാൽ ശമ്പളം നല്കുന്ന രീതിയാണ് മാറ്റിയത്. ബില്ലുകൾ കോളജ്-സ്കൂൾ വിദ്യാഭ്യാസ വകുപ്പുകളിലെ ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് അംഗീകരിച്ചാലേ ശമ്പളം നല്കൂവെന്ന് ഇറക്കിയ ഉത്തരവാണ് വിവാദമായത്.

2024-ൽ ഇതേ ഉത്തരവിറങ്ങിയപ്പോൾ ഭരണപക്ഷ സംഘടനയായ എഫ്എസ്ഇടിഒ സമരം നടത്തിയതിനെ തുടർന്ന് സർക്കാർ മരവിപ്പിച്ചിരുന്നു. സമാന ഉത്തരവ് വീണ്ടും വന്നതോടെ, സിപിഎം അനുകൂല സംഘടനയായ എകെപിസിടിഎയുടെ നേതാക്കൾ മന്ത്രി കെ.എൻ. ബാലഗോപാലിനോട് പ്രതിഷേധം അറിയിച്ചു. ഉത്തരവിനെതിരെ സ്പീഡ് പോസ്റ്റിൽ കൂട്ടപ്പരാതി അയച്ച് പ്രതിപക്ഷ സംഘടനയായ കെപിസിടിഎയും രംഗത്തെത്തി. ഇതിനെത്തുടർന്ന് മന്ത്രി ഇടപെട്ടതോടെയാണ് ധനവകുപ്പിന്റെ പിന്മാറ്റം. ഇനിയൊരു അറിയിപ്പ് വരുംവരെ ഉത്തരവ് മരവിപ്പിച്ചതായി വ്യക്തമാക്കിയാണ് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി കെ.ആർ. ജ്യോതിലാൽ പുതിയ ഉത്തരവിറക്കിയത്.

ശമ്പള ബില്ലുകൾ ഓരോ മാസവും അവസാനത്തെ അഞ്ചു പ്രവൃത്തിദിനങ്ങൾക്കു മുൻപ് ഓൺലൈനായി ശമ്പളവിതരണ സോഫ്റ്റ്‌വേയറായ സ്പാർക്കിൽ സമർപ്പിക്കാനായിരുന്നു ഇടക്കാല ഉത്തരവിലെ നിർദേശം. പ്രിൻസിപ്പൽ സമർപ്പിക്കുന്ന ബിൽ ഡെപ്യൂട്ടി ഡയറക്ടർ അംഗീകരിക്കണമെന്ന് നിർബന്ധമാക്കിയതോടെ, പുതുവർഷത്തെ ആദ്യമാസം തന്നെ എയ്ഡഡ് സ്ഥാപനങ്ങളിൽ ശമ്പളം വൈകുമെന്ന സ്ഥിതിയായി.

## മുരളി കൃഷ്ണ അന്തരിച്ചു



മുംബൈ: ഗായിക എസ്. ജാനകിയുടെ ഏകമകൻ മുരളി കൃഷ്ണ (65) അന്തരിച്ചു. ഹൃദയാഘാതത്തെ തുടർന്ന് മൈസൂരുവിലായിരുന്നു അന്ത്യം. ഭരതനാട്യ നർത്തകനാണ്. നർത്തകി ഉമയാണ് ഭാര്യ. രണ്ട് പെൺമക്കളുണ്ട്. ഭർത്താവ് വി. രാംപ്രസാദിന്റെ മരണത്തിനുശേഷം സംഗീതപരിപാടികളിലും റെക്കോർഡിംഗ് വേളകളിലും എസ്. ജാനകിയുടെ നിഴലായി കൂടെയുണ്ടായിരുന്നത് മുരളി കൃഷ്ണയായിരുന്നു. ആന്ധ്രയിലെ ഗുണ്ടൂർ സ്വദേശിനിയായ എസ്. ജാനകി ചെന്നൈയിലാണ് താമസിക്കുന്നത്.

## വിഴിഞ്ഞം രണ്ടാംഘട്ടം തുടങ്ങി

(ഒന്നാം പേജിൽ നിന്നും)

ക്രൂസ് ടെർമിനലും ലിക്വിഡ് ടെർമിനലും കൂടി വരുന്നതോടെ വൻ വികസനക്കുതിപ്പാകും നടപ്പാകുക. തെക്കുകിഴക്കൻ ഏഷ്യയിൽനിന്ന് യൂറോപ്പിലേക്കും തിരിച്ചുമുള്ള യാത്രയ്ക്കിടയിൽ കപ്പലുകൾക്ക് രാജ്യാന്തര കപ്പൽ പാതയ്ക്കു സമീപത്തുനിന്ന് ഇന്ധനം നിറയ്ക്കാം. കൂടുതൽ കപ്പലുകൾ ഇതോടെ വിഴിഞ്ഞത്തെ ആശ്രയിക്കും.

2015 ഡിസംബർ അഞ്ചിന് ആരംഭിച്ച വിഴിഞ്ഞം തുറമുഖ നിർമാണം 2023 ഒക്ടോബർ 15-ന് ആദ്യ കപ്പൽ എത്തിയതോടെയാണ് പ്രവർത്തനഘട്ടത്തിലേക്കു കടന്നത്. 2024 ജൂലൈയിൽ ട്രയൽ റൺ ആരംഭിച്ചു. ഡിസംബറിൽ വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങി. 2025 മേയിൽ ഇന്ത്യയ്ക്കു സമർപ്പിക്കപ്പെട്ടതോടെ ലോകത്തിലെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പൽ ഉൾപ്പെടുന്ന നൂറുകണക്കിനു കപ്പലുകൾ നങ്കൂരമിട്ടു. ഒരു മാസം 1.21 ലക്ഷം കണ്ടെയ്നർ കൈകാര്യം ചെയ്ത് റെക്കോഡ് നേട്ടവും തുറമുഖം സ്വന്തമാക്കി.

2000 മീറ്ററായി വികസിപ്പിക്കുന്നതോടെ ഇന്ത്യയിലെ നീളംകൂടിയ കണ്ടെയ്നർ ബർത്തെന്ന നേട്ടവും സ്വന്തമാകും. തുടർവികസനത്തിന് ഭൂമി ഏറ്റെടുക്കേണ്ടതില്ല. 50 ഹെക്ടറോളം കടൽ നികത്തും. അദാനി ഗ്രൂപ്പിനു കീഴിൽ ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ നിക്ഷേപ പദ്ധതിയായി വിഴിഞ്ഞം തുറമുഖം മാറും. തുറമുഖത്തും തിരുവനന്തപുരം വിമാനത്താവളത്തിലും കൂടി ഏകദേശം 30,000 കോടി രൂപയുടെ നിക്ഷേപമാണ് അദാനി ഗ്രൂപ്പ് നടത്തുന്നത്.

'ഒന്നും നടക്കാത്ത നാട്' എന്ന പരിഹാസത്തിനുള്ള മറുപടിയാണ് വിഴിഞ്ഞമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ജനുവരി 24-ന് വൈകിട്ട് നടന്ന ചടങ്ങിൽ കേന്ദ്ര ഷിപ്പിങ് മന്ത്രി സർബാനന്ദ സോനോവാൾ മുഖ്യാതിഥിയായി. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, മന്ത്രിമാരായ വി.എൻ. വാസവൻ, വി. ശിവൻകുട്ടി, കെ.എൻ. ബാലഗോപാൽ, അദാനി പോർട്സ് എം.ഡി. കരൺ അദാനി തുടങ്ങിയവർ പങ്കെടുത്തു.

## പുരസ്കാര നിറവ്

(3-ാം പേജിൽനിന്നും)

2024-ലെ പുരുഷ ട്വന്റി 20 ലോകകപ്പും 2025-ലെ ചാമ്പ്യൻസ് ട്രോഫിയും ഇന്ത്യക്ക് നേടിക്കൊടുത്ത ക്യാപ്റ്റൻ രോഹിത് ശർമ, ഇന്ത്യക്കുവേണ്ടി ആദ്യ വനിതാ ലോകകപ്പ് കിരീടം കഴിഞ്ഞ വർഷം ഉയർത്തിയ ക്യാപ്റ്റൻ ഹർമൻപ്രീത് കൗർ, ഹോക്കി താരം സവിത പുനിയ, മുതിർന്ന ടെന്നിസ് താരം വിജയ് അമൃത് രാജ്, പാരാലിംപിക്സ് സ്വർണമെഡൽ ജേതാവ് പ്രവീൺകുമാർ, കർണാടക സംഗീതജ്ഞരായ ഗായത്രി ബാലസുബ്രഹ്മണ്യം, രഞ്ജിനി ബാലസുബ്രഹ്മണ്യം, മുൻ ആഭ്യന്തര അണ്ടർ സെക്രട്ടറി ആർ.വി.എസ്. മണി തുടങ്ങി 131 പേർക്കാണ് പത്മശ്രീ ലഭിച്ചത്.

## ബസ് സർവീസ് തുടരാനാകാതെ ആദിവാസി യുവാവ്

പാലക്കാട്: ഭാര്യയുടെ സ്വർണം പണയംവെച്ചും പലിശയ്ക്കു കടം വാങ്ങിയും പണമുണ്ടാക്കി ബസ് വാങ്ങിയപ്പോൾ തന്റെ സമയം തെളിഞ്ഞെന്നാണ് ഇരുളവിഭാഗക്കാരനായ അട്ടപ്പാടി സ്വദേശി മണികണ്ഠൻ കരുതിയത്. എന്നാൽ, മുന്നോട്ടുള്ള വഴിക്കു 'സിസ്റ്റം' ചുവപ്പുനാട കെട്ടിയതോടെ ബസ് മൂന്ന് മാസമായി കട്ടപ്പുറത്താണ്. മാസം 7000 രൂപ പലിശ നൽകാൻ പോലുമാകാത്ത സ്ഥിതി.

കോട്ടത്തറ ചൊറിയന്നൂരിൽ രങ്കന്റെ മകനായ മണികണ്ഠൻ മുൻപു ബസ് ഡ്രൈവറായിരുന്നു. 2022-ൽ സ്വന്തമായി ബസ് വാങ്ങിയപ്പോൾ അട്ടപ്പാടിയിലൂടെതന്നെ ഓടിക്കണമെന്ന് ആഗ്രഹിച്ചു. കേരള അതിർത്തിയായ മുള്ളിയിൽനിന്നു കൊറവൻപാടിയിലേക്കും കോട്ടത്തറ-പുതൂർ-ഉമ്മത്തംപടിയിലേക്കും മുൻപ് ഓടിയിരുന്ന സ്വകാര്യ ബസുകളുടെ സമയക്രമമാണ് ചോദിച്ചത്. എന്നാൽ, സ്വകാര്യ ബസുടമകൾ കൂടി പങ്കാളികളായ യോഗത്തിൽ തീരെ ലാഭകരമല്ലാത്ത മറ്റൊരു സമയക്രമമാണ് അനുവദിച്ചതെന്നു മണികണ്ഠൻ പറയുന്നു. നഷ്ടം സഹിച്ച് ഇത്രയുംകാലം ഓടിയെങ്കിലും ഇനി മുന്നോട്ടുപോകാനാകാത്ത സ്ഥിതിയാണ്. മന്ത്രി കെ.ബി. ഗണേഷ്കുമാറിനെ നേരിൽ കണ്ടു പറഞ്ഞപ്പോൾ, ആദിവാസി യുവാക്കൾ ഈ മേഖലയിൽ അപൂർവമാണെന്നതു കണക്കിലെടുത്ത് സർവീസ് നിലനിർത്താൻ അനുകൂല നിലപാട് സ്വീകരിക്കുമെന്ന് അദ്ദേഹം ഉറപ്പു നൽകി. എന്നാൽ, മന്ത്രിയുടെ നിർദേശം പാലിക്കാൻ മോട്ടോർ വാഹന ഉദ്യോഗസ്ഥർ തയാറാകുന്നില്ലെന്നു മണികണ്ഠൻ പറയുന്നു.

## റാങ്കിംഗിൽ കെഎസ്ഇബിക്ക് ബി ഗ്രേഡ്

ന്യൂഡൽഹി: രാജ്യത്തെ വൈദ്യുതി വിതരണക്കമ്പനികളുടെ ദേശീയ റാങ്കിംഗിൽ ഇടത്തരം പ്രകടനം കാഴ്ചവെച്ച് കേരളത്തിന്റെ ഏക വൈദ്യുതി വിതരണക്കമ്പനിയായി കെഎസ്ഇബി. കേന്ദ്രസർക്കാർ പുറത്തുവിട്ട വൈദ്യുതിവിതരണ സേവനങ്ങളുടെ 14-ാമത് സംയോജിത റേറ്റിംഗ് ആൻഡ് റാങ്കിംഗ് റിപ്പോർട്ടിൽ ബി ഗ്രേഡാണ് കെഎസ്ഇബിക്ക് ലഭിച്ചത്.

സർക്കാർ, സ്വകാര്യ ഉടമസ്ഥതയിലുള്ള രാജ്യത്തെ വൈദ്യുതി വിതരണ കമ്പനികളും പവ്വർ ഡിപ്പാർട്ടുമെന്റുകളും ഉൾപ്പെട്ടിട്ടുള്ള 65 വൈദ്യുതി വിതരണ സ്ഥാനങ്ങളെ റേറ്റിങ്ങിനു വിധേയമാക്കിയാണ് കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന്റെ കീഴിൽ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

സർക്കാർ ഉടമസ്ഥതയിലും സ്വകാര്യ ഉടമസ്ഥതയിലുമുള്ള രാജ്യത്തെ 54 വൈദ്യുതി വിതരണ കമ്പനികളിൽ 24-ാമത് മാത്രമാണ് റേറ്റിങ്ങിൽ കെഎസ്ഇബിയുടെ സ്ഥാനം.

ബി ഗ്രേഡോടെ നൂറിൽ 63.25 സ്കോർ ആണ് കെഎസ്ഇബിക്ക് ലഭിച്ചത്. ഗുജറാത്തിലെ സ്വകാര്യ വൈദ്യുതി വിതരണ സ്ഥാപനങ്ങളായ ടോറന്റ് അഹമ്മദാബാദും ടോറന്റ് സൂററ്റുമാണ് നൂറിൽ നൂറ് സ്കോറോടെ എ പ്ലസ് നേട്ടം സ്വന്തമാക്കി മുന്നിലെത്തിയത്.

അതേസമയം, കെഎസ്ഇബി കഴിഞ്ഞവർഷത്തെ റിപ്പോർട്ടിനെ അനുസരിച്ച് സ്കോർ മെച്ചപ്പെടുത്തിയിട്ടുമുണ്ട്.

കഴിഞ്ഞ തവണ നൂറിൽ 58.33 സ്കോറോടെ ബി ഗ്രേഡായിരുന്ന കെഎസ്ഇബിയുടെ പ്രകടനം.


## റിപ്പബ്ലിക് ദിനം ആഘോഷിച്ചു

(ഒന്നാം പേജിൽ നിന്നും)

നിശ്ചലദൃശ്യമാണ് കേരളം അവതരിപ്പിച്ചത്. വന്ദേമാതരം ഗാനത്തിന്റെ വരികളെ ചിത്രീകരിക്കുന്ന അപൂർവചിത്രങ്ങൾ കർത്തവ്യപഥിൽ പ്രദർശിപ്പിച്ചു. പുഷ്പാലങ്കാരങ്ങൾ, ക്ഷണക്കത്തുകൾ, വീഡിയോകൾ, ടാബ്ലോകൾ എന്നിവയിലെല്ലാം ഈ പ്രമേയം പ്രതിഫലിച്ചു.

കേരളത്തിലും വിപുലമായ റിപ്പബ്ലിക് ദിനാഘോഷം നടന്നു. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ഗവർണർ രാജേന്ദ്ര ആർലേക്കർ ദേശീയ പതാക ഉയർത്തി വിവിധ സേനകളുടെ പരേഡിന് അഭിവാദ്യം സ്വീകരിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാരായ വി. ശിവൻകുട്ടി, ജി.ആർ. അനിൽ തുടങ്ങിയവരും എംഎൽഎമാരും ചടങ്ങിൽ പങ്കെടുത്തു. വിവിധ ജില്ലകളിൽ മന്ത്രിമാരുടെ നേതൃത്വത്തിലും പതാക ഉയർത്തി.


Grace CONVENTION CENTER
Punnamoodu, Mavelikara
DESTINATION Wedding Package in KERALA
Rate : $ 25,000 /- (Dollars Only)
(This package Includes 500 pax - guest)
SERVICES
PHOTOGRAPHY
STAGE DECORATION
CATERING SERVICE:
(Kerala sadhya, Christian Meals, Dum Biriyani, North Indian Food)
FUSION, TALLMAN SECURITY,
PREMIUM CARS, ENTERTAINMENT
CHURCH CHOIR, ANCHORING
LED WALL, LIVE STREAMING
EVENTS
WEDDING PLANNING,
ENGAGEMENT
FUNERAL SERVICE,
BETROTHAL, BAPTISM,
BIRTHDAY PARTIES,
HOUSE WARMING
BUSINESS CONFERENCE
GET TOGETHER Etc;
Celebrate your
Dreams With Us...
IMPERIAL BALLROOM
MAJESTIC BALLROOM
TOLL FREE 1800-572-5667
FOLLOW US NOW
+91 9188751000
+91 9633949676,+91 8547805929
info@graceconventioncenter.com
www.graceconventioncenter.com
For Location And Feedback
Kindly scan the QR
GRACE
CONVENTION CENTER
Celebrate your Dreams with Us




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**